രാമചന്ദ്രവിലാസം

അഴകത്ത് പത്മനാഭക്കുറുപ്പ്

രാമചന്ദ്രവിലാസം

മഹാകാവ്യം

അഴകത്ത് പത്മനാഭക്കുറുപ്പ്

താളിളക്കം

2020

പേര്: **രാമചന്ദ്രവിലാസം**

ഭാഷ മലയാളം

വിഭാഗം: മഹാകാവ്യം

രചന: അഴകത്ത് പത്മനാഭക്കുറുപ്പ്

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

അവതാരിക

ശ്രീ

അഴകത്തു പത്മനാഭക്കുറുപ്പവർകളുടെ നാമധേയം ആധുനിക കവികളുടെ കൂട്ടത്തിൽ ഭാഷാഭിമാനികൾക്ക് അപരിചിതമായിരിപ്പിൻ ഇടയില്ല.ഇദ്ദേഹം ആദ്യ കാലത്ത് "മനോരമ" പംക്തികളിൽ കടന്നു കോലാഹലം ചെയ്തു കൊണ്ടിരുന്ന ബാലകവി കുഞ്ജരന്മാരിൽ അഗ്രഗണ്യസ്ഥാനം വഹിച്ചിരുന്ന ഒരാളാകുന്നു.ദുർഭരമായ കുടുംബഭാരം ദുസ്ത്യജമാം വിധത്തിൽ ദൈവഗത്യാ ശിരസ്സിൽ വന്നു വീണതിൽ പിന്നെ ഇദ്ദേഹം പത്രപംക്തികളിൽ ഏറെ പ്രവേശിച്ചു കാണാറില്ല. കുടിംബ പാരമ്പര്യത്തിനും കാവ്യാലാപകേളികൾക്കും തങ്ങളിൽ പൊരുത്തം പോരാ.കാര്യസ്ഥനായാൽ കളിച്ചു കൂടാ എന്നാണു പഴമക്കാർ പറക പതിവ്.എന്നാൽ ഈ മിഥ്യാ ബോധം പ്രകൃതകവിയെ ബാധിച്ചിട്ടില്ലെന്നു കാണുന്നതിൽ സന്തോഷിക്കുന്നു.

അഴകത്തു വീട്ടുകാർ പല സ്ഥാനമാനങ്ങളുമുള്ള ഒരു പുരാതന കുടുംബക്കാർ ആകുന്നു.ഈ വീട്ടിലെ കാരണവർക്ക് അനന്തശയന ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഊരാണ്മക്കാരായ എട്ടര യോഗത്തിൽ പ്രവേശവും 'ശ്രീകരണം' എന്നൊരു സ്ഥാനവും ഉണ്ട്. 'അദ്വൈതാനന്ദം' എന്ന കിളിപ്പാട്ടിന്റെ കർത്താവായ ഒരു കുറുപ്പ് 22 -ൽ നാടു നീങ്ങിയ സ്വാതിതിരുനാൾ മഹാരാജാ തിരുമനസ്സിലേ സന്നിധിയിൽ നിന്നും ' വിദ്വാൻ കുറുപ്പ്' എന്ന വിരുതുപേർ ലഭിച്ചിട്ടുണ്ട്. ആ വിദ്വാൻകുറുപ്പിന്റെ അനന്തരവനും ഇപ്പോഴത്തെ കരണത്താക്കുറുപ്പിന്റെ അനുജനും ആണു നമ്മുടെ കവി. ജ്യേഷ്ഠൻ ക്ഷേത്രാധികാരപാരതന്ത്ര്യത്താൽ തിരുവനന്തപുരത്ത് സ്ഥിര താമസം ആവശ്യപ്പെടുകയാൽ പത്മനാഭക്കുറുപ്പിന് തറവാട്ടുകാര്യാന്വേഷണം സ്വീകരിക്കേണ്ടി വന്നു. ഗൃഹഭരണക്ലേശങ്ങളുടെ മധ്യേ അപ്പോഴപ്പോൾ യദൃച്ഛയാ ലഭിക്കുന്ന ചില വിശ്രമക്ഷണങ്ങളുടെ സദ്വിനിയോഗ ഫലമാണ് രാമചന്ദ്രവിലാസം.

മഹാകാവ്യം എന്ന പേരിനെ അർഹിക്കുന്ന ഒരു കാവ്യം ഭാഷയിൽ ആദ്യമായി ഉണ്ടായത് ഈ 'രാമചന്ദ്രവിലാസം' തന്നെ എന്നും പറയേണ്ടിയിരിക്കുന്നു. ശ്രീകൃഷ്ണചരിതം ആണ് ഭാഷയിൽ ഇദംപ്രഥമമായ കാവ്യം. 'ശ്രീരാമചന്ദ്രവിലാസം' ആണ് ഇദംപ്രഥമമായ മഹാകാവ്യം. "നഗരാർണ്ണവശൈലർത്തു ചന്ദ്രാർക്കോദയ വർണ്ണനൈഃ " എന്നിത്യാദി ദണ്ഡി ചെയ്തിട്ടുള്ള ലക്ഷണമെല്ലാം

ഈ ഗ്രന്ഥത്തിന് തികഞ്ഞിട്ടുണ്ടെന്നുള്ളതിനാൽ രണ്ടു പക്ഷം വരുന്നതല്ല. മാഘന്റെ 'ശിശുപാലവധ'ത്തോട് ഈ ഗ്രന്ഥത്തെ സമം ചേർക്കാം. അർത്ഥപുഷ്ടി,ശബ്ദഭംഗി,സന്ദർഭശുദ്ധി,കൽപ്പനാവൈചിത്ര്യം,രസാദ്യൗചിത്യം,ബന്ധചാതുര്യം മുതലായവ വിശേഷങ്ങളിൽ പ്രകൃതമഹാകാവ്യത്തിനു സമമായി ഭാഷയിൽ ഒരു മൂലഗ്രന്ഥവും കാണുന്നില്ല.അർത്ഥാലങ്കാരങ്ങളെ മറ്റു പല ഭാഷാ കവികളും ധാരാളമായി ഉപയോഗിച്ചിട്ടുണ്ടെങ്കിലും ശബ്ദാലങ്കാരങ്ങളെ സരസമായി പ്രയോഗിക്കുന്നതിൽ പത്മനാഭക്കുറുപ്പ് അദ്വിതീയനാകുന്നു എന്നു പരിച്ഛേദിച്ചു പറയാം. സംസ്കൃതത്തിൽ പോലും നാനാർത്ഥകോശത്തിന്റെയും ഏകാക്ഷരനിഘണ്ടുവിന്റെയും മറ്റും സഹായം കൂടാതെ ദുഷ്കരങ്ങളായ അനുലോമ പ്രതിലോമസമാനം, അർത്ഥഭ്രമകബന്ധം മുതലായ ശബ്ദ ചിത്രങ്ങളെ കുറുപ്പവർകൾ സാധാരണ നാടോടി മലയാള പദങ്ങളെക്കൊണ്ട് അധിക ക്ലേശം ഒന്നും കൂടാതെ ചമയ്ക്കുന്നതു കണ്ടാൽ ആരുടെ മനസ്സാണ് ചമൽക്കരിക്കാത്തത്? രാമചന്ദ്രവിലാസം ഒരു നാലഞ്ചു കൊല്ലം മുമ്പു വെളിയിൽ വന്നിരുന്നെങ്കിൽ ശബ്ദാലങ്കാരങ്ങളെ ഉദാഹരിക്കുന്നതിൽ ഭാഷാഭൂഷണനിർമ്മാണ കാലത്തു എനിക്കുണ്ടായ ക്ലേശങ്ങളെ പരിഹരിക്കാമായിരുന്നു.ഭാഷയിൽ ചെയ്യാവുന്നവയും എന്നാൽ നാളിതു വരെ ആരും ചെയ്തു കണ്ടിട്ടില്ലാത്തവയും ആയ ചില ശബ്ദചിത്രങ്ങളെ ഉദാഹരിക്കുന്നതു സുകരമല്ലാതെ വരികയാൽ ആ ഗ്രന്ഥത്തിൽ ഭാഷാ ശ്ലോകത്തിനു പകരം സംസ്കൃത ശ്ലോകം എനിക്കു ഉപയോഗിക്കേണ്ടി വന്നിട്ടുണ്ട്.ശബ്ദങ്ങൾ ഇത്രത്തോളം സ്വാധീനപ്പെട്ടിട്ടുള്ള ഈ മഹാകവി ചില പദ്യങ്ങളിൽ ദ്വിതീയാക്ഷര പ്രാസത്തെ ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അത് അതിന്റെ നേർക്കുള്ള അനാസ്ഥയെന്നല്ലാതെ അശക്തിയെന്ന് ഒരിക്കലും വരുന്നതല്ല.

"വിരിയും മലർചൂടിയഗ്രഭാഗേ
തളിരും തണ്ടുമിടയ്ക്കിടയ്ക്കു വീശി
മുകുളങ്ങളുമേന്തിയിങ്ങുലഞ്ഞാ
ലതയെങ്ങോട്ടു ഗമിച്ചശോകമേ ചൊൽ

ഇത്യാദി പ്രൗഢലളിതങ്ങളായ ഇതിലെ പദ്യങ്ങളെ 'ഉണ്ടുനാലും കോണിലായിട്ടെങ്ങിലും നാട്ടി പന്തലിട്ടില്ലെ"ന്നു പറഞ്ഞു പരിഹസിക്കുകയാണെങ്കിൽ അവരോട്

"ക്രമേളകം നിന്ദതി കോമളേച്ഛുഃ
ക്രമേളകഃ കണ്ടകലംപടസ്തം
പ്രീതൗ തയോരിഷ്ടഭുജോഃ സമായം
മധ്യസ്ഥതാ നൈകതരോപഹാസഃ"

എന്നല്ലാതെ ഒരുത്തരവും ഞാൻ പറവാൻ തയ്യാറില്ല.മറ്റെല്ലാവക ശബ്ദചിത്രവുമിരുന്നാലും ദ്വിതീയ പ്രാസം ഇല്ലാതെ പോയാൽ എല്ലാം പോയി എന്ന്

ശഠിക്കുന്നവരെ നാനാവിഭവങ്ങളോടു കൂടിയുള്ള ഭക്ഷണത്തിലും ചീരക്കറിയില്ലെങ്കിൽ ഊണു സുഖമാവുകയില്ലെന്നു വിചാരിച്ചിരുന്ന ”ശാകപാർഥിവന്റെ” ശേഖരത്തിൽ ചേർത്തു മിണ്ടാതെയിരുന്നേയ്ക്കാം. ശബ്ദാലങ്കാരം പോലെ തന്നെ ശ്ലേഷ പ്രയോഗവും ഇതിൽ വളരെ ധാരാളമായിരിക്കുന്നു.’അമാന്തം’ മുതലായ പദങ്ങൾക്ക് സംസ്കൃതത്തിലും ഭാഷയിലുമുള്ള ഭിന്നാർത്ഥങ്ങളെ കവി വളരെ സമർത്ഥമായുപയോഗിച്ചിരിക്കുന്നു.പേരെച്ചത്തിലെ അകാരലോപം,ആഖ്യാതത്തിലെ ഉകാരലോപം അത്യാദി ചില അഭംഗികൾ ഇക്കാവ്യത്തിലും ചിലേടത്ത് വന്നുപോയിട്ടില്ലെന്നില്ല.എന്നാൽ അതുകൾ അർത്ഥ പ്രതീതിയെപ്രതിബന്ധിക്കാത്തതിനാൽ ദോഷകോടിയിൽ പ്രവേശിക്കുന്നില്ലെന്നുള്ളതിതേലേക്ക് മുൻ ഉദാഹരിച്ച പദ്യം തന്നെ ലക്ഷ്യമാകുന്നു.അഴകത്തു കുറുപ്പിന്റെ കൃതികൾക്ക് വിശേഷാൽ ഒരഴകുണ്ടെന്ന് എനിക്കു പണ്ടേ തന്നെ അദ്ദേഹത്തിന്റെ ഒറ്റ ശ്ലോകങ്ങൾ കാണുമ്പോഴൊക്കെ തോന്നീട്ടുണ്ട്.ആ അഭിപ്രായത്തെ ’രാമചന്ദ്രവിലാസം’ ഇപ്പോൾ സ്ഥിരീകരിച്ചിരിക്കുന്നു. കവിയുടെ ഈ അഭിനന്ദനീയമായ വ്യവസായത്തെ കേരളീയ മഹാജനം ഉചിതമായ വിധത്തിൽ അനുമോദിക്കുമെന്നു ആശംസിക്കുന്നു.

കവിയുടെ അഭ്യുദയാശംസി,
A.R.Rajaraja Varma(Sd.)

മുഖവുര

കേരളപാണിനീയം, ഭാഷാഭൂഷണം,വൃത്തമഞ്ജരി മുതലായ ശാസ്ത്ര ഗ്രന്ഥങ്ങളിൽ ഭാഷയുടെ അസ്ഥിവാരം ഉറപ്പിച്ചിട്ടുള്ള ഏ.ആർ.രാജരാജവർമ്മ. എ.,എം.ആർ.ഏ.എസ്.,കൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സിലെ അവതാരികയ്ക്ക് പുറമെ ഈ പുസ്തകത്തിന് ഒരു മുഖവുരയുടെ ആവശ്യം ഇപ്പോഴില്ലെങ്കിലും ഈ ഗ്രന്ഥത്തിന്റെ ഇതുവരെയുള്ള വാസ്തവമായ ചരിത്രത്തെ മഹാജനങ്ങളെ ഒന്നു ധരിപ്പിക്കേണ്ടതായ ചുമതല മാത്രം എന്നെച്ചേർന്നതാകയാൽ ഈ ചെറിയ ഉപന്യാസം എഴുതാൻ സംഗതിയായതാണ്.

ചോറ് നമുക്ക് ഒഴിച്ചു കൂടാത്ത ആഹാര പദാർത്ഥമായിരുന്നിട്ടും അപ്പം,വടകം ആദിയായി അരിമാവ് കൊണ്ടുണ്ടാക്കുന്ന ഭക്ഷ്യ വിശേഷങ്ങളിൽ അന്യ രസങ്ങളുടെ ആസ്വാദ്യതയാൽ സ്വാഭാവികമായി ജനങ്ങൾക്ക് പ്രത്യേകിച്ച് ഒരങ്ങിരുചി ഉണ്ടാകാറുള്ളതു പോലെ ഭഗവൽ കഥകളിൽ അപ്രധാനമല്ലാത്തതും മിക്ക 'കേരളീയ' ഹിന്ദുക്കൾക്കും കാണാപാഠമായിത്തീർന്നിട്ടുള്ളതുമായ രാമായണത്തെ വേഷം മാറിക്കാണുമ്പോൾ തൽക്കാലത്തേക്കെങ്കിലും മഹാജനങ്ങൾക്ക് ഒരു കൗതുകം തോന്നാതിരിക്കയില്ലെന്നുള്ള വിശ്വാസവും, രാമായണം പതിവായി പാരായണം ചെയ്യാൻ തുടങ്ങിയതു മുതൽ അതിൻമേൽ പിന്നെയും പിന്നെയും എനിക്കുള്ള പക്ഷപാതവും, ഭാഷയുടെ വളർച്ചയ്ക്ക് വേണ്ടി ഇക്കാലത്ത് എല്ലാ ഭാഷാഭിമാനികളും രാപകൽ മുഷിഞ്ഞ് പ്രയത്നിച്ചു വരുമ്പോൾ ചാട്ടം പിഴച്ച് കൂട്ടം പിരിഞ്ഞ് കുരങ്ങു പോലെ ഞാൻ മാത്രം ഉദാസീനനായിരുന്നാൽ ഇതു മറ്റുള്ളവരെയും സ്വഭാഷയെയും ധിക്കരിച്ചതിനു സമമായ ഒരപരാധമായി വരികയില്ലയോ എന്നുള്ള ശങ്കയും നിമിത്തം; ഗുരു ഭക്തി, ഐകമത്യം, വിനയം, ഭൂതദയ, സത്യനിഷ്ഠ മുതലായ വിശിഷ്ട ഗുണങ്ങൾക്ക് വിളനിലമായ ശ്രീ രാമായണത്തെ പുതിയ സമ്പ്രദായത്തിൽ ഒരു മലയാളകാവ്യമായി എഴുതിനോക്കാമെന്നൊരുത്സാഹം തോന്നുകയാൽ കൃത്യാന്തരബാഹുല്യം, ശരീരാസ്വാസ്ഥ്യം ഇതുകളാൽ പരാധീനനാണെങ്കിൽ കുറേശ്ശ അതിലേക്ക് ആരംഭിക്കയും വിശ്രമസമയങ്ങളിൽ ചിലപ്പോൾ "രാമചന്ദ്രവിലാസം" എന്ന കാവ്യത്തിന്റെ പന്ഥാവിലൂടെ എന്റെ മനോരഥം മെല്ലെ നടത്തുകയും ചെയ്തു.

ഒരു കാവ്യരചനയ്ക്കു വേണ്ട സാമഗ്രികളൊന്നുമില്ലാതെ എടുത്തു ചാടിയ എനിക്ക് ആരംഭത്തിൽതന്നെ, ഇടക്കാലത്തുണ്ടായ ചില ആംഗലേയപണ്ഡിതന്മാരുടെ വ്യാകരണങ്ങളെ പ്രമാണമാക്കുന്നതിൽ അധൈര്യവും, ഭാഷാപ്രയോഗങ്ങൾക്കു സംസ്കൃത പ്രക്രിയകൾ ചില സഹായങ്ങൾ പക്ഷേ ചെയ്യുമായിരിക്കുമെങ്കിലും "കാച്ച്യങ്ങുവച്ചേൻ" എന്നും മറ്റും സന്ധികളുടെ അഭംഗിയെ ഓർത്തു സംസ്കൃത

വ്യാകരണത്തെക്കുറിച്ചുള്ള അനാസ്ഥയും നിമിത്തം ചില പ്രയോഗങ്ങളെപ്പറ്റി സംശയം ഉണ്ടായിരുന്നു. അപ്പോൾ ഭ്ഷയ്ക്ക് ഒരു ശാശ്വത നിക്ഷേപമായ "കേരളപാണിനീയം" ആവിർഭവിക്കുകയും അത് ഈ കാവ്യ നിർമ്മാണത്തിൽ എന്നെ ധാരാളം സഹായിക്കുകയും ചെയ്തു. നമ്മുടെ ഭാഷയ്ക്കു ശരിയായ ഒരു അഭിധാന കോശമില്ലായ്കയാൽ പദാർത്ഥങ്ങളെ ആരായുന്നതിലുള്ള ബുദ്ധിമുട്ട് എത്രമാത്രമുണ്ടെന്ന് ഇപ്പോഴാണ് ഞാൻ നല്ലവണ്ണം അറിഞ്ഞത്.അതിനാൽ ഭാഷാഭിമാനികളായ നാം ഭാഷാപോഷണത്തിനു വേണ്ടി വേല ചെയ്യുന്ന അവസരത്തിൽ ഒരു വിധം ത്യാജ്യങ്ങളല്ലാത്ത പദങ്ങളെ കിട്ടുന്നെടത്തോളം സമ്പാദിച്ചു ചേർക്കുന്നതിൽ വലിയ തരക്കേടില്ലെന്നുള്ള സമാധാനത്തോടു കൂടി അപ്രയുക്താദി ദോഷങ്ങളുണ്ടെന്നു തോന്നിക്കുന്ന ചില ഭാഷാപദങ്ങളെ അൽപ്പമായ ലക്ഷ്യജ്ഞത്വം നിമിത്തം ഇതിൽ ചേർക്കാനിടയായിട്ടുണ്ട്.

ഈ കാവ്യ രചനയിൽ പ്രധാന മാതൃകയായി ഞാൻ സ്വീകരിച്ചിട്ടു ള്ളത് രാമായണ(ഭോജ) ചമ്പുവിനെ ആണെങ്കിലും വാൽമീകിരാമായ ണം,അധ്യാത്മരാമായണം,ഹനുമന്നാടകം, ലഘുവംശം, നൈഷധം, ഭാരതചമ്പു, ആഗ്നേയപുരാണം, ആദിയായി ചിലതിനെ കൂടി പ്രമാണീകരിച്ചിട്ടുള്ളതിനാൽ അവയുടെ ഛായാശകലങ്ങൾ അവിടവിടെ കാണാവുന്നതും മഹാജനങ്ങൾക്ക് അപരിചിതങ്ങളല്ലാത്തതിനാൽ അതുകളെ പ്രത്യേകം വിവരിച്ചിട്ടാവശ്യമില്ലാ ത്തതും ആകുന്നു.

ഈ പുസ്തകം ഏഴെട്ടുസർഗം ആയപ്പോഴഎക്കു കാര്യഗൗരവമോർത്തു വല്ലാതെ മുഷിഞ്ഞു ഉടങ്ങിയെങ്കിലും ഇതിന്മേൽ മഹാജനങ്ങൾ എന്തു പറയുന്നുഎന്നറി ഞ്ഞിട്ട് ശേഷം എഴുതാമെന്നും നിശ്ചയിച്ചും കൊണ്ട് പേരുവയ്ക്കാതെ "മലയാളി" പത്രത്തിൽ കുറശ്ശെ ചേർത്തു വന്നു.ആയിടയ്ക്ക് ആളെ അറിയാൻ ചിലർ ധൃതി കൂട്ടുന്നതായി പത്രാധിപരായിരുന്ന മിസ്റ്റർ കുറുപ്പവർകൾ എന്നെ തെര്യപ്പെ ടുത്തി.അപ്പോൾ ഇതിനെക്കുറിച്ചു ദോഷമായോ ഗുണമായോ ആരും ഒന്നും പറയാതിരുന്നതിനാലുണ്ടായ പശ്ചാത്താപം നിമിത്തം വസ്തുതയെല്ലാം കാ ണിച്ച് മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ സീ.എസ്.ഐ. തിരുമനസ്സിലേക്ക് ഒരു വിജ്ഞാപനം അയയ്ക്കയും അവിടന്നു ദയാപൂർവ്വം ചുവടെ ചേർക്കുന്ന മറുപടി കൽപ്പിക്കയും ചെയ്തു.

തിരുവനന്തപുരം
1074 കന്നി 14

ശ്രീ

അഴകത്തു പദ്മനാഭക്കുറുപ്പിന്, എഴുത്തുകിട്ടി, മലയാളിയിൽ "രാമചന്ദ്രവിലാസം" കണ്ടു തുടങ്ങിയതു മുതൽ അതിനെ കൗതുകത്തോടുകൂടി നോക്കുകയും അതിന്റെ കർത്താവ് ആരായിരുന്നാലും അയാളുടെ അത്യന്തം ശ്ലാഘനീയമായ യത്നത്തിന് സാഫല്യമുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യാറുണ്ടായിരുന്നു. "ശ്രീകൃഷ്ണചരിതം" മണിപ്രവാളത്തോടും സദൃശീകരിക്കുന്നതിനു വേണ്ടുന്ന യോഗ്യതയുള്ള "രാമചന്ദ്രവിലാസ"ത്തിന്റെ കർത്തൃത്വത്തെ വെളിപ്പെടുത്തുന്നതിന് ന്ങ്ങൾ ഒട്ടും അധൈര്യപ്പെടാനില്ല. "മീനകേതനചരിതം" മുതലായ കൃതികളാൽ സിദ്ധിച്ചിട്ടുള്ള ന്ങ്ങളുടെ കവിയശസ്സിന് ഈ കാവ്യം ദ്രഢീയസിയായ ഒരു പ്രതിഷ്ഠയെ കൊടുക്കുന്നതാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇതിനെ പൂരിപ്പിക്കുന്നതിനു വേണ്ട സൗകര്യങ്ങളെല്ലാം ശ്രീരാമന്റ അനുഗ്രഹത്താൽ നിങ്ങൾക്കുണ്ടാകട്ടെ,എന്ന് പ്രാർത്ഥിക്കുന്നു.

ശുഭം

KERALA VARMA

ആശീർവാദരൂപമായ ഈ തിരുവെഴുത്തിനാൽ ഞാൻ ലബ്ധധൈര്യനായിട്ട് പിന്നീട് പത്രത്തിൽ ചേർക്കുന്ന ശ്ലോകങ്ങളുടെ ചുവടെ ആവശ്യമുള്ള പക്ഷം എന്റെ പേരു കൂടി വയ്ക്കുന്നതിനു വിരോധമില്ലെന്നു പത്രാധിപരവർകൾക്കു സമ്മതം കൊടുക്കുകയും ഈ കാവ്യത്തെ മുഴുവനാക്കുന്നതിന് പൂർവ്വാധികം നിഷ്കർഷയോടാരംഭിക്കുകയും ചെയ്തു. പിന്നീടു 1075 മീനത്തിൽ കൊടുങ്ങല്ലൂർ വച്ചു സരസദ്രുതകവി ശ്രേഷ്ഠനായ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ ആഭിമുഖ്യം ഉണ്ടായ സന്ദർഭത്തിൽ പ്രസംഗവശാൽ"സംസ്കൃതപ്രത്യങ്ങളും മറ്റും ഭാഷാകവിതയിൽ ചേർത്തു പണ്ടത്തെ മണിപ്രവാളരീതി വരുത്താൻ ശ്രമിക്കുന്നതു ഭാഷയുടെ ഇപ്പൊഴത്തെ സ്ഥിതിക്കു നന്നെല്ലെന്നാണ് പൊതുജനാഭിപ്രായം" എന്നും മറ്റും അവിടുന്ന് അരുളി ചെയ്ത ഉപജേശ പ്രകാരം ഈ കാവ്യത്തിന്റെ ആരംഭത്തിൽ ചുരുക്കമായി ഇവിടവിടെ ഉണ്ടായിരുന്ന വിഭക്തി പ്രത്യയങ്ങളെയും ക്രിയാപദങ്ങളെയും കഴിയും പോലെ ഇതിൽ നിന്നുച്ചാടനം ചെയ്തു. "ഒരു നാഴിക വഴി ഒച്ചിന് ഒൻപതു കാതം " എന്ന മട്ടിൽ ഈ കൃതിയുടെ ഒരറ്റത്തു നിന്നും മറ്റൊരു തലയ്ക്കൽ വളരെ നാൾകൊണ്ടു ഞാൻ ചെന്നു പറ്റിയതിന്റെ ശേഷം ഇതിനെ ഏകാഗ്രതയോടു കൂടെ ഒന്നു പരിശോധിച്ചു ശരിപ്പെടുത്തുന്നതിനായി

ഞാൻ തന്നെയായാൽ മതിയാവില്ലെന്നു തോന്നി.

“ആ പരിതോഷാദ്വിദൂഷാം
ന സാധുമന്യേപ്രയോഗവിജ്ഞാനം
ബലവദപി ശിക്ഷിതാനാ-
മാദ്മന്ന്യപ്രത്യഞ്ചേതഃ”

എന്നുള്ള പണ്ഡിതാഭിപ്രായം അനുസരിച്ചു മനീഷിതിലകമായ മ.രാ.രാ. കെ.സി. കേശവപിള്ള അവർകളെ കൂടി ഞാൻ ക്ഷണിക്കുകയാൽ അദ്ദേഹം അതിനെ സസന്തോഷം സ്വീകരിക്കുകയും എനിക്കു വേണ്ടി ധാരാളം സഹായിക്കയും ചെയ്തിട്ടുണ്ട്.

അനന്തരം സർവ്വശാസ്ത്രപാരംഗതനായ എ.ആർ. രാജരാജവർമ്മ.എം. എ., എം. ആർ. എ. എസ്. കൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് ഈ ഗ്രന്ഥം ആപാദചൂഡം ക്ഷമയോടുകൂടെ പരിശോധിച്ച് ആവശ്യമുള്ള മാറ്റങ്ങൾ ചെയ്തും ചെയ്യിച്ചും സ്വാഭിപ്രായനുസരണം കൽപ്പിച്ചൊരവതാരിക എഴുതിയും ഇതിനെ അച്ചടിപ്പിക്കുന്നതിന് ധൈര്യപ്പെടുത്തിയ അ തിരുമേനിയുടെ ഔദാര്യ ശീലത്തിനു ഞാൻ കടപ്പെട്ടിരിക്കുന്നു.

കുടുംബകാര്യവശാൽ ബദ്ധപ്പെട്ട സഞ്ചാരത്തിലും മറ്റും, അച്ചടിച്ച പ്രൂഫുകൾ പരിശോധിച്ചതു കൊണ്ട് ഒരു ചെറിയ ശുദ്ധിപത്രത്തിന്റെ ആവശ്യം നേരിട്ടു പോയി.എങ്കിലും വലിയ പിശകുകൾക്കിടയാകാതെ ഈ പുസ്തകം അച്ചടി ക്കുന്നതിലും ചിത്രബന്ധങ്ങൾക്ക് ആവശ്യമുള്ള കരുക്കൾ നല്ല മാതൃകയിൽ ചേർക്കുന്നതിലും ”മനോമോഹനം” അച്ചുകൂടത്തലവന്മാർ എനിക്കു വേണ്ടി നല്ല ഒത്താശകൾ ചെയ്തിട്ടുണ്ടെന്നുള്ളതും ഗണ്യമാകുന്നു.

ഇപ്രകാരം രൂപീകരിച്ച ഈ പുതിയ മലയാള കാവ്യത്തെ സജ്ജന സമക്ഷം സമർമിച്ചുകൊള്ളുന്നു.

“അറിവുടയവർ നല്ല പോലെ നോക്കി-
കുറവുരചെയ്കിലുമല്ലലില്ലതെല്ലം
അരിയ മണികൾ ചാണയിൽ തെളിഞ്ഞേ
പെരിയ വിലയ്ക്കതു യോഗ്യമായ് ഭവിക്കു.”

1082 -വൃശ്ചികം - 17 നു
ചവറ

വിധേയൻ
ഈ.പത്മനാഭക്കുറുപ്പ്

സർഗ്ഗങ്ങൾ

ഒന്നാം സർഗം
രണ്ടാം സർഗം
മൂന്നാം സർഗം
നാലാം സർഗം
അഞ്ചാം സർഗം
ആറാം സർഗം
ഏഴാം സർഗം
എട്ടാം സർഗം
ഒൻപതാം സർഗം
പത്താം സർഗം
പതിനൊന്നാം സർഗം
പന്ത്രണ്ടാം സർഗം
പതിമൂന്നാം സർഗം
പതിന്നാലാം സർഗം
പതിനഞ്ചാം സർഗം
പതിനാറാം സർഗം
പതിനേഴാം സർഗം
പതിനെട്ടാം സർഗം
പത്തൊൻപതാം സർഗം
ഇരുപതാം സർഗം
ഇരുപത്തൊന്നാം സർഗം
പ്രാർത്ഥനാനവകം

ഒന്നാം സർഗം

ഹരിഃ ശ്രീഗണപതയെ നമഃ
അവിഘ്നമസ്തു

മാർത്താണ്ഡദേവന്റെ മഹാകുലത്തിൽ
കീർത്തിപ്രതിഷ്ഠാപകനാം മഹാത്മാ
മായാവിലാസത്തെ വഹിച്ച ദിവ്യ-
ശ്രീരാമദേവൻ വിജയിച്ചിടേണം. 1

നന്മയ്ക്കു മാവല്ലഭനും മാഹേശൻ
തന്മക്കളാമുണ്ണികൾ രണ്ടുപേർക്കും
എൻമേൽ കനിഞ്ഞീടുവതിന്നു വാക്കാ-
മമ്മയ്ക്കുമായ് താണിഹ കൈതൊഴുന്നേൻ. 2

ആകാത്തതെന്തൊന്നു ഗുരുപ്രസാദം
സ്വാകാംക്ഷ പോലിങ്ങു കരസ്ഥമായാൽ?
ശ്ലോകാഢ്യരാം ദേശികരെ പ്രമാണി-
ച്ചേകാഗ്രചേതസ്സോടു കുമ്പിടുന്നേൻ. 3

മിത്രാന്വയത്തിങ്കലുദിക്കുമുർവീ-
വ്യത്രാരികൾക്കൊക്കെ വസിപ്പതിനായ്
വിസ്താരിയാമുത്തരകോസലത്തിൽ
പ്രഖ്യാതയായുണ്ടൊരു രാജധാനി. 4

ഭയന്നു മണ്ടാത്ത വിരോധികൾക്കും
ജയം ലഭിച്ചാൽ പണിയെന്നു കണ്ട്
“അയോധ്യ”യെന്നുള്ളൊരു സാർഥനാമം
പയോജജന്മാവിതിനേകി മുന്നാം. 5

സർപ്പാധിരാജന്റെ ഫണസ്ഥയായോ-
രിപ്പൂഴിമാതിന്റെ ലലാടദേശേ
ശിൽപ്പം വിളങ്ങുന്നൊരു പൊട്ടുപോലാ-
ണിപ്പട്ടണം ഭൂതിവിലാസമോർത്താൽ. 6

വാനം തൊട്ടും മട്ടിലുയർന്നിതിൽ ഭൂ-
ജാനീശ്വരന്മാരുടെ മേട കണ്ടാൽ
നാനവിചിത്രാന്വിതവൈജയന്ത-
സ്ഥാനപ്രതിച്ഛയയതെന്നു തോന്നും. 7

സൗധങ്ങൾ മേൽപ്പെട്ടു വളർന്നു നമ്മെ-
ബ്ബാധക്കു മെന്നുള്ളൊരു സംശയത്താൽ
ധാതാവു പണ്ടേ നിജവാസലോകം
സാധിച്ചതല്ലീ? സകലത്തിനും മേൽ. 8

-ആദിത്യനാത്മാന്വയജാതർ വേന
ല്ക്കാതിർഥ്യമേകുന്നതു കൊള്ളുവാനായ്
ആദിക്കിലെത്തുമ്പൊഴിരിക്കകൊണ്ടു-
ള്ളാധിക്യമല്ലീ? പകലേറ്റമിന്നും. 9

സൗവർണസങ്കൽപ്പിതമായ മട്ടു-
പ്പാവിൽ പതിച്ചുള്ളൊരു ചന്ദ്രകാന്തം
സേവിച്ചിടുന്നോരുടെതാപമാറ്റി
നിർവാണമേകുന്നിഹ വിഷ്ണുവെപ്പോൽ. 10

പ്രാകാരകുഡ്യങ്ങളിൽ നാലുപാട്ടും
നൽഗോപുരദ്വാരമുഖത്തിലെല്ലാം
വർണങ്ങൾ കോലും മറയാർന്നു നേരാം-
വണ്ണം വഹിക്കുന്നിതു നാൻമുഖത്വം. 11

താരാപഥത്തോളമുയർന്ന സൗധ-
ദ്വാരാഗ്രഭാഗത്തു ഹിമാംശു താനും
ആരാൽ മഴക്കാറുമണഞ്ഞിടുമ്പോൾ
മാരാരിയെപ്പോലിതു ഭംഗിതേടും.12

അന്തഃപുരസ്ത്രീജനലോചനത്തിൻ
ചന്തത്തിനെച്ചെന്നു ജയിച്ചു പോരാൻ

ചെന്താമരപ്പൂക്കൾ കിടങ്ങിലെല്ലാം
പൊന്തുന്ന സാലത്തെ വളഞ്ഞിതിങ്കൽ. 13

വൃന്ദാരകേന്ദ്രന്റെ പൂരത്തിനൊപ്പം
മിന്നുന്ന സാകേതപുരാന്തികത്തിൽ
നന്നായ് വിളങ്ങും സരയൂനദിക്കും
മന്ദാകിനിക്കും ചെറുതല്ല സാമ്യം.14

ദിവ്യത്വമാർന്നോരിതിലുള്ള തീർഥം
സേവിച്ചിടുന്നു പല ജീവജാലം
മാലിന്യമെന്യേ മഹിതം പ്രസാദം
കോലും മഹാത്മാക്കൾ നിഷേവ്യരത്രേ.15

പ്രജാധിപൻ കാശ്യപനിപ്പുരത്തിൽ
സുജാതയാമിന്ദുമതീവയറ്റിൽ
അജക്ഷമാവല്ലഭസൂനവായി
ബ്ഭജിച്ചുപോൽ പങ് ക്തിരഥാഭിധാനം. 16

മനുസ്മൃതിക്കൊത്തൊരു ധർമമെല്ലാ-
മനുസ്മരിച്ചിപ്പുരമാസമന്താൽ
ഭരിച്ചൊരപ്പംക്തി രഥക്ഷിതീശൻ
പരത്തി നൽകീർത്തി ജഗത്തിലെല്ലാം.17

ദാരിദ്ര്യമില്ലീതികളില്ല നാട്ടിൽ
ചൗര്യപ്രവൃത്തിക്കവകാശമില്ല
കൈക്കാണവും കോഴയുമില്ല പൗര-
ർക്കെക്കാലവും മങ്ഗലമേകി ഭൂപൻ. 18

ചൊൽക്കൊണ്ട കൗസല്യയുമക്കൃശാങ്ഗി
കൈകേയിയും സൗമ്യ സുമിത്രതാനും
ദാരങ്ങളായിവന്നു നൃപന്നുദാര-
സാരം സ്വശക്തിത്രയമെന്നപോലെ. 19

സന്താനമില്ലാഞ്ഞൊരുനാൾ നൃപേന്ദ്രൻ
മന്ത്രീശ്വരന്മാരെ വിളിച്ചടുക്കൽ
മന്ത്രിച്ചു വല്ലായ്മയശേഷമപ്പോൾ
തന്ത്രജ്ഞരോരോന്നറിയിച്ചുപായം 20

എട്ടാമനാം മന്ത്രി സുമന്ത്രനപ്പോൾ
സാഷ്ടാങ്ഗപാതം നൃപനേ നമിച്ച്
ഉണർത്തിനാൻ പണ്ടു സനൽകുമാരൻ
മുനീശ്വരൻ ചൊല്ലിയ കാര്യസാരം.21

പരിഗ്രഹിച്ചിട്ടു സുമന്ത്രവാക്യം
നരേന്ദ്രനാങ്ഗേശ്വരനാളയച്ച്
പൊരുത്തകൗതുഹലമാർന്നു വേഗം
വരുത്തി വൈദണ്ഡകനെപ്പുരത്തിൽ. 22

വസിഷ്ഠരോടിക്കഥയാദ്യമേ താൻ
വചിച്ചിതിൻ തീർച്ചയറിഞ്ഞ ശേഷം
വരിച്ചു വൈഭണ്ഡകനോടു ഭൂപൻ
വാരിഷ്ഠമാം നന്ദനകാമയാഗം. 23

സത്രത്തിനായ് വേണ്ട സഹായകർമ്മം
ധാത്രീപതിക്കേകണമെന്ന മട്ടിൽ
പ്രത്യക്ഷമായ് വന്നു വസന്തമപ്പോ-
ളുദ്യാനഭൂവിങ്കലുപേതമോദം. 24

സശോകനാം ഭൂമിപതിക്കു തൻപേർ
വിശങ്കമേകുന്നതിനെന്ന പോലെ
വിശേഷപുഷ്പങ്ങൾ ശിരസ്സിലേന്തീ-
ട്ടശോകവൃക്ഷങ്ങൾ വിളങ്ങിയെങ്ങും. 25

ചെമന്ന പുത്തൻ തളിർ നാലുപാടും
ചുമന്നു തൻപേരിനടുത്തകൃത്യം
നൃപന്നു ചെയ്യേണ്ടതിനാശയോടും

നിരന്നു നീളെസ്സഹകാരസംഘം.26

മഖം ഭുജിപ്പാനെഴുന്നള്ളുമംബാ-
സഖന്റെ പൂജയ്ക്കുതകീടുവാൻ പോൽ
പ്രകാണ്ഡമൊക്കെപ്പൃഥുപുഷ്പമേന്തി-
സ്സുകർണികാരം സുതരാം വിളങ്ങി.27

മാനം വളർത്തുന്ന മഖോത്സവത്തേ
മേനിപ്പെടുത്താനൊരു ലക്ഷദീപം
സ്തംഭങ്ങളിൽ തത്ര കൊളുത്തിയോണം
ചാമ്പേയവും മൊട്ടുകളിട്ടു നീളെ. 28

ധരാമണാളന്റെ ഗുണത്തെ വാഴ്ത്തും
ദ്വിരേഫവന്ദിപ്രകരത്തിനുണ്മാൻ
മരന്ദമേന്തീട്ടു മലർക്കുടത്തിൽ
സരോരുഹപ്പൊയ്കയുമുല്ലസിച്ചു. 29

അംഭസ്സു നിഷ്കല്മഷമാക്കുവാനായ്
കുംഭോത്ഭവൻ ചൊല്ലിയയച്ചപോലെ
സംപ്രീതനായി ചന്ദനപർവതോത്ഥൻ
ഡിംഭാനിലൻ വന്നിഹ വീശി മെല്ലെ. 30

മഖത്തിനങ്ങെത്തിയ നാരദൻതൻ
കരത്തിൽ മേവുന്നൊരു വീണപോലെ
വിശുദ്ധമായിട്ടു മുഴങ്ങി മാന്യ
രസത്തിനാലക്കളകണ്ഠകണ്ഠം.31

വിശ്വംഭരാവല്ലഭനശ്വമേധം
വിസ്താരമായിട്ടു കഴിച്ചശേഷം
പുത്രീയസത്രം നിറവേറ്റുവാനാ-
യർത്ഥിച്ചു ശാന്താപതിയോടു ധന്യൻ.32

പാകാരിമുൻപായ നിലിമ്പലോകം

യാഗാംശമൻപോട്ടു പരിഗ്രഹിപ്പാൻ
ഭ്രുകാമുകൻ തന്റെ മുഖാന്തരാളേ
ലോകേശനോട്ടം ദ്രുതമാഗമിച്ചു. 33

സർവംസഹാദേവിയരക്കർ കാട്ടും
ഗർവം സഹിപ്പാനരുതായ്കയാലേ
നിർവേദഭാരത്തോടു ചെന്നുനിന്ന-
ഗീർവാണസങ്ഘേ വിധിയോടു ചൊന്നാം 34

പുലസ്ത്യപൗത്രാദിമദുഷ്ടരക്ഷോ-
ബലത്തിനാലേറെ വലഞ്ഞഹോ! ഞാൻ
വിലേശയശ്രേഷ്ഠനമിന്നു ഞാനാം
ലലാടപുണ്ഡ്റത്തെ വെടിഞ്ഞിടാറായ്. 35

കർമങ്ങളൊട്ടുക്കു കുറഞ്ഞു ലോകേ
ധർമങ്ങളും കാടുകരേറി കഷ്ടം!
ശർമംവിനാ ദിക്കരിവീരരെട്ടു
മർമങ്ങൾ ഭേദിച്ചുഴലുന്ന പാരാം. 36

ഈമട്ടിലുണ്ടായൊരു ദുർവിപാകം
നേരിട്ടു വർധിച്ചതു കാരണത്താൽ
നാളൊട്ടു പൊയ്പ്പോയിഹ കാലവർഷം
പെയ്തിട്ടു മേഘങ്ങളുമെത്ര കഷ്ടം! 37

കുലാങ്കനാവൃന്ദവുമപ്സരസ്ത്രീ-
കുലങ്ങളും വിപ്രരുമാർത്തിമൂലം
നിലത്തു തൂകുന്നൊരു ബാഷ്പവർഷം
ഫലിച്ചിടുന്നില്ല മഴയ്ക്കു തുല്യം.38

കഷ്ടം ബഹുവ്രീഹീതയെന്നെ വേർപെ-
ട്ടൊട്ടേറേനാളായി മുഷിഞ്ഞ മട്ടിൽ
സ്വർഗത്തിലെ ദ്ദാനവവൈരിയെന്ന-
വാക്കിങ്കലുൾപ്പെട്ടു ലയിക്കുമാറായ്. 39

ഇത്ഥം നമുക്കിങ്ങു പലേവിധത്തിൽ
സിദ്ധിച്ച ദണ്ഡങ്ങളുണർത്തിനേൻ ഞാൻ
ചിത്തേ വിചാരിച്ചിവിടന്നു മേലാൽ
കർത്തവ്യമെന്തെന്നു വിധിക്കവേണം.40

വിധിക്കു മേലായ് പുനരൊന്നുമില്ല-
വിധിക്കുപാർത്താലഴിവില്ല തെല്ലും
വധിച്ചിടും മാനുഷനെന്നു മുന്നെ
വിധിച്ചവർക്കന്നിവിടന്നു തന്നേ. 41

ഹാഹാ! മനുഷ്യാവലയോർത്തുകണ്ടാ
ലാഹാരമത്രു രജനീചരർക്ക്
മോഹാതിരേകത്തോടു ചെന്നെതിർപ്പോൻ
ദേഹാഭിമാനം വിടുമന്നുതന്നെ. 42

വല്ലായ്മയെന്തെങ്കിലുമുള്ള കാല-
ത്തല്ലാതെകണ്ടീശ്വരനാമധേയം
തെല്ലെങ്കിലും ചേതസി ചിന്തചെയ്യു-
ന്നില്ലെന്നതെല്ലാരിലുമുള്ളത്രേ 43

അംഭോജജന്മാവിതു കേട്ടനേരം
സംഭ്രാന്തിയുൾക്കാമ്പിലുയർന്നു പാരം
അംഭോജനാഭന്റെ പാദാരവിന്ദം
കുമ്പിട്ടുണർത്തിക്കണമെന്നുറച്ചു. 44

നാലാനനൻ ദേവകളോടുമേറ്റം
മാലാർന്നു നിൽക്കുന്ന ധരിത്രിയോടും
നീലാമണാളന്റെ നിവാസമാമ-
പ്പാലാഴിതൻ തീരമണഞ്ഞു വേഗം. 45

ബാലാർക്കകോപ്രഭമാം കിരീട-
ജ്വാലാകലാപഞ്ഞൊടുമാനനത്തിൽ

കോലും ചിരിച്ചന്ദ്രികയോടുമപ്പോൾ
നീലാളിവർണ്ണന്റെ വപുസ്സു കണ്ടാൻ. 46

കാറൊത്ത നല്ക്കാന്തി കലർന്ന കണ്ണൻ
മാറാത്തണിഞ്ഞുള്ളൊരു മാല്യഗന്ധം
പേറിത്തടഞ്ഞൂർമികളാലിളങ്കാ-
റ്റേറെത്തരംപോലവരെത്തലോടി. 47

സഹസ്രപത്രോത്ഭവനാദിയാമ-
മ്മഹാസമാജം പുരുഭക്തിപൂർവം
മഹാമുനീന്ദ്രർക്കുമദൃശ്യനാകും
മഹാപുമാനെ പ്രണമിച്ചുവേഗം. 48

മന്ദസ്മിതംകൊണ്ടു പയഃപയോധി-
ക്കുന്നിദ്ധ്രധാവള്യംനിറം നിറച്ച്
നന്നായ് കടാക്ഷിച്ചു മുകുന്ദനേവം
വൃന്ദാരകന്മാരച്ചിതപ്പോൾ. 49

ഹേഹേവിധേ! വിണ്ണവർനാഥ! യുഷ്മൽ-
ഗേഹേ വിപത്തീയിടെന്തു? ചൊൽക
ഈവണ്ണമെല്ലാവരുമൊത്തുചേർന്നി-
ട്ടീവന്നയാത്രയ്ക്കു വിശേഷമെന്ത്?50

നാരായണൻതൻ മൊഴികേട്ടനേരം
പാരം പ്രമോദിച്ചു നിലിമ്പലോകം:
സ്മേരാസ്യനാം മാധവനോട്ടു,കുമ്പി-
ട്ടോരോന്നു ധാതാവറിയിച്ചു പിന്നെ.51

ഞങ്ങൾക്കു സന്താപമൊഴിപ്പതിന്നാ-
യങ്ങുന്നു നിഷ്കർഷയോടിങ്ങിരിക്കേ
മങ്ഗല്യസിദ്ധിക്കു മടക്കമെന്തൊ-
ന്നിങ്ങെത്തുവാനുള്ളതു ദീനബന്ധോ! 52

മാത്സര്യമേറും പിശുനർക്കുപോലും
വാത്സല്യമുൾക്കൊണ്ടമൃതം കൊടുപ്പാൻ
ഉത്സാഹിയാം നിന്തിരുമേനി പിന്നെ
ത്വത്സേവകർക്കെന്തു കൊടുക്കയില്ലേ? 53

നിഷ്കൃഷ്ടമായുള്ള മൃഗസ്വരൂപം
പ്രകൃഷ്ടനാമങ്ങു ധരിച്ചു മുന്നേ
ജഗൽപ്രഭോ! മൂന്നടി മണ്ണു വാങ്ങാൻ
പ്രകാമദൈന്യത്തൊടിരന്നു പിന്നെ.54

അയോഗ്യമാമിത്തൊഴിലിജ്ജനത്തെ-
പ്പുലർത്തുവാൻ ചെയ്ത ചരിത്രമോർത്താൽ
നിജാശ്രിതൻമാർക്കു ഗുണം വരുത്താൻ
സഹിച്ചിട്ടും സത്തുക്കൾ സങ്കടത്തേ.55

അന്നന്നുചേരുന്ന വിപത്തൊഴിപ്പൻ
സന്നദ്ധനായുള്ള ഭവാനെ നിത്യം
വന്നൊന്നു കുപ്പാത്ത കൃതഘ്നജാതി-
ക്കൊന്നാം തരക്കാരിഹ ഞങ്ങളെല്ലാം 56

ഇന്നന്ദികേടിന്റെ ഫലങ്ങൾ താനേ
വന്നിങ്ങകപ്പെട്ടടിയത്തിനെല്ലാം
ഇന്നും ഭവാനോടതുണർത്തുവാനാ-
യൊന്നിച്ചിവണ്ണം വിടകൊണ്ടു ഞങ്ങൾ. 57

ദ്രോഹം പ്രവർത്തിച്ച ജനത്തെയും ന-
ന്മാഹാത്മ്യമേറുന്ന മഹാശയന്മാർ
പാദാന്തികം പിന്നെയുമാശ്രയിച്ചാ-
ലൈദാര്യമോടങ്ങു ഭരിച്ചുകൊള്ളും. 58

ഇക്കണ്ട ഞങ്ങൾക്കുമലങ്ഘ്യമാകും
ചൊല്ലൊണ്ട ലങ്കാപുരി പങ്ക്തികണ്ഠൻ
ഉൽക്കണ്ഠിതൻ ജ്യേഷ്ഠനെ വെന്നു വേഗാൽ

നിഷ്കണ്ടകൻ വാണുഭരിച്ചിടുന്നു.59

ആചാരവിദ്വേഷികളായ ദുഷ്ട-
ർക്കാചാര്യനായുള്ള നിശാചരേന്ദ്രൻ
ഭൂചക്രവാളം മുഴുവൻ മുടിച്ചാൻ
നീചപ്രവൃത്തിക്കുതു നല്ലകാലം. 60

ആയോധനം ചെയ്തു ദശാസ്യനോട-
ങ്ങായാസമാർന്നാശ്രയഹീനരായി
പായു പരന്മാർശരണം ലഭിപ്പ-
തീയാർക്കപുത്രന്റെ പുരത്തിൽ മാത്രം. 61

കരുത്തനാം രാവണനാത്തരോഷം
മുധത്തിനായിന്ദ്രനൊടേ ശേഷം
പെരുത്ത കണ്ണീരി ലുപേന്ദ്ര! വജ്രാ-
യുധത്തിനെക്കച്ചുട്ടു തുകച്ചു ശക്രൻ. 62

ലങ്കേശപുത്രന്റെ ബലത്തിനാലാ-
തങ്കം വളർന്നിട്ടു വലന്തകന്ന്
സംക്രന്ദനത്വം പരമീയിടക്കേ
സംപ്രാപ്തമായൊള്ളു ദയാപയോധേ! 63

അന്നം കുഴമ്പാമിഷമെന്നിതെല്ലാ-
മന്നന്നൊരുക്കീട്ടു പചിപ്പതിന്നായ്
എന്നും മടപ്പള്ളിയിലഗ്നിദേവൻ
ചെന്നമ്പരിപ്പേറ്റു മടച്ചിടേണം. 64

വാട്ടംവിനാം കല്പകവൃക്ഷമെല്ലാം
ദുഷ്ടൻ ചുവട്ടോടെ പറിച്ചവന്റെ
തോട്ടത്തിൽ നട്ടാ,നതു നാകിലോകം
ചട്ടം പിഴക്കാതെ നനയ്ക്കവേണം. 65

തണ്ണീരുകൊണ്ടും സുരനാരിനാർതൻ

കണ്ണീരുകൊണ്ടും വളരും മരത്തിൽ
അന്നന്നു വാടുന്ന സുമങ്ങൾ പോലും
മന്ദാനിലൻ വീഴ്ത്തുകിലുണ്ടനർത്ഥം. 66

നായാട്ടു നീങ്ങീട്ടു വിയർത്തുവാടി-
സ്സായാഹ്നകാലത്തവനങ്ങു വന്നാൽ
വീശിത്തണുപ്പിക്കണമാശുഗൻ പോയ്
മോശത്തരം പറ്റുമതല്ലയെങ്കിൽ. 67

ആവശ്യമുണ്ടായിവരുമ്പോഴോരോ-
പ്രാവശ്യമോരോവിധമാഭയോടും
സൂര്യേന്ദുഗോളങ്ങളുദിച്ചിടാഞ്ഞാൽ
പാരം കുഴപ്പത്തിൽ വരുംകലാശം. 68

ഒട്ടേറെയെന്തിന്നു പറഞ്ഞിടുന്നി-
ങ്ങോട്ടേറെ വാഗ്വൈഭവമില്ലതാനും
മുട്ടാളനാം പങ്ക്തിമുഖാഗ്നിചുട്ടു
പൊട്ടിക്കുമാറായി ജഗത്തശേഷം. 69

മർത്ത്യന്റെ കൈപ്പെട്ടു മരിച്ചിടാത-
ന്നക്തഞ്ചരന്നില്ലൊരു നാശമെന്നും
വക്തവ്യമീ ഞങ്ങളുണർത്തി,മേലാൽ
കർത്തവ്യമെല്ലമിവിടേയ്ക്കുതന്നെ.70

മനുഷ്യജന്മത്തെയെടുത്തു വേഗാ-
ലിനിബ്ഭവാൻ രാക്ഷസവംശമെല്ലാം
ഹനിച്ചുപാലിക്കണമിജ്ജനത്തെ-
ക്കനത്ത കാരുണ്യഗുണാംബുരാശെ.71

വിരിഞ്ചനോതും മൊഴികേട്ടനേരം
മുരാന്തകൻ ദീനജനാനുകമ്പി
ചിരിച്ചു പയ്യെസ്സദസം കുറഞ്ഞൊ-
ന്നരച്ചു ലോകേശനൊടിപ്രകാരം. 72

തെല്ലും മനോവേദന വേണ്ട നിങ്ങൾ
ക്കെല്ലാം മതംപോലെ നടത്തിവയ്പ്പെൻ.
പൊല്ലാപ്പു കാട്ടാനൊരു ദുഷ്ടരോട്ടു-
ക്കില്ലാതെയാമാശു ഭയപ്പെടായ് വിൻ. 73

ജനിക്കുവാൻ പങ്ക്തിരഥക്ഷിതിക്ഷി-
ത്തനൂജനായുത്തരകോസലത്തിൽ
ഹനിക്കുവാൻ കൗണപരെത്തെദാ മൽ-
ക്കനിഷ്ഠരായ് മൂവരുമുത്ഭവിക്കും. 74

പടക്കളത്തിങ്കലെനിക്കുവേണ്ടി-
ത്തുണയ്ക്കുവാൻ ദേവദംബമെല്ലാം
മനക്കരുത്തോടു മഹീതലത്തിൽ
പിറക്കണം മർക്കടവീരനായി. 75

പീതാംബരൻ ദേവകളോടിവണ്ണ-
മോതികടാക്ഷിച്ചു മറഞ്ഞു മെല്ലെ
ഖേദംവിനാ നാൻമുഖനും നിലിമ്പ-
വ്രാതങ്ങളും പുക്കു നിജം നിവാസം. 76

വിരിഞ്ചിയും പിന്നെയുരച്ചു,ദേവോൽ-
ക്കാരത്തെ നോക്കീട്ടിനി നിങ്ങളാലെ
പരാക്രമം കൂടിയ മർക്കടൗഘം
ധാരാതലത്തിലുദിക്കവേണം. 77

പണ്ടിജ്ജഗൽസൃഷ്ടി തുടങ്ങിയപ്പോ
ളുണ്ടായ പുത്രൻമമ ജാംബവാനും
ഒത്താശ വേണ്ടുന്നതവർക്കു ചേയവ
നൊത്താശയോടിപ്പോഴുമുണ്ടുഭുവിൽ 78

ലോകേശനേവമരുൽചേയ്തു നിയോഗല്ലാം

നാകേശനാദി സുരസംഹതി സമ്മതിച്ചു
ശ്രീകേശവന്നുതവി ശണ്ടയിലിണ്ടലില്ല
തേകിട്ടുവാൻ കപിവലത്തേയുളാക്കി വിട്ടു 79

ഊക്കേറുന്നോരു ബാലിയേസ്സുരവരൻ സുഗ്രിനേസ്സൂര്യനും
യോഗ്യൻമാൻമാർക്കോരു രത്നമായ ഹനുമാൻ തന്നജ്ജഗൽപ്രാണനും
സൃഷ്ടിച്ചാർ ,ബഹുവാനരപ്പടയേ മ റ്റുള്ളോരുവാനോർകളും
ശിഷ്ടൻമാരവരേവരും പ്രതിദിനം മോ ദിച്ചുമേവീടിനാർ 80

ഒന്നാം സർഗം സമാപ്തം

രണ്ടാം സർഗം

സത്തമൻ ദശരഥൻ നടത്തുമ-
പ്പുത്രകാമയജനാന്തരേ തദാ
തീയിൽ നിന്നൊരു പുമാന്നുദിച്ചുയ-
ർന്നാശു, യാജകകുതൂഹലത്തൊടേ.1
newline അച്യുതാംശകമേ വഹിക്കയാ-
ലപ്പുമാന്നമതിമാത്രദുർഭരം
സ്വർണപാത്രഗതമായ പായസം
രണ്ടു കൈയിലുമെടുത്തു നിന്നുതേ.2
newline ഹേ മഹീശ! തനയാഥിയാം ഭവാൻ
ഹേമപാത്രമിതിലുള്ള പായസം
ക്ഷേമമേറുവതിനേറ്റുവാങ്ങി നൽ-
സ്സോമബിംബമുഖിമാർക്കു നൾകെടോ!.3
newline എന്നുരച്ച പുരുഷന്റെ കൈയിൽനി-
ന്നന്നുപേശ്വരനതേറ്റു വാങ്ങിനാൻ
മന്ഥനാലമരപാലമബ്ധിയിൽ-
പ്പൊന്തി വന്ന സുധയെ ഗ്രഹിച്ചപോൽ.4
newline രാജവര്യസുതനായ് പിറക്കുവാ-
നിപ്രപഞ്ചജനകൻ കൊതിക്കയാൽ
പൂജ്യനാം ദശരഥന്നു വന്നൊരി-
ബ്ഭാഗ്യമന്യപുരുഷർക്കു ദുർല്ലഭം.5
newline പിന്നെ മന്നനിരുഭാര്യമാർക്കുമാ-
യൊന്നുപോലെ വകയിട്ടു പായസം
തന്നിളം പ്രഭകളേ നഭസ്സിലും
മന്നിലും കതിരവൻ വിടുന്നപോൽ.6
newline കോസലാത്മജയിലേറെ മാനവും
കേകയാങ്ഗനയൊടുറ്റ രാഗവും
കൂടുമദ്ദശരഥൻ സുമിത്രതൻ
കാംക്ഷിതത്തെയവർമൂലമേകിനാൻ.7
newline തുങ്ഗബുദ്ധി തിരളും പതിക്കെഴും
വാഞ്ഛചരിതത്തെയറിയുന്ന കാന്തമാർ
തമ്മിലോർത്തു വിഭജിച്ചു പായസം
മാഗധിക്കു മടിവിട്ടു നൾകിനാർ.8

newline പണ്ടിരുന്നപടിയസ്സപത്നിമാർ
രണ്ടുപേരിലുമഭേദബുദ്ധി താൻ
പൂണ്ടു വാണിതവൾ മത്തദന്തിതൻ
ഗണ്ഡഭിത്തിയുഗളത്തിൽ വണ്ടുപോൽ.9
newline സർപ്രജാർഥമമരാംശഭൃതമാം
ഗർഭമേററിതവർ മൂവരും ക്രമാൽ
ചാരുനീരമമൃതാഖ്യ ചേർന്നടും
സൗരനാഡികൾ ധരിച്ചിടുന്നപോൽ.10
newline ദേവനേകനവനന്നനേകനായ്
മേവി രാജമഹിഷീജനോദരേ
പങ്കമറ്റു തെളിയും ജലത്തില-
ത്തിങ്കളിൻ കല വിളങ്ങിടുന്നപോൽ11
newline ഓന്നുപോൽ പ്രജകളെബ്ഭരിക്കയാ-
ലൊന്നിനൊന്നു വിളിച്ചമഞ്ഞവർ
ഈലുവാൻ പൊതി നിരന്നു നിന്നിടും
ശാലി തന്നഴകൊടേ വിളങ്ങിനാർ.12
newline അച്യുതൻ കലയകത്തിരിക്കാ-
ലുച്ചലിച്ചൊരു കളായകാന്തി പോൽ
കൊച്ചുരോമനികരങ്ങൾ കുക്ഷിമേൽ
മെച്ചമായ് വിലസിവന്നു മെല്ലവേ.13
newline പൊൻകുടത്തൊടിടയുന്ന പോർമുല-
യ്ക്കങ്കമായി വിലസുന്ന മൊട്ടുകൾ
മങ്കമാരുടെ കരിങ്കചത്തിനാ-
തങ്കമേകുലതിനന്നിരുണ്ടു പോൽ.14
newline താണിതന്നു തരളായതാക്ഷിമാർ-
ക്കുണിലുള്ള രുചിയെന്നിരിക്കിലും
ഏറിവന്നു മനതാരിലാഗ്രഹം
ചോറൊഴിച്ചിതരസാധനങ്ങളിൽ.15
newline കുമ്പ വീർത്തു വരവേ നതാങ്ഗിമാ-
ർക്കമ്പരന്നഴിയുമാടയെപ്പൊഴും
മുൻപിലെപ്പതിവിലും പതിഞ്ഞുപോൽ
വെമ്പലൊക്കെയടനത്തുടർച്ചയിൽ.16
newline ദാഹമേറുമിഹ ഭൂമിയിൽക്ഷണം

മോഹമാർന്നു തടിപോൽ കിടന്നിട്ടും
ദേഹമൊക്കെയൊരുപോൽ വിയർത്തിട്ടും
സ്നേഹവാക്കു സഖിമാരുരച്ചിട്ടും.17
newline മേനിപൂണ്ടു മൃദുമേനിയെങ്കിലും
ഗ്ലാനികൊണ്ടു മിഴിതാണുപോയി പോൽ
മാനിനീമണികളന്നു മണ്ണതാൻ
തിന്നു മന്ദമറിയാതൊരുത്തരും18
newline വ്യക്തമാ,യവയവങ്ങളിൽ തുലോം
നൽതമാലനിറമാം ഞരമ്പുകൾ;
ചിത്തവൃത്തി പലതായ് പലപ്പോഴും
നിദ്രയും മടിയുമന്നു സഖ്യമായ്.19
newline ശാർങ്ഗനാന്ദകസുദർശനങ്ങളെ-
പ്പൂണ്ടു ചെറ്റു ചെറുതായ പൂരുഷർ
സ്വപ്നവേളയിലിടുത്തു തങ്ങളെ-
ക്കാത്തുനിൽപ്പതവർ കണ്ടു കൗതകാൽ.20
newline തങ്കവർണ്ണമിയലുന്ന ളുവലിൻ
ഭംഗി വാനിൽ നിവിരെപ്പരത്തിയും
ഊക്കൊടമ്മുകിലിനെത്തടഞ്ഞുപോം
പക്ഷിരാജനവരെ ദ്ധരിച്ചുപോൽ.21
newline നല്ലമാറിൽ നിറമാർന്ന കൗസ്തുഭ-
ക്കല്ലിനുള്ള വടിവേന്തിയാദരാൽ
പത്മമാം വിശറിയെദ്ധരിച്ചൊര-
പ്പത്മ വന്നുപചരിച്ചു നിന്നു പോൽ.22
newline നാകലോക നദിയിൽ കുളിച്ചു ന-
ല്ലാഗമാർഥമറിവുള്ള യോഗികൾ
ബ്രഹ്മചാരികളുടത്തൊരേഴുപേർ
നിൽപ്പതും സപദി കണ്ടു നിദ്രയിൽ.23
newline സ്വപ്നവാർത്തയിതു ഭൂപതീന്ദ്രനാ-
മുഗ്ധഗാത്രുകൾ മൊഴിഞ്ഞുകേൾക്കവേ
ലോകനാഥഗുരുവായ് ഭവിക്കൽ ഞാൻ
കേമനെന്നൊരഭിമാനമാർന്നു പോൽ.24
newline ധർമശാലി ധരണീ പുരന്ദരൻ
കർമശാസ്ത്രവിധിപോലനന്തരം

നന്മയോടുശുഭകർമമൊക്കെയും
ശർമപൂർത്തി വരുവാൻ നടത്തിനാൽ.25
newline ചാന്ദ്രമാസനവകം തികഞ്ഞിത-
ച്ചന്ദ്രബിംബംമുഖിമാർക്കു ഗർഭവും
കൈടഭാരികരുണാബലത്തിനാൽ
കൂടുയന്നു ശുഭലക്ഷണങ്ങളും.26
newline തുങ്ഗരാശികളിലഞ്ചു ഖേചരം
ഭങ്ഗമേകുവതിവേഴിൽ മങ്ഗലൻ
അങ്ഗഭവത്തിലമൃതാംശുവോടുചേ-
ർന്നംഗിരസ്സുമൊരുയോഗമാർന്നു പോൽ.27
newline കർമശക്തി വഴിപോലെ നൾകുവാൻ
കർമസാക്ഷി ഭഗവാനുമപ്പൊഴേ
കർമഭാവമതിലാണ്ടു ഭൂപസൽ-
ക്കർമവൈഭവവശാലുയർന്നുപോൽ.28
newline സൂര്യവാരമദിതിക്കു മുഖ്യമാം
താരവും നവമിയും കലർന്നനാൾ
ഭൂമിഭൃന്മഹിഷിമാരിൽ മൂത്തവൾ-
ക്കാമനസ്യമുളവായി വന്നുപോൽ.29
newline മണ്ടി മണ്ടി മലരിൽ മണങ്ങളേ
ക്കൊണ്ടടിച്ചപവനൻ സമാനനായ്
നിന്നലഞ്ഞുലകിലന്നു സൂതികാ-
മന്ദിരത്തിലുമണഞ്ഞു മന്ദമായ്.30
newline കറോഴിഞ്ഞു കമലേഷ്ടകാമുക-
ന്നോറിവന്നൊളികളപ്പൊഴോക്കയും
വംശവത്സലതയോ? ദശാസ്യനിൽ
സാശയം കുറകയോ? മഹാത്ഭുതം.31
newline പേരിനാലപകടങ്ങൾ വല്ലതും
കൈവരാതമരുവാൻ കബന്ധവും
ശുദ്ധമായ്; പുകയൊഴിഞ്ഞു നല്ലപോ-
ലുജ്ജ്വലിച്ച യജനാഗ്നിയും തദാ.32
newline മന്നവൻമഹിഷിമാരിൽ മുഖ്യയാം
കോസലാത്മജ ലഭിച്ച പുത്രനേ
രാവിലോഷധി തമസ്സൊഴിച്ചിടും

നൽപ്രകാശനികരത്തെയെന്നപോൽ.33
newline സൂര്യവംശമണിദീപമായ്പരം
തുല്യമറ്റൊളി കലർന്ന കുഞ്ഞിനാൽ
സൂതികാലയവിളക്കിൽ വാണിടും
നൂൽത്തിരിക്കു തെളിവൊ മങ്ങിപോൽ.34
newline പള്ള ചൊട്ടി മകനോട്ടു കൂടെയ-
ത്തള്ള മെത്തയിൽ വിളങ്ങി നല്ലപോൽ
നീർ വരണ്ടൊരു നീലിമ്പവേണി തൽ-
സൈകതേ സരസിജത്തൊടെന്ന പോൽ.35
newline കണ്ണിണയ്ക്കു കുതുകം വളർത്തപൊ-
ന്നുണ്ണിതന്നുടലു കണ്ടു തൽക്ഷണം
രാമനെന്നു ഭുവനൈകഭവ്യമാം
നാമധേയമുരചെയ്തു ദേശികൻ36
newline പെറ്റുപോൽ ഭരതനെന്ന പുത്രനെ-
ത്തൊട്ടടുത്ത ദിനമങ്ങു കൈകയീ
ലക്ഷ്മിയെപ്പരിയ നീതിയെന്നപോ-
ലമ്മയെപ്പരമലങ്കരിച്ചവൻ.37
newline വിദ്യ താനറിവുമുറ്റ താഴ്മയും
പെറ്റിടുന്ന വിധമ സ്സുമിത്രയും
ലക്ഷ്മണൻ പുനരരിഘ്നനെന്നുര-
ണ്ടാത്മജാതരെയിരട്ട പെറ്റുപോൽ.38
newline ഭൂവിൽ വന്നു ഭഗവാൻ പിറക്കയാൽ
ദ്യോവുമിങ്ങവതരിച്ചു വന്നപോൽ
മങ്ങലും വ്യഥകളും വെടിഞ്ഞു സൻ-
മങ്ഗളം ധരണിയിൽ പ്പരന്നുതേ.39
newline രാവണൻ കണവരെക്കുമയ്ക്കയാ-
ലാവലാതിയൊടിരുന്ന ദിക്കുകൾ
നാലു ദേഹമൊടജൻ പിറന്നപോ-
താശ്വസിച്ചവിധമൂതി മാരുതൻ.40
newline രാവണന്റെ മകുതട്ടിൽ നിന്നുടൻ
ചാരു മുത്തുമണിയെന്ന കൈതവാൽ
യാതുധാനകുലലക്ഷ്മിതന്നുടേ
ബാഷ്പവിന്ദു നിപതിച്ചു ഭൂമിയിൽ.41

newline പാർത്ഥിവന്നു സുതജന്മസൂചകം
തുര്യഘോഷമതു ചെയ്വതിന്നഹോ!
നാന്ദുഭിയായിഹ നഭസ്സിൽ മുന്നമേ
ദുന്ദുഭിധ്വനി മുഴക്കി വാനവർ.42
newline ജാതകർമമുഖമായ കർമമ-
ങ്ങാദരത്തൊടു നടത്തിനാൻ നൃപൻ
ധാത്രിമാർ മുല കുടിച്ചു ബാലർ നൽ
പുഷ്ടിയാർന്നു ജനകന്റെ മുത്തൊടും.43
newline വാരിജോത്ഭവസുതൻ വസിഷ്ഠനാ-
രാജപുത്രരെ വിധിക്കു തക്കപോൽ
ആദ്യമായുപനയിച്ചു പിൻപുതാൻ
വേദ്യവിദ്യകളശേഷമേകിനാൻ44
newline ബാലകർക്കു തനിയേ ഭവിച്ച സൗ-
ശീല്യസൗഷ്ഠവമൊരല്പശിക്ഷയാൽ
ഓന്നിനൊന്നധികമായ്; ഹവിസ്സിനാൽ
വഹ്നിയിൽ സഹജമായ ദീപ്തിപോൽ.45
newline അക്കുമാരർ മുഷിയാതെ തങ്ങളിൽ
സ്വച്ഛമായ രാഘുവിൻ കുലത്തിനെ
നല്ലരീതിയിൽ നിറുത്തീ; നന്ദനേ
വന്നു കൂടിയൊരൃതുക്കളുന്നപോൽ.46
newline ഐകമത്യമൊരുപോലെയാകിലും
പ്രേമമേറിയതിനാലെ ലക്ഷ്മണൻ
രാമനോടു പിരിയാതെ നിന്നപോൽ
സാഹചര്യമിളയോർക്കു മാപ്തമായ്.47
newline രണ്ടുവീതമിട ചേർന്ന ബാലക-
ർക്കിണ്ടലില്ല മമതയ്ക്കൊരിക്കലും
വായുവഹ്നകളിണങ്ങിയോണയും
ചന്ദനംകടലുമെന്ന പോലെയും.48
newline കാന്തിയും വിനയസമ്പ്രദായവും
മുന്തിനിൽപ്പൊരു നരേന്ദ്രബാലകർ
നാട്ടുകാരുടെ മനം കവർന്നുതേ
വേനലിൻ ജനംപംക്തിയെന്ന പോൽ49
newline നാലുവർഗമുടലോടുമൂഴൽ

തുല്യകാലമതിൽ വന്നുളായപ്പോൾ
ഭൂപനാം ദശരഥന്റെയുണ്ണിമാർ
ശോഭപൂണ്ടനുദിനം മുതിർന്നിതേ.50
newline കൈവെടിഞ്ഞവരുറക്കമേഴര-
യ്ക്കിശ്വരസ്മരണയോടെണ്ണീറ്റുടൻ
ആത്മശുദ്ധി വഴിപോലെ ചെയ്തുകൊ-
ണ്ടാത്മകൃതമഖിലം കഴിച്ചിട്ടും.51
newline പ്രാഹ്നവേള കഴിയുമ്പൊഴുണ്ടുകൊ-
ണ്ടന്യബന്ധുജനതാസമേതരായ്
കാവ്യനാടകവിനോദനങ്ങളെ-
ക്കൊണ്ടഹസ്സുകൾ കഴിച്ചു മിക്കതും.52
newline ഗുസ്തിയും തടകളും കവാത്തുമാ-
യുദ്ധകൗശലമിതൊക്കെയും
അഭ്യസിച്ചുസവയസ്കരോടുചേ-
ർന്നിക്കണക്കനുദിനം നടന്നിട്ടും53
newline രാജമൗലിനടനനായകത്തിന-
പ്രശ്രയം പെരികെയുള്ള ബാലകർ
അഴിപോലെ സുഗുണാനുരൂപമാം
മുത്തുചേർത്തതിരാം കൃതാർഥരായ്.54
newline ഇത്ഥം, പലാശനിരയായ സമിത്തശേഷം
യുദ്ധാദ്ധ്വരത്തിൽ വഴിപോലെ ദഹിപ്പതിന്നായ്
അഗ്നിത്രയത്തൊട്ടുളവായ ചിദഗ്നിയേവം
വർധിച്ചു കോസലമഹാരണിയിങ്കൽ മോദാൽ.55
newline നിശചരപ്രകരമനോരഥാഗ്നി മങ്ങീ
ദിശാമുഖം മുഴുവനുമൊന്നുപോൽ വിളങ്ങീ
കുശാസനം നരപതി വേണ്ടപോൽ തുടങ്ങീ
കുശാസനേ മുനികൾ തപസ്സിനായൊതുങ്ങീ 56
newline തണ്ടേറും ദനുജാന്വയത്തിനെയമത്തീർട്ടുന്ന ദന്തങ്ങളെ-
ക്കൊണ്ടൈരാവതദന്തിയും ചതുരുപായച്ചേർച്ചയാൽ നീതിയും
രണ്ടാൽ രണ്ടുഗണിച്ച പാണികളൊടസ്സാക്ഷാൽസരോജാക്ഷനും
കൊണ്ടാട്ടുംപടി നാലു വിഷ്ണുകലയാൽനന്ദിച്ചിതബ്ഭൂമിപൻ. 57

രണ്ടാം സർഗം സമാപ്തം

മൂന്നാം സർഗം

പ്രശമിത ഹൃദയാർത്തിയായിടുന്ന-
ദ്ദശരഥമന്നവനാത്മമന്ദിരത്തിൽ
കുശലമൊടു വസിച്ചിടുന്ന നാളിൽ
കുശികസുതൻ മുനി കാണ്മതിനന്നു വന്നാൻ. 1
newline അധികതരതപോബലങ്ങളെക്കൊ-
ണ്ടധിഗതമായൊരു വർണവൈഭവത്താൽ
വിധുനികടമണഞ്ഞ നീലമേഘ-
സ്ഥിതിയെവഹിച്ചു വിളങ്ങി മാമുനീന്ദ്രൻ. 2
newline കലിതവിവിധസർഗഭേദനായു-
ജ്ജ്വലിതമനോഹരവൃത്തനാം മുനീന്ദ്രൻ
വിലസി നരവരന്റെ മുമ്പിലേറ്റം
വിലപെറുമുത്തമമകാവ്യമെന്നപൊലെ.3
newline കൊടിയ നിയമശാലിയെസ്സമീക്ഷി-
ച്ചുടനടി ചെന്നെതിരേറ്റു ഭൂമിപാലൻ
അടിയിണ കഴുകിച്ചു ഭക്തിപൂർവ്വം
സ്പടികമഹാസനമേകിയങ്ങിരുത്തി.4
newline തനതുഗുരുവിനും കൊടുത്തു പീഠം
ജനപതിയും പുനരാസനേ വസിച്ചാൻ
അനുപമഗുണമുള്ള സഭ്യരെക്കൊ-
ണ്ടനവധി പുണ്യമടഞ്ഞിതസ്സദസ്സും.5
newline നരപതിവരനങ്ങതിന്റെ ശേഷം
പുരുവിനയത്തൊടുരച്ചുയോഗിയോടായ്
"പരമരിയതപോനിധാനമാം നി-
ന്തിരുവടി തൻ വരവെന്നദൃഷ്ടയോഗം.6
newline അമലമതികളായ് വികാരമെല്ലാം
ക്ഷമയൊടുവിട്ടു ഭവാബ്ധിയെക്കടന്ന്
സമതയൊടു നിരാശരായ് നടക്കും
യമികളെയിങ്ങനെ കാണ്മവാൻ പ്രയാസം.7
newline അപരിമിതതപോബലങ്ങളെക്കൊ-
ണ്ടുപരിപദത്തിൽ വിളങ്ങിടും ഭവാന്മാർ
സ്വപരിജനസമേതരായിദാനീ-
മപരിപൂജാതരതായ് വസിക്കയല്ലീ?8

newline ഇതുപൊഴുതിവിടേയ്ക്കു വന്നതെന്തി-
ന്നുദവസിതം മമ ശുദ്ധമാക്കുവാനോ?
ചതിപെരുകിയ ദുർജ്ജനങ്ങളാല-
ങ്ങധികമസഹ്യതവല്ലതും ഭവിച്ചോ?"9
newline നരവരനുടെ നല്ലവാക്കു കേട്ടി-
ട്ടുരിയ കുതുഹലമാർന്നു കൗശികൻ താൻ
കരുണയൊടരനുഗ്രഹത്തെ നല്കീ-
ടരുളി മനോരഥമാദരത്തൊടെല്ലാം10
newline സ്മൃതിയിലിവിടെനിന്നു തെറ്റുകൂടാ-
തതികുതുകത്തൊടു നാടുവാണിരക്കെ
മതിയിലസുഖലേശമിജ്ജനത്തി-
ന്നെതിരിടുകെന്നതരിപ്പമോർത്തുകണ്ടാൽ11
newline അനുപമസുഖമെങ്കി നമുക്കി-
ങ്ങനുഭവസിദ്ധമുപദ്രവം കുറയ്പാൻ
ഉചിതതരമുപായമോർത്തുകണ്ടി-
ന്നജസുത ഞാനതുരപ്പതിന്നു വന്നേൻ.12
newline കൊടിയതപമതിൻ ഫലങ്ങളിൽപ്പാ-
രുടയവനാറിലൊരംശമേകി നിത്യം
അടവിയിലമരും തപസ്വിമാരിൽ
പെട്ടുമഴൽ മന്നവർ ചെന്നൊഴിക്കവേണം.13
newline യതികളുടെ തപസ്സിനെത്തടുപ്പാൻ
കൊതി കലരുന്നൊരു ദുഷ്ടജന്തുജാതം
ദ്രുതമറുതിവരേണ്ടതിന്നുതാനി-
സ്സ്മൃ വിധിച്ചു വേട്ടയാടാൻ.14
newline നരപതിയുടെ നീതിയൊക്കെ നന്നായ്
പരിചയമുള്ള ഭവനൊടായതെല്ലോം
പരമിഹ പറയേണ്ടതില്ല പക്ഷേ
വരുവതിനുള്ളൊരു കാരണം കഥിക്കാം15
newline സുരപിതൃനികരപ്രസാദസിദ്ധി-
ക്കൊരുയജനത്തെ നടത്തിടുന്നു ഞങ്ങൾ
നരവര!തവസൂനുരാമനെക്കൊ-
ണ്ടരമതിനെപ്പരിരക്ഷ ചെയ്കവേണം.16
newline രജനിചരവൻ സുബാഹു,മാരീ-

ചനൊടൊരുമിച്ചവിടേയ്ക്കു വന്നു നിത്യം
രുധിരപലലഖണ്ഡവൃഷ്ടിയെക്കൊ-
ണ്ടധികമുപദ്രവമേകിടുന്നു കഷ്ടം!17
newline ശുചിതയെഴുമൊരാജ്യതർപ്പണത്താൽ
ശുചി സതതം വിലസുന്ന യജ്ഞവാടം
ശുചിയകലെ വെടിഞ്ഞ ദുർജനം,സം-
കുചിതഹുതാശനമാക്കിവച്ചു കഷ്ടം! 18
newline അനുദിവസവുമഗ്നിതന്റെ ചുടേ-
റ്റനവരതം പൊരിയും പലാശവൃന്ദം
അനലനുടെമദം ക്റവയവതിന്നായ്
മനസി വിരോമുദിച്ചെതിർത്തതല്ലീ?19
newline എരിയുമൊരു മഹാനലന്റെ മധ്യേ
ചൊരിയുമസൃക്പ്രകരപ്രവാഹമേറ്റ്
തരളഹൃദയരായ് ചമഞ്ഞിതയ്യോ!
കരള പറഞ്ഞിടുകല്ല ഞങ്ങളെല്ലാം.20
newline കുമിതികളുടെ ശല്യമൊക്കെ നീക്കി-
ട്ടിഴുപൊഴുതെന്നുടെ യാഗരക്ഷചെയ് വാൻ
പുരുകൃപയൊടുരാമനെസ്സഖേ!നീ
ഝടിതി സല ക്ഷമണങ്ങയയ്ക്കണവേണം.21
newline സുതരിലധികവത്സലൻ മഹീശൻ
ശ്രുതിപരുഷം വലിയൊരുശല്യമേറ്റപോല-
സ്സഭയിലോരക്ഷരമോതിടാതിരുന്നോൻ.22
newline ദിനകരകുലദേശികൻ വസിഷ്ഠൻ
മനസി വിശേഷമശേഷമോർത്തു കണ്ട്
ദശരഥനുടെ മുന്നിലിപ്രകാരം
വിശദമുരച്ച ന ഋഢമായ് സമസ്തം.23
newline നരവര! തവമാനസേ വിഷാദം
കരുതരുതെൻമൊഴി കേൾക്ക സാവധാനം
സരസിജഭവശങ്കരാദിസേവ്യൻ
സരസിജലോചനനേഷ രാമചന്ദ്രൻ24
newline അഹികുലപതി ലക്ഷ്മണൻ മഹാത്മാ
ഭരതനുമക്കരപാഞ്ചജന്യമത്രേ
രിപുനികരകൃതാന്തനന്ത്യപുത്രൻ

ഹരിയുടെകൈയിൽ വിളങ്ങിടുന്ന ചക്രം. 25
newline ത്രിഭുവനജനയിത്രിയായ മായാ
ഭഗവതിയും ജനകാത്മജാതയായാൾ
അവനിയിലവരൊത്തുകൂടുവാനി-
ക്കുശികസുതൻവരവാദികാരണം കേൾ. 26
newline പെരികെ മദമെഴും ദശാസ്യനെക്കൊ-
ന്നമരകുലത്തെയശേഷവും ഭരിപ്പാൻ
അഖിലഭുവനപാലനിപ്രകാരം
നൃപവര! നിൻസുതനായതോർക്കെടോ നീ.27
newline മതിയിലിതഖിലം നിനച്ച നന്നായ്
ധൃതിയൊടു രാമനെ നീയയക്കവേണം
ഇതി ഗുരുമൊഴിയാദരിച്ച ഭൂപൻ;
പതിവിതു ഭാനു കുലേശ്വരർക്കു പണ്ടും. 28
newline പുരുഷവിഷയവിരക്തരാം ജനങ്ങൾ-
ക്കുരുതരയോഗബലേന ഗമ്യനാകും
പരമപുരുഷനേ നിയോഗശക്ത്യാ
നരപതി കൗശികനോടുകൂടെ വിട്ടാൻ. 29
newline ദശരഥനൊടു യാത്രയും പറഞ്ഞ-
ക്കുശികസുതൻ കുശലം വസിഷ്ഠരോടും
ചതുരതയെഴുമക്കുമാരകന്മാ-
രിരുവരെയും ഭരമേറ്റു താൻ നടന്നാൻ. 30
newline അഥ ദശരഥപുത്രരോടു മധ്യേ-
പഥമുരചെയ്തു മുദാ മുനീന്ദ്രനേവം
"ബലയതിബലയെന്നു രണ്ടു മന്ത്രം
നലമൊടു നിങ്ങൾ പഠിച്ചുകൊൾവിനിപ്പോൾ. 31
newline ഇതി പുനരുൾചെയ്തു യോഗിവര്യൻ
കുതുകമിയന്നു കൊടുത്തു വിദ്യരണ്ടും
പശിയുമരിയദാഹവും വരായ് വാൻ
കുശികജനോടവരഭ്യസിച്ചു നന്നായ് 32
newline പുനരപി നൃപപുത്രരോടു ചൊന്നാൻ
മുനിതിലകൻ പുരുമോദമാന്ന ചിത്തേ
ക്ഷിതിയിലർശരൻ ദഹിച്ചെടം പ-
ണ്ടതുമുതലി സ്ഥലമങ്ഗസംജ്ഞമായി.33

newline അവരഥ സരയൂസരിദ്വരത്തെ-
ത്ഢടിതി കടന്നിഹ, വൃത്രഹത്യമൂലം
വലരിപുവിനു പാപശാന്തി ചെയ്തോ-
രവനിയിലെത്തിയ പോതുരച്ചുയോഗി34
newline കമലഭവനനനുഗ്രഹിക്കമൂലം
പ്രമദമിയന്ന സുകേതുവിന്നു മുന്നം
ഒരു മകളുളവായി താടകാഖ്യാ
പുനരവളെച്ചിതമോടു വേട്ടു സുന്ദൻ 35
newline അവരുടെ മകനായ് പിറന്നു മാരീ-
ചൻ മഥ സുന്ദനഗസ്ത്യശാപശക്ത്യാ
ചരമഗതിയടഞ്ഞ കണ്ടു മൈത്രാ
വരുണിയൊടൊന്നു പകച്ചു തത്തനൂജൻ 36
newline കലശഭവനൊടന്നു കൗണപത്വം
ഖലനവനും ജനയിത്രിയും ലഭിച്ചു
അവരയുതകരീന്ദ്രവിക്രമംകൊ-
ണ്ടവമതിയത്ര ജനത്തിനേകിടുന്നു37
newline അനവധിനരയോഗിവൃന്ദമാംസ-
ച്ചുവയറിയുന്നൊരു യാതുധാനനാരീ
മമ തനുവവൾ വറ്റലെന്നു വച്ചി
ട്ടഭിരുചി വിട്ടതുകൊണ്ടു ഞാൻജയിച്ചേൻ. 38
newline അയി! നിശമയ രാമചന്ദ്ര! നീയി-
ന്നവളെ വധിച്ചു വിപത്തൊഴിക്കവേണം
മുനിയുടെ മൊഴി കേട്ടു പെൺകൊലയ്ക്കാ-
രഘുപതിയൊന്നു മടിച്ചറച്ചു നിന്നാൻ. 39
newline കുശികജനതു കണ്ടു പണ്ടു ധാത്രി-
ക്കലസത ചേർത്തൊരു മന്ഥരയ്ക്കുമന്ത്രം
ഹരിയരുളീടിന വാർത്തയെപ്പറഞ്ഞാൻ. 40
newline വധുവിനുടെ വധത്തിലാത്തധൈര്യം
വിധുരത വിട്ടിതു രാമചന്ദ്രനപ്പോൾ,
അതിനനുമതി പൂണ്ടപോലെ ചാപം
മതമതു ഞാണൊലി കൊണ്ടു സമ്മതിച്ചു. 41
newline രഘുവരനുടെ ശിഞ്ജിനീനിനാദം
ലഘുതരമോർത്തു സുകേതുപുത്രിയപ്പോൾ

പകയൊടു ഹൃദി കാളരാത്രിയെപ്പോ-
ലികലിനടുത്തിതു നീലശൈലതുല്യ. 42
newline തെരുതെരെ വീണ മഹീരുഹങ്ങൾ മാർഗേ
ചുഴലി ചിതയിൽ നിന്നുവന്നിടുംപോ-
ലുഴരിവരുന്നതു രാമനങ്ങു കണ്ടാൻ. 43
newline അവളൊരു കുടൽമാലചാർത്തി മെയ്യിൽ
കവിളിലിറച്ചി നിറച്ചുടുത്തിടുമ്പോൾ
കഴുകുകളൊടു കാകമെന്നിതെല്ലാം
ചുഴലെയെടുത്തു പറന്നിതീച്ച പോലെ.44
newline അരുണിമകലരും കചങ്ങൾകൊണ്ടു-
ഢ്ഘനപടലത്തെയടിച്ചുടച്ചുവാനിൽ
പിതൃവനമതിൽ നിന്നെഴും പിശാച-
പ്രതികൃതിപോലെ കരാളഘോരദംഷ്ട്രാ.45
newline അവളുടെയതി രൗദ്രവേഷമേവം
ജവമൊടുകണ്ടു കുകുൽസ്ഥവംശദീപൻ
വനിതയുടെ വധേ വിരോധിയാകും
കനിവിനെ വിട്ടു സായകത്തിനോടെ.46
newline ശരമതു ശില പോൽ കടുപ്പമുള്ളോ-
രവളുടെ മാറു തുളച്ചു പാഞ്ഞ രന്ധ്രം
നിശിചരുടെ കോട്ടയിൽ കടപ്പാൻ
ശമനനു നല്ലൊരു വാതിലായ് ഭവിച്ചു. 47
newline ഉരസി രഘുവരന്റെ ബാണമേറ്റി-
ട്ടവനിയിലായവളാശു വീണനേരം
വനവുമഥ ദശാനനൻ പ്രതിഷ്ഠി-
ച്ചൊരു ജയലക്ഷ്മിയുമൊന്നുപോൽ നടുങ്ങി. 48
newline നിശിചരിയവൾ രാമമന്മഥാസ്ത്രം
സപദി തറച്ചഥ നെഞ്ചിലാർത്തിയോടും
ഉടലടിമുടി രക്തചന്ദനം തേ-
ച്ചുടനെയണഞ്ഞിതു ജീവിതേശഗേഹം. 49
newline പുകൾ പെരിയൊരു വാമനാശ്രമത്തേ
രഘുപതികണ്ടു കഴിഞ്ഞ ജന്മവൃത്തം
നിജമനസി മറന്നിരിക്കിലും താ-
നനുപമയാകുംമൊരാസ്ഥ പൂണ്ടു നിന്നാൻ 50

newline ഇതി പലപല നല്ലനല്ല ദേശം
മതികുതുകത്തൊടു കണ്ടുരാഘവന്മാർ
ചെറുതുവഴി നടന്ന ഖേദമോരാ-
തൃഷിയൊടുമൊത്തു തദാശ്രമം ഗമിച്ചാർ. 51
newline മുനിവരനഥ യജ്ഞദീക്ഷപൂണ്ടാൻ
നൃപസുതരന്പുമെടുത്തു കാത്തുനിന്നാർ
രവിശശികൾ ദിവാനിശം സ്വകാന്തി-
പ്രചുരിമ കൊണ്ടുലകത്തെയെന്നപോലെ. 52
newline കടുനിണമതുകൊണ്ടു ഹോലകുണ്ഡം
ഝടിതിനനഞ്ഞതു കണ്ടു യാജകന്മാർ
കിടുകിടനെ വിറച്ചു കൈവെടിഞ്ഞാ-
രൊടുവി ല മഖക്രിയയേ സ്രുവങ്ങളോടും.53
newline ത്വരയൊടുമഥലക്ഷ്മണാഗ്രജന്മാ
കരമതു തുണിയിലാക്കി നോക്കി വാനിതല
കഴുകുകളുടെ പക് വായുവേററ-
ക്കൊടിയിളകുന്ന നശാചരോൽക്കരത്തേ54
newline ഇരുവരവരിലുണ്ടു നായകന്മാ-
രവരൊടു കേവലമുന്നമിട്ടു രാമൻ
അഹിവരരെയമർത്തിടും ഗരുത്മ-
നെതിരിടുകില്ലൊരു ഡുംഡുഭത്തെ വെൽവാൻ.55
newline രഘുപതിയഥ വായുദെവതാസത്റം
ലഘുതരമൊന്നു ജപിച്ചയച്ചു ധീമാൻ
മലയൊടു സമനായ സൂന്ദജൻ താ-
നിലയതുപോലെ പറന്നുവീണു ദൂരെ.56
newline പരമതുപൊഴുതിന്ദ്രജാലശക്ത.
പൊരുതു സുബാഹുവടുത്ത കണ്ടു രാമൻ
അവനുടെയുടൽ പത്രികൊണ്ടു പങ്കി-
ട്ടുടജമതിൻ പുറമേ പദത്രികൾക്കായ്. 57
newline കുലവിനിമയമാർന്ന യോഗിതന്നോ-
ടലസത വിട്ടൊരു വേഴ്ച വന്ന മൂലം
ചലദലടരുദണ്ഡയോഗ്യരാകും
രഘുസുതരന്നു പലാശദണ്ഡിമാരായ്. 58
newline മഘമതിനുടെയന്തരായമെല്ലാ-

മകലെയൊഴിച്ചൊരു രാമവിക്രമത്തേ
മുനികളഖിലരും പുകഴ് ത്തിയയജ്ഞം
മനതളിരിൽ സുഖമോട്ടു നിർവഹിച്ചാർ.59
newline അഥ കുശികജനത്മസത്രമേവം
ധൃതിയൊട്ടു കാത്തരുൾചെയ്ത രാഘവന്നായ്
മഖമതിലുളവായ മങ്കയെത്താൻ
ഗൃഹിണിയതാക്കണമെന്നുറച്ച ചിത്തേ.60
newline യജനമതിനു വേണ്ട കോപ്പു കൂട്ടി-
ജ്ജനകനൃപൻ മുനിയെക്ഷണിച്ചിതന്നാൾ;
ഹരധനുവതു കാണ്മവാൻ കൊതിക്കും
നൃപസുതരോടവിടേയ്ക്കു പോയ് മുനീന്ദ്രൻ.61
newline അധിപഥമൃഷി പുംഗവൻ സ്വകീയം
ചരിതമുരച്ചു തുടങ്ങിനാൻ പതുക്കേ
ക്ഷിപതിതനയാർക്കും മാർഗഖേദം
വരികിലൊഴിപ്പതിനുള്ളൊരൗഷധം പോൽ. 62
newline വിധിയുടെ മകനായ് കുശാഖ്യനാകും
ക്ഷിതിപതിവര്യനു മക്കളായ് പിറന്നാർ
ബലമുടയ കുശാംബനാദി നാലാ-
ളലസത വിട്ടവര നാലുനാട്ടിൽ വാണാർ.63
newline കുശനുടെ സുതരിൽ ദ്വിതീയനാമ-
ന്നൃപതിലകൻ കുശനാഭനിഷ്ടമോടും
സുരയുവതിഘൃതാചിയോട്ടു ചേർന്ന-
ഞ്ചിരുപതു കന്യകമാരെയങ്ങുളാക്കി.64
newline അവരുടെ വടിവോർത്തു വായുദേവൻ
തരുണിമ വന്നൊരു നാളിലാശവച്ച്
അലർശരലഹരിക്കടുത്ത നേരം
വിരസതയോടവർ ധിക്കരിച്ചപോലും.65
newline അവരുടെ നില കണ്ടു കോപമുൾക്കൊ-
ണ്ടനിലവനവർക്കു വരുത്തിയങ്ഗഭങ്ഗം
അരശർമണിയുമന്നറിഞ്ഞിതെല്ലാ-
മകതളിരിൽ ക്ഷമയോട്ടു കാര്യമോർത്തു 66
newline ശമദമനിധിയായ ചൂളിസൂനു-
ക്ഷിതിരമാണന്നു കൊടുത്തു കന്യമാരേ

അവരതുമുതൽ മുമ്പിലേതിലേറ്റം
പ്രവരവപുസ്സൊടുമുല്ലസിച്ചു വാണാർ 67
newline ഒരു മകനരളവായ്വരേണമെന്നാ-
നരപതിയാം കുശനാഭനോർത്തു പിന്നെ
ഗുരുജനകൃപയാൽ ജനിച്ചിതപ്പോൾ
പുരു ഗുണമുള്ളൊരു ഗാഥിയെന്റെതാതൻ68
newline മുനിവരനുടെ പൂർവവാർത്തയേവം
കനിവൊടു കേട്ടൊരു താടകാകൃതാന്തൻ
നിശയെ നിമിഷമാത്രയായ് കഴിച്ചി-
ട്ടനുജനോടും മുനിതന്നോടും നടന്നാൻ.69
newline അരുണനുമഥ പൂർവദിക് പുരന്ധ്രീ-
തിരുമുഖമൊന്നു നുകർന്നുയർന്നിടുമ്പോൾ
ഒരു ദിശി നിയമങ്ങളേ നടത്തി
സ്സുരതടിനീതടമാശ്രയിച്ചു മെല്ലെ.70
newline കനകഗിരിവരന്റെ കന്യ പെറ്റ-
ത്തുഹിനമലയ്ക്കൊര പുത്രിയായ ശേഷം

സുരനഗരിയിൽ നിന്നു ശങ്കരൻ തൻ
മുടിയിലിഴിഞ്ഞു ഭഗീരഥപ്രയാസാൽ71
newline മൃഡനുടെ ജടയീന്നിറങ്ങി മെല്ലെ-
ക്കൊടിയ തപസ്സിയലുന്ന ജഹ്നുവോടും
വിടയതു വഴിപോലെ വാങ്ങി മുന്നം
ഝടിതി ഭഗീരഥഭൂപനെത്തുടർന്ന്.72
newline ധരണിയിലിഹ മൂന്നു ശാഖയായി-
ട്ടുരുവിയൊലിച്ചു ഭവാമയതങ്ങൾ തീർക്കും
സുരനദിയുടെ സച്ചരിത്രമെല്ലാ-
മരുളി നരേന്ദ്രതനുജനോടു യോഗീ.[വിശേഷകം] 73
newline അഥ വിബുധസരിത്തിനെക്കടന്നി-
ട്ടരികെ വിശാലപുരത്തെ നോക്കി രാമൻ
അതിനുടെ കഥ കേൾക്കുവാൻ കൊതിച്ചാ-
യതിയെ വണങ്ങുകയാൽ മുനീന്ദ്രനോതടി. 74
newline അസുരകളമൃതം ലഭിച്ചിടാഞ്ഞി-
ട്ടമരകുലത്തൊടു പണ്ടു മല്ലിടുമ്പോൾ

അഹിവരയനൻ സുരേന്ദ്രനെക്കൊ-
ണ്ടറുതിവരുത്തിയരാതിസഞ്ചയത്തേ. 75
newline പരവശതവളർന്നു ദൈത്യമാതാ
പതിയോടു കൽപ്പന കൈവശപ്പെടുത്തി
സുരവരനെ വധിക്കുവാൻ തിറത്തോ-
ടൊരു മകനെക്കരുതിത്തപം തുടർന്നാൾ. 76
newline അവളതു പൊഴുതിക്കുശപ്ലവാഖ്യം
വനമതിൽ വാണിതു നല്ല നിഷ്ഠയോടും
വലരിപുവതുകേട്ടു മായയാ തൻ
വടിവുമറച്ചവളോടടുത്തുകൂടീ. 77
newline വീടുപണികളെടുത്തു വാണ കാലം
മുടുമൊഴിയാളൊരുനാൾ മനം മറന്ന്
മുടികളെയടി വച്ചിണ്ട ദിക്കിൽ
ശ്ലഥതയൊടങ്ങനെ വച്ചുറങ്ങിയല്പം. 78
newline പിശകിലവളശുദ്ധയെന്നു കണ്ടി-
ട്ടശനിധരൻ ജഠരേ കടന്നുവേഗാൽ
ശിശുകലലമതേഴ ഖണ്ഡമാക്കി-
ക്കുശലതയോടുപുറത്തു പോന്നു ശക്രൻ.79
newline തൊഴിലിതവളറിഞ്ഞു ഖണ്ഡമേഴും
വലരിപുതന്നൊടു നല്ല വാക്കു ചൊല്ലി
ഗഗനഭുവി മരുത്സമാജമാക്കി-
ച്ചധിസുരലോകംതൃപ്തയായിരുന്നാൾ.80
newline പുനരിവിടെ വിശാലനാകുമൈക്ഷ്വാ-
കനമഴകേറിയ രാജധാനി തീർത്ത്
അതിനവനുടെ നാമധേയമേകീ-
ട്ടവനിടെച്ചിലനാൾ ഭരിച്ചു വാണാൻ.81
newline കുശികസുതനിദം പറഞ്ഞു പിന്നെ-
ക്കുശലമൊടപ്പുരി രക്ഷചെയ്തു വാഴും
നൃപനുടെയുപചാരകൃത്യമെല്ലാം
ദശരഥപുത്രരുമായ് പരിഗ്രഹിച്ചാൻ.82
newline അവരവിടെ നയിച്ചു രാത്രിയെപ്പി-
ന്നുഷസി കുലോചിതകൃത്യവും നടത്തി
ജനപദവനപർവതങ്ങൾ പിന്നി-

ട്ടൊരു ശുഭദേശമണഞ്ഞു സന്ധ്യയോടെ.83
newline മുനികുലവരനായ ഗൗതമൻ തൻ
മനവിയഹല്യ തപസ്സൊടും വസിക്കും
വനഭുവി കുശികാത്മജൻ കനിഞ്ഞാ-
മനുജകുമാരരൊടും കടന്നു പിന്നെ.84
newline സുരവരനുടെ ചേർച്ച കണ്ടു നേരേ
പരുഷതരം മുനി നൾകിയോരു ശാപാൽ
അവനിയിലൊരു പാറയായ് കിടപ്പോ-
രവളുടെ വാർത്തയറിഞ്ഞു രാമദേവൻ.85
newline കണവനൊടിഹ കല്മഷങ്ങൾ വേര-
റ്റിനിയിവൾ ചേരണമെന്നുറച്ചു ദേവൻ
തിരുവടിമലരൊന്നു വിന്യസിച്ചാൻ
ശിലയുടെ മേലെഴുന്നേറ്റിതങ്ങഹല്യാ.86
newline ഒരു പൊഴുതു രജംപ്രയോഗശക്ത്യാ
ഹരിയൊടു ചേർന്നു വിരൂപനായ തന്വീ
ഹരിചരണരജംപ്രയോഗശക്ത്യാ
സുരുചിരവേഷമണഞ്ഞതോ? വിശേഷം.87
newline നിഷ്കാമമായൊരു തപസ്സിലിരിപ്പവർക്കേ
സിദ്ധിക്കയുള്ളൂ ഗതിയെന്നൊരു ചൊല്ലിരിക്കെ
കാമന്നിമിത്തമവൾ ചെയ്ത തപോബലത്താൽ
മോക്ഷം ലഭിച്ചതൊരു വിസ്മയഹേതുവത്രേ.88
newline പൂമാതിൻ പുണ്യപൂരത്തിനെയരികെനിരീക്ഷിച്ചു തൻ നെഞ്ചകത്തിൽ
സീമാഹീനം നിറഞ്ഞുള്ളൊരു കുതുകമൊടും തൽ പദം കുപ്പി വേഗാൽ
രാമവൃന്ദം ധരിക്കുന്നൊരു മുടിമണിയും താപസസ്ത്രീ തദാനിം
രാമാദേശം ലഭിച്ചിട്ടഥ നിജപതിയോടൊത്തു വാണാൾ സസൗഖ്യം.89

മൂന്നാം സർഗം സമാപ്തം

നാലാം സർഗം

അനന്തരം കൗശികതാപസോത്തമൻ
ദിനേശ "വംശസ്ഥ"രൊടും പൊടുന്നനേ
വിദേഹഭൂപന്റെ മഖം നടത്തുവാൻ
തദീയരാജ്യത്തിലണഞ്ഞു കൗതുകീ. 1
newline നരേന്ദ്രസൂനക്കളുമായി വന്നൊര-
ത്തപസ്വിയെച്ചെന്നെതിരേറ്റു സാദരം
വിനീതനാമജ്ജനകക്ഷിതീശ്വരൻ
സഭാജനം ചെയ്തു പുരോഹിതാന്വിതൻ. 2
newline ഉടൻ ശതാനന്ദനവന്റെ ദേശികൻ
നടേ രഘുശ്രേഷ്ഠനൊടേവമോതിനാൻ
പിടിപ്പെഴം ഗാഥിതനുജനെബ്ഭവാ-
നടുത്തു കീഴ്പ്പെട്ടതു നല്ലതെത്രയും. 3
newline കുലത്തിനോതിക്കവനാം വസിഷ്ഠരെ-
പ്പുലർത്തിടാതേവമുരയ്ക്കകാരണം
ബലേന രാമന്റെ മനസ്സിലൽപ്പവും
മലയ്പ്പു വാരായ്വതിനോതി പിന്നെയും. 4
newline ഇവൻ പുരാ ഭൂമിയടക്കി മന്നനാ-
യവൻ പടക്കോപ്പുകളോടുമേകദാ
തപസ്സു കൈക്കൊണ്ടു വസിഷ്ഠർ വാഴുമ-
ത്തപോവനം പൂക്കവനേ വണങ്ങിനാൻ. 5
newline
മുനീന്ദ്രനും പാർഥിവനെ സർവശക്തി പോൽ
മനം തെളിഞ്ഞന്നു വിരുന്നുമൂട്ടിനാൻ
ധനം പെറും ധേനുവിനുള്ള വൈഭവം
നിനച്ചതിൽ ഗ്ഗാഥിജനാശ വച്ചഹോ! 6
newline കഥിച്ചു നേരേ മുനിയോട് തന്മനോ-
രഥത്തെയെന്നിട്ടതു ധിക്കരിക്കയാൽ
മറുത്തുടൻ ഭൂപതി കാമധേനുവെ-
ത്തിറത്തൊടും കൊള്ളയിടാൻ തുടങ്ങിനാൻ. 7
newline സമസ്തവസ്തുക്കളെയും ചുരത്തുവാൻ
സമർഥയായുള്ള നിലിമ്പനൈചീകി
അമേയസൈന്യത്തെ രചിച്ചു സേനയേ

സ്വമേധയാ വെന്നു തുരത്തി ഭൂപനേ. 8
newline പഠിച്ചിവൻ വീണ്ടുമരുന്ധതീശനേ
മടക്കുവാനായുധവിദ്യ വേണ്ട പോൽ
പടയ്ക്കു കോപ്പിട്ടു തദാശ്രമം ചുഴ-
ന്നടുത്തുപോയ് മാർഗണമാരി തൂകിനാൻ. 9
newline വസിഷ്ഠരീ വേലകൾ കണ്ടു ഭൂപനേ-
യസൽക്കരിച്ചിട്ടഥ യോഗദണ്ഡിനാൽ
മടക്കിനാൻ ബാണഗണത്തെ നിർഭയം
നടക്കുമോ നല്ലവരോടു ദുർന്നയം? 10
newline നരേന്ദ്രനും നാണമുദിച്ചിരുന്നു തൊ-
ട്ടരോചകം ക്ഷത്രബലത്തിലും തഥാ;
പരിത്യജിച്ചാത്മവിഭുത്വമാകവേ
പരം തപസ്സിനു തുനിഞ്ഞിറങ്ങിനാൻ 11
newline നിലിമ്പലോകത്തുടലോടു പോകുവാൻ
തുലോം ത്രിശംകുക്ഷിതിപൻ കൊതിക്കവേ
ഫലിക്കയില്ലഗ്രഹമെന്നു മന്നനേ
വിലക്കിനാനന്നു വസിഷ്ഠദേശികൻ. 12
newline കലമ്പിയമ്മാമുനിയോടു മന്നവൻ
പുലമ്പിനാൻ തൽസുതരോടു വാഞ്ഛിതം
അലഭ്യമെന്നോർത്തുവരും ചെറുത്ത പോ-
തലക്ഷ്യമോടക്രമമായടുത്തവൻ. 13
newline പെരുത്തു കോപിച്ചവർനീചനാകയെ-
ന്നരയ്ക്കയാലന്നൃപനൊട്ടടങ്ങിനാൻ;
പുലർത്തുവാനുള്ളവർ ധിക്കരിക്കലീ
വലിപ്പമില്ലാത്തവനെന്തഹോ!ഗതി” 14
newline വസിഷ്ഠനേറ്റം പ്രതികൂലകക്ഷയെ-
ന്നറിഞ്ഞവൻഗാഥിതനൂജസന്നിധൗ
അടുത്തുകുമ്പിട്ടു കഥിച്ചുകാംകകകക്ഷിതം.,
“തുടങ്ങിയാൽ പിന്നെയടങ്ങുമോ? മഹാൻ 15
newline അപേക്ഷകൈക്കൊണ്ടഥ ഗാഥിനന്ദനൻ
നൃപേന്ദ്രനെദ്ദേവകൾ നാട്ടിലാക്കുവാൻ
ഉപായമുൾത്താരിൽനിനച്ചു കണ്ടു താ-
നപക്രമിച്ചാനൊരു നൂതനാധ്വരം. 16

newline കുലീനരാം വേദിയർ ഗഥിജന്റെൽ
നിലീനചേതസ്സോട്ടു ചെന്നിതദ്ധ്വരേ
മലീമസന്മരുടെ യാഗമെന്നവ-
ച്ചലക്ഷ്യമുൾക്കൊണ്ടു മഹോദയാദികൾ. 17
newline തദീയസദ്ധാന്തമറിഞ്ഞു കൗശികൻ
വിധേയരല്ലാത്ത വസിഷ്ഠപുത്രരേ
അദിക്കുവിൻനായ്ക്കളെയെന്നുകോപമോ
ടുദിരണം ചെയ്തു വിവാദശീലവാൻ. 18
newline അവദ്യഭാവത്തൊടമർത്ത്യസഞ്ചയം
ഹവിസ്സു കൈക്കൊൾവതിനന്നറയ്ക്കവേ
വിവർണനാം മന്നനെയംബരാന്തരേ
സ്വവാഭവം കൊണ്ടു കരേറ്റി കൗശികൻ 19
newline പുരന്ദരൻ കോപമോടത്രിശങ്കുവേ-
തിരിച്ചു കീഴ്പ്പെട്ടു പിടിച്ചുതള്ളിനാൻ;
നിലച്ചിതമേമാമുനിതന്റെ ശാസനാ-
ബലത്തിനാൽ താണവരാതിടയ്ക്കവൻ 20
newline അമർത്യലോകത്തിനെ വേറെയൊന്നിവൻ
ചമയ്ക്കവേ വിണ്ണവർ വന്നിരക്കയാൽ
ശമിച്ച രോഷത്തൊടുമസ്തദിങ്മുഖം
ഗമിച്ചു വീണ്ടും നിവസിച്ചു നിഷ്ഠയിൽ 21
newline ബലിക്കൊടയ്ക്കായ് പിടിപെട്ടൊരുണ്ണിയെ-
പ്പുലർത്തിയിക്കൗശികനാത്മശക്തിയാൽ:
"ശരീരിജാലത്തെയഭേദമായനു-
സ്മരിച്ചിടും നല്ല ജനങ്ങളെന്നുമേ" 22
newline അതേ വരെച്ചെയ്ത തപസ്സൊടുങ്ങിയെ-
ന്നതീപ്രയത്നങ്ങൾ തുടങ്ങി പിന്നെയും
തദന്തരേ മേനക തന്റെ സങ്ഗമം
സതേ തടസങ്ങൾ വരുത്തി നിഷ്ഠയിൽ. 23
newline മനസ്സിൽ വല്ലായ്മയൊടാശു പിന്നെയും
നിനച്ചു താൻ മഞ്ഞുമലയ്ക്കടുത്തുപോയ്
ഇരുന്നുറച്ചുള്ള തപസ്സിളക്കുവാൻ
പുരന്ദരൻ ചൊല്ലിയയച്ചു രംഭയേ. 24
newline കടുത്തൊരാക്രോശനമിട്ടു പാറയായ്

കിടക്കുവാനായവളേയയച്ചുടൻ
അടക്കി നിശ്വാസഗണത്തെ, യുമ്പർകോ-
നടക്കിവഴും ദിശി പോയ് തപസ്സിനായ്. 25
newline കടുപ്പമേറുന്ന തപോമയാഗ്നിയാൽ
പിടച്ചു നീറിപ്പുനരംബുജാസനൻ
അടുത്തുചെന്നൽക്കടമാം വ്രതത്തെ നീ
യടക്കി വാഴ്കെന്നു വചിച്ചു കൗതുകാൽ 26
newline പൊടുന്നനെ ബ്രഹ്മമഹർഷിയെന്നു താ-
നെടുത്തു ചൊല്ലിച്ചു സരോജസംഭവൻ
വസിഷ്ഠനെക്കൊ,ണ്ടിവനന്നുതൊട്ടു തെ-
ല്ലസക്തനായി നിഷ്ഠയിൽ നിന്നു നീങ്ങിനാൻ. 27
newline ഇതൊക്കയും ഗൗതമപുത്രനോട്ടു കേ-
ട്ടതിക്രമിപ്പിച്ചിരവാശു രാഘവൻ
പ്രഭാതകൃത്യങ്ങൾ കഴിച്ച ചൊല്ലെഴും
സഭാതലം പുക്ക സകൗശികാനുജൻ 28
newline കുലീനനായ് കോമളനാം കുമാരനേ
വിലോകനം ചെയ്തു വിദേഹഭൂപതി
അലം വിഷാദിച്ചിതു സീതയെക്കുറി-
ച്ചലങ്ഘ്യമാം വില്പണയത്തെയോർക്കയാൽ. 29
newline “തഴച്ച വില്ലാളികളായ ഭൂപരി-
ങ്ങുഴറ്റൊട്ടും വന്നു ധനുസ്സു കാൺകയാൽ
ഒഴിച്ചു നാണത്തോടു, ഹന്ത! ദൈവമേ!
പഴിച്ചു താന്താങ്ങടെ കൈക്കരുത്തിനെ. 30
newline പുളയ്ക്കുമാനത്തലവർക്കുമോർക്കിലൊ-
ട്ടെളുപ്പമല്ലാത്ത വിചേഷ്ടിതങ്ങളേ
കളിപ്പൂകൂട്ടും കളഭം നടത്തുവാൻ
ച്ചളുങ്ങുമെന്നുള്ളതു ലോകസമ്മതം.” 31
newline പറഞ്ഞിത്തപ്പോൾ മുനിപുങ്ഗവൻ”ഭവാൻ
ധരിക്കണം വിക്രമിയെന്നു രാമനേ
ഉറച്ച കുന്നിൽ ശതകോടിയെന്നപോൽ
കരം ഫലിക്കുന്നതു കാൺക കാർമുകേ. 32
newline പ്രതാപമിത്തീപ്പൊരിയിങ്കലെന്നപോൽ
കുമരാനാം രാമനിലുള്ളതായ് നൃപൻ

ഉറച്ചിതമ്മാമുനിതന്റെ വാക്കിനാൽ;
വയസ്സുകൊണ്ടൂക്കറികില്ലൊരുത്തരും. 33
newline നിയോജ്യവർഗത്തെയസംഖ്യമാദരാ-
ലയച്ചവൻ വില്ലതു കൊണ്ടുപോരുവാൻ
പയോദവൃന്ദത്തെ മയൂഖകാർമുക-
പ്രയോജന വാനവർനാഥനെന്നപോൽ. 34
newline പുരാന്തകൻദക്ഷമഖം മുടക്കുവാൻ
ശരം പ്രയോഗിച്ചൊരു വില്ല്, രാഘവൻ
ദരാവഹം പന്നഗരാജതുല്യമായ്
നിരീക്ഷണം ചെയ്തു കരത്തിലേന്തിനാൻ 35
newline മയക്കി മാലോകരയത്ഭുതത്തിനാൽ
പ്രയാസമില്ലാതെ കനത്ത വില്ലിനേ
നിയന്ത്രണം ചെയ്തു ഗുണത്തിനോടവൻ
നയത്തോടും മന്മഥനിക്ഷുവില്ലു പോൽ. 36
newline എടുത്തു രാമൻ മുറുകെക്കുലയ്ക്കയാ-
ലൊടിഞ്ഞു മേഘധ്വനിയോടു കാർമുകം
സ്ഫുടിച്ച രാജന്യബലത്തെ, വൈരിയായ്
നടക്കുമമ്പ് ഭാർഗവനോടുരച്ചപോൽ. 37
newline ഹരന്റെ വില്ലോലിലുറച്ച പന്തയം
വഹിച്ച നേരത്ത് മുദാ നരേശ്വരൻ
ഹരിപ്രിയാരൂപിണിയായ സീതയെ-
ക്കൊടുത്തു വാക്കാൽ നൃപപുത്രനാദ്യമായ്. 38
newline സുസത്യവാൻ ഭൂപനയോനിജാതയായ്
വളർത്ത ചെല്ലച്ചെറുകുഞ്ഞി ദ്രുതം
ലസിച്ചിട്ടും കൗശികനറ്റസാക്ഷിയാ-
യിരിക്കവേ നൾകുകയാൽ കൃതാർഥനായ് 39
newline പരിഗ്രഹിച്ചെൻ മകളെക്കുലത്തൊടും
ഭരിക്കയെന്നാദരവോടു കൂടവേ
ഗുരുക്കളെപ്പണ്ട് ക്ഷിരതക്ഷിതീശനോ-
ടുരയാക്കുവാൻ ചൊല്ലിയയച്ചു മൈഥിലൻ. 40
newline സുതന്റെ വേളിക്കു കൊതിച്ചിരിക്കുമ-
ന്നൃപന്റെ ഗേഹത്തിണഞ്ഞു വിപ്രനം;
ഗുണിക്കു സങ്കൽപ്പമഭീഷ്ടസിദ്ധിയെ-

ക്കൊടുത്തിടും കല്പകവൃക്ഷമെന്ന പോൽ 41
newline യഥക്രമം സൽകൃതനാം ദ്വിജേന്ദ്രനാ-
ലുദീരിതം കേട്ടു ചരിത്രമൊക്കയും
ക്ഷിതീശ്വരൻ തന്റെ പരിച്ശജത്തൊട്ടും
മുദാ പുറപ്പെട്ടു പുരോഹിതാന്വിതൻ. 42
newline ഇളക്കിയമ്മൈഥിലരാജധാനിയേ
ച്ചഴന്ന സൈന്യത്തോട്ടു ചെന്നുകേറിനാൻ
സഹിച്ചിതപ്പട്ടമീയുപദ്രവം
മഹാതപം പത്മതടാകമെന്ന പോൽ. 43

പടുക്കളായ് പാശിമഹേന്ദ്രതുല്യരാ-
യടുത്തൊരമ്മന്നവരോർത്തുങ്ങളിൽ
നടത്തി മക്കൾക്കഥ പാണിപിഢന-
ച്ചടങ്ങിനെത്തങ്ങടെ വൈഭവോചിതം. 44
newline ലഭിച്ച രാമന്നു മഹീതനൂജയെ
പ്പരിഗ്രഹിച്ചൂർമിള തന്നെ ലക്ഷ്മണൻ
പ്രശസ്തരായ് വേട്ടിതു മറ്റു രണ്ടു പേർ
കുശധ്വജൻ തന്നുടെ രണ്ടു മക്കളേ. 45
newline ക്ഷിതീശ്വരൻ തന്നുടെ നാലുപായമ-
ന്നധീനസാഫല്യമിയന്നു നിന്നപോൽ
വധൂജനത്തോടിടപ്പെട്ട പുത്രരാ-
ലതന്ദ്രമോദത്തെയടഞ്ഞു മേൽക്കുമേൽ. 46
newline പരസ്പരം പത്നികളാൽ കുമാരരും
കൃതാർഥരായ്ത്തീർന്നവരാൽ വധുക്കളും
തരത്തിലിച്ചേർച്ച നിനച്ചുകാണുകിൽ
പ്രകൃത്യനപ്രത്യയോഗസന്നിഭം. 47
newline നരോത്തമൻ നാലു സൂതർക്കുമേവമാ-
ചരിച്ചു കല്യാണമഹോത്സവത്തിനേ
തിരിച്ചു താൻ; മൈഥിലനോടു യാത്രയും
പറഞ്ഞു സാകേതപുരിക്കു സത്വരം. 48
newline അവസ്ഥപോലുള്ളൊരു കന്യകാധനം
കൊടുത്തച്ചിട്ടു വിദേഹരാജനും
കുറച്ചു പിന്നാലെ നടന്നു യാത്രയും

മുറക്കു ചൊല്ലീട്ടു മടങ്ങിനാൻ മുദാ. 49
newline അനന്തരം ഭാനുകുലപ്രദീപനാം
നരേന്ദ്രനും കുട്ടുമാത്തകൗതുകം
സ്വരാജധാനിക്കു തിരിച്ചുപോകവേ
നിമിത്തമോരോന്നും പിഴച്ചുണ്ടുതേ. 50
newline പ്രതീപനായ് വന്നു വഴിക്കു കേതനം
വിദാരണംചെയ്തു വലച്ചു സേനയെ
പ്രതാപമേറുന്നൊരു ചണ്ഡമാരുതൻ
പ്രതീരദേശങ്ങളെ നിർത്ധരങ്ങൾപോൽ. 51
newline അതിന്റെശേഷം പരിവേഷരുദ്ധനായ്
നിരീക്ഷണംചെയ്തു ദിനാധിനാഥനേ
സുപർണസന്തർജിതനായ പാമ്പിനാ-
ലുപാവൃതം പന്നഗരത്നമെന്നപോൽ. 52
newline മുടിക്കുവാൻ തക്കൊരു ചണ്ഡവാരയു വ-
ന്നടിച്ചിളക്കും പൊടിമാരിയോട്ടുടൻ .
വഹിച്ചു സന്ധ്യാഘനരക്തമംബരേ
രജസ്വലാവസ്ഥയണഞ്ഞിതാശകൾ 53
newline കൊഴുത്ത രാജന്യനിണത്തിനാൽപരം
പിതൃക്രിയാതൽപരനായ രാമനേ
ഉഷസ്സിലർക്കാശ്രിതദിക്കിൽ മേവുമ-
ക്കുറുക്കനും കൂകിവിളിച്ചു ഘോരമായ്. 54

നിമിത്തമൊട്ടുക്കു പിഴച്ചു കാൺകയാൽ
സമർത്ഥനാം മന്നനരുന്ധതീശനേ
നമിച്ചിതിന്നുള്ളൊരൊഴിച്ചിലോർക്കവേ
നമുക്കൊട്ടുക്കം സുഖ"മെന്നുചൊല്ലിനാൻ 55
newline എഴുന്ന തേജോഗണമാപതിച്ചിത-
അകമ്പടിക്കാരുടെ മന്നിലക്ഷണം;
ക്രമേണ നേത്രങ്ങൾ തുടച്ചുപാർക്കവേ
തെരിഞ്ഞു സേനയ്ക്കുതു മർത്യരൂപമായ്. 56
newline ധരിച്ചു താതാംശകമായ പൂണുനൂൽ
കരേ സവിത്രികുലധർമമസ്ത്രവും
ലസിച്ചിവൻ മിത്രനൊടിന്ദു ചേർന്ന പോൽ

സസർപ്പമാം ചന്ദനദാരു പോലെയും. 57
newline ഉരത്ത രോഷത്തൊടു മാർഗലെങ്ഘിയെ-
ന്നിരിക്കലും താതനിലുറ്റ ഭക്തിയാൽ
സ്വമാതൃകണ്ഠത്തെയറുത്തിവൻ പുരാ-
ജയിച്ചു ചിന്താസമമിപ്രപഞ്ചവും. 58
newline ഉരുക്കഴിച്ചോരു നരേന്ദ്രനിഗ്രഹം
മറന്നുപോകായ്വതിനെന്നപോലീവൻ
ഇടത്തുകർണ്ണത്തിലൊരക്ഷമാലയെ-
ത്തൊടുത്തിരുന്നാനെഴുമൂന്നുസംഖ്യയാൽ. 59
newline വിരോധമോടാത്മപിതുർവധത്തിനാൽ
നരേന്ദ്രവംശത്തെ മുടിക്കുമാര്യനേ
നിനച്ചു തന്നുണ്ണികൾതമ്മെയും തദാ
പരുങ്ങിനാൻ പങ്ക്തിരഥക്ഷിതീശ്വരൻ 60
newline ജ്വലിച്ച ഹാരോരഗരത്നജാതി പോൽ
സ്വപുത്രനും ശത്രുവിനും സമാനമായ്
ഇരിക്കുമാപ്പേരിനെയോർത്തു മേൽക്കു മേ-
ലെരിഞ്ഞിതന്തഃകരണം നൃപന്നഹോ. 61
newline ഇതാ ഭവാനർഘ്യയ മിദം പദേ പദേ
വദിച്ച രാജാവിലൊരിമ്പമെന്നിയേ
ഉദഗ്രകോപാഗ്നികണം തളുമ്പുമ-
സ്വദൃക്കിനാൽ രാമനെ നോക്കിനാനവൻ. 62
newline ഉരത്ത ചാപത്തെയിടത്തുകൈയിലും
വിരൽക്കിടയ്ക്കന്യകരതത്തിലസ്ത്രവും
ധരിച്ചവൻ നേർക്കമരുന്ന രാമനോ-
ടുരച്ചു ശണ്ഠയ്ക്കു തുനിഞ്ഞ മട്ടൊടും. 63
newline കടുത്ത കൈയെന്നൊടെടുത്ത ഭൃപരേ-
യൊടുക്കിയന്നന്നുപശാന്തനായ ഞാൻ
ഉണർന്നു വീണ്ടും തവ പേരു കേൾക്കയാ-
ലമർഷിതൻ നൊമ്പലമേറ്റ പാമ്പുപോൽ. 64
newline എടുത്തു മറ്റുള്ള മഹീശരാരുമി-
ങ്ങൊടിച്ചിടാതുള്ള ശിവന്റെ വില്ലു നീ
മുറിച്ചതായ് കേട്ടു, മദീയപൗരുഷം
മുടിച്ചതായ് തോന്നുമിതോർക്കിലേവനും. 65

newline ഒരിക്കലീ രാമപദം പരക്കെയും
ച്ചരിപ്പതിന്നാസ്പദമായിരുന്ന ഞാൻ
മുതിർന്ന നീ വന്നതുമൂലമിപ്പൊഴ-
പ്പടം പരാധീനതയാർന്നതപ്രിയം. 66
newline നമുക്കു വാസം മലയോരമെങ്കിലും
ശമിച്ചതില്ലെന്റെ ശരത്തുന്നൂർജിതം
മമ പ്രതാപത്തെ ഹരിച്ച നീയുമി-
ന്നമിത്രമായ് ഹേഹഭൂപനെന്നപോൽ. 67
newline കഠോരനാം നിന്നെ വധിച്ചിടായ്കിലി-
ക്കുഠാരമെന്തിന്നു മുടിച്ചു ഭൂപരെ?
സമുദ്രമധ്യത്തിലെരിഞ്ഞിടാത്ത തീ
സമിൽക്കുശാദ്യങ്ങളശിപ്പതെന്തിനായ്? 68
newline മുരാന്തകൻ മുൻപു ഞെരിച്ചു ചെത്ത വി-
ല്ലൊടിക്കയാലിന്നു മദിക്കവേണ്ട നീ
ഒഴിക്കിനാൽ ചോട്ടു പറിഞ്ഞ വന്മരം
പുഴക്കിമന്ദാരനിലനും മറിച്ചിടും. 69
newline
മദീയമീവില്ലു കുലച്ച സായകം
മദിച്ച നീ ഞാണൊടു ചേർത്തു കാട്ടിയാൽ
കയർത്തു കൽപ്പിച്ചൊരു പോരൊഴിച്ചു ഞാൻ
ജയം തരാമെന്നൊടു തുല്യനാകയാൽ 70
newline വിളങ്ങുമീ വെണ്മഴു കണ്ടു പേടിയോ-
ടിളിച്ചു നീയെന്നുടെമുന്നിൽ നിൽക്കിലോ
വഴങ്ങണം വില്ലു പിടിക്കയാൽ തഴ-
മ്പെഴുന്ന കൈകോർത്തഭയം ലഭിക്കുവാൻ. 71
newline പഴിച്ചിദം ഭാർഗവനുച്ചരിക്കവേ
പൊഴിച്ചു മന്ദസ്മിതമാ രഘൂത്തമൻ
ശരാസനം ശങ്കയൊഴിഞ്ഞു വാങ്ങിനാൻ
മുനീന്ദ്രനോടായതു തന്നെയുത്തരം. 72
newline കഴിഞ്ഞ ജന്മത്തിലെ വില്ലെടുക്കയാ-
ലിയന്ന ചൈതന്യഭരത്തെ രാഘവൻ
ഒഴുക്കമോലും നവനീരദം
നിഴൽദ്ധനസ്സേശ്ശുകിലെത്രു? ചന്തമാം. 73

newline ബലിഷ്ഠനാം രാഘവനദ്ധനസ്സിനേ
നിലത്തു കൊള്ളിച്ചു കുലച്ചിടും വിധൗ
പുകഞ്ഞടങ്ങുന്നൊരു ദീപമെന്ന പോൽ
സ്വകീയതേജസ്സു വെടിഞ്ഞു ഭാർഗവൻ 74
newline പ്രകാമ, മേറീട്ടുമടങ്ങിയും വരും
പ്രകാശമോടങ്ങനെ നിന്ന വീരരേ
ദിനാത്യയേ പൂർണിമയിങ്കലിന്ദുവും
ദിനേശനും പോലെ നിനച്ചു കണികൾ. 75
newline കനിഞ്ഞു രാമൻ ജമദഗ്നിപുത്രനാം
മുനിക്കെഴും മങ്ങിയ മട്ടുകണ്ടുടൻ
അനർഗളം തന്നുടെ സായകത്തിനേ
നിനച്ചു വേലായുധതുല്യനോതിനാൻ. 76
newline ഭവാനെനിക്കിന്നോർത്തു വധിക്കയില്ലഞ്ഞാൻ
സുവിപ്രനെന്നോർത്തു വധിക്കയില്ലഞ്ഞാൻ
അവശ്യമീയമ്പ് നിനക്കു സൽഗതി-
ക്കവേക്ഷിതം പുണ്യമൊടുക്കിടട്ടയോ? 77
newline
ഉര,ച്ചവൻ രാമനെ നോക്കി "നിന്നെ ഞാൻ
പരൻപുമാനെന്നറിയായ്കയല്ല കേൾ
നരത്വമാർന്നുള്ള ഭവാന്റെ വൈഭവം
ധരിപ്പതിന്നായ് കലഹിച്ചതീവിധം. 78
newline രിപുക്കളേ വൻപൊട്ടു ചാമ്പലാക്കി ഞാൻ
newline സുഖത്തിനായ് കാശ്യപന്നൂഴി നൽകിനേൻ
പ്രഭാവമങ്ങുന്നു കുറയ്കിലായതി-
ങ്ങപത്രപയ്ക്കാസ്പദമല്ല നന്മയാം. 79
newline മഹാമതേ! പാലയ തീർഥയാത്രയേ
നിഹിംസനം ചെയ്യരുതേ ശരത്തിനാൽ
തടുക്കിലസ്സ്വർഗ്ഗസുഖാനുഭോഗ,മി
ന്നടക്കു തീർന്നേഷ മിടുക്കനായ് വരും". 80
newline അതിൻപ്രകാരം വിശിഖത്തെ രാഘവൻ
മുദാ കിഴക്കോട്ടു വലിച്ചു വിട്ടുപോൽ
അതിന്ദ്രലോകത്തു മുനിക്കു പോകുവാൻ
തുറന്ന മാർഗത്തെയടച്ചു ഗാഢമായ്. 81

newline പിഴച്ചതൻപോട്ടു പൊറുക്കയെന്നു തൽ-
ക്കഴൽക്കു കൈവച്ചു വണങ്ങി രാഘവൻ
”പകച്ചു തോൽക്കും പരിപന്ഥിയെപ്പരൻ
മികച്ചു മാനിപ്പതു കീർത്തിഹേതുവാം.” 82
newline “ത്യജിച്ചു മാത്രംശകമായ രാജസം
ഭജിക്കവേ പിത്ര്യമതാം ശമത്തെ ഞാൻ
നിഷിദ്ധമല്ലിങ്ങനെ പുണ്യനിഗ്രഹം
ഭവാനനുഷ്ഠിച്ചതെനിക്കനുഗ്രഹം. 83
newline ഗമിച്ചിടുന്നേൻ സുരകാര്യസിദ്ധിയിൽ
ശ്രമിക്കുമങ്ങേക്കൊരു കുണ്ഠിതം വരാ;”
പറഞ്ഞു സീതാപതിയോടിടം മുദാ
മറഞ്ഞു മെല്ലെന്നു മഹാതപോധനൻ. 84
newline തദനുമനുജവീരൻ രാമനെപ്പുൽകിനന്നായ്
നിജതനയനു രണ്ടാം ജന്മമുണ്ടായപോലെ;
എരിപൊരിയൊടു വാടും കാനനേ വൃഷ്ടിപോല-
പ്പെരുകിനൊരഴൽ തേടും മന്നനാനന്ദമുണ്ടായ്. 85
newline പിന്നെപ്പങ്ക്തിരഥൻ വഴിക്കു പലടത്തോരോദിനം താവളം
സന്നാഹങ്ങളൊടും കഴിച്ചപജയം കൂടാതെ;ഗാഢദരം
ഉന്നിദ്രാശ കലർന്നു രൂപവതിയാം വൈദേഹിയെക്കാണുവാൻ
കന്നൽക്കണ്ണികൾ മേടതോറുമമരും തൻ പത്തരം പൂകിനാൻ. 86

മന്ദാക്ഷംകൊണ്ടു മട്ടാർശരനെ മറവിൽനിർത്തീട്ടു ദാമ്പത്യകൃത്യം
നന്നായ് സൂക്ഷിക്കുമാത്മപ്രിയകളൊ ടിടച്ചേർന്നുള്ള രാമാദികൾക്കും
ഒന്നാമത്തേ രസം ചെന്നഭിമതമനുകൂലിച്ചു കാലക്രമത്താ-
ലെന്നാലും നാലുപേരും നിജനിയമവിധാനങ്ങൾ പാലിച്ചു വാണാർ 87

നാലാം സർഗം സമാപ്തം

അഞ്ചാം സർഗം

ആത്താനന്ദം ഭക്തനൊരുനാൾ തമ്പിയോടും പിതാവിൻ
പത്താരാദിച്ചനനയമോടമ്മാവനെക്കാണുവാനായ്
കുത്താട്ടും നൽത്തുരഗവരമേരിപ്പുറപ്പെട്ടു വേഗാൽ
പൊൽത്താർമാതിൻകളി കലരുമക്കേകയം പുക്കവാണ. 1

അക്കാലത്തദ്ദശരഥമഹാരാജനോജസ്സൊതുക്കി-
ട്ടുൾക്കാമ്പിങ്കൽത്തരളതയോടസ്നേഹമൊക്കെച്ചുരുക്കി,
ദിക്കാകെ ത്തൻദശയനുഭവിച്ചിട്ടു,നന്നായ് പ്രകാശി-
പ്പിക്കാതാക്കി നിശയറുതിവന്നിട്ടു, ദീപങ്ങൾ പോലെ 2

രാട്ടില്ലാഞ്ഞാൽ പലവിധമനർത്ഥങ്ങൾ നേരിട്ടുപോമീ-
നാട്ടിന്നെന്നോർത്തരശനൊരുനാൾ മന്ത്രിസാമന്തവർഗം
കുട്ടിച്ചൻപോടരികെയരുളിച്ചെയ്തു തൻകാര്യമോരോ-
മട്ടിൽപ്പിന്നീടിളമയോടു വാഴിക്കുവാൻ രാമനേയും. 3

പൗരന്മാരിക്കഥ മുഴുവനും കേട്ടു പൂർണാനുവാദം
സ്മാരം സ്മാരം ദശരഥസുതൻ തന്റെതന്റേടമെല്ലാം
നീരം ചിന്നും മുകിലൊലികളെക്കേട്ട സർപ്പാശനാനാം
വാരം പോലന്നഗിരിയെ നിരച്ചെന്ന കോലാഹലത്താൽ 4

ഫുല്ലാംഭോജേ മധുരസമൊലിക്കുന്നപോൽ നാട്ടുകാർക്കു-
ന്നല്ലാസത്താലൊഴുകി മുഖപത്മത്തിലാനന്ദബാഷ്പം
സല്ലാവണ്യം തിരളുമൊരു രാമന്റെമെയ്യ് കാണുവാനാ-
യെല്ലാരും തന്മിഴികൾ കഴുകിശ്ശുദ്ധമാക്കുന്നപോലെ. 5

മാലോകർക്കീ നടവടി നടത്തീടുവാനാസ്ഥയുണ്ടെ-
ന്നാലോചിച്ചദ്ദശരഥനൃപൻ രാമനെ പ്രേമപൂർവം
താലോലിട്ടയി തനയ നിന്മസ്തകേ പൊൽക്കിരീടം
ചേലോടിഞ്ഞാൻഝടിതിയണിച്ചീടുമിക്കാലമെന്നാൻ 6

രാമൻപിന്നെദ്ദസരഥമനോരാജ്യമംബാസമീപ-
ത്താമന്ത്രിച്ചിട്ടഥ നിജനിസാന്തത്തിൽ മേവും ദശയാം

ഓമൽക്കൈകൊഘ്ലുതിലകനെക്കാർപ്പു കെട്ടിച്ചിരുത്തി-
ക്ഷേമത്തിന്നായഖിലജനവും കോപ്പുകൂട്ടിത്തുടങ്ങീ. 7

രക്ഷോജാതിക്കുറുതി വരുവാൻ കാരണസ്ഥാനമേറ്റി-
ട്ടക്ഷോണിക്കന്നപശകുനമുണ്ടാക്കുവാൻ മന്ഥരാഖ്യ
വക്ഷോജത്തെപ്പഴി പറയുമക്കുനമേന്തിത്തിരിച്ചാൾ
പ്രക്ഷോഭിപ്പതിന്നു ഭരതൻ തന്റെ മാതാവു തന്നെ. 8

ധീരോദാത്താദ്യഖിലഗുണവാനായ രാമന്റെ മേല-
ന്നാരോപിച്ചിട്ടധികപിശുനത്വത്തെയപ്പാപശീല
ഓരോന്നോതീട്ടിളയ മഹിഷിക്കുള്ളിലങ്ങീർഷ്യ ചേർത്താ
ളാരോമൽപ്പൊയ്കയിലെരുമ പോയ് ചെറിളക്കുന്നപോലെ 9

രാകേന്ദുശ്രീ തഴകിന മുഖേ ഭാവഭേദങ്ങളോടും
കൈകേയിക്കപ്പരുഷമൊഴി കേട്ടിട്ടു ചിത്തം പകർന്നു
സാകേതാധീശ്വരനൊടൊരുനാൾ ദാനവായോധനത്തിൽ
പാകേ നേടിക്കരുതിയ വരദ്വന്ദ്വമർത്ഥിച്ചു പിന്നെ. 10

നാട്ടിൻഭാരം ഭരതനു കൊടുക്കേണമെന്നിട്ടു രാമൻ
കാട്ടിൽപ്പോയിത്തപമൊട്ടു വസിക്കേണമീരേഴു കൊല്ലം
കേട്ടിക്കാര്യങ്ങളെ , യുലയിൽവച്ചതിനന്നായുരുക്കീ-
ട്ടോട്ടിൻ പരവച്ചെവികളിലൊഴിച്ചോണമായ്ക്ക്ഷോണിപന്ന്. 11

പാങ്ങില്ലാഞ്ഞിട്ടഥ നരവരൻ പുത്രനേ വേർപെടുത്താ-
നേങ്ങി പ്രാണൻ നെറുകെയിലൊളിച്ചാശു മൂർഛിച്ചു വീണാൻ;
നീങ്ങിപ്പിന്നെച്ചെറുതുസമയംകൊണ്ടുമോഹം, മുഖാബ്ജം.
മങ്ങിപ്പാരം നിരജമണിയൊടോതിനാൻ സാമവാക്യം. 12

ധന്യേ! രാമൻ വനഭുവി മടിക്കാതെ പോയീടുമിപ്പോൾ
മാന്യേ! ലോകപ്രമദഭരവും പിന്നെയാട്ടെന്നു വയ്ക്കാം
ദൈന്യേ ഞാനെൻ തനയവിരഹം പാപമോർത്തിന്നടക്കാ-
മന്യേ നിന്നെപ്പഴി പഫകിലിന്നെങ്ങനേഞാനൊഴിപ്പൂ. 13

പ്രത്യാദേശിച്ചരശനുടെ വാക്യങ്ങൾ, കൈകേയി ചൊന്നാ-
ളത്യാസക്ത്യാ പൊരുളുകൾ പഠിച്ചുള്ളൊരങ്ങുന്നിദാനീം
സത്യാപായം തനയനെ വിചാരിച്ചു ചെയ്യേണ്ടതുവന്നാൽ
വ്യത്യാസത്താൽ പൊളി പറയുമിശ്ശാസ്ത്രമൊട്ടേറെ യോഗ്യം. 14

രക്ഷിക്കാനായ് നിജസമയവാക്യത്തെ മുന്നം പരുന്താം
പക്ഷിക്കേകി ശിബിനരവരൻ തന്റെ മെയ് മാംസമെല്ലാം
അക്ഷിദ്വന്ദ്വം ദ്വിജവരനു നൽകീടിനാൻ മറ്റൊരുത്തൻ
സൂക്ഷിക്കുന്നു മൊഴികളഴിവില്ലാതെകണ്ടുത്തമന്മാർ.15

വേണ്ടും നാളിൽതരുവാനിതു ഞാനെന്നുകൽപ്പിച്ചകാര്യം
രണ്ടും വെള്ളത്തിലെ വരകളെപ്പോലെ വന്നീടിലിപ്പോൾ
വീണ്ടും നേരുംനെറിയുമധികം പൂണ്ടരാജാക്കളങ്ങേ
ക്കണ്ടും കേട്ടുംപലപടി ശകാരിച്ചു പുച്ഛിക്കയില്ലേ?. 16

ആപൽക്കാലത്തുതകിയതു കണ്ടന്നു കല്പ്പിച്ച വാക്യം
ഭൂപർക്കെല്ലാം മകുടമണിയാമെന്റെ ഭർത്താവിദാനീം
ചാപല്യത്താലനുചിതമിതെന്നോർത്തു തള്ളുന്ന പക്ഷം
ധൂപപ്രായം ദൃഢമുടലിവൾക്കിന്നു ഹാലാഹലത്താൽ. 17

ഉണ്ടാമിപ്പോൾ പദവി പലതാരാമമാതാവിനന്നാൽ
കണ്ടാലുള്ളിൽ കരുമന സഹിക്കാവതല്ലല്പവും മേ
കുണ്ടാമണ്ടിത്തരമിദമുരയ്ക്കുന്ന കൈകേയിയോടായ്
രണ്ടാം പ്രാവശ്യമരുളിനാനാർത്തിപൂണ്ടക്ഷിതീശൻ.18

ധൂർത്തേ നീതാൻ വകതെരിവൊഴിഞ്ഞെന്തിവണ്ണം കഥിപ്പാൻ
താർത്തേൻ വാണീമണികളിനിമേൽ നിന്നെ നിന്ദിക്കുമല്ലോ
ഓർത്തേനെങ്കിൽത്തവ ഹൃദയകാഠിന്യ, മന്നീവരത്തേ
തീർത്തേകീടാനിവനിട വരുത്തീടുകില്ലായിരുന്നു. 19

ദൃഷ്ടേ രാമൻ നൃപതികളിലിന്നേകനായ് തീർന്നതില്ലാ
കഷ്ടേ ഞാനന്നവടികളാൽ പുത്രവാനായുമില്ലാ
നഷ്ടേ ദേഹേ ഭരതനിനി മേ കർമശേഷം കഴിപ്പാൻ

ശിഷ്ടേ പാത്രേ പിറവിയവനില്ലായ്കയാലർഹവല്ലാ. 20

പക്ഷേ രാമൻ മരവിരിയുടുക്കട്ടെ കാന്താരദേശം
സ്വക്ഷേത്രം പോൽ കരുതി നിവസിക്കട്ടെ വൃക്ഷച്ഛവട്ടിൽ
രൂക്ഷേ നിന്നാശയസദൃശമാം കല്ലിലക്കോമളാങ്ഗം
നിക്ഷേപിച്ചിട്ടൊരു നിശിയുറങ്ങുന്ന കാര്യം ഞെരുക്കം. 21

ഉള്ളം നീറിക്ഷിതപനരുളുന്നൊരു വാക്യങ്ങൾ രാജ്ഞി-
ക്കുള്ളന്ധാളിപ്പകലെ വിട്ടുവിച്ചീല ദുസ്സംഗദോഷാൽ
പള്ളം തോറും ചെളിയിൽ മുഴപ്പോയ ചന്ദ്രാശുജാലം
കള്ളം കൈവിട്ടമൃതകരനും മേനികുട്ടാൻ പ്രയാസം. 22

ഭൂജാനിക്കാമകനുടെ മുഖം കണ്ടിനിക്കാണി നേരം
വ്യാജാപേതം മനതളിൽ തണുപ്പിച്ചീടാമെന്നു തോന്നീ
നീ ജാനക്യാരമണനെ ജവാൽ കൊണ്ടുവന്നാലുമെന്നാ-
രാജാവഗ്രേ മരുവിനൊരു മന്ത്രീന്ദ്രനെപ്പാർത്തു ചൊന്നാൻ. 23

താതാദേശം സചിവനറിയിച്ചപ്പൊഴാരാമചന്ദ്രൻ
സ്പ്രീതാമോദത്തൊടു നൃപഗൃഹം പുക്കു തൃക്കാൽ വണങ്ങീ
ഏതാണ്ടൊക്കെപ്പിണി ജനകനുണ്ടെന്നു ചിന്തിച്ചു ചിത്തേ
മാതാവൊടക്കഥ പറകയെന്നോതിനാൻ സാവധാനം.24

ചൊന്നാളപ്പോൾ കഠിനഹൃദയം പൂണ്ട ചിറ്റമ്മ,കുഞ്ഞേ
തന്നാൻ മുന്നം മമ വരയുഗം നിൻപിതാ കമ്പമെന്യേ
എന്നാൽ,നിന്നെപ്രതി വളരുമുൾപ്രേമവും സത്യഭങ്ഗം
വന്നാലുണ്ടാം നിരയഗതിയും പാർത്തു കേഴുന്നു ഭൂപൻ25

ദുസ്സാമർഥ്യം പറയുമെന്നുള്ളിലൂഹിച്ചിടൊല്ലാ
നിസ്സാരം നീ കരുതുകിലെനിക്കുള്ള മോഹങ്ങൾ രണ്ടും
ഇസ്സാമ്രാജ്യം ഭരതനു കൊടുക്കേണമൊന്നാമതായ് നീ
നിസ്സാമാന്യവ്രതമൊടു വനേ പിന്നെ വാണീടവേണം 26

എന്നീവണ്ണം ഭരതജനനീഭാഷണം കേട്ടനേര-

ത്തന്നീരിത്താർ നയനനറിയിച്ചീടിനാനിപ്രകാരം
ഇന്നീവൃത്തിൻ ഭരണവിധിയിൽ സോദരൻ ക്ഷേമനത്രേ
വന്നിടാ മേ വനതലനിവാസത്തിലും ക്ലേശലേശം 27

എന്തായാലും ജനകനിനിയിച്ചില്ലറക്കാര്യമെണ്ണി
സ്സന്താപം കൊൾവതു വിഹിതമോ?ഞങ്ങളെല്ലാമിരിക്കെ
വൻതാപത്തെ നിജ പിതൃകുലത്തിന്നു ഗങ്ഗാജലത്താൽ
സ്വന്താരംഭാൽ പഴവയവരൊഴിച്ചെന്നപോലില്ലിതോർത്താൽ28

അച്ഛൻ പാരം പ്രിയമോടു നിരൂപിച്ചു കല്പിച്ചയച്ചേ
സ്വച്ഛന്ദ്യം മേ വലിയ വനവാസത്തിനുണ്ടാകയുള്ളൂ
അച്ഛന്ദാത്മാ നരവരനിദം കേട്ടു ഞെട്ടിപ്പതിച്ചാൻ
പ്രച്ഛന്നാന്തഃ കരണധൃതിയായ് വജ്രമേറ്റദ്രിപോലെ 29

സാധിച്ചാലും ജനഹിതമെന്നമ്മ ചൊല്ലുന്ന വാക്യം
ബാധിക്കാതക്കമലനയനൻ സമ്മതിച്ചുന്മനസ്കൻ
രോദിച്ചീടായ്കിതിനെയിനി നീയെന്നു കൗസല്യ തന്നെ-
ബ്ബോധിപ്പിച്ചാൻ കഥമുഴുവനും തൽപ്പദം കൂപ്പിമോദാൽ. 30

കുമ്പിട്ടഗ്രേ തനയനറിയിക്കുന്ന വാർത്താവിശേഷം
തുമ്പിൽ ക്ഷ്വേളം തടവിയ ശരംപോലെ കർണത്തിലേറ്റ്
കമ്പിച്ചേറ്റം കരളിനു കഴപ്പാർന്ന കൗസല്യയപ്പോൾ
തൻപിള്ളയ്ക്കെത്തിയൊരപകടം പാർത്തു രോദിച്ചുരച്ചാൾ 31

നാലുണ്ടല്ലോ നൃപസുതരവർക്കെൻമകൻ മൂത്തപുത്രൻ
മാലുണ്ടാക്കും നകതെരിനുകേടില്ല നാലാൾക്കുമോർത്താൽ
മേലും, നിന്നിൽ പ്രിയമധികമായുള്ള ഭൂപന്നനിഷ്ടം
മേലുണ്ടാമെന്നൊരു പൊഴുതുമോർത്തീല ഞാൻ ശീലരാശേ! 32

രാജീവംപോൽ മൃദുലതരമായ് രാജചിഹ്നങ്ങളോടെ
രാജീടും തവ കരതലംകൊണ്ടു കാന്താരദേശേ
നീ ജീവിക്കുന്നതിനു ഫലമൂലങ്ങൾ തെണ്ടീടുവാനോ?
യാജിശ്രേഷ്ഠൻ ഗുരുവിവിടെവന്നിന്നലെക്കാപ്പുകെട്ടി. 33

പേരമ്മയ്ക്കുള്ളഴലുമഭിഷേകത്തെ വിഘ്നപ്പെടുത്താ-
നാരംഭിക്കുന്നൊരു പണികളും കണ്ടുകൊണ്ടിണ്ടലോടും
പാരം കോപിച്ചടിയിണ പണിഞ്ഞഗ്രജന്മാവിനോട-
ന്നേരം ചൊന്നാനരികിൽ മരുവും ലക്ഷ്മണൻ ത്ര്യക്ഷതുല്യൻ. 34

പ്രായാമധികാൽ ജനകനിളയമ്മയ്ക്കു ലാക്കായിരുന്ന-
മ്മായാതന്ത്രപ്പെരുവലയിലുൾപ്പെട്ടു നട്ടം തിരിഞ്ഞ്
ന്യായാപേതം പറയുമൊരു നിസ്സാരവാഗ്ജാലമെല്ലാം
പേയാണോർത്താലതിനെ വകവയ്ക്കേണ്ട പോകേണ്ട കാട്ടിൽ. 35

ചോദിക്കാതിക്ഷിതിഭരണമരുന്നതന്നേച്ച താതൻ
ഖേദിച്ചിപ്പോളു തിരിയെ മീളുന്നതും ,നിഷപ്രമാണം
മോദിച്ചങ്ങുന്നതു സപദി വാങ്ങുന്നതു സപദി വാങ്ങാത്തതും, ദോഷ.,മുള്ളം
ഭേദിച്ചോതും മൊഴിയെ വകവയ്ക്കേണ്ട പോകേണ്ട കാട്ടിൽ. 36

ദൈവംനല്ശ്കുന്നതിലധികമായ് പൗരു,ഷംകൊണ്ടു പുംസാ
കൈവന്നിട്ടും നികിലപുരുഷാർഥങ്ങളെന്നുണ്ടു ഞായം
ഏവം തൃക്കാലടവിയിൽ നടന്നിട്ടു രക്തംതുളിപ്പാ-
നാവശ്യപ്പെട്ടതിന് വകവയ്ക്കേണ്ട പോകേമ്ട കാട്ടിൽ37

ജാലം കൂട്ടും ഭരതജനനിക്കുള്ള വാഗ്ധാടി കൊണ്ടി-
ക്കാലം ഭൂപൻ ചപലതകളോരോന്നീവണ്ണം പുലമ്പും.,
കോലംതാവും ധനവിതു വഴങ്ങീടുമബോഷ്ക കേട്ടി,-
ന്നാലംബിച്ചിട്ടതിനെ വകവയ്ക്കേണ്ട പോകേണ്ട കാട്ടിൽ 38

തിണ്ണം കോപിച്ചവരജനരയ്ക്കുന്ന ദുർഭാഷണം കേ-
ട്ടണ്ണൻ വേഗാലനുജനെ വിരോധിച്ചു പയ്യെപ്പറഞ്ഞാൻ
എണ്ണം പണ്ടും ദിനകരകുലത്തിലങ്കലുണ്ടായവർക്കീ-
വണ്ണം താതാജ്ഞകളനുസരിക്കുന്നതാണെന്നു കേൾപ്പൂ. 39

മുന്നം കണ്വൻ ഗുരുമൊഴി വഴിപ്പെട്ടു ഗോഹത്യ ചെയ്താൻ
തന്നമ്മയ്ക്കുള്ളൊരു ഗളമറുത്തീടിനാൻ ജാമദഗ്ന്യൻ

പിന്നൻപോടും ജനകനൊടു നാങ്ങിച്ച വാർധക്യമന്നൻ
ഖിന്നന്മാരല്ലിവർ ഗുരുനിദേശതിതിനാൽ ധന്യരായാർ 40

ആചാരോക്തം വിനയമൊടു നാമാദരിക്കേണ്ടതാണി-
ന്നാചാരത്തെ വെടിയുക വെടിപ്പല്ല പോകാം വനത്തിൽ
വാചാ രാമൻ സഹജനെ മടക്കീട്ടു, കൂടെത്തിരിപ്പാ-
നോചാരം പൂണ്ടൊരു ജനനിയെക്കൂപ്പിയേവം പറഞ്ഞാൻ.41

നേരേ നിത്യം നരപതി നടത്തീലേ രാജ്യഭാരം
നേരേയാവൂ ജനകനതിനാലീവിധം നിശ്ചയിച്ചു
നേരേമാതാവിതിനിഹ ചെറുത്തോതൊലജീവജാലം
നേരേപാർത്താലൊരിദിശി സദാ മേവുകെന്നുള്ളതില്ലാ. 42

മാതാവച്ഛൻമകൾ മകനുമമ്മാവനപ്പപ്പനുറ്റോർ
ഭ്രാതക്കൻമാർ സഖികളിവരൊന്നിച്ചുവാഴുന്നതോർത്താൽ
ഓതാമാറ്റിൽ തടികൾ പലതും ചപ്പുചിപ്പെന്നിതെല്ലാ-
മേതാനംമാത്രുകളൊരു തടത്തിങ്കൽമേളിച്ചിടുംപോൽ. 43

സൗധപ്രാന്തസ്ഥിതി വഴുതിഞ്ഞാൻ കാനനത്തിന്നു പോമ്പോൾ
വൈധവ്യത്തിൽ ചെറുതു ഭയമില്ലാതെ കൊച്ചമ്മമൂലം
ബോധഭ്രംശം വരുമൊരു പിതാവിന്റെ ജീർണിച്ച ഗാത്രം
ഹേ! ധന്യാങ്ഗീ! ഭവതിയുപേക്ഷിപ്പതന്യായമത്രേ. 44

ഏറ്റം ഭക്ത്യാ തനയനറിയിച്ചോരു വാണീരസത്താൽ
നീറും ചേതസ്സൊരുവിധമചക്കീട്ടു കൗസല്യയപ്പോൾ
കൂറുണ്ടാവാൻ മകനിലമരന്മാരെയർഥിച്ചു ചിത്തേ
തേറും മോദാലഥ വിട കൊടുത്തീടിനാൾ പോവതിന്നായ്. 45

രോഷാവേശാലടിയന മനത്തണ്ടിലുണ്ടായണ ഗർവം
ഭേഷായ് നീങ്ങി തവ മൊഴികളാ,ലിനി ഞാനും വനത്തിൽ
ദോഷാപേതം ഝടിതി വിടെകാൾവാൻ തയാറെന്നു ചൊല്ലും
ശേഷാശനമതമതനകുലിച്ച മോദിച്ചു രാമൻ46

അഗ്രേ ചെന്നജ്ജനനിയെ വണങ്ങീട, വില്ലാളിവീര -
ർക്കഗ്രേഗണ്യൻ രഘുപതിയൊട്ടും കാനനത്തിന്നു പോവാൻ
അഗ്രേ! മഹ്യം വിട തരിക മോദേന കൗസല്യതന്ന-
ഭ്യഗ്രേ! വാഴ്കെന്നരുളിയഥ പെറ്റമ്മയോടക്കുമാരൻ47

നീ താൻ നിത്യം തനയ! ഹൃദയേ രാമനത്തൊതനെന്നും
മാതാവെന്നും മിഥിലസുതയേക്കാട്ടിനേ നാടിതെന്നും
ജാതാമോദം കരുതി നടെകൊൾകഗ്രജന്മാവിനോട-
ങ്ങേതായാലും ഹൃദി തിരുവളക്കേട്ടു നേടായ്കവേണം 48

ഉണ്ണിക്കേവം പുതിയൊരുപദേശത്തെ നാൾകിസ്സുമിത്രാ
കണ്ണിൽക്കൂടെക്കുടുകുടെയൊലിക്കുന്ന കണ്ണീർ തുടച്ചാൾ
പെണ്ണിൽക്കണ്ണാം നിജദയിതയേ മാതൃശുശ്രൂഷയോരോ-
ന്നെണ്ണിച്ചെയ്കെന്നരുളി നടകൊണ്ടാനവൻ രാമപാർശ്വേ. 49

രാമൻ പിന്നെ പ്രിയയുടെ ഗൃഹം പുക്കു വൃത്താന്തമോതി-
ക്ഷേമത്തൊടും മരുവിന മഹീകന്യകയ്ക്കാർത്തി ചേർത്താൻ
കാമം മേഘധ്വനിയിലനുമോദിച്ചു മേവും മയൂരീ-
സ്തോമത്തിന്നാ വനഭുവി നിഷാദന്റെ വില്ലോശപോലെ. 50

കോഴക്കണ്ണാൾ മണിയവളിദം കേട്ടുടൻ കർണശല്യം
താഴത്തപ്പോളപഘനമുലഞ്ഞാഞ്ഞു മോഹിച്ചു വീണാൾ
കോഴയ്ക്കൽപ്പം ശമനമുളവായപ്പൊഴക്കാനനാന്തേ
വാഴത്തക്കോളിവളുമതിനായ് കൂടെയുണ്ടെന്നു ചൊന്നാൾ. 51

അന്നപ്പേടയ്ക്കരിയ നടകൊണ്ടാകെ മാനം കൊടുക്കും
കന്നല്ക്കണ്ണിക്കിടറിയ മനോഭാവമീക്ഷിച്ചു രാമൻ
നിന്നല്പത്വം കളക കളഭശ്രേഷ്ഠയാനേ വനേ ഞാൻ
തന്നത്താനേയുഴറുകിലെനിക്കില്ല തുൻപങ്ങളെന്നാൻ.52

മേളിച്ചേവം പ്രിയമൊട്ടു വസിക്കുന്നൊരീയെന്നെയിന്നീ-
ക്കോളിൽ കാന്തൻ വെടിയുമിതി ചിന്തിച്ചു ചെന്താമരാക്ഷീ

ധൂളിച്ചിടുന്നകമലരോട്ടും ചൊല്ലിനാൾ വീണ്ടുമിത്ഥം
വേളിക്കാലം പറയുമൊരു മന്ത്രാർഥമെന്തെന്റെ കാന്താ! 53

എന്തായാലും കണവനെയരക്കാണിനേരം പിരിഞ്ഞാൽ
കുന്താഘാതാധികരുജയൊടീ മന്നിൽ മേവീടുമോ ഞാൻ
കാന്താരത്തിൻ നടുവിലിവളെച്ചൊല്ലിയങ്ങേക്കൊരിക്കൽ
സന്താപത്തിന്നിടവരണ്ട' മെന്നല്ല ഞാനും വരുന്നു. 54

കൂടെച്ചൊൽവാൻ കൊതി കലരുമക്കാന്തയെസ്സാന്ത്വവാക്കാൽ
കൂടസ്ഥൻ താൻ പലവഴി സമാധാനമോദീട്ടുമൊട്ടും
ജാടയ്ക്കുൾപ്പെട്ടിവളനുസരിക്കില്ലയെന്നോർത്തു പിന്നെ -
കൂടെപ്പോകുകുന്നതിനനുവദിച്ചീടിനാനാടലെന്യേ. 55

ക്ഷോണീവാനോർക്കമിതമണിഭൂഷാദിദാനങ്ങളേകി-
ത്തൂണീബാണാസനകവചഖഡ്ഗങ്ങളെല്ലാമെടുത്ത്
ഏണീശാബാക്ഷികളുമിതരന്മാരുമോരോന്നു ചൊല്ലി-
ക്കേണിടുമ്പോൾ ജനകനുടെ കൊട്ടാരമുൾപ്പുക്കു രാമൻ. 56

അഞ്ചാതിന്നീ നഗരതലവാസത്തെ വേർപെട്ടു കാട്ടിൽ
സ്സഞ്ചാരത്തിന്നഭിരുചി വളർന്നുള്ള യുഷ്മത്തനൂജൻ
നിഞ്ചാരേ വന്നു തിരുവളം പൂണ്ടു കണ്ടാലുമെന്നാ-
വഞ്ചാപല്യം കലരുമരചൻതന്നോടോതീ സുമന്ത്രൻ. 57

ആശാഭങ്ഗത്തൊടു മരുവുഭ്രപനപ്പോൾ പിശാചാ-
വേശാലുണ്ടാം വികൃതിയതുപോൽ ഭാവമേറ്റം പകർന്ന്
ആശാസിച്ചാൻ നീജതനയനോടൊത്തു വൻകാനനാന്ത-
ർദ്ദേശവാസത്തിനു, സുഭഗയായുള്ള കൗസല്യയോടും. 58

ഹാഹാകാരത്തൊടു മുറവിളിച്ചീടിനാൻ മാനവേന്ദ്രൻ
സ്നേഹധിക്യാലരമനയിലുള്ളോരുമൊപ്പം കരഞ്ഞാർ
ദേഹാപായം നൃപനുവരുമെന്നോർത്തു കൈകേയിയോടി-
ദ്രോഹാചാരങ്ങളെ വെടിയുവാനോതിനാൻ മന്ത്രിയേവം. 59

ഇപ്പാരിൽക്കണ്ടിടുമൊരഖിലപ്രാണി ഭാഷാവിശേഷം
തപ്പാതോതുന്നതിൽ വിരുതനാം നിൻ പിതാവോടു മുന്നം
ദർപ്പാവേശാലതു പരിചയിച്ചീടുവാൻ ചെന്ന തള്ള-
യ്ക്കോപ്പായ് നീയും തുനിയുകിലനർത്ഥങ്ങളുണ്ടാകുമാര്യേ!60

ചൊന്നാളപ്പോൾ സഗരനസമഞ്ജാഖ്യനെക്കൈവെടിഞ്ഞാൻ
വന്നാപത്തീ നൃപനമതുപോൽ മാറ്റിയാലെന്തു? ദോഷം
അന്നാട്യം നീ കളക സരയൂസിന്ധുവിങ്കൽ പതിച്ചോ-
രിന്നാട്ടാരെ പ്രതി സഗരനപ്പുത്രനെത്തള്ളിവിട്ടു. 61

ഇക്കാര്യത്തോടതിനെയുപമിക്കാതെ ദൂരെ ത്യജിക്കു
ധിക്കാരത്തെബ്ഭവതിയിതി മന്ത്രീന്ദ്രനന്യൻ പറഞ്ഞാൻ
പുക്കാറേതൊണ്ടിവളിഹ വരുത്തീടുമെന്നോർത്തു ഭൂപൻ
മുക്കാലംശം മനമനുവദിക്കാതെ ചൊന്നാനിവണ്ണം. 62

വിശ്വാമിത്രപ്രഭൃതിമുനിമാരൊക്കെ മാനിച്ചു വാഴ്ത്തും
വിശ്വാതീതൻ മമ തനയനാനം രാമനെന്നാലിദാനീം
അശ്വാരൂഢധ്വജിനികളൊടും കാടുപൂകട്ടെയെന്നാ-
നിശ്വാസം പൂണ്ടരുളിയ മൊഴിക്കുത്തരം രാമനോതി. 63

ഞാനും വൈദേഹിയുമനുജനും മാത്രമല്ലാതെ മറ്റാ-
രാനും കൂടെത്തുടരുവതിങ്ങുന്ന കല്പിക്കവേണ്ടാ
മാനും കാട്ടിൽ കലകൾ മയിലിൻകൂട്ടവും കൂട്ടുപോരും
തേനും കായും കനിയുമവിടെത്തീനുമുണ്ടാം സുഭിക്ഷം 64

നീളം കൂടും തരിശു വഴിപോൽ ഞങ്ങൾ വെട്ടിത്തെളിക്കാം
ചോളം പിന്നെത്തിന വരക നെല്ലെന്നിതെല്ലാം വിതയ്ക്കാം
മാളം തോണ്ടിപ്പലതരമെടുത്തുള്ള കന്ദം ഭുജിക്കാം
മേളം കോലും ചെറിയ പുഴവക്കത്തു വെള്ളം കുടിക്കാം. 65

ജന്യത്തിന്നങ്ങൊരുവനതിരിട്ടാകിലീയമ്പുകുട്ടിൽ
സന്ന്യസ്താസ്ത്രപ്രകരനിഹ ഞാൻ ദൂരെയോടിച്ചയയ്ക്കാം
ധന്യന്മാരാം മുനികളുടെ സംസർഗസൗഖ്യം ലഭിക്കാം-

മന്ന്യക്ലേശങ്ങളെയകലെ വിട്ടീശനെസ്സേവ ചെയ്യാം 66

മുജ്ജന്മം ചെയ്യൊരു സുകൃതസാരത്തിനാൽ മർത്ത്യനായാ-
ലിജ്ജന്തുക്കൾക്കതിലധികമെന്തുള്ളു സന്തോഷസൗഖ്യം?
ഇജ്ജന്മം കൊണ്ടതിലുപരിമാർഗങ്ങൾ നോക്കായ്കിലോ സാ-
യൂജ്യം പൂജ്യം പുനരപി പഴേപോലെ കീഴ്പ്പോട്ടുപോകും. 67

ആകും നാളിൽ പല സുകൃതസമ്പത്തുപാർജിച്ച് വാണാ-
ലേകും മോക്ഷം നിഖിലജഗതാം നാഥനാസ്ഥാനരൂപം
ചാകും നാളിനാളിൽ പുരുജകളുൾപ്പെട്ടു ഖേദിച്ചു ബാഷ്പം
തൂകുന്നേരത്തതിനു കഴിവില്ലോർക്കിലാർക്കും വിതർക്കം.68

സാക്ഷ്യക്കാര്യത്തിനു ചരമകാലത്തിലിധർമ്മമത്രേ.,
രക്ഷിക്കേണം സുകൃതമതിനിദ്ദേഹമന്നാൾ വരയ്ക്കും,
ഭക്ഷിക്കേണ്ടുന്നതിനു ഫലമൂലങ്ങളന്നന്നു തേടി-
സ്സൂക്ഷിക്കാനുള്ളുപകരണവസ്തുക്കളാവശ്യമല്ലോ. 69

ഭൂഭാരത്തെക്കളവതിനുളവായ് വന്ന ലോകൈകനാഥൻ
ക്ഷോഭാപേതം മനസി ധൃതിയോടേവമോതുന്ന ഭാഗം
ലോഭാവശം പെരുകിയഭിനിന്ദിച്ചു കൈകേയിയേറ്റം
ലാഭാപ്തിക്കായ് മരവിരി കൊടുത്തീടിനാൾ മൂന്നുപേർക്കും. 70

ബദ്ധാമോദം സപദി ബഹുമാനിച്ചു മാതാവിനെത്തൽ
സിദ്ധാന്തത്താൽ തുകിലതരയിൽ ചുറ്റിയാ രാഘവൻമാർ
അദ്ധാ കണ്ണീരനവധി പൊഴിച്ചുറ്റയിട്ടമ്മരത്തോൽ
ശ്രദ്ധാപൂർവം ജനകസുതയും വാങ്ങി മെല്ലെന്നുടുത്താൾ. 71

ലീലമർത്ത്യൻ തുകിലതു ധരിക്കുമ്പൊഴേതും പൊറുക്കാൻ
മേലാതന്തഃകരണപരിണാമങ്ങൾ നാട്ടാർക്കുദിച്ചു;
നാലാമ്നായംതെരിയുമൊരുപാധ്യായനും കണ്ണുചിമ്മി-
പ്പാലാഴിപ്പെൺകൊടിയുടെ മണാളന്റെ മായങ്ങളോർത്തു. 72

നീലാംഭോദച്ഛവി തിരളുമത്താരിൽമാതിന്റെ കാന്തൻ
മേലാലോരോ പണികളമരൻമാർക്ക് വേണ്ടീട്ടു ചെയ് വാൻ
ലോലാത്മാവായ് ക്ഷിതിയിലുളവായ് വന്നതോർക്കുമ്പൊഴിന്നീ-
മാലാലോചിച്ചിടുക ശരിയല്ലെന്നടങ്ങീ വസിഷ്ഠൻ. 73

സീതാദേവിക്കുടുപുടവയെത്തള്ളീയിത്തോലുടുപ്പാ-
നേതായാലും വയമനുവദിക്കില്ലയെന്നാൻ മുനീന്ദ്രൻ
വിതാനന്ദം കുഴൽപ്പണിയുമപ്പുത്രിയെപ്പൂൽകി, രാമൻ-
മാതാവഗ്രേ ഹൃദയമിടറിക്കേണു ചൊന്നാളിവണ്ണം. 74

വേനൽക്കാലത്തഹിമകിരണൻ തൻ മയൂഖങ്ങളേറ്റ-
കാനൽദേശേ മണൽ ചുട്ടുചുടൊപ്പൊള്ളുമപ്പോൾ പദം തേ
സ്ഥാനത്തെല്ലാം തളരു, മുടനേ കണ്ണടയ്ക്കാത്ത ശീലം
മാനക്കേടെന്നകതളിരിലക്കാട്ടുദൈവങ്ങളോർക്കും. 75

കാകുൽസ്ഥൻ താൻ കമനിയൊടുമത്തമ്പിയോടും പിതാവിൻ
കാൽ കുമ്പിട്ടജ്ജനനികളേയും വൻകൊടും കാട്ടിലേക്കായ്;
കാകുക്ലേശങ്ങളോടനുഗമിപ്പാൻ തുടങ്ങുന്ന കാവൽ-
ക്കാർ കുണ്ഠത്വം കളയുവതിനും ചൊല്ലി മെല്ലെത്തരിച്ചു. 76

അപ്പോൾ ഭ്രൂപൻവരുതിയനുരോധിച്ചു പൊൽത്തേരു പൂട്ടി-
ക്കെൽപ്പോടന്തഃപുരപരിസരേ കൊണ്ടു നിർത്തീ സുമന്ത്രൻ
നിൽപ്പോരെല്ലാം കരയുമളവിൽ സീത തേരേറി മുൻപെ
ശിൽപോപേതം രവിയുടെ രഥാഗ്രത്തിലച്ഛായ പോലെ.77

ശിങ്കാരക്കോപ്പലിലവുമുപേക്ഷിച്ചു സൗമിത്രിയോടും
വയ്ക്കാന്താരത്തിനു രഘുവരൻ താനുമത്തേരിലേറി
ശങ്കാഹീനം ജനകജയുമായ് നാടുവിട്ടോരു നേരം
ലങ്കാശ്രീയും ദശമുഖപുരേ നിന്നു നീങ്ങിത്തുടങ്ങീ. 78

ത്രൈലോക്യത്തെക്കനിവൊടു പുലർത്തേണ്ടുമാളാണു രാമൻ
ശീലോപേതൻ വിധിയുടെ മകൻ ദേശികൻ സത്യവാദീ
ആലോചിക്കാത്തൊരു പിശകു വന്നായവർക്കും പിണഞ്ഞൂ;

ഹാ! ലോകത്തിൽ സകല വിപദാമാസ്പദം കർമ്മമത്രേ. 79

തുടർന്നു രഘുവീരനെ സ്വപുരവാസിവൃന്ദം ജവാൽ
നടന്നു വിപിനത്തിലേ, ക്കുചിതമല്ല ഞാൻ കേവലം
അടങ്ങുകിലിതെന്നു കണ്ടുടൽ ഞെരിഞ്ഞു ധൂളിച്ചലാൽ
തുടങ്ങിയതുവേളയിൽ ഗമനരീതിപൃഥ്വീ തലം. 80

തീരാതുള്ള വിഷാദമാർന്നു നഗരീവാസ്തവ്യവൃന്ദങ്ങള-
ശ്ശ്രീരാമന്നു സഹായമായ് സവിനയം കൂടെത്തിരിച്ചീടവേ
ഊരാകെശ്ശിഥിലീഭവിച്ചുടലൊഴിഞ്ഞുള്ളോരു പാമ്പിൻപടം
സാരാംശം കുറവായ് കിടക്കുമതുപോൽ വല്ലാതെ കമ്പിച്ചുതേ. 81

അഞ്ചാം സർഗം സമാപ്തം

ആറാം സർഗം

ശ്രീരാമചന്ദ്രനടവിക്കു തിരിച്ച നേര-
ത്താരാജവര്യനതിരറ്റെഴുമാധിയോടും
ആരാൽ സ്വകീയനിലയത്തെ വെടിഞ്ഞു മുഖ്യ-
ദാരാലയത്തിലെഴുന്നള്ളിയിരുന്നു വേഗം. 1

വീര്യം ക്രമേണ കുറയുന്ന കരങ്ങളോടും
സൂര്യൻ തദാ ചരമവാരിധിയിങ്കലെത്തീ
നിര്യാണകാലമരികത്തണയുന്ന നേരം
മര്യാദവിട്ടവനധ:പതനം വരുമ്പോൽ 2

അസ്താചലത്തിനൊരു ഭൂഷണമായ് വിളങ്ങും
വിസ്താരമുള്ള ശിഖരത്തിൽ വിടർന്നുനിൽക്കും
പ്രസ്താവയോഗ്യതമമായൊരു രക്തം പോൽ
ശസ്താരുണപ്രഭയുനദ്ദിശി സംക്രമിച്ചു 3

മന്ദേഹരാരക്ഷസമദത്തെയടക്കി നിർത്താൻ
സന്ദേഹമാർന്നൊരഭിമാനമിയന്ന ചിത്തേ
മന്ദേതരം കടലിൽ മുങ്ങിമരിപ്പതിന്നോ?
തംദേശനിദ്ദിനകരൻ തരസാ ഗമിച്ചു. 4

പേരാണ്ട മേരുമലമേൽ ചതുരാനനന്നായ്
നീരാജനവിധി ദിനംപ്രതി ചെയ്യുമർക്കൻ
പാരാതെ പശ്ചിമമുഖത്തിലുഴിഞ്ഞീടാനായ്
തേരാശു കൂട്ടിയവിടേയ്ക്കു ഗമിച്ചതല്ലീ? 5

ഏകാത്ര കൂരിരുളൊഴിച്ചു ദിനേശനോരോ
ലോകത്തിരുട്ടു കളവാൻ നടകൊൾവതത്രേ
പാകത്തിൽ നല്ല ഗുണമുള്ള പൂമാന്റെ വേഴ്ച-
യ്ക്കാകെത്രിലോകിയിലുമാഗ്രഹമുള്ളതല്ലേ? 6

രത്നാകാരത്തിനുടെ പശ്ചിമതീരദേശേ
യത്നം വിനാ തരണി ചെന്നണയുന്ന നേരം

കൗടില്യമേറുമുഡുപസ്ഥിതിയോർത്തു ചിത്തേ
ഗാഢം വിഷാദമൊടു പത്മിനി കേണു വാണു. 7

അത്യന്തരാഗമൊടു പശ്ചിമ തന്റെ ചാര-
ത്തർക്കൻ ഗമിച്ചളവും, പൂർവപുരന്ധ്റിയേറ്റം
വൈരം ദിനേശനിൽ നടിച്ചു മുഷിച്ചിരുന്നാൾ;
വാമാക്ഷിമാരിലനസൂയകളേറയില്ല. 8

ആദിത്യമണ്ഡലമതിന്നു, വലത്തു വയ്ക്കും
ഭൂഗോളമന്നില വിടായ്വതിനെന്ന പോലെ
കൂട്ടിത്തൊടുത്ത മൃദുരശ്മികൾ ചുറ്റുപാടും
വ്യാപിച്ചു വന്നിതു സുവർണഗുണാഭയോടും. 9

തീ രാവിലങ്ങു പണിനോക്കിടു, മിജ്ജനത്തി-
ന്നിവേല വിട്ടൊഴിയുവാൻ വിധിയേകിടേണം
പ്രാർത്ഥിച്ചദം ദ്യു മണയൻപൊടു കാഴ്ച്ചവച്ചാ-
നക്ഷത്രമാലയിഹ വിഷ്ണുണദേ നമിച്ചാൻ 10

ഓജസ്വിയാം ഖഗകുലോത്തമനിപ്രകാരം
രാജപ്രസിദ്ധ സമയത്തെ നയിപ്പതിന്നായ്
വ്യാജം വെടിഞ്ഞു വനവാസമണഞ്ഞ നേരം
രാജീവജാലമൊരുപോൽ വിഷമിച്ചൊതുങ്ങി 11

ഈയുഴിതൻ മറുപുറത്തു മഹാതപത്തിൽ
ഭീയാർന്നൊളിച്ചു നിവസിച്ച മഹാന്ധകാരം
സായാഹനവേളയിൽ നഴഞ്ഞു കരേറി, രാമൻ
പോയപ്പൊഴജ്ജനപദത്തിലലക്ഷ്മി പോലെ 12

പന്തിക്കുമത്തെരുവിലും ബഹളം ജനത്തിന്
വൻതിക്കുമുള്ള വഴിതോറുമറച്ചുറച്ച്
ഉന്തിക്കുഴപ്പമൊടു തേർ വിടുവിച്ചുക കൊണ്ടീ-
യന്തിക്കു ചെന്നു തമസാതടസീമ്നി രാമന്. 13

ചേതസ്സിലാർത്തിയൊടു തങ്ങടെ തമ്പുരാൻമാ-
ർക്കാതങ്കമെത്തിയതിനാൽ പുറകേ തിരിച്ച്
വീതശ്രമം ദ്രുഢമുറങ്ങിയ നാട്ടുകാർക്ക-
സ്രോതസ്വിനീതടമരച്ചുവടന്നു നീടായ് 14

വഞ്ചിച്ചു പൗരനികരത്തി നെയർധരാത്രൗ
കിഞ്ചിൽ തിരിഞ്ഞ വഴിവിട്ടു രഥത്തിലൂടെ
വഞ്ചി പ്രവൃത്തിയിൽ വിശിഷ്ടനതാം ഗുഹന്
നെഞ്ചിൽ പ്രിയം വളരുമാറവിടേക്കു ചെന്നു. 15

പ്രീണിച്ചു രാമനുടെ ചെയ്തികൾ ശൃങ്ഗിവേര-
ക്ഷോണിക്കധീശനുപകർണ്യ വിനീതനായി
ത്രാണിക്കു തക്കപടി ദേവനു കാഴ്ചയെല്ലാം
കാണിക്ക വച്ചു പുനരാഞ്ജലി പൂണ്ടുചൊന്നാൻ. 16

താതാജ്ഞയിൽ പെരിയ നിഷ്ഠയെഴു
ടോതാനുമന്നഗനീതിയറിഞ്ഞിടാതെ
ഓതാവതടിയനെങ്കിലുമിന്നുചിത്തേ-
ജാതാഭിമാനമറിയിപ്പതു കേൾക്കവേണം. 17

പട്ടാളവും പരിഖയും പലമട്ടു പുത്തൻ
കൊട്ടാരവും മതിലുമിങ്ങു തയാറു ചെയ്യാം
തട്ടിപ്പു കൂട്ടയൊരു മന്ഥരതന്റെ ചിത്തം
പൊട്ടിക്കുമിജ്ജനപദം തവ വാസയോഗ്യം. 18

കൈക്കൊണ്ടു രാജ്യമിതു നിന്തിരുമേനി വേഗാ-
ലിക്കണ്ട ഭൃത്യരെയുമൻപൊടു കാത്തു നീത്യാ
സൽക്കാരപൂർവമരനശന്റെ നിയോഗമെല്ലാം
ദുഃഖിച്ചിടാതിവിടെവച്ചു നടത്തിവാഴാം. 19

പങ്കങ്ങളൊക്കെയകലെക്കളയുന്നതാമി-
ഗ്ഗങ്ഗാതടം തവ തപസ്സിനു തക്കതല്ലോ
സങ്കൽപ്പശക്തിയെഴുമുത്തമയോഗിമാർ വ-

ന്നിങ്ങെപ്പോഴും മരുവിടുന്നതുമുണ്ടു പണ്ടേ. 20

അചഛന്റെ കൽപ്പന ശിരസ്സിൽ വഹിച്ച രാമൻ
നിശ്ചാഞ്ചലം ഗുഹനെ നോക്കിയുരച്ചിതപ്പോൾ
വച്ചേച്ചു വല്ക്കലമിദം, പിതൃരാജ്ഞ വിട്ടി-
ട്ടുച്ഛപ്രവൃത്തി തുടരുന്നതു നിന്ദ്യമേറ്റം. 21

കൽപ്പിച്ചിദം സുരതരങ്ഗിണിതന്റെ തീര-
ത്തുൽപ്പന്നമായ തരുവിൻതണൽ പൂക്കു രാമൻ
അപ്പോൾ പരം പരിമളത്താടിടഞ്ഞിളങ്കാ-
റ്റബ്ഭൂതലത്തിലൊരുപോലെ പരന്നു വീശി. 22

എല്ലാരാലും സമതയുള്ള മഹാനുഭാവൻ
വല്ലാതെ കാട്ടിനു തിരിച്ച കഠോരകർമം
കാണുന്നതിനു കഴിയാത്തതുപോലെ സൂര്യൻ
താണാൻ തദാ ചരമശൈലനിതംബദേശേ. 23

വന്ദിച്ചു സന്ധ്യയെ രഘൂത്തമ,നസ്സുമന്ത്രൻ
മന്ദിച്ചു തുരഗങ്ങളെ നിർത്തിയാരാൽ
ഒന്നിച്ചു ചേർന്നു സഖിയാം ഗുഹനോടു താനാ-
നന്ദിച്ചിടാതെ ചരിതങ്ങൾ പറഞ്ഞിരുന്നാൽ. 24

തൽപ്പം വിരിച്ചിലകൾകൊണ്ടനുജൻ തദാനീം
ചിൽപുരുഷൻ തദനു പള്ളിയുറക്കമായാൻ
തൽപ്രാന്തദിക്കിലിളയോൻ നിജവില്ലുമമ്പും
കെൽപ്പോടെടുത്തവഹിതൻ ബത! കാത്തുനിന്നാൻ 25

പിറ്റേദ്ദിനത്തിലരുണപ്രഭ കണ്ടു, നേരം
തെറ്റാതെണീറ്റു വഴിപോൽ നിയമം നടത്തീ
പേരാലിനുള്ള കറകൊണ്ടു കുമാരകന്മാ-
രിരാളുമന്നു ജട പൂണ്ടു വിഭൂതിയോടും. 26

ഉൾക്കൊമ്പലിഞ്ഞു നരപാലകനന്ദനന്മാ-

രക്കാമധേനുസമയായൊരു ഗങ്ഗതന്നെ
മയ്യണ്ണിയായ ജനകാത്മജയോടുമോന്നി-
ച്ചഗ്രേ നിരീക്ഷ്യ വിനയത്തൊടു കൈവണങ്ങീ 27

പിന്നെ പ്രിയോക്തി പലമട്ടിലുരച്ചു,നാട്ടി-
ന്നന്നേഗമിപ്പതിനയച്ചു സുമന്ത്രർതന്നെ
മന്ദേതരം കടവിലഗ്ഗുഹനാനയിച്ചോ
രന്യൂനമാകുമൊരു തോണിയിലേറി മോദാൽ. 28

വൻകാറ്റുമോളവുമൊഴിഞ്ഞൊഴകുന്നൊരാറ്റിൽ
പങ്കായമിട്ടുഗുഹനന്നു തുഴഞ്ഞു വേഗാൽ
ശങ്കാവിഹീനമവരക്കരെയെത്തിപ്പോൾ
തൻകാൽ പണിഞ്ഞ ഗുഹനോടരുൾചെയ്തു രാമൻ. 29

എന്നെക്കുറിച്ചു കരളിൽ കനിവേറെയുള്ള
നിന്നിൽപരം മനസി മേ പെരുകുന്നു മോദം
ഉന്നിദ്രസൗഖ്യമൊടു വാഴ്ക ഭവാനിദാനീ -
മെന്നോടു കൂടെയടവിക്കു പുറപ്പെടേണ്ടാ 30

ഉത്സാഹമോടവനു യാത്രയുമോതിയേവം
വത്സാഖ്യമാം ജനപദത്തിലണഞ്ഞു വേഗം
കുത്സാവിഹീനമിഹ നാലുമൃഗം വധിച്ചു-
സ്സത്സാരവേദികളിലിരുന്നിതു വൃക്ഷമൂലേ. 31

പിറ്റേന്നുഷസ്സിലെഴുന്നേറ്റവർ മൂന്നുപേരും
തെറ്റാതെ നേർവഴിയിലൂടെ നടന്നു മെല്ലെ
മുറ്റും പ്രയാഗ മിത് നല്ലൊരു നാമധേയം
പെറ്റുള്ള പുണ്യമെഴുദ്ദിശി ചെന്നു ചേർന്നു. 32

അത്യന്തനിഷ്ഠയൊടിരുന്നരുളും ഭരദ്വാ-
ജാധ്യാത്മവേദി വിലസുന്നൊരു പർണശാല
മധ്യേപഥം നയനഗോചരമായ് ഭവിച്ചി-
ട്ടത്യന്തകൗതുകമവർക്കുളവാക്കിയുള്ളിൽ. 33

ശാഖാമൃഗങ്ങൾ കനി തിന്നു മദിച്ചു ചാട്ടും
ശാഖോപശാഖകൾ പടർന്നൊരു വൻമരങ്ങൾ
ആകാശവീഥിവരെയുന്നതമായി നിൽക്കും
രേഖാവിലാസമിഹ കൗതുകമേകുമാർക്കും. 34

ചാലേ നനച്ചു മുനികന്യകമാർ വളർത്തി-
ക്കാലേമണം പെരിയ നൻമലരേന്തി നീളേ
ലിലായമാനമുലയുന്ന ലതാസഹസ്രം
വേലാവിലങ്ഘികുതുകത്തെ വളർച്ചക്കുമാർക്കും. 35

വേഗാൽ കുതിച്ചു വിളയാടി വനത്തിലെല്ലാ-
മാകാംക്ഷപോലിളയപുല്ലുകളും ചവച്ച്
ശോകംവിനാ മുനികുമാരികളോടുലാവും
ഗോകർണസന്തതികളും പലതത്ര കണ്ടാർ. 36

അഷ്ങ്ഗയോഗമനുവാസരമഭ്യസിച്ചി-
ട്ടിഷ്ടാർഥസിദ്ധികളടഞ്ഞൊരു താപസൻമാർ
ദൃഷ്ടാന്തപൂർവമിഹ മാൻതുകലിട്ടതിന്മേ-
ലഷ്ടാക്ഷരങ്ങളുരുവിട്ടമരുന്ന കണ്ടാർ. 37

സംസാരവാരിധി കടപ്പതിനാശയോടും
ഹിംസാവിരക്തി മുതലായവയഞ്ചുകൂട്ടും
ശീലിച്ചിടുന്ന യമശാലികളൊട്ടനേകം
മൂലാക്ഷരങ്ങളെ മുറയ്ക്കു ജപിച്ചിരുന്നു. 38

ശോധിച്ചു താൻ പുറവുമുള്ളുമതീവ, നന്നായ്
മോദിച്ചു, നൻമയറിഞ്ഞു, തപസ്സുചെയ്തു്,
ലോകേശ്വരാർച്ചനകളും സതതം നടത്തി
മേവീടുമാ നിയമിമാരെയുമത്രെ കണ്ടാർ 39

കല്പിച്ചുകൊണ്ടു കമലാദി മഹാസനങ്ങ-
ളാദ്മാങ്ഗയഷ്ടിയെ നിവിർത്തൊരിളക്കമെന്ന്യേ

ഘോണാഗ്രദേശമതിലക്ഷിയിരുത്തി നന്നായ്
സ്ഥൂണങ്ങൾ പോൽ ചിലർ വസിപ്പതുമങ്ങു കണ്ടാർ. 40

മൂക്കും പിടിച്ചു വിധിപോൽ നിജവീർപ്പു വിട്ടി -
ട്ടുൾക്കൊണ്ടിരുന്ന ചിലർ ജീവനെ മാത്രതോറും;
തോൽക്കുംഭമെന്നവിധമീവക രണ്ടുമെന്യേ
നിത്യം വസിപ്പവരെയും പുനരത്ര കണ്ടാർ. 41

മെയ്യായ തേരിൽ മനമാകിയ സൂതനെന്നും
കൈയാണ്ടുടൻ വിഷയവാജികളെപ്പഴക്കാൻ
ചമ്മട്ടിയായി വിലസുന്നൊരു വീർപ്പടക്കം
ചെമ്മേ വഹിച്ചവരുമുണ്ടവിടൊട്ടനേകം. 42

ഓങ്കാരമാമരിയ വില്ലു കുലച്ചു നന്നാ-
യാദ്മാഭിധാനശരമൊന്നു തൊടുത്തതിന്മേൽ
സൽബ്രഹ്മമാകുമൊരു ലാക്കിനെയൂന്നി നോക്കും
സൽബ്രഹ്മചാരികളെയും പുനരത്ര കണ്ടാർ. 43

ചേതസ്സടക്കി വഴിപോലൊരു കാലസങ്ഖ്യ-
വച്ചിട്ടടയ്ക്കുതിനു തെല്ലുമിളക്കമെന്യേ
ജൃംഭവിച്ച ധാരണയോടും മലയെന്ന പോലെ
കമ്പിച്ചിടാത്തവരെയും കനിവോടു കണ്ടു. 44

ഹോമിച്ച നെയ് തിലപലാശഗുളാദികൾക്കു-
ള്ളാമോദമേന്തി രയമൊടു കുതിച്ചുയർന്ന്
ആമിന്നിലൊക്കെയൊരുപോലെ പരന്നു ചെല്ലും
ധൂമവ്രജങ്ങളവരെപ്പരമാദരിച്ചു. 45

ഏവം വിളങ്ങുമുടജത്തെയനുപ്രവേശി-
ച്ചാവിർമുദാ തദനു രാജകുമാരകന്മാർ.
ദൈവാനുകൂലമിദമെന്നവർ മുവരേയും
ഭാവജ്ഞനാകിയ മഹാമുനി സൽക്കരിച്ചു 46

മോദിച്ചു പിന്നെ മുനിപുങ്ഗവനോടു മാർഗം
ചോദിച്ചറിഞ്ഞവർ നടന്നു വനത്തിലൂടെ
നേദിഷ്ഠയായ് കരകവിഞ്ഞൊഴുകുന്ന ഭ്ലേ-
രാദിത്യനന്ദിനിയതാം നദിയാശ്ശു കണ്ടാർ. 47

ശാർങ്ഗയുധാദികൾ മുദാ മുളയാൽ ചമച്ച-
ചങ്ങ്ടമേറി യമുനാനദി താണ്ടി വേഗാൽ
മങ്ങാകതെ യോഗികളിരിപ്പൊരു ചിത്രകൂട-
ശൃങ്ഗാഗ്രദേശമരികത്തിലുയർന്നു കണ്ടാർ. 48

ശാന്തസ്വഭാവമിയലും മുനിസഞ്ചയത്തിൻ
പ്രാന്തപ്രവർത്തനവശാൽ പകവിട്ടു തമ്മിൽ
ജന്തുക്കളൊത്തിഹ കളിച്ചിതു ;സജ്ജനത്തിൻ
ബന്ധുത്വമാർക്കു ശുഭശീലമതേകിടാത്തു? 49

വേദാന്തവേദ്യനഥ തന്നുടെ തമ്പിയോടും
വൈദേഹിയോടുമുടനദ്രിശി ചെന്നു ചേർന്നു
പാദം തലോടി മുനിമാരെ വണങ്ങിയാശീ-
വാദം ലഭിച്ചു നിതരാം പരിതോഷമാർന്നു. 50

സൗമിത്രി തീർത്തിതു മനോജ്ഞമൊരാശ്രമത്തേ
ജാമിത്രസമ്മിളിതനായഥ രാമചന്ദ്രൻ
സൗമുഖ്യമുള്ള മുനിമാർക്കനുവാസരം താൻ
ക്ഷേമം വളർത്തിയിഹ മോദമിയന്നു വാണാൻ. 51

കേകാരവങ്ങൾ പികപഞ്ചമഗീതവും ന-
ന്മാകന്ദമുഖ്യകുസുങ്ങളിവറ്റമൂലം
സാകേതവാസസുഖമാത്തുഭുജിച്ചു നാഥൻ;
ശ്ലോകാഡ്യനാം നരനു മങ്ഗലമെങ്ങുമുണ്ടാം. 52

ഗേഹം വെടിഞ്ഞു ഗഹനത്തിനു പോയ രാമൻ
സ്നേഹിച്ചു നമ്മെയൊരുവേള തിരക്കുമെന്ന്
ഊഹിച്ചു താൻ ചില ദിനം ഗുഹനോടു കൂടെ

മോഹം വളർന്നവിടെ വാണു സുമന്ത്രസൂതൻ. 53

അത്യാശ പോയവനു പിന്നെ വിവേകമുണ്ടായ്
പ്രത്യാശഗമിച്ചിടുകയില്ലാനി രാമനിപ്പോൾ
ഇത്ര്യേവമോർത്തു നഗരിക്കു തിരിച്ചുഖേദാൽ,
വ്യത്യാസമില്ല കണിശത്തിനു സത്തുകൾക്ക്. 54

പർണ്ണങ്ങൾ വിരചിച്ചൊരു മെത്തമേൽ ചെ-
ന്നണ്ണൻ പരം മതി മയങ്ങിയുറങ്ങിയപ്പോൾ
കണ്ണും മിഴിച്ചലമുറക്കമൊഴിഞ്ഞു കാക്കൽ
തിണ്ണം മുദ്രാ സഹജനായുധമേന്തി നിന്നാൻ. 64

ഇത്ഥം സുമന്ത്രരറിയിക്കുമൊരാത്മജൻ തൻ-
വൃത്താന്തമൊക്കെ നരപാലകമൗലി കേട്ട്
മാർത്താണ്ഡനസ്ഗതനായതു കണ്ടു ചൊന്നാ-
നാർത്യാ കിടക്കുമൊരു കോസപുത്രിയോടായ്. 65

വേട്ടയ്ക്കു മുന്നമൊരു രാത്രിയിലേകനായി-
ക്കാട്ടിൽക്കടന്നു സരയൂതടിനീതടാന്തേ
കേട്ടേനൊരരച്ചൊയതു തത്ര ജലം കുടിപ്പാൻ
കാട്ടാനവന്ന വരവെന്നു നമുക്കു തോന്നി. 66

അധ്വാവു പാർത്തു ജവമോടൊരു സായകം ഞാ-
നധ്വാനമന്നു കുറിയാക്കിയയച്ചു കഷ്ടം!
അധ്വാന്തവേല പിശകെന്നൊരു ബോധമുണ്ടായ-
യധ്വാനമപ്പൊഴുതു നിഷ്ഫലമായ് ഭവിച്ചു. 67

അന്നേരമങ്ങരിയകൂരിരുളിന്റെ മധ്യേ
നിന്നുത്ഭവിച്ചു പരിദേവനമിപ്രകാരം
ചെയ്യാതെ ഞാനൊരപരാധമൊരുത്തരോടും
പയ്യെക്കൊടുംചതി ചതിച്ചവനാരിതയ്യോ! 68

പല്ലും പൊഴിഞ്ഞു ജരയും നരയും പെരുത്തി-

ട്ടെല്ലം തെളിഞ്ഞു നയനത്തിനു കാഴ്ച മങ്ങി
അല്ലിൽ തളർന്നുടജസീമ്നി ജലാശയോടും
വല്ലായ്മ പൂണ്ടു മരുവുന്നു പിതാക്കളിപ്പോൾ. 69

ഊരവ്യബാലനഹമിക്കലശത്തിലാളും
നീരം വഹിച്ചൊരുവനിന്നവിടേക്കു ചെന്ന്
ആരാകിലും മമ പിതാക്കളെ രക്ഷചെയ്താ-
ലീ രാച്ചതിക്കവനങ്ഗലമില്ല നൂനം. 70

ദീനപ്രലാപമിതുകേട്ടു പരിഭ്രമത്താൽ
ഞാനക്കുമാരനുടെ മുന്നിലണഞ്ഞു വേഗം
ആനക്കുഴപ്പമവനോടിതുരച്ചു പിന്നെ-
ത്താനേ പിഴച്ചൊരു പിഴയ്ക്കുഥ മാപ്പു ചൊല്ലി. 71

വെള്ളം നിറച്ച കുടമേന്തിയനന്തരം ഞാൻ
തള്ളയ്ക്കുമജ്ജനകനും വഴിപോലെ നൾകീ
തുള്ളിപ്പിടച്ചു തുയരോടുമുദന്തമെല്ലാ-
മുള്ളോണമെന്നൊടനവർ കേട്ടു മനസ്സിലാക്കി. 72

സ്തംഭിച്ചു വന്നവർ കണ്ടു പിന്നെ
വൻപിച്ച തീക്കുഴിയിൽ വച്ചവരും ദാഹിച്ചാർ
കമ്പിച്ച നമ്മൊടുരചെയ്തു മുനീന്ദ്രനപ്പോൾ
നിൻപോക്കുലിന്നിതിനു പാതകമില്ല പക്ഷേ. 73

എപ്പോൾ ഭവാനുമിനി വൃദ്ധത വന്നു ചേരു-
മപ്പോൾ പരം മകനെയോർത്തു വിഷാദമോടും
ത്വൽപ്രാണഹാനി വരികെന്നൊരു ശാപമിട്ടാ-
നപ്രാപ്തകാലമറിവുള്ള മഹാമനസ്കൻ. 74

ശാപാന്തവേള പിടിപെട്ടു നമുക്കിതെന്ന-
ബ്ഭൂപാലമൗലിയുരചെയ്തു മുതിർന്ന ഖേദാൽ
ശ്രീപാവനം മറകളിൽ പൊരുളായ രാമ-
മാപത്തറിഞ്ഞു പലമട്ടുരുവിട്ടു കേണാൻ. 75

ഹാ രാമചന്ദ്ര കരുണാകര ദീനബന്ധോ!
ഹാ രാമരാമ സകലാഗമസാരസിന്ധോ!
ഹാ രാമരാമ സുകുമാരശരീര! നമ്മെ-
ഗ്ഘോരാർത്തി തീർത്തു തുണചെയ്ക പരം പരാത്മൻ! 76

വൃദ്ധാവനീശനാഥ നമജപത്തൊടും താ-
നദ്ധാ വെടിഞ്ഞു ധരണീഭരണശ്രമത്തെ
ബദ്ധാനമോദമമരാധിപനൊടുമൊന്നി-
ച്ചർദ്ധാസനസ്ഥിതി ലഭിച്ചു വിമുക്തനായാൻ. 77

ശത്രുക്കൾമൂലമൊരുപദ്രവമില്ല നാകേ,
വൃത്രാരി താനിവിടൊരാളെയയച്ചുമില്ലാ,
ധാത്രിതലത്തെയൊരുവങ്കലിരുത്തിയില്ലാ,
ചിത്രം! തനിച്ചു നൃപനിങ്ങനെ പോയതോർത്താൾ. 78

പിന്നെ ക്ഷിതീശ്വരഗുണങ്ങൾ തരം തിരിച്ചും
നിന്ദിച്ചുമങ്ങിളയ രാജ്ഞിയെ നീരസത്താൽ
ധന്യൻ രഘൂത്തമനിലുൾക്കമലം ലയിച്ചും
തന്വങ്ഗിമാർ മുറുകെ മാറിലലച്ചു കേണാർ. 79

കുട്ടിക്കുരങ്ഗമിഴിമാർ ചിലർ കണ്ഠസൂത്രം
പൊട്ടിച്ചെറിഞ്ഞഥ നിലത്തുകിടന്നരുണ്ടും
മുഷ്ടിപ്രഹരമതടിക്കടി നെഞ്ചിലേറ്റും
കഷ്ടപ്പെടുന്ന കഥയോർക്കിൽ മനം കലങ്ങും. 80

രംലോകവാഴ്ച മതിയാക്കി വെടിഞ്ഞു പോയ
ഭൂലോകവാസവകളേബരമെന്നപോലെ
ആലാപഹീനമൊരുമട്ടിൽ നിനച്ചു കഷ്ടം!
മാലോകരും മഹിതകോസലനാട്ടുമൊപ്പം. 81

വാനത്തു മേഘപടലം നിറയുന്ന കലം
മീനും മൃഗാങ്കനുമൊഴിഞ്ഞൊരു രാത്രിപോലെ

ക്ഷോണിക്കു നന്മണിവിളക്കു പൊലിഞ്ഞനേരം
കാണുന്നവർക്കു ഭയമേകിയയോധ്യയെങ്ങും. 82

ഉൾച്ചൂടുകൊണ്ടു നഗരം മുഴുവൻ വരട്ടീ
നിശ്വാസവായുവഥ ധൂളിയടിച്ചിളക്കീ
അശ്രുക്കൾ കൊണ്ടതു തെളിച്ചു പതം വരുത്തി-
വാച്ചോരു പൗരദനദുഃഖമിതെത്ര ചിത്രം. 83

സഞ്ചാരമില്ല പവമാനനു തെല്ലു പോലും
ചാഞ്ചാട്ടമില്ല തരുഗുൽമലാദികൾക്കും
ചഞ്ചുക്കൾ ചെറ്റുമിളകീല പതത്രികൾക്കും
ചാഞ്ചല്യമറ്റലകൊരെ നിലയായ് ചമഞ്ഞു. 84

ക്രൂരത്വമുള്ള നിശയായ പിശാചി പോകും-
നേരത്തു ഭൂപനുടെ മെയ്യൊരു തോണിയിങ്കൽ
ചാരെക്കിടത്തിയതിലെമ്ണയൊഴിച്ചു വച്ചാർ
സാരജ്ഞരാം സചിവരഗ്ഗുരുവിൻ നിയോഗാൽ. 85

പിന്നെപ്പുരോഹിതനിദേശവശാൽഗ്ഗമിച്ചാ-
രന്യൂനവേഗമിയലും തുരഗത്തിലേറി
സന്ദേശഹാരികളുടൻ ഭരതന്റെ പാദം
വന്നിച്ചു വാർത്തയറിയിച്ചിഹ കൊണ്ടുപോരാൻ.

കാര്യം കേട്ടാലവിടെയുമനർഥങ്ങൾ വന്നേക്കുമെന്നാ-
ചാര്യൻ ചിന്തിച്ചരശർമണി തീപ്പെട്ടതന്നാട്ടിലെങ്ങും
ധൈര്യം വിട്ടിന്നൊരുവൻ പറയായ്കെന്നു കൽപ്പിച്ചതേറ്റം
കാര്യം താനെന്നവരഥ കറികൊണ്ടു മിണ്ടാതെചെന്നാർ. 87

അന്നാട്ടിന്നധിപനെയാദ്യമായ് വണങ്ങി-
പ്പിന്നീടദ്ദശരഥപുത്രരെപ്പണിഞ്ഞ്
ചെന്നീടാൻ ഗുരുവരനോതി വിട്ടതെന്ന-
അന്നേരത്തൊരു മൊഴിയാലടച്ചു ചൊന്നാർ. 88

രാജദൂതറിയിച്ച വാക്കിലേ-
വ്യാജമേതുമറിയാതെ സാദരം
വാജിയുഗ്മമതിലേറി യോഗ്യരാം
രാജപുത്രരുടനെ തിരിച്ചിതേ. 89

ആറാം സർഗം സമാപ്തം

ഏഴാം സർഗം

ദുർഗ്രഹമുള്ളിലോരാതെ പുരത്തിന്നു തിരിക്കവേ
ഭരതൻ മുന്നിലാമ്മാറു നിരീക്ഷിച്ചിതു ദുർഘടം.1

ചുഴലിക്കാറ്റു വല്ലാതൊന്നുഴറിച്ചെന്നെതിർത്തു പോൽ
ഒഴിയാതെതിരിട്ടഗ്രേ വഴിമേലൊരു പൂച്ചയും.2

ജടയും ഭസ്മവും ചൂരൽവടിയും ജപമാലയും
നിടിവക്കുറിയും കൈക്കൊണ്ടുടനേ വന്നു ഭിക്ഷുവും.3

വല്ലാതെ ശകുനത്തെറ്റിതെല്ലാം കണ്ടു കുമാരകൻ
മുല്ലബാണാരിയെ ധ്യാനിച്ചുള്ളിലൂഹിച്ചിതീദൃശം4

അനർഥം നാട്ടിലേതാണ്ട് ജനിച്ചെന്നതു നിശ്ചയം
കണ്ടൊരിദ്ദുർനിമിത്തങ്ങൾ പണ്ടുകാണാത്തതാണു ഞാൻ5

തലനാൾ നിശി ദുസ്സ്വപ്നം പലതും ബത! കണ്ടു ഞാൻ
ബലമേറുവമറ്റെടെ ഫലമോ നേരിടുന്നത്?6

അങ്ങു ചെല്ലാൻ പുതുമയായ് മങ്ഗലാത്മാ മഹാമുനി
ഇങ്ങു കല്പ്പിച്ചയച്ചയച്ചതെന്നതങ്ങാപത്തി7

എന്തായാലുമിതിന്നേറെച്ചിന്ത ചെയ്തിട്ടു കിംഫലം?
അന്തകാന്തകനാമീശൻ താൻ തൃപ്പാദാബ്ജമേ ഗതി.8

ഏവമുള്ളിലുറച്ചും കൊണ്ടവർ നാട്ടിൽ കടക്കവേ
ഭാവുകത്തിന്റെ ഭങ്ഗത്താൽ വേവുമ്പോൽ കണ്ടിതപ്പുരം.9

മിണ്ടാട്ടം ജീവികൾക്കില്ല കൊണ്ടാടുന്നില്ലൊരുത്ഭിജം
ഉണ്ടാമാർക്കും ഭയം നാട് കണ്ടാലദ്ദുർദ്ദിനാന്തരേ.10

ഉറങ്ങിപ്പോയ ദിക്കെട്ടും മറഞ്ഞോരർക്കബിംബവും
നിറഞ്ഞുള്ളൊരു ക്രൂരാപ്പം പറഞ്ഞു കഥയൊക്കയും.11

ചരിത്രമേവം കണ്ടിട്ടുമുരിയാടാതൊരക്ഷരം
ചരുക്കിയാധിയൊട്ടന്തഃപുരം പൂ,ക്കവർ സത്വരം.12

ജ്യേഷ്ഠനും തമ്പിയും കൂടിക്കൊട്ടാരം പൂക്കുടൻ, പിതാ
ദൃഷ്ടിഗോചരാകാഞ്ഞു കൂട്ടാക്കാതെ മടങ്ങിനാർ.13

കൂട്ടിന്നൊരുത്തരില്ലാതെ വീട്ടിനുള്ളിൽ നിരുദ്യമം
മേവും കൈകേയിയെക്കണ്ടു സാധാനം വണങ്ങിനാർ.14

അച്ഛനെങ്ങോട്ടു പോയെന്നു പൃച്ഛിച്ചാരക്കുമാരകർ
സ്വച്ഛന്ദമിന്ദ്രലോകത്തെന്നാശ്വസിപ്പിച്ചിതമ്മയും.15

എന്തിനെന്നുള്ള ചോദ്യം കേട്ടന്ധാളിച്ചഥ കൈകയി
പുത്രശോകത്തിന്നോരുത്തരം തന്നെയോതിനാൾ16

നാലുപേരുണ്ടഹോ! ഞങ്ങൾ നാലിലാരെന്ന പൃഛയയിൽ
നീയാർക്കനുജനായാളെന്നായിരുന്നതിനുത്തരം.17

അദ്ദേഹമെവിടത്തെന്ന ചോദ്യം കേട്ടു വിറച്ചവൾ
നിനക്കു വേണ്ടിയവനെ വനേ വിട്ടെന്നു ചൊല്ലിനാൾ.18

അത്രയും കേട്ട മാത്രയ്ക്കു ഗാത്രമേറെത്തളർന്നുടൻ
തത്ര മൂർഛിച്ചു ബാലന്മാർ ധാത്രിയിങ്കൽ പതിച്ചതേ.19

തലയ്ക്കു വെളിവുണ്ടായി പിൻപലച്ചു മുറയിട്ടവർ;
നിവയ്ക്കു നിർത്തിയവരെ വിലക്കീ ജനയിത്രിയും.20

സാകേതരാജ്യമെപ്പേരുമാകുലം വിട്ടു നീയിനി
വാണുകൊൾക നമുക്കെല്ലാമോണമെന്നവളോതിനാൽ.21

ജനയത്രിയുടെ വാക്യം തനയൻ കേട്ടു രുഷ്ടനായ്
വിനയം പണയം വച്ചേച്ചനുയോഗിച്ചതെങ്ങനെ.22

അയ്യോ! വലിച്ചു വച്ചായോ? വയ്യാവേലി തലയ്ക്കു നീ
ഈയുള്ളോനെങ്ങമേ ചെല്ലാൻ വയ്യാതായീ മഹാശഠേ!23

എന്തുമാതിരിയോ? നിന്റെ ചിന്തയും ചേഷ്ടിതങ്ങളും
പന്തിയല്ലാളിമാർക്കുള്ള പന്തിയിൽ താഴ്ച്ചവന്നു തേ.24

കുട്ടിമുട്ടിച്ചു വെറുതെ കാട്ടിലോടിച്ചുചേട്ടനെ
കെട്ടിയോൻ തന്നെയും കൊന്നു മട്ടിതാർക്കു രസിച്ചിടും?25

തള്ളയല്ല നമുക്കിത്ര ഭള്ളു മൂത്തൊരു ദുർഭഗേ!
തള്ളൽമൂലമകീർത്തിക്കു തള്ളയാണിന്നു തൊട്ടുനീ.26

സന്താപം നൾകി നാട്ടാർക്കിസ്സന്താനം ചുട്ടെരിക്കുവാൻ
ഹന്ത! കോപ്പിട്ടു നീ കുറ്റിപ്പന്തംപോലെയിരിക്കവേ.27

പുണ്യശിലകളാൽ നല്ലവണ്ണം സമ്പൂജനീയനാം
പാവകന്നാശ്രയാശത്വമേവനാലിഹ കല്പിതം?(യുഗ്മകം)28

ഉച്ചയ്ക്കുഴുതടിച്ചീടും കൊച്ചു കാളയെ നോക്കിയാൽ
കന്നിനെപ്പെരികെപ്പെറ്റ കാലിക്കും സങ്കടം വരും.29

ആര്യപുത്രനെയീവണ്ണം കാനനത്തിന്നയയ്ക്കയാൽ
ഏകപുത്രിണിയായുള്ള പേരമ്മയ്ക്കാധിയലപാമോ?30

ഇമ്മട്ടെല്ലാം കലമ്പിക്കൊണ്ടമ്മയോടക്കുമാരകൻ
വിമ്മിഷ്ടപ്പെട്ടു ശത്രുഘ്നൻ തൻമുഖം പാർത്തു ചൊല്ലിനാൻ.31

നരേന്ദ്രൻ കാലയോഗത്താൽ മന്ത്രശൂന്യനതാകവേ
വരജിഹ്വാദ്വയംകൊണ്ടു പ്രാണനെസ്സംഹരിച്ചവൾ32

ചുടുകാട്ടിങ്കലെങ്ങാനും കൊട്ടുംപുറ്റുള്ളെടത്തിനി
ഇവൾ വാഴേണ്ടതാണിപ്പോളിവിടന്നു തുരത്തുയാൽ.33

സ്വാചാരയോഗ്യമാം രക്ഷോവംശം പലതിരിക്കവേ
നീചയാമിവളെന്തിന്നക്കേകയത്തിൽ പിറന്നതും.34

മാതാ മര്യാദ വിട്ടെന്നു കണ്ടു ധർമജ്ഞനാമവൻ
പ്രിയസോദരനോടും ചേർന്നവിടം വിട്ടു മാറിനാൻ.35
പിന്നെക്കൗസല്യയെക്കണ്ടു വന്ദിച്ചു സചിവാന്വിതൻ
ഉടങ്കട്ടയിലേറായ്‌വാനുടമ്പിടിയെ വാങ്ങിനാൻ.36

പുരോഹിതന്റെ വിധി പോൽ നരപാലനു സാദരം
അവസാനക്രിയാശേഷമവർ ചെയ്താരനന്തരം.37

കൈകേയിയോടുകൂടാതെ മറ്റു മാതൃജനത്തൊടും
പാരലൗകികർമ്മങ്ങളനുഷ്ഠിച്ചാർ സമസ്തവും.38

പിതാപിതൃവനം പുക്കശേഷമബ്ഭരതാദികൾ
ഈരേഴുദിവസം ശാസ്ത്രവിധിപോലെ നയിച്ചുതേ.39

മുടിചൂടി മഹീചക്രം മുടിയാതെ ഭരിക്കുവാൻ
യാചിക്കപ്പെട്ടു ഭരതനാചാര്യാദികളരുമേ.40

മതിനിങ്ങടെ നിർബന്ധഗതിയെന്നു ചെറുത്തുടൻ
രാമനെത്തുടരാൻ ഭാവിച്ചുരച്ചാനവനിങ്ങനേ.41

സൗമിത്രി പോയതിൻവണ്ണം രാമശുശ്രൂഷ ചെയ്യുവാൻ
എനിക്കർഹതയില്ലായ്കിലിരിക്കാമവനീശനായ്.42
പരന്ന വനമധ്യം പുക്കിരുനന്നൊരുടജത്തിൽതാൻ
തപോവൃത്തി തുടങ്ങായ്കിൽ പൗരപ്രാർത്ഥന കേൾക്കുവാൻ.43

എല്ലാവരോടുമീവണ്ണം ചൊല്ലിയേറ്റം വിനീതനായ്
ധാമം വിട്ടു പുറപ്പെട്ടാൻ രാമസേവയ്ക്കനാകുലം. 44

കുടിലത്വം പെരുത്തുള്ള മന്ഥരാമാരി സത്വരം
രാജഗേഹത്തിൽ നി,ന്നപ്പോൾ പുറപ്പെട്ടിതു സംഭ്രമാൽ.45

സാധുദൃഷ്ടിയ്ക്കു സന്തോഷഭഞ്ജനം ചെയ്തനർഗ്ഗളം
പ്രകടിപ്പിച്ചു സൻമാർഗേ പാംസുലത്വം പ്രചണ്ഡതാൻ.46

വാർകുന്തൽ ചുറ്റിപ്പിടിപെട്ടവളെ ലക്ഷ്മണാനുജൻ
കൊല്ലാൻ ചെന്നപ്പൊഴരുതെന്വരുളീ കോസലാത്മജാ.47

മരാമത്തു പണിക്കാരാൽ കല്ലും കാടും മരങ്ങളും
ഒഴിക്കപ്പെട്ട വഴിയേ പട്ടാളമണിയിട്ടുതേ.48

ബന്ധുക്കൾ മന്ത്രിവീരന്മാരന്തഃപുരജനങ്ങളും
പ്രമോദിച്ചു പുറപ്പെട്ടാർ സുമന്ത്രൻ വഴികാട്ടിനാൻ49

വസിഷ്ഠാദി വയോവൃദ്ധന്മാരോടും സോദരാന്വിതൻ
പയ്യെത്തിരിച്ചു ഭരതൻ തിരവാൻ രാമദേവനേ50

ചതുരങ്ഗപ്പടകളാലിളക്കപ്പെട്ട ധൂളിയാൽ
ആകാശഗങ്ഗയെപ്പോലും കുഴമ്പാക്കീടിനാരവർ.51

സന്നദ്ധനായ് കാത്തുനിൽക്കും ഗുഹനെക്കണ്ടു സത്വരം
ആതിഥ്യമെല്ലാം കൈക്കൊണ്ടങ്ങാദിത്യ താണ്ടിനാൻ.52

ഭരദ്വാജാശ്രമം കണ്ടു പരിവാരമശേഷവും
ഭരതൻ ദൂരെ നിർത്തിച്ചെന്നാരാധിച്ചു മുനീന്ദ്രനേ.53

അവലോകിച്ചു വെവ്വേറെയവരെത്താപസോത്തമൻ
വിവിധാചാരഭേദത്താൽ സൽക്കരിച്ചു യഥാക്രമം.54

അത്തപോവനമന്നേരം തദ്ധ്യാനവിഭവത്തിനാൽ
സ്വർഗ്ഗാതിശായിയായ്‌വന്നു യോഗ്യന്മാർക്കെന്തസാധ്യമാം?55

സ്വർഗ്ഗത്തെഴുന്ന ധന്യർക്കുമുൽക്കണ്ഠയുളവാം വിധം
ഭരതന്റെ പടയ്ക്കെല്ലാം വിരുന്നേകി മുനീശ്വരൻ.56

ദിനം നൂറുകഴിഞ്ഞോണമിരുന്നവിടെയദ്ദിനം
മുനിശ്രേഷ്ഠാജ്ഞയാൽ ചെന്നു ചിത്രകൂടാചലാന്തികേ.57

സൈന്യമെല്ലാമൊരേടത്ത് വിന്യസിച്ചു കുമാരകൻ
പിന്നെഗ്ഗുഹനൊടും കൂടിയന്വേഷിച്ചാൻ വനാന്തരേ.58

അകലെസ്സഞ്ചരിപ്പോർക്കുമറിയത്തക്കതായ് തദാ

ഹോമധൂമസുഗന്ധത്തോടെത്തിനാൻ മന്ദമാരുതൻ.59

ഒന്നിനൊന്നു ഭയം കൂടാതന്യോന്യം ചേർന്നലഞ്ഞിടും
നാനാജന്തുക്കളവിടെക്കാണായിതു സകൗതുകം.60

ശുദ്ധമായ് സഞ്ചരിക്കുന്ന വനദൈവങ്ങൾ നിത്യവും
ആരാധിച്ചുള്ള പുഷ്പങ്ങളാരാൽ കണ്ടഥപുണ്യവാൻ!61

പുതുതായുടജം കെട്ടിത്തപം ചെയ്തു വസിച്ചിടും
വൈഖാനസകുടുംബങ്ങളവിടെക്കണ്ടു കൂട്ടമായ്.62

മരത്തൊലികളും നല്ല മാൻതോലും കവരങ്ങളിൽ
വച്ചു സൂക്ഷിച്ചു പോരുന്ന കൊച്ചുവൃക്ഷങ്ങൾ കണ്ടുതേ.63

വിരുന്നൂട്ടിനു വേണ്ടുന്ന കനിയും നല്ല കായ്കളും
നിത്യമാർജിച്ചു വച്ചുള്ള തപോവനമതത്ഭുതം.64

മഹാരാക്ഷസപൈശാചഗ്രഹോച്ചാടനമന്ത്രമാം
സൗമിത്രിതൻ ധനുർഘോഷം കൊണ്ടു സർവത്ര പൂരിതം.65

ഇപ്രകാരം വിളങ്ങുന്ന പുണ്യാശ്രമപദത്തിനെ
കണ്ടനേരം കുമാരന്മാർ മണ്ടിച്ചെന്നു സസംഭ്രമം.66

സാകേതനഗരാഭയ്ക്കു കുറവൊന്നരുളുന്നതാം

പർണശാലാന്തരേ ദാശരഥിയെക്കണ്ടു കൗതുകാൽ.67

പാപാത്മാക്കാൾക്കനാലക്ഷ്യൻ കാളാംബുദകളേബരൻ
ശാന്തിക്കു തറവാടായിശ്ശോഭിച്ചു നളിനേക്ഷണൻ.68

ആജാനുബാഹുയുഗനായ് ശ്രുപലക്ഷമീനിവാസനാം
ജടാമകുടനത്യന്തം ലസിച്ചു വല്ക്കലാംബരൻ.69

ശിഷ്ടന്മാരുടെയുൾക്കാമ്പിലെന്നപോലരിമർദ്ദനൻ
നിരുപദ്രവനായ് തന്നെ വസിച്ചു വനഭ്രുവിലും.70

പിന്നെ രാമന്റെ ചാരത്ത് ചന്ദ്രലേഖയ്ക്കു തുല്യയായ്
ജനകാധ്വരഭ്രദേശേ ജനിച്ചു പരിശുദ്ധയായ്.71

പാദമുദ്രകളെക്കൊണ്ട് പൂതമായ വനാന്തരം
സാകേതസമമാക്കീടും സീതയെക്കണ്ടിതേവരും.72

സുമിത്രാപുത്രഭാവത്താൽ പോലുമന്യർക്കലഭ്യമാം
രാമാനുജപദം നേരിട്ടേതു ധന്യനു സിദ്ധമായ്?73

അരവിന്ദപ്രസൂനങ്ങളല്ലിൽ മൂടാതിരിക്കുകിൽ
ഏതവൻമിഴികൾക്കൊക്കും?കണ്ടദ്ദേഹത്തെയും മുദാ.74

ഉരത്ത വെയിലേറ്റിട്ടു പൊരിയും മരുഭ്രമിയിൽ
ദൈവകല്പിതമാം നല്ല താമരപ്പൊയ്ക കാൺകവേ.75

ദാഹം മുഴുത്തുവലയും കൃഷ്ണസാരങ്ങളെന്ന പോൽ
രാമാദികളെ വീക്ഷിച്ചു സാമോദം ഭരതാദികൾ.76

അടുത്തു ചെന്നു വേഗേന പിടിച്ചപ്പാദപങ്കജം
തുടിച്ചു കേണു ജനകൻ നാട്ടുനീങ്ങിയതോതിനാർ.77

സീതാസൗമാത്രിസഹിതൻ രാമനാധിവളർന്നുടൻ

ഭ്രമൗ പതിച്ചു മോഹത്താൽ കേണു മാതൃജനങ്ങളും.78

ദുഃഖപാഥോധിയവരേ മുക്കുവാൻ മുതിരുംവിധൗ
അക്കുംഭസംഭവസ്ഥാനം കൈക്കൊണ്ടാനന്നു ദേശികൻ.79

ഉദകക്രിയയും പിന്നെ ചെയ്തുമേവുന്ന രാമനെ
രാജധാനിക്കെഴുന്നെള്ളാനർഥിച്ചു ഭരതൻ മുദാ.80

രണ്ടാളുംനമ്മൾ കൈക്കൊൾകവേണമച്ഛന്റെശാസനം
എന്നുരച്ചു നിഷേധിച്ചു രാഘവൻ ഭരതോക്തിയെ.81

ഗുരുത്വക്കേടു ചെയ്‌വാൻ നാമൊരുത്തൻ കച്ചകെട്ടിയാൽ
പെരുത്ത നന്മയുണ്ടാവാൻ വരുത്തം വരുമെന്നുമേ.82

കിരീടാശയെ വേർപെട്ട ഭരതൻ തന്റെ മസ്തകം

ഇരന്നുകൂപ്പി രാമന്റെ ചെരുപ്പേന്തീടുവാൻ തദാ.83

ജ്യേഷ്ഠാനുവാദവും പാദക്കുരടും വാങ്ങിയാദരാൽ
കൂട്ടുകാരോടുമുൾപ്പുക്കു നാട്ടിൽ കൈകേയിതൻ സുതൻ.84

വിഷയാസക്തി കൂടാതെ ജടാവൽക്കലധാരിയായ്
ജ്യേഷ്ഠന്റെ വരവും പാർത്തു പുരേ വാഴാതെക്കണ്ടവൻ.85
രാമനന്നാഗമിക്കാഞ്ഞാൽ ഹോമകുണ്ഡപ്രവേശനം
നമുക്കു ഗതിയെന്നോർത്ത് നന്ദിഗ്രാമത്തിൽ മേവിനാൻ.86
(യുഗ്മകം)
പ്രേമം പിതാവിലേറുന്ന രാമാദികളനന്തരം
വംശവൃദ്ധോചിതാചാരം വഹിച്ചൂ യൗവനാന്തരേ.87

ഒരിക്കൽ പന്തലിച്ചോരു മരത്തിൻചോട്ടിൽ രാഘവൻ

വൈദേഹിതന്റെ മടിയിൽ തലവെച്ചൊന്നുറങ്ങിനാൻ.88

കാകാകൃതി ചമഞ്ഞന്ന് പാകശാസന നന്ദനൻ

നഖത്താൽ മുറിവേൽപ്പിച്ചു ദുഷ്ടൻ സീതാപദങ്ങളിൽ.89
ജയന്തനവനെന്നുള്ളിൽ സ്വയം വർധിക്കകാരണം
സ്വയംതടസ്സമെന്ന്യേ ദുർന്നയം ചെയ്തു വിഷ്ണ്ണനായ്.90

അപ്പോളുണർന്നു വൃത്താന്തമൊക്കെയും കണ്ടറിഞ്ഞുടൻ
രാമചന്ദ്രനിഷീകാസ്ത്രമയച്ചാനവനെ പ്രതി.91

ഉടമ്പെല്ലാം വെടിഞ്ഞാകിലുടങ്ങും പ്രാണനെന്നവൻ
കരുതിത്തന്റെ കണ്ണൊന്നു കളഞ്ഞായുസ്സുനേടിനാൻ.92

ആവാസത്തെയുപേക്ഷിച്ച രാഘവൻ മുതലായവർ
മാമുനിശ്രേഷ്ഠർ ചൊല്ലിക്കേട്ടാമയം രാക്ഷസാർപ്പിതം.93

ആവകസ്സങ്കടം തീർത്തിട്ടാവലാതി കുറയ്ക്കുവാൻ
ഭാവിച്ചു ഘോരകാന്താരം പ്രാപിച്ചാരഥ നിർഭയം.94

പോറ്റിയാം രാമനെക്കണ്ട് തീറ്റിക്കും തൃഷ്ണയെന്നിയേ
ചുറ്റും വനമൃഗം കണ്ണു തെറ്റാതീക്ഷിച്ചു നീൽക്കവേ.95

സൗശീല്യാദികളേറുന്ന വശിയാമത്രി തന്നുടെ
ആശ്രമം പുക്കു മുനിയെ പ്രശ്രയം പൂണ്ടു കുപ്പിനാർ(യുഗ്മകം) 96

അഗ്രേ കണ്ടഥ ദിവ്യമങ്ഗളശരീരത്തെത്തപോരാശികൾ-
ക്കഗ്രേഗണ്യനതായൊരത്രിയെതിരേറ്റർഘ്യങ്ങളേകീടിനാൻ
ചിത്താനന്ദമിയെന്നു തദ്ദയിതയും സീതയ്ക്കു സമ്മാനമായ്
പൃഥ്വീപാലവധൂജനോചിതപരിഷ്കാരങ്ങളേകീടിനാൾ.97

വാണാനന്നാശ്രമത്തിൽ പുനരഹിമകരൻ താനുദിക്കും ദശായാം
താണാശീർവാദമെല്ലാമൃഷിവരനൊടുപാർജ്ജിച്ചു ലോകാഭിരാമൻ
ക്ഷോണീദേവിക്കു വല്ലാത്തൊരു ചുമടുളവായ്‌വന്നതില്ലാതെയാക്കാൻ
ക്ഷോണീസന്താനസമ്പത്തൊടുമനുജനോടും ദണ്ഡകയ്ക്കായ് ഗമിച്ചാൻ.98

ഏഴാം സർഗം സമാപ്തം

എട്ടാം സർഗം

നിശിചരാന്വയമൊക്കെയൊടുക്കുവാൻ
നിജമനസ്സിലുറച്ച രഘൂത്തമൻ
ധൃതശരാസനനായെഴുന്നള്ളിനാൻ
വനതലേനതലേഖനനാകുലം. 1

വിടപസന്തതികൊണ്ടു മരങ്ങള-
ദ്ദിനകരന്റെ കരത്തെ മറയ്ക്കയാൽ
ഇരുളുടഞ്ഞു മഹാഗഹനാന്തരേ
വിരവിലാ രവിലാക്കു പിഴച്ചപോൽ. 2

ചൊറി പെരുക്കരുതാഞ്ഞു തരുക്കളിൽ
കരടമിങ്ങു കരീന്ദ്രരുരയ്ക്കവേ
കറയൊലിച്ചു മണം പെരുകും വിധൗ
സകലരും കലരും ബഹുകൗതുകം. 3

വലിയ പന്നികൾ ചേറ്റിലുരുണ്ടു വീ-
ണവിടെനിന്നു കരേറി വരും വിധൗ
ഇടിയൊടുത്തു മുഴങ്ങി നടക്കവേ
വടിവിലാടി വിലാസമൊടും മയിൽ. 4

ശിഖികൾതൻനടനം ചില ദിക്കില-
ക്കുയിലിനുള്ളൊരു പഞ്ചമഗാനവും
അരിയഭൃദങ്ഗമൃദങ്ഗമുഴക്കവും
പരഹിതം രഹിതംഗുരുശിക്ഷയാ. 5

വിവിധ ദുഷ്ടമൃഗങ്ങളിടയ്ക്കിട-
ക്കഠിനമായലറുന്നതു കേൾക്കയിൽ
കൊടിയ രാക്ഷസരുക്ഷതയോർക്കിലും
വളരനാളരനാകിലുമഞ്ചുമേ. 6

അതിഭങ്കരമായൊരു കാട്ടില-
മ്മുനിജനത്തിനു നന്മ വരുത്തുവാൻ

അതിഥിപൂജകളേറ്റു നടന്നു പോ-
ലവരുമൂവരുമൂരു വളഞ്ഞ പോൽ. 7

അവരജൻ നടകൊണ്ടിതു മുൻപിനാ-
ലവനിപുത്രിയതിന്റെ പുറക്കലും
ഒടുവിലേട്ടനു, മിങ്ങനെ പേടി വി-
ട്ടലയവേ; ലയവേളയണഞ്ഞ പോൽ. 8

വലിയ സിംഹവുമാനയുമൂളനും
പുലികളും കടുവാ കിടിവൃന്ദവും
പുതിയ ശൂലമതിൻമുന മൂന്നിലും
യതികളും തികളും ഭുജങ്ങളും. 9

പലതുമങ്ങനെ കോർത്തൊരു കോമ്പലാ-
യവിയലാക്കിയശിപ്പതിനെന്നപോൽ
ചുമടുതാങ്ങിയൊടൊത്തൊരു തോളിൽ വ-
ച്ചലറിയാലറിയാമ്പടി വിണ്ണിലും. 10

പരുഷനിസ്വനമോടൊതിരിട്ടിത-
ങ്ങൊരു മഹാപിശിതാശനവിഗ്രഹം;
വഴിതടുത്തവരെപ്പുരുസാഹസാൽ
തടിയനോടിയനോകഹ ജൃംഭിതൻ (കലാപകം.) 11

ജളശിരോമണിയാമനവാശു ചെ-
ന്നിളിയിലാക്കി വിദേഹതനൂജയേ
നൃപതിപുത്രരൊടിങ്ങനെ ചൊല്ലിനാൻ
തെറിയതേവരെ നിൽക്കയാൽ. 12

പുതിയ മോടി കലർന്നൊരു പേടമാൻ-
മിഴിയൊടൊത്തു സവാരിയടിച്ചിട്ടും
രസികരായൊരു നിങ്ങളിതാരുവാ-
നസുരരോ സുരരോ നരവീരനോ? 13

ജടകളുണ്ടു മരത്തൊലിയുണ്ടഹോ
നെടിയ കൈകളലായുധജാലവും
സരസിജേക്ഷണയൊന്നരികത്തിലും;
ചരിതമീരിതമീവിധമെങ്ങുവാൻ. 14

മുടി വളർത്തി മഹാമുനിയാകിലും
തുകിലുടുത്തു ദികംബരനാകിലും
ശരമെടുത്തു വനേചരനാകിലും
മതിവരാതിവരാശയിലാളുവോർ. 15

അറികിലിന്റെ പരാക്രമമീവിധം
വെറിയോടിഞ്ഞു നടപ്പവരല്ല കേൾ;
തിറമേഴുന്ന വിരാധനഹം മഹാ-
മറവനേറ വനേ വിളയാടുവോൻ. 16

പലതുമിങ്ങനെ ക്രൂസലൊഴിഞ്ഞുടൻ
പരിഹസിച്ചു പലാശകുലാധമൻ
നിലയിൽ നിൽപ്പതു കണ്ടൊരു രാഘവൻ
ശമനനേ മനനേ വശമാക്കിനാൻ. 17

അവനൊടോതി രഘൂത്തമനിത്തരം
നൃപതിമാർ നായകരത്നമാം
ദശരഥന്റെ തനൂജരിൽ മൂത്തവൻ
പുനരഹം നരഹന്തൃകുലാന്തകൻ. 18

അറിക രാമനിതെന്നുടെ നാമമെ-
ന്നനുജനേഷ മഹാമതി ലക്ഷ്മണൻ
ഇവളെനിക്കു കുടുംബിനി സീതയാ-
ണിവിടെ നീ വിടനീതി നടത്തൊലാ. 19

ജനകശാസനയാലിഹ ഞങ്ങളീ
മനുജഭോജികളെക്കൊല ചെയ്യുവാൻ
അടവിതന്നിലണഞ്ഞിതു, നീ വൃഥാ

മുടി വിനോടി വിനോദമൊടെത്തലാ 20

കനിവെഴും ഭഗവാനുടെ വാക്കു കേ-
ട്ടമിതരോഷമിയന്നൊരു രാക്ഷസൻ
അലറിയെങ്ങെതിരിട്ടു ഹൃദിസ്ഥരൽ
കുസൃതി സംസൃതി സന്ധിയറുക്കുവാൻ 21

രഭസമോട്ടു രഘൂത്തമനക്ഷണം
ശരമെടുത്തു തൊടുത്തു ഭയം വിനാ
നിശിപരോസി ലക്ഷ്യമിരുത്തി വി-
ട്ടതിലവൻ തിലവന്മുറിവേന്തിനാൻ 22

അരിശമോടഥ സീതയെ വിട്ടയ-
ച്ചരിശമോത്സുകരാമവരേ മദാൽ
ദുരിശമോടിഹ റാഞ്ചിയെടുത്തു തൻ-
ചുമലിനമ്മലിനനഞ്ചുമടാക്കിനാൻ. 23

അവരെയങ്ങനെ തോളിലെടുത്തുകൊ-
ണ്ടവിടെ നിന്നവനാശു ശമിക്കവേ
നില വിളിച്ചു മഹീസുത മാനസേ
വലിയ മാലിയമാർന്നു വനാന്തരേ 24

കരുണയോടതു കണ്ടസിധാരകൊ-
ണ്ടവരറുത്തിവന്റെ കരങ്ങളേ
വലിയ നെഞ്ചിൽ വളച്ചൊരു വാതിൽ തീ-
ർത്തരുളിനാരുളിനാക്കെഴുമമ്പിനാൽ 25

തുഹിന ശൈലനിതംബമതിങ്കൽ നി-
ന്നമരവാഹിനിയാഞ്ഞൊഴുകുന്ന പോൽ
അളയിൽ നിന്നൊരരത്തമഹാസരി-
ത്തുതിരവേ തിര വേണ്ടതു ജാതമായ് 26

കരളു വിണ്ടു ഖലൻ ബലഹീനനായ്

വരികയാൽ മരിയാതെ മരിക്കവേ
ഉടനുടൻ നെടുവീർപ്പു വിടുന്ന കേ-
ട്ടിടിയതോടിയതോടെയൊളിച്ചുതേ 27

പിണമവിഞ്ഞു വനം വഷളാക്കുവാ-
നിടവരാതെയിരിപ്പതിനെന്നപോൽ
കുഴി കുഴിച്ചു നിശാടനെ മൂടുവാൻ
പെരുമയൊരുമയോവിശിഖങ്ങളാൽ. 28

ചെറുതുണർന്നുടനോതി വിനീതനായ്,
വിബുധനഗായകനായി നടക്കവേ
ധനദശാപവരങ്ങളടഞ്ഞതിൽ
വിവരമാ വരമാനുഷരോടവൻ. 29

“ദശരഥാത്മാജരെത്തി വനാന്തരേ
നിശിചരാന്വയ ഹിംസ തുടങ്ങിനാർ”
പറയുവാനിദാമുമ്പരോടെന്നപോ-
ലവനെ യാവനയാക്കി യമന്നഹോ. 30

ഒരു വിളംബരമങ്ങുരഗാധിപൻ
പുരിയിലും പ്രഹരിച്ചു നകട്ടുവാൻ
ഉടലധോഭുവനത്തിലുമായപോൽ-
തരിയ മാരി,യമായമകന്നുപോൽ. 31

ജഡശരീരമൊഴിഞ്ഞമരാലയേ
നടകൊതിച്ചമരും ശരഭങ്ഗനാം
മുനിവരന്റെരികത്തഥ ചെന്നുതേ
സവിനയം വിനയൻപൊടകറ്റുവാൻ. 32

തദനു താപസനേയവർ കൂപ്പിനാർ
വിനയമാർന്നടനമ്മുനിപുങ്ഗവൻ
അവരെ മൂവരെയർച്ചന ചെയ്തൊര-
ക്കുതുകമോതുക മോക്ഷദമേവനം. 33

അരിതു മെയ്യിതു മേലിലുമേന്തുവാൻ
കരുതിയശ്ശരഭങ്ഗനമിങ്ങനേ
വരുതി വാങ്ങി രമേശനോടിവിധം
ത്വരിതമാരിതമാർന്നിവനെന്നിയേ? 34

കനലിലിന്ധനമെന്നതു പോലെ തൻ
തനുവെരിച്ചു തപോധനനക്ഷണം;
കുട പിടിച്ചു വിമാനവുമായി വ-
ന്നുപരി തേവരിതേ ബഹു വിസ്മയം. 35

അഥ കരേറി വിമാനമതിങ്കല-
ന്നമരലോകമമർന്നു മുനീശ്വരൻ;
രഘുവരന്റെ കഴൽക്കു പണിഞ്ഞുപോയ്
പെരുമ നേരുമനേക നിലിമ്പരും 36

അവിടെ വച്ചു മഹാമുനിമാർകളോ-
തരുളി രാമനരക്കർ കുലത്തിനേ
കുടിമുടിക്കുവനെന്നോരു സത്യവാ-
ക്കവനതൻ വനതൽപരനപ്പൊഴേ. 37

മുനികുലോത്തമനായ സുതീക്ഷ്ണനനാ-
ലനുനയത്തൊടു പൂജിതനായ് തദാ
അവിടെ നിന്നു തിരിച്ചവനാ മല-
ഞ്ചുഴിയിലൂടെ നടന്നിതേ. 38

കടലശേഷമൊരേ സമയം പുരാ
മടി വെടിഞ്ഞമൃതേത്തു കഴിക്കയാൽ
കുടി മുടങ്ങി വലഞ്ഞു വലാഹകം
തിരിയെ വാരിയെ വാങ്ങുവതിന്നു താൻ. 39

ചുഴലെ മുട്ടു മറിപ്പിനു വന്നപോൽ

കഴുകളേന്തിയ വന്മരശാഖയാൽ
നിഴൽ നിറഞ്ഞൊരഗസ്ത്യ തപോവനം
ഗതനതായ് തനതാളുകൾ തമ്മൊട്ടും. 40

അരുവികൾക്കരുമപ്പെട്ടുമീശനാം
കടലിനെക്കരതാർമധുവെന്ന പോൽ
രുചിയറിഞ്ഞൊരഗസ്ത്യർ തപസ്സു ചെ-
യ്തമരുമാ മരു മാനസ ഹർഷദം. 41

അവിടെയീന്തിമരം മദയാനതൻ
കരബലാൽ കുനിയുന്നിതു മെല്ലവേ
പറകയാണതു വിന്ധ്യമഹാദ്രിയാ
മുനികരേ നികരേറ്റു ചുളിഞ്ഞതായ് 42

വഴിപിഴച്ചറിയാതിഹ വായിൽ നി-
ന്നൊഴിയുവാനരുതാതെ വിഷണ്ഡരായ്
പെരുവയറ്റിലിരുന്ന പിടച്ചത-
ക്കരികൾ മൂരികൾ മൂത്ത വൃകങ്ങളും. 43

കഥകഴിച്ചിവയെച്ചില വാഹസം
കലശസംഭവകുക്ഷിയിൽ മൂന്നമേ
കഠിനകൃത്യമെടുത്തവർ ചത്തിതെ
ന്നപരമാം പരമാർഥമുരച്ചുപോൽ. 44

ജലധിയെച്ചെറുതേനതുപോലെ കൈ-
ത്തലമതിങ്കൽ വഹിച്ചു കുടിക്കവേ
ജലധരം മധുമക്ഷികയെന്നപോ-
ലകലെയാക ലയാർഥമലഞ്ഞഹോ. 45

അതുകളൊക്കെയഗസ്ത്യതപോവനെ
മഹിഷവേഷമെടുത്തുപജീവനം
കഴിയുവാനിഹ വാസമുറച്ചുപോൽ;
പിഴകളേഴകളേവമണഞ്ഞിടും. 46

ഇനിയുമിത്ഥമനേകവിധങ്ങൾ ക-
ണ്ടനിടെയുള്ള വിശേഷമശേഷവും
ഉടജവാതിലിൽ വന്നെതിരേറ്റൊരാ-
മുനിവരാനിവരാശ്രു പണിഞ്ഞുതേ. 47

ഉലകിലൊകക്കെ നിറഞ്ഞ യശസ്സോട്ടും
കമലസംഭവനാം വിധിയെന്നപോൽ
സുരമുനീന്ദ്രകുലത്തിനു വന്ദ്യനാ,-
യുടലിനാടലിനായ് ശചിയെ ബ്ബലാൽ. 48

പുണരുവാൻ പണി നോക്കി നിരന്തരം
ച്ചുണകെട്ടും നഹുഷക്ഷിതിപാലനേ
അലിയായ്‌വരികകെന്നുരചെയ്തു വൻ-
മലയമാലയമാക്കിയ കേമനായ്. 49

കൊടിയൊരില്ലലനായ സുരാരി തൻ
സഹജനേ നിഹനിച്ചുദരാഗ്നിയിൽ
മഹിതനാം, മുനിയെബ്ബത കണ്ടിത-
ശ്ശുഭരതാം ഭരതാഗ്രജനാദികൾ. (വിശേഷകം) 50

ദിനകരോപമനായിരുൾ നീക്കിയ-
ങ്ങനുദിനം വിലസുന്നൊരു യോഗിയേ
ചരിതമോതി വണങ്ങി വിനീതരാ-
യവരഹോ വരഹോതൃപദാംബുജേ. 51

കനിവൊട്ടുള്ളമലിഞ്ഞെഴുനേറ്റു തൻ
കരയുഗത്തെയുയർത്തി മുനീശ്വരൻ
കുശലമോതിയനുഗ്രഹമേകി മേൽ
ഗുണവുമീണവുമീശ്വരനേറുവാൻ. 52

അനുഭവിച്ചഖിലേശനുമായ് മഹാ
മുനീവരൻ പരിരംഭസുഖത്തിനേ

നിജകരത്തോടു കോർത്തിതു രാഘവൻ-
കരമിതാരമിതാദരമാർന്നിട്ടും? 53

കനകപീഠമതിങ്കലിരുത്തി മാ-
മുനിവരൻ പുനരാരഘുനാഥനേ
വിനയമോടു പദം കഴുകിച്ചത-
സ്സജനരാജനരാഗികൾ കുപ്പുവോൻ. 54

വലിയ തോണിയിൽ നിർത്തുമൊരോടുപാ-
യ്യെതിരിടും ചിറകൊണ്ടിരുപക്കവും
മലയൊടൊത്ത ശരീരവുമുണ്ടവൻ
പ്രകൃതിയാലറിയാവതോ? 64

കടലിലുള്ളൊരു വെള്ളമശേഷവും
കടമതിങ്കലുള്ളായ തപോധനൻ
പൊടിയടിക്കുകയാലെതിരിട്ട ത-
ന്നികടസങ്കട സങ്ഗതിയൊക്കയും 65

ഹരജി വച്ചറിയിച്ച മുനീന്ദ്രനോ-
ടതിനു തക്കൊരു പോംവഴി നേടുവാൻ
അവിടെ വന്ന ഹിമാലയപുത്രനെ-
ന്നിറീടുമീടുമീശനുമാശയേ. (യുഗ്മകം) 66

അകലെ വച്ചിതുപോലെ നിനച്ചുകൊ-
ണ്ടരശനൊട്ടരികത്തണയും വിധൗ
“മുനികളെബഹു കൊറ്റു കഴിച്ചൊരി-
ക്കുടിലനീടിലനീതി നടത്തുവോൻ.” 67

കരളിലിങ്ങനെയോർത്തഥ വില്ലിൽ വൻ-
കരുതൽ ചെയ്‌വതു കണ്ടു ജടായുവും
ചകിതനായ് ബത വീണു വണങ്ങിനാൻ
പ്രഭുവിനെബ്ഭുവി നേരുരചെയ്തവൻ. (യുഗ്മകം) 68

അരുണസാരഥിതൻ മകനേഷ ഞാൻ
കഴുകജാതിയിലുള്ള ജടായുവാം
ദശരഥപ്രിയനത്തരമിഷ്ടമോ-
ടമരണം മരണം വരെ നമ്മളും . 69

ഇവനെയങ്ങു വൃഥാ കൊലചെയ്യൊല-
തവ ഹിതത്തിനു സജ്ജനിവൻ സദാ,
ഇദമുരച്ചഥ വീണ്ടുമടുത്തു ചെ-
ന്നമരമാമരമാമടി കുപ്പിനാൻ. 70

അമനെയാശു പിടിച്ചു തലോടി ന-
ന്മധുരവാക്കിലിണക്കി രഘൂത്തമൻ
അരികിലഞ്ചു വടദ്രുമമൊന്നുപോ-
ലുയരമായരമാണ്ടു വളർന്നിടും. 71

ശുഭതലത്തിലൊരാശ്രമമന്നു ത-
ന്നനുജനങ്ങു ചമച്ചതിലാസ്ഥയാ
ഗുണമെഴും നിജഭാമിനിതന്നൊടും
മരുവി ചാരുവിചാരമനസ്കനായ്. (യുഗ്മകം) 72

പാരം കോച്ചിവലിച്ച ചുണ്ടുകൾ വിറച്ചുളം വിളിച്ചേറ്റവും
ദൂരത്തക്കുളിരാം പിശാചിനെയടിച്ചോടിച്ചു പിന്നെച്ചിലർ
കോരിത്തുറ്റി മുറയ്ക്കു മഞ്ഞുമഴയസ്സാധുക്കളാം പാന്ഥരിൽ
ക്രൂരത്വത്തൊടു ശീതകാലമിതവർക്കുൾക്കാമ്പു കുമ്പിച്ചുപോൽ. 81

വെളിയടിയിലെദ്ദീപം പോലത്തുഷാരനിമഗ്നനാ-
യൊളികളഖിലം മങ്ങിബ്ഭാസ്വാനുദിച്ചൊരു ശേഷവും
കുളിരിനടിപെട്ടങ്ഗം ചുങ്ങിക്കിടന്നൊരു ലോകരുൾ-
ത്തെളിവിനൊടെഴിന്നേല്ക്കാത്തോണം ഹിമർത്തു തിമർത്തുപോൽ. 82

എട്ടാം സർഗം സമാപ്തം

ഒൻപതാം സർഗം

പോരായിരം പൂണ്ടു ജഗത്തിനെല്ലാം
നാരായവേരാകിയ രാമചന്ദ്രൻ
ഗോദാവരീപുണ്യനദീസമീപേ
മോദത്താൽ തപം ചെയ്തു വസിച്ചിതേവം.1

മാന്താർശരംകൊണ്ടു മനം മറന്നുൾ-
ഭ്രാന്താൽ ദശാസ്യന്റെയുടപ്പുറന്നോൾ
താൻ താമസാകാരമൊഴിച്ചു പയ്യെ-
ച്ചെന്താർമിഴിത്തെയലതായ് ചമഞ്ഞൂ.2

ചണ്ഡതപം കൊണ്ടു തളർന്ന പാമ്പിൻ-
പെണ്ണാദരാൽ ചന്ദനശാഖിയെപ്പോൽ
തിണ്ണം മദം പെ,ട്ടവൾ ചെന്നു ചേർന്ന-
പ്പുണ്യസ്ഥലേ രാമതപോവനാന്തേ.3

സീതയ്ക്കു സിദ്ധിച്ചൊരവസ്ഥപോല-
ശ്രീരാഘവൻതന്നുടെ മെയ് വിലാസം
ചേതസ്സിലോർത്തോർത്തുടനീർഷ്യ മൂത്താ-
മൂതേവി മാരാർത്തിയൊടേവമോർത്താൾ.4

ലാവണ്യമേറുന്നൊരിവന്റെ ഭാര്യ-
യ്ക്കീവണ്ണമൊപ്പിച്ചു വരച്ചു പാഴേ
മദ്വംശകർത്താ വിധിയെന്റെ നെറ്റി-
ക്കിത്ഥം വരയ്ക്കായ് വതിനെന്തുബന്ധം?5

ലാവണ്യമവിത്താമിവൾ മൗലിയിങ്കൽ
പൂവമ്പനഞ്ചുംപടി പൂണ്ട കേശം
പ്രാവൃട്ടിലേക്കാർമുകിലിന്റെ വർണ്ണം
താവുന്ന കാമൻതഴയെന്നു തോന്നും.6

ഏണങ്ങളിക്കണ്ണുകളോടു പോരിൽ
ക്ഷീണിക്കവേ തന്മിഴിയിൽ കുളമ്പാൽ

പേണിച്ചൊറിഞ്ഞീടുകയെന്ന നാട്യം
കാണിച്ചു തീർക്കുന്നവമാനദോഷം.7

ചെന്താമരപ്പൂവിനുമേണികൾക്കും
ചന്തം കുറയ്ക്കുന്നൊരു ലോചനത്തിൽ
ചിന്തും മഷിക്കുട്ടിനു ഖഞ്ജരീടം
സന്താപമുൾക്കൊണ്ടു കരം കൊട്ടുക്കും.8

തൊണ്ടിപ്പഴംപോലെ തുടുത്തതാണി-
ച്ചുണ്ടെന്നു ചൊന്നാൽ മതിയാകയില്ല
തൊണ്ടിച്ചുവപ്പെന്നുമിരിക്കയില്ലെ-
ന്നുണ്ടിച്ചുവപ്പോ?സമവായസിദ്ധം.9

ഉൾത്താരിലേവം പലതും നിരൂപി-
ച്ചുത്തുംഗകുംഭസ്തനി രാക്ഷസസ്ത്രീ
ചിത്തേ മനോജാർത്തിയൊടാശു ചെന്നാ-
ളുത്താമരാക്ഷന്റെ സമീപദേശേ.19

ശ്രീരാമനെജ്ജാനകിതൻ സമക്ഷ-
ത്താരാമ താൻ കാമുകനായ് വരിച്ചാൾ;
ദൗരാത്മ്യമീനാരികളിൽപ്പെരുത്താൽ
പോരായ്മയപ്പുള്ളികളോർക്കയില്ല.20

ധന്യേ? വിദേഹക്ഷിതിവല്ലഭൻ തൻ-
കന്യയ്ക്കു ഞാൻ കാന്തനിതോർക്കടൊ! നീ
എന്നോമനത്തമ്പി യുവാവിവൻ കേ-
ളന്യാങ്ഗനാസക്തനിതാൾപ്പൊരുത്താം.21

എന്നീവിധം നന്മൊഴിയാൽ മയക്കീ-
ട്ടുന്നീതിമാനായവളേയയച്ചാൻ,
പിന്നീടു പോയ് ലക്ഷ്മണനോടു ഖേദാൽ
തന്നീഹിതം രാക്ഷസിയോതി നേരെ22

ഹേ സത്തമേ! രാമനുവേണ്ടിയോരോ
ദാസപ്രവൃത്തിക്കിഹ നിൽപ്പാൽ ഞാൻ
കൗസുംഭരാഗാധരി! കേൾക്കതെല്ലം
ദാസീത്വമിപ്പോൾ തവ ചേരുകില്ല.23

കാന്താരവാസത്തിനധൈര്യമേറും
കാന്താരവിന്ദാക്ഷിയെ രാമദേവൻ
താൻതാനപേക്ഷിച്ചിഹ നിന്നിലേറെ-
സ്വാന്താനുരാഗത്തെ വളർത്തുമിപ്പോൾ24

അങ്ങോട്ടു ചെന്നീടുക വേഗമെന്നാ-
ലിങ്ങോട്ടുമേ നിന്നു മിനിക്കെടാതെ
നിങ്ങൾക്കു രണ്ടാൾക്കുമൊരറ്റകുറ്റ-
മിങ്ങോതുവോരില്ല നിനച്ചുകണ്ടാൽ.25

ജലോക്തികൊണ്ടിങ്ങനെ സമ്മതിപ്പി-
ച്ചാലോഹിതക്കണ്ണിയെയൂണ്ണിമന്നാൽ
മാലോതുവാൻ വീണ്ടുമടുത്തുകൂടീ-
ചേലോടു നക്തഞ്ചരി രാമപാർശേഖ.26

നേരേ മുളമ്പുല്ലു തഴച്ചു കാണു-
ന്നാറ്റിൻകരച്ചെന്നൊരു ധേനുപോലെ
ആ രാക്ഷസപ്പെൺകൊടിയാത്മചേത-
സ്സേറ്റിത്തുടങ്ങീ പുനരങ്ങുമിങ്ങും.27

മണ്ടത്തത്താലവൾ മാരബാണം
കൊണ്ടത്തലോടോതിയ വാക്കുകേട്ടും
മണ്ടക്കുലുക്കു കലരാത്ത ഭാവം
കണ്ടപ്പൊഴൊട്ടേറെയിളിഭ്യമാർന്നു.28

ഒക്കാത്ത കാര്യത്തിനൊരാശ വാച്ചി-
ട്ടുൾക്കാമ്പു ബദ്ധപ്പെട്ടുമദ്ദശായാം

മൈക്കണ്ണിയാം മൈഥിലിതാനിതെല്ലാ-
മഗ്രേ വിലോകിച്ചു ചിരിച്ചു മന്ദം.29

ഓളം കുറഞ്ഞെങ്കിലുമിങ്ങു വാനിൽ-
മോളിൽ കുറച്ചൊന്നുയരുന്ന നേരം
കോളൊന്നു മാറുന്നലായാഴിയെപ്പോ-
ലാളെന്നു മാറീ ചിരി കണ്ടമൂലം.30

നാണിച്ചിടാതിന്നു പഴിച്ച നിന്നെ-
ത്രാണിക്കു ഞാനൊന്നു പയിറ്റി നോക്കും
പാണിവയം നീട്ടിയുരച്ചിവണ്ണം
കാണിച്ചിതാ രാക്ഷസിഘോരരൂപം.31

വൻചാണി പോലുള്ളൊരു വാ പൊളിച്ചു
മൺചാലപോലങ്ങനെ കൈ നിവർത്തു
അഞ്ചാതെയജ്ജാനകിയെപ്പിടിപ്പാ-
നഞ്ചാറു ചോടാശു നടന്നടുത്താൻ.32

സൗമിത്രി ചെന്നാശു തടത്തു മായാ-
ജാമിത്രമായ് വന്നവളെത്താദാനീര
കാമജ്വരത്താലുളവായ പൈത്ത്യം
വാമതയ്ക്കു തീർപ്പാനൊരു വൈദ്യനായി.33

കണ്ടിച്ചു മൂടക്കം മൂലയും വിശങ്കം
രണ്ടിച്ചു തൽപ്രാണനുമാർത്തിമൂലം
മുണ്ടിച്ച രോക്ഷണ മദം കുറച്ചു
മണ്ടിച്ചു നക്തഞ്ചാരിയെക്കുമാരൻ.34

പിന്നെജ്ജന സ്ഥാനനിവാസിയാകും
കന്നത്വമേറുന്ന ഖരന്റെ മുമ്പിൽ
ചെന്നിട്ടവൾക്കിങ്ങു പിണഞ്ഞ മൗഢ്യ-
മിന്നിന്നപോലെന്നു പറഞ്ഞിതെല്ലാം.35

പാരാതവൻ തൻപടനായകന്മാ-
രീരേഴുപേരൊടൊരുമിച്ചു കോപാലൻ
രംരേഴുസാഹസ്രകയോധരോടും
പോരാടുവാനായ് നടകൊണ്ടു മൂഢൻ.36

ചൂണ്ടിക്കൊടുക്കുന്നതനായി മുൻപേ
മണ്ടിച്ചിതസ്സോദരിയെശ്ശാന്മാർ
ഗണ്ടുയ്ക്കു പോമ്പോളൊരു ദുർണിത്തംത
കണ്ടീടുവാൻ സംഗതിയായപോലെ.37

ആർപ്പും മുഴക്കങ്ങളുമൊക്കെ രാമ-
ന്മൾപ്പൂവിലോർത്തിട്ടൊരിക്കമെന്യേ
കോപ്പൊന്നിണക്കേണ്ടതിനായ് വിളിച്ചു
കൽപ്പിച്ചു സൗമിത്രിയൊടിപ്രകാരം.38

ഇന്നേഷ ഞാൻ പോരുമടൽക്കു നേർപ്പാൻ
നിന്നാണ നീ ജാനകിയോടുമിപ്പോൾ
ഇന്നീ ചരക്കൊന്നു മറിക്കുവോളം
ചെന്നീ ഗുഹയ്ക്കുള്ളിരിക്കവേണം.39

ഈവണ്ണമോതീട്ടവരേയയച്ച-
ദ്ദേവേശ്വരൻ ഗൗരവമോടിരുന്നാൻ
ചാവാനൊരുമ്പെട്ടഥ നോൻപുനോറ്റു-
മേവും നിശടൗഘവുമാർത്തണഞ്ഞു.40

വക്കാണമേറ്റാരവർ വന്നു നേരേ;
കൈക്കാരനായുള്ളൊരു രാമദേവൻ
മുഷ്കാളുമക്കൂട്ടരെയന്പുകൾക്കാ-
യക്കാലമാഹാരപദാർഥമാക്കീ.41

പട്ടാളമെല്ലാം ശമനന്റെ നാട്ടിൽ
പട്ടാഭിഷേകത്തിനു പോയശേഷം

മുട്ടാകയാൽ മുത്തലയുള്ളരക്കൻ
കട്ടായമായ് പോരിനു പാഞ്ഞടുത്താൻ.42

അപ്പോളരക്കന്റെ കഴുത്തു മൂന്നും
കെൽപ്പോട്ടു കണ്ടിച്ചുടനന്തകന്നായ്
കപ്പം കൊടുപ്പാൻ തുനിയുന്ന പോലെ
മേൽപ്പൊട്ടെറിഞ്ഞാനഥ രാമചന്ദ്രൻ.43

കാര്യം കണക്കല്ലിനിയെന്നു ചൊല്ലി-
പ്പോരിന്നുടൻ ദൂഷണനാഞ്ഞു കേറി;
പാരിൽപ്പരം ദൂഷണനെങ്കിലും താൻ
കാര്യസ്ഥനായ്ത്തീർന്നു യമാലയത്തിൽ. 44

തേക്കട്ടേ പോലുള്ളൊരു കണ്ണിൽ നിന്ന-
ത്തീക്കട്ട കോരിച്ചൊരിയുന്ന മട്ടിൽ
നോക്കീട്ടു കോപത്തൊടു രാമനേ വൻ-
പോർക്കട്ടഹാസേന ഖരൻ വിളിച്ചാൻ.45

പോരിന്നു പോരിന്നു മദീയവീര്യം
പാരൊന്നു പാരൊന്നു നടുങ്ങുമിപ്പോൾ
വൻപിട്ടുവൻപിട്ടു നകട്ടി നിൽപ്പോ-
നല്ലോർക്ക നല്ലോർണിരത് നമീ ഞാൻ.46

ചൊന്നാൻ തദാ മാനവവീരനേവം
നന്നാണടോ നിന്നുടെ ഢീക്കു കേട്ടാൽ
എന്നോടു നീ ഭീക്ഷണി കാട്ടിടാതെ
നിന്നീടുകെന്മന്നിലൊരൽപ്പനേരം.47

ആരിൽജ്ജയം കൈവരുമെന്നുരയ്വാൻ
സാരജ്ഞരായുള്ള മഹത്തുകളും
ധൈര്യം വരാതുള്ള വിധത്തിലപ്പോൾ
നേരിട്ടു യുദ്ധത്തിനും രണ്ടു പേരും.48

കണ്ണാട്ടമില്ലാത്തൊരു വിണ്ണവർക്കു-
മെണ്ണാൻ മഹേന്ദ്രന്നുമെളുപ്പമേന്യേ
ആണത്തമേറുന്നവർ കൈച്ചുറുക്കി-
ബ്ബാണപ്രായോഗത്തിലുദാഹരിച്ചു.49

ഡംഭോതുമക്കൗണപനല്പമപ്പോൾ
സ്തംഭിച്ചു തൻവില്ലു ഞെരിഞ്ഞമൂലം
ജൃംഭിച്ചെഴും രാഘവനെജ്ജയിപ്പാൻ
ദംഭാന്നിതൻ കൗശലമോർത്തു ചീർത്താൻ.50

പിന്നെക്ഖരൻ വേറൊരു വില്ലെടുത്തു
സന്നദ്ധനായൊന്നു കുലച്ചു നോക്കി
മങ്ഗല്യമർത്ത്യന്റെ കരാഞ്ചലത്തിൽ
സങ്ഗിച്ച ചാപത്തെ മുറിച്ചു രണ്ടായ്.51

സീതാപതിക്കപ്പൊഴുയർന്ന കോപാ-
ലാതാമ്രമായ് വന്നു മുഖാരവിന്ദം
സാദം വിനാ കുഭജദത്താമാമ-
ക്കോദണ്ഡരത് നത്തെയെടുത്തു വേഗം.52

എപ്പോൾ മഹാവൈഷ്ണവമായ ചാപം
ചിൽപ്പൂരുഷൻ കൈയിലെടുത്തെടുത്തു
അപ്പോൾ ഖരൻതാനവിന്റെ ശണ്ഠാ-
ക്കൊപ്പവും മുടിഞ്ഞങ്ങു കളം പിരിഞ്ഞു.53

ജ്യേഷ്ഠത്തിയേ മുന്നിൽ നടത്തിയപ്പോൾ
ജ്യേഷ്ഠാന്തികം പുക്ക സഹോദൻ താൻ,
കേട്ടീ വിശേഷങ്ങളെ മാമുനീന്ദ്ര-
രൊട്ടുക്കൊരാശിസ്സു പറഞ്ഞു മോദാൽ.54

ഒമ്പതാം സർഗം സമാപ്തം

പത്താം സർഗം

കനകക്കലയിങ്കലാശയേറും
മനവിക്കുള്ള മനേരഥം നടത്താൻ
മുനിവേഷമെടുത്ത രാമചന്ദ്രൻ
തനിയേ താനതിനെത്തുടർന്നു പിമ്പേ1

ശരവും പഥി പള്ളിവില്ലുമൊറ്റ-
ക്കരനാളത്തിലെടുത്തൊളിട്ടു പിന്നിൽ
തിരുമേനിയൊതുക്കി നിന്നു മറ്റേ-
ക്കരവും നീട്ടിയടുത്തു മെല്ലെ മെല്ലെ2

പടുവാം മൃഗമൊട്ടടുത്തു നിൽക്കും
പിടികിട്ടും പടി രാഘവന്റെ നേരേ
ഉടനേയരികത്തണഞ്ഞു ദേവൻ
തടവാനും ചൊറിവാനുമായ് തുടങ്ങും3

കളവുള്ള മൃഗം കുതിച്ചോരൽപ്പം
കളി കാട്ടിപ്പുനരൊട്ടു ദൂരെ മാറും
തെളിവോടഥ രാഘവൻ പതിഞ്ഞൊ-
ന്നൊളിവിൽച്ചെന്നു വിളിച്ചിണക്കി നിർത്തും4

ഇതുപോൽ വിളയാടിയാശ്രമം
ട്ടതിദൂരത്തിലണഞ്ഞു രാമചന്ദ്രൻ
ഇതു കൈയിലകപ്പെട്ടില്ലയെന്നോ-
ർത്തെതിരെ സായകമൊന്നെടുത്തു വിട്ടാൽ 5

ശരമേറ്റുമൃഗമം ചടഞ്ഞുവീണി-
ട്ടൊരു രാത്രിഞ്ചരരൂപമായ്ക്കരഞ്ഞു
ഒരു രാക്ഷസവീരനെന്നെ വെട്ടി-
ക്കുരുതിയ്ക്കായ്തുനിയുന്നു കഷ്ടമയ്യോ 6

അയി സോദരാ വേഗമോട്ടു നീ വ-
ന്നയിരേ കീട്ടിഹ കാത്തുകൊൾക നമ്മെ

പരിദേവനമാശ്രു കേട്ടിവണ്ണം
പരിതാപം ജനകാത്മജയ്ക്കുയർന്നു 7

നട കൊള്ളുക വേഗമെന്നുചേത-
സ്സിടറിക്കേണവളോതിടുന്ന നേരം
ഇതുകേട്ടിളകൊല്ലനീയിതെല്ലാം
ചതിയാണെന്നു പറഞ്ഞുലക്ഷ്മണൻതാൻ 8

അതിനാലവളൊട്ടടങ്ങിവാഴാ-
തതിമാത്രം മിഴിനീരു വാർത്ത്
നിലകെട്ടുരചെയ്തു സോദരൻ തൻ
തൊലിയെല്ലാം പൊളിയും പ്രകാരമപ്പോൾ 9

ദയയെന്നതു തീരെയില്ല നിന്നാ-
ശയമോ കല്ലിനു തുല്യമോർത്തു കണ്ടാൽ
സ്വയമേട്ടനെയിന്നു കണ്ണുകെട്ടി-
ക്കയമധ്യത്തിലിടാൻ മടിക്കുമോ? നീ. 10

“അനുജൻ മമ സാധു”വെന്നുകണ്ടാ-
ണനുയാനത്തിനു സമ്മതിച്ചതേട്ടൻ;
മനുവിന്റെ കുലേ പിറന്ന നീയെ-
ന്തിനു വംശം വഷളാക്കുവാനൊരുങ്ങീ? 11

ചതിയിൽ മമ കാന്തനെക്കുടുക്കി-
ക്കഥ തീർത്തേച്ചു മടങ്ങിയങ്ങു ചെൽവാൻ
ഭാരതന്നൊരു പക്ഷപാതിയായ് നീ
കരുതിക്കൂട്ടിയിണങ്ങി വന്നതല്ലേ? 12

രഘുനാഥനു നാശമെത്തിയെന്നാൽ
സുഖമായെന്നെ നിനക്കു കൈക്കലാക്കാം
അകതാരിലിതോർത്തുവെങ്കിൽ ഞാന-
ബ് ഭഗവാനാണനുകൂലയല്ലിതാർക്കും. 13

അവനായതു കേട്ടസഹ്യഭാവാൽ
ചെവിരണ്ടും നിജ കൈകൾകൊണ്ടു പൊത്തി
മുറപോലുരചെയ്തിതെന്തു? മുഗ്ധേ!
കറയുണ്ടായ് വരുമോ? കരിമ്പടത്തിൽ. 14

ഇതുനാൾവരെയെന്റെ പെറ്റ തായോ-
ടെതിരായ് നിന്നെ നിനച്ചു കാട്ടിലും ഞാൻ
ഇനിമേൽ ഭരതന്റെ തള്ളയപ്പോൽ
മനതാരിൽ കരുതാൻ പറഞ്ഞുതന്നു. 15

ഉരചെയ്തതു പോരുമിന്നു കാട്ടിൽ-
തിരവാനായ് ബത പോയിടുന്നിതാ ഞാൻ
കരളിൽ കരുതീട്ടു വാഴ്ക നന്നായ്
വരുവാനുള്ളതു വന്നുതന്നെ തീരും. 16

പരുഷോക്തികളേവ്വമോതി മായാ-
പുരുഷൻ പോയൊരു പാദമുദ്രനോക്കി
പുരുഷോത്തമനായ ലക്ഷ്മണൻ താൻ
പുരുചാഞ്ചല്യമൊടും നടന്നു മെല്ലേ. 17

ഇതുതന്നെ നമുക്കു തക്കമെന്നോ-
ർത്തതി വേഗത്തൊടു ദുഷ്ടനാം ദശാസ്യൻ
യതിവേഷമെടുത്തു സീത താനേ
മതിഖേദാൽ മരുവുന്നിടത്തു ചെന്നു. 18

ജടയും നെടുതായ താടിയും പൂ-
ണ്ടുടൽ മുച്ചൂടുമണിഞ്ഞു നല്ല ഭസ്മം
വടിമേലൊരു സഞ്ചി കെട്ടി ഞാത്തി-
ട്ടിടമ കൈക്കുഴിയിങ്കലങ്ങിടുക്കി.19

ജപമാല വലത്തു കൈയിലേന്തീ-
ട്ടൊരുപക്കത്തു ചുരുക്കുടുക്ക തൂക്കീ
മൃദുവൽക്കലമൊന്നുടുത്തു മേലേ

നെടുതായുള്ളൊരു കാവിമുണ്ടുമിട്ടു.20

പലനിങ്ങനെ കള്ളവേഷമാർന്നി-
ട്ടഥ പാദക്കുരടിൽക്കരേറി മെല്ലേ
ഹര ശങ്കര നീലകണ്ഠ ശംഭോ!
പരിപാഹീതി പറഞ്ഞെടുത്തു ചെന്നു.21

പണി നോക്കി നിരന്തരം മനോജ-
പ്പിണി പൂണ്ടെത്തിയ കള്ളയോഗി തന്നെ
ഉണ്ണിയെന്നു നിനയ്ക്കുകൊണ്ടു നല്ലാർ-
മണിയാം മൈഥിലി സൽക്കരിച്ചിരുത്തി.22

മടവാർമുടി രത്നമാലികേ! മാം
വടിവോടിങ്ങനെ സൽക്കരിച്ച നീ താൻ

മടിവാടതെ പറഞ്ഞിടാരെടോ! നി-
ന്നുടയോരാരിഹ? വന്നു പാർപ്പതെന്തു?23

ചതിയേറിയ ഭിക്ഷുവിന്റെ ചോദ്യം
സതിയാമൂഴികുമാരി കേട്ട നേരം
അതികൗതുകമാർന്നുകൊണ്ടു ചിത്തേ
യതിയോടിത്തരമുത്തരം പറഞ്ഞാൾ24

പൊളിയല്ലിതയോധ്യയിങ്കൽ മന്ന-
ന്നുളവായ് വന്നിതു നാലു നന്ദനന്മാർ
അതിലഗ്രജന്റെ ജീവനാഥൻ
മതിമാന്മർക്കൊരു മുമ്പനായ രാമൻ25

പ്രിയസോദരനെപ്പിരിഞ്ഞിടാതി-
ങ്ങനുജൻ ലക്ഷ്മണനെന്നൊരാളുമുണ്ട്;
മമ പേരിഹ സീതയെന്നു ചെല്ലം
മരുവുന്നു ജനകാജ്ഞയാലെ ഞങ്ങൾ26

കനിവോടു തളർച്ച തീർത്തു കായും
കനിയും തിന്നു ഭാനിരിക്കിലൽപ്പം
മനുജേശ്വരപുത്രർ വേട്ടയാടീ
ട്ടിനിയിപ്പോളിഹ വന്നുചേരുമല്ലോ.27

അതുകേട്ടവളോടുരച്ചു പാരം
കുതുകത്താൽ കഹനായതീന്ദ്രനേവം;
മതിനേർമുഖി! ഞാൻ നിനക്കു നേരെ
ഹിതമായുള്ളതു കേൾക്കിലിന്നു ചൊല്ലാം.28

അതിസുന്ദരിയാണു നീ മനോജ്ഞേ!
രതിപോലും തവ ദാസിയായിരിക്കും;
പുതുയൗവനമോടിയേ യിവണ്ണം
പതിവായ് കാട്ടിലിരുന്നു കൈവിടേണ്ടാ.29

അതുതന്നെയുമല്ല കാനനത്തിൽ
ചതിയേറീടുമരക്കരുണ്ടനേകം
മാതിരും ചില ദുഷ്ടജന്തുജാതം
സതിയാം നീയൊരു സാധുശീലയല്ലോ.30

മുനിവേഷമെടുത്ത നിന്റെ കാന്തൻ
നിരുപിച്ചാലൊരു നിർഗുണൻ ഗുണജ്ഞേ!
അവനെന്തെനുരാഗഭേദമിപ്പോ-
ള്ളവേ കാമകലാവിഘാതലോലൻ.31

അലസാതിനിയെന്റെ കൂടെ വന്നാൽ
പലഭോഗങ്ങളുമിച്ഛപോൽ ഭുജിക്കാം
ബലമുള്ള ദശാസ്യനേഷ ഞാനീ-
യുലകം മൂന്നിലുമൊച്ച പൂണ്ട വീരൻ.32

ഇതുകേട്ടവളൊന്നു ഞെട്ടി വല്ലാ-
തിടിവാളേറ്റതുപോലെയമ്പരന്നാൾ;
കടുകോപമിയന്നുരച്ചു പിന്നെ-

മുടിയാൻ കാലമടുത്തെടോ! നിനക്കും. 33

രചനീചരചക്രവർത്തിയപ്പോൾ
സ്വശീരരത്തെ വെളിപ്പെടുത്തി വേഗം
മാറിമാൻമിഴിയാളെയക്ഷണത്തിൽ
തറയോടും ബത ചൂഴ് ന്നെടുത്തു ശൂരൻ.34

മലമങ്കയുമീശനും വസിക്കും
മലയമ്മാനകളിച്ച വീരനണ്ടോ
മലയാതവളെ ദ്ധരിത്രിയോടും
ചലനം ചെയ്യുവതിന്നു കൈക്കുഴപ്പം.35

ഒരു ഭൃതരുമങ്ങറിഞ്ഞു ചെന്നി-
ട്ടെതിരിട്ടീടരുതെന്നു കണ്ടു ചിത്തേ
വീരവോടഥ വാനിലൂടെ ലങ്കാ-
പുരിയെപ്പാർത്തു കിതച്ചു പാഞ്ഞു പാപൻ.36

ജനകാത്മജയേറിയോരു ഖേദം
മനതാരിൽസ്സഹിയായ്ക്കണ്ടു പിന്നെ
ജലരൂപമൊടും വെളിക്കു ളുകി
മുറിയിട്ടിങ്ങനെ പേടിയോടു ഗാഢം.37

കണവാ! പുനരെങ്ങു പോയിരിക്ക-
ന്നിണയാമെന്നെയുമീവിധം വെടിഞ്ഞ്
തുണയായൊരു തമ്പിയും വെറുത്താ-
നണയത്താരിനിയെന്റെ രക്ഷ ചെയ്വാൻ.38

വലവെച്ചതിൽ വന്നകപ്പെടുമ്പോൾ
മലവേടൻവരവോർത്തു സംഭ്രമത്താൽ
നിലവിട്ടിളകും മൃഗേക്ഷണത്തിൽ
തുലയാളും മിഴിയാളിവണ്ണമെല്ലാം.39

നെടുവീർപ്പൊടു കേഴുമൊച്ച കേട്ടി-

ട്ടടനങ്ങെത്തി ജടായു കങ്കരാജൻ
തടയിട്ടു ദശാനനന്നു തമ്മിൽ
പൊരുതാർ വാശി വിടാതെ രണ്ടുപേരും(യുഗ്മകം) 40

തുരഗങ്ങളെയും നിശാചരൻ തൻ
രഥവും തച്ചു തകർത്തു പക്ഷിരാജൻ
മുഖമെക്കെയുമള്ളിമാന്തി, യൂക്കൻ-
നഖവുംവാവ്വഥ യാത്രയും മുടക്കീ.41

മുഷിയുന്നൊരു രാക്ഷസേന്ദ്രനപ്പോൾ
വിഷമിച്ചങ്ങനെ നിന്നൊരൽപ്പനേരം
വൃക്ഷഭധ്വജനേകിയൊരു വാളാൽ
ക്ഷണിച്ചാൽ കഴുകന്റെ പക്ഷയുഗ്മം.42

വെറിയേറിയൊരുദ്ദശാസ്യനപ്പൊൾ
മറിമാൻകണ്ണിയെ മറ്റു തേരിലേറ്റി
കുറതീർന്നുടനേ തിരിച്ചു തെക്കോ-
ട്ടറിയാനാർക്കുമിടം കൊടുത്തിടൊതേ.43

വഴിയിൽപ്പുനശ്യമൂകശൈല-
ച്ചുഴിയിൽകണ്ടു കപീന്ദ്രരഞ്ചുപേരെ
കിഴിയാക്കിയ ഭക്ഷണം മടുത്തു
മൊഴിയാളൂഴിയിലോട്ടെറിഞ്ഞു പോയാൽ.44

അവനിക്കഥയൊന്നുമേ ധരിക്കാ-
തവനീപുത്രിയൊടും ഗമിച്ചു ശീഘ്രം
പുരുഭൂതി നിറഞ്ഞിടുന്ന ലങ്കാ-
പുരുയിൽച്ചെന്നു കൃതാർഥനായിരുന്നാൻ.45

അവൻപൊടശോകവൃക്ഷവാടീ-
നടുവത്തുള്ളൊരു ശിംശപയ്ക്കടുക്കൽ
അവളെബ്ബത കൊണ്ടുപോയി വച്ചാ-

നനലസ്തംഭനമാം മരുന്നു പോലെ.46

പരദേവതയെ പ്രതിഷ്ഠചെയ് ചെയ് വു
പുരുഷാർഥത്തിനുവേണ്ടി മാനവന്മാർ
ദശകണ്ഠനമന്ത്യമാം പൂമർഥം
വശമാക്കാൻ കുടിവച്ചു ദേവിതന്നെ. 47

കപടക്കലയേ വധിച്ചു പിന്നെ-
ത്തിരിയെത്തന്റെ തപോപവനത്തിലേക്കായ്
രഘുപുംഗവനാശു പോന്നിടുമ്പപോ-
ളെതിരേ ലക്ഷ്മണനങ്ങു ചെന്നു കണ്ടാൻ.48

ജനകാത്മജയെത്തനിച്ചിരുത്തീ-
ട്ടനുജൻ പോന്നതബദ്ധമെന്നു ചൊല്ലി
ഇനിയെങ്കിലുംമാശു പോക നാമെ-
ന്നനശോചിച്ചുടനാശ്രമം ഗമിച്ചാൻ.49

അരുണാധരിതന്നെയങ്ങു കാണാ-
ഞ്ഞരുണാംഭോരുഹനേത്രനായ രാമൻ
ശരണാഗതരക്ഷണം നടത്താം
കരുണാമൂർത്തി കരഞ്ഞിടാൻ തുടങ്ങീ.50

ദയിതേ! പുനരെങ്ങു പോയെടോ! നീ
യയി! തേ ഞാനപരാധമെന്തു ചെയ്തു?
മയി തെല്ലനുകമ്പ തോന്നിയുള്ളിൽ
പൊയിതേറാതരികത്തു വാന മനോജ്ഞേ.51

അരവനാഴിക വേർപിരിഞ്ഞിരിപ്പാ-
നരുതാഞ്ഞിട്ടു വനത്തിൽ വന്നു പാർക്കും
അരവിന്ദവിലോചനേ! നിനക്കീ-
വിരഹത്തിങ്കലൊരാശയെന്തു വന്നു?52

ചതിയുള്ളൊരു മാനിനെപ്പിടിപ്പാ-
നതിവേഗത്തൊട് പോയിരുന്നൊരീ ഞാൻ
അതിനെത്തവ കൊണ്ടുതന്നിടാഞ്ഞി-
ട്ടതികോപത്തൊടു നീയൊളിച്ചതല്ലേ?53

മതിബിംബമതിങ്കലേക്കുമംഗം
കൊതി തീരുംപടി കൊണ്ടുവന്നു നൽകാം
അതിനും മമ തോൽവിയില്ലെടോ! വെൺ-
മതി വെല്ലും ദൃഢമെന്നു നിൻമുഖത്തെ.54

മുറയിട്ടിതുപോലെ രാമനും തൻ-
പിറകേ തമ്പിയുമായ് തിരിച്ചു പിന്നെ
മറിമാൻമിഴി പോയ മാർഗമേതെ-
ന്നറിവാനായി വനത്തിലൂടെ മെല്ലേ.55

വഴിമേലവർ കണ്ടുകണ്ടു പോകും
മൊഴിയാപ്രാണികളോടു രാമചന്ദ്രൻ
പൊഴിയുന്നൊരു കണ്ണുനീർ തുടച്ചും
വഴിയാംവണ്ണമിദം പറഞ്ഞു കേണാൻ.56

പരമാർഥമുരയ്ക്ക നല്ല താളി
പ്പനയേ! നിൻകുലപോലെ കേശഭാരം
പരിചോടു വഹിച്ചൊരുത്തിയീ നി-
ന്നരികിൽക്കൂടി വരുന്നതിനു കണ്ടോ? 57

അളിയേ! തവ ശോഭ പോലെ നെറ്റി-
ക്കളകം നല്ലൊരു മാലയായണിഞ്ഞ്
ഒഴിയാതിതിലേ ഗമിച്ചിതോ? പൂ-
ങ്കുഴലാളഴകിയൊരുഴിമിന്നലിപ്പോൾ58

ഒളിയാർന്നൊരു താമരേ! വൃഥാ നീ
പൊളിയോതീടരുതേ മുഖത്തു നോക്കി
തവ കാന്തികളൊക്കെയും മുഖത്താൽ

കവരും കാമിനിയീവഴിക്കു വന്നോ?59

അയി! തേ കുശലം കഥിക്കേടോ! പൂ
ക്കയിതേ! വസ്തുത ഞങ്ങളോടു നേരെ
മൃദുനാസിക നിന്റെ മൊട്ടിനൊപ്പം
മുതിരും മാനിനി വന്നിതോ? സമീപേ.60

കളവോതരുതുന്ന ചക്രവാക-
ദ്വിജമേ! നിൻ വാടിവൊത്തു മാറിടത്തിൽ
കുചമണ്ഡലമുള്ള മങ്കയാളീ
വഴിയേ പോയതു നീയറിഞ്ഞതില്ലേ?61

പുരുവിക്രമ സിംഹരാജ! നീയെ-
ന്തുരിയാടാതെ മിഴിച്ചു നിന്നിടുന്നു?
ഇട നിന്നൊടു തുല്യമായ് ചുരുങ്ങീ-
ട്ടിതിലേ പുങ്കുഴലാളൊരുത്തി പോയോ?62

പിടിയോടു പിരിഞ്ഞിരിക്കെ മൂലം
നെടുവീർപ്പിട്ടു നടന്നിടും കരീന്ദ്ര!
മടിയാതുരചെയ്ക നിന്റെ ചാരേ
മടവാർമൗലിയൊരുത്തി വന്നതുണ്ടോ?63

പൊടിയാട്ടുക പിന്നെയാട്ടെടോ! നീ
ചൊടി ചെമ്പിച്ചൊരുസത്വവേദിയല്ലേ?
തുട നല്ല കുരുക്കമൊണവൾക്കു-
ള്ളടയാളം നനിയുള്ള നിൻ കരംപോൽ. 64

അഴകേറിയൊരന്നമേ! നിനക്കീ
നടയപ്പണ്ടു പറഞ്ഞു തന്നൊരുത്തി
ഗുരുദക്ഷിണ വാങ്ങുവാനിദാനീ-
മിഹ വന്നേച്ചവൾ പിന്നെയെങ്ങുപോയീ?65

കുയിലേ! പറകിന്നൊരുത്തിയീ നി-

ന്നയലത്തുടെ നടന്നു പോയതുണ്ടോ?
അവൾ താനുപദേശമേകി മുന്നം
തവ ചാരുസ്വരമായതോർമയില്ലേ?66

വിരിയും മലർ ചൂടിയഗ്രഭാഗേ
തളിരും തണ്ടു മിടയ്ക്കിടയ്ക്കു വീശി
മുകുളങ്ങളുമേന്തിയിങ്ങുലഞ്ഞാ-
ലതയെങ്ങോട്ടു ഗമിച്ചശോകമേ! ചൊൽ.67

പുഴയിൽ കളിയാടുവാൻ പുരാ മീൻ-
മിഴിയാളെന്നെയൊഴിഞ്ഞു പോവതില്ലോ;
പതിവായതു താഴ് ത്തി വച്ചിദാനീ-
മതിലേക്കായവളാഗ്രഹിക്കയില്ലാ.68

ഇര തെണ്ടി വയറ്റിനേ നിറയ്ക്കാൻ
വനമധ്യങ്ങളിൽ വാടകൊണ്ടടുക്കും
ചില ദുഷ്ടമൃഗൗഘമുണ്ടതിന്നെൻ
തരളാപാങ്ഗിയെ ഹിംസ ചെയ് തുപോയോ?69

അഥവാ! നരജാതിയെ ബ് ഭുജിപ്പാൻ
കൊതിയേറീടുമരക്കരുണ്ടു കാട്ടിൽ
അവരെന്നുടെ കാന്തയെപ്പിടിച്ചി-
ട്ടവമാനിച്ചു വധച്ചു തിന്നിരിക്കാം. 70

അധുനാ മമ താതനേ നമിക്കു-
ന്നതിനായ് വിണ്ണിനു നീ ഗമിച്ചതെങ്കിൽ
തവബുദ്ധിയിതേർക്കിലെത്ര മോശം?
ധവനേ വിട്ടതു നീതിയല്ല ബാലേ! 71

ഗുരുകൽപ്പിതമാമരണ്യവാസം
ശരിയായിന്നിയൊരാണ്ടു കൂടിയുണ്ട്
ഇതു മിച്ചമിരിക്കെ നീയൊഴിഞ്ഞാ-
ലതിസാമർത്ഥ്യമതേവരും പഴിക്കും.72.

കളിയാതൊരു നാളിൽ മണ്ണുരുട്ടി-
ക്കവളം നീ മമ താതനേകിയപ്പോൾ
ഒരു ദിവ്യശരീരമോടുമച്ഛൻ
തവ ചാരത്തെഴുന്നള്ളി വാങ്ങിയല്ലൊ73

അതിനാൽ നൃപതിക്കു നിന്റെ മേലു-
ണ്ടതിവാത്സല്യമിതന്നു ഞാനറു
അധുനാ ലികടേ ഗമിക്കിലച്ഛ-
ന്നതിലും കൗതുകമേറിയേക്കുമുള്ളിൽ74

ഹിതമായതുകൊണ്ടു വാനിലും നി-
ന്നരികത്തെന്നെയുമാനയിപ്പതിന്നായ്
ഒരു നല്ല ശുപാർശചെയ്കടോ നീ;
ഭരതൻ മേലിലുമൂഴിയെ ബ്ഭരിക്കും75

രാഗാനുബന്ധമതിയായി വളർന്നിരുന്ന
രാകാശശാങ്കമുഖിയോടു പിരിഞ്ഞ മൂലം
ദശകാന്തരങ്ങളിൽ വലഞ്ഞിതു പോലെ രാമൻ;
മാഴ്കാത്തതാര്? ഭുവി മാനുഷജാതിയിങ്കൽ.76

കന്നൽക്കണ്ണിയെ വേർപിരിഞ്ഞുഴലുമ ശ്രീരാമനും കാട്ടില-
ങ്ങന്വേഷിച്ചു നടന്നപോതനുജനും ധൈര്യം വെടിഞ്ഞു തുലോം
നന്നായിക്കഥ കണ്ടപോലെ കഥനം ചെയ്തോരു വാന്മീകിതാൻ
മന്നിൽധീരനഹോ തദീയഹൃദയം പാർത്താൽ കരിങ്ങഅകല്ലുപോൽ.77

പത്താം സർഗം സമാപ്തം

പതിനൊന്നാം സർഗം

മുത്തണിഞ്ഞ മുലയാളൊട്ടു വേർപെ -
ട്ടുത്തലേറി നരപാലസൂതന്മാർ
ഇത്തരം വ്യസനമാർന്നു വിലാപി -
ച്ചിത്തിരിസ്ഥലവുമങ്ങു കഴിഞ്ഞു.1

കറ്റാവാർ കുഴലിയെബ്ബത കാണാ-
ഞ്ഞുറ്റുനോക്കിയവിടങ്ങളിൽ വീണ്ടും
ചെറ്റു ദൂരമണയുന്നൊരു നേര
ത്തൊറ്റു കിട്ടിയതു ദൈവ നിയോഗാൽ. 2

മല്ലു വച്ചു മദമേറു മരക്കൻ
തല്ലു കൊണ്ട് തനുവൊന്ന് തകർന്ന്
എല്ലൊടിഞ്ഞു ചിറകറ്റജാടായു -
സ്സല്ലസിച്ചിതെതിരെ വഴിമധ്യേ. 3

കണ്ടനേരമവനേ നിജ ചിത്തേ
രണ്ടിരട്ടിയുളവായി വിഷാദം
അണ്ടർ കുപ്പുമരശൻ ബത! ചോദി -
ച്ചിണ്ടലെന്തിതിടപ്പെട്ടു ? ജടായോ! 4

കൂറെഴുന്ന ഭഗവാനുടെയൾത്താ -
രുറിയുള്ളെരനുയോഗ വിശേഷാൽ
നീറി മന്ദമണയുന്നയിരോട -
ഞ്ഞാറു വാക്കവനിവണ്ണമുരച്ചാൻ 5

ചാണവിട്ടിവിടെ നിന്നെഴുന്നൽപ്പാൻ
ത്രാണിയില്ലടിയനെൻ ഭഗവാനേ !
കാണിനേരമുടൽ കണ്ടുമരിപ്പാ -
നാണിയായതിഹ മാമകപുണ്യം. 6

ദുഷ്ടനാകുമൊരു രാവണനങ്ങേ -
ക്കിഷ്ടമുള്ള മിഥിലാത്മജതന്നെ

കട്ടുകൊണ്ടു നടകൊണ്ടരിഞ്ഞിട് -
ട്ടൊട്ടു നേർത്തടിയനങ്ങമർ ചെയ്യേൻ. 7

കോളു കണ്ടു വിഷമിച്ചവനപ്പോൾ
വാളുകൊണ്ടു ചിറകും മമ വെട്ടീ ;
കേളിയുള്ള ഭഗവാനൊടിതോതു -
ന്നോളമിങ്ങുയിരു ദേവിയുമേകീ 8

പ്രാണവേദന സഹിക്കരുതയ്യോ !
കാണിനേരവുമെനിക്ക് ദയാലോ!
ക്ഷീണനായൊരടിയന്റെ ശരീരം
പാണികൊണ്ടിഹ തലോടുക വേണം. 9

രാമദേവനുടനെ നിജഭക്ത -
ന്റാമയങ്ങളഖിലം കളവനായ്
പ്രേമപൂർവമുടൽ തൊട്ടിതലോടി -
ക്കേമനാമവനു സല്ലഗതി നൽകീ. 10

കട്ട കുട്ടിയവരശവമപ്പോൾ
ചുട്ടെരിച്ചു ചുടലക്രിയചെയ്താർ;
ഇഷ്ടമോടു നിജദാസനു മോക്ഷം
കിട്ടുകെന്നുമതുൾ ചെയ്തിതു നാഥൻ. 11

സ്വന്തം കാര്യമതിലേക്കു മുഷിഞ്ഞോ -
ർക്കെന്തുമേകണ മിതുത്തമധർമ്മം
ഇജ്ജനങ്ങളതു കണ്ടു പഠിപ്പാ -
നജ്ജഡത്തെയെരിചെയ്തു ദേവൻ. 12

ദേഹമുഴിയിലിതെന്നു മിരിക്കാ,
മോഹമെന്തിനു ? ശരീരമിതിങ്കിൽ,
സ്നേഹമോടൊരുവന ന്യനുവേണ്ടി -
സ്സാഹസം തുടരുകിൽഗ്ഗതിയുണ്ടാം. 13

രാമചന്ദ്രനവളെത്തിരവാനായ്
പ്രേമമേറുമൊരു സോദരനോടും
ആ മഹാടവിയിൽ നിന്നഥ തെക്കോ -
ട്ടാമയത്തൊടു നടന്നിതു ദൂരെ. 14

പൊക്കമുള്ളൊരുമലഞ്ചരുവേ താൻ
വെക്കമങ്ങടിത്തിട്ടുമപ്പോൾ
തക്കമോർത്തനുജനെപ്പിടി കൂടി -
കൈക്കലാക്കി നടകൊള്ളുവതിനായ്.15

നീലമാമലയൊടൊത്തവപുസ്സാ -
ർന്നോലി പോലെയലറീട്ടതിഘോരം
മോടിചേർന്ന മുലതമ്മിലടിപ്പി -
ച്ചോടിയുക്കൊട്ടുമയോമുഖി ചെന്നാൾ.16

കണ്ടുരാക്ഷസിയെവൻപൊട്ടു കോപം
പൂണ്ടുതൻ ചുരികയുരി കുമാരൻ;
പണ്ടു ശൂർപ്പണഖയെന്നതു പോലിത്തണ്ടു
തത്തിയുടനെ നടകൊണ്ടാൾ. 17

നിന്നിടുന്ന കഴവിൽ ത്തനിയേ താൻ
ചെന്നുകേറുമവിവേകികളെല്ലാം
എന്നപോലെ രഘുവീരസമിപേ
ചെന്നുചാടിയൊരവൾക്കു പിണഞ്ഞു. 18

കാമവേദന പൊറായാകിലുമുള്ളം
സീമവിട്ടുചലിയാതെയിരിപ്പാൻ
ക്ഷേമമേറ്റുവതിതാഗ്രഹമുള്ളോ -
രേവരരം കരുതിവാഴുകിൽ നന്നാം, 19

ക്രൗഞ്ചമെന്നു പറയുന്നൊരു കാട്ടിൽ
സഞ്ചരിച്ചവിടെ നിന്നവർ പിന്നേ
ചഞ്ചലാക്ഷിയെ രുജാ തിരയുമ്പോൾ

വൻചതിക്കവിടെയും വഴിവിണ്ട. 20

ആദിശേഷനെതിരാമിരു കൈകൊ -
ണ്ടാദിനേശ കുലജാതരെ വേഗാൽ
സ്വാദറിഞ്ഞിടുവതിന്നു തടുത്താ -
ന്നുതിവീർത്ത തനുവുള്ള കബന്ധൻ. 21

യാത്ര മുട്ടിയതു മൂലമവർക്കാ
മാത്രയിങ്കലുളവായ് തരളത്വം,

കത്തിവച്ചഥ കരങ്ങളരുത്ത
ച്ചിത്തവിഭ്രമമൊഴിച്ചിതു വേഗാൽ 22

ആപ്പെടുന്ന വകയെപിടികൂടി
സ്സാപ്പിടേണ്ടിയ കരങ്ങളേയേവം

താപ്പു കണ്ടു കഷണിച്ച കരുത്തിൻ
മാപ്പുകാട്ടിയവരോടവനോതീ. 23

ഊക്കെഴുന്ന മമ കൈകൾ മുറിപ്പാൻ
തക്കപോലിവിടെ വല്യവനേവൻ
അക്കണക്കരികിൽ വന്നവരെങ്കിൽ
തർക്കമില്ലവരെ ഞാനിഹ ക്ലപ്പാം.24

അഷ്ടവക്രമുനിതന്നുചെ ശാപാൽ
ദൂഷ്ടനാ യൊരു നിശാചരനായ് ഞാൻ
ഭ്രഷ്ടവന്നത് നിമിത്തമൊരുന്നാൾ
മുഷ്ടിയുധദ്ധമമരേശനൊടേറ്റേൻ. 25

ഇന്ദ്രനനെൻ തലയറുക്കിലുമന്തോ ?
വന്നതില്ല മൃതിയെന്നതുമൂലം
അന്നു കുക്ഷിയിയിലെനിക്കൊരു വായും
തന്നു കൈകളെയുമിങ്ങനെ നീട്ടി. 26

കോപമോട്ടു മുനിയാദ്യമെനിക്ക -
ശ്ശാപമിട്ട പിറകേ കനിവോട്ടും
ത്വൽക്കരങ്ങളെയറുത്തിനി രാമൻ
നീക്കുമീ വ്യഥകളെന്നരുൾ ചെയ്താൻ 27

കണ്ട മട്ടിനിതെനിക്കു മുനീന്ദ്രൻ
പണ്ടുചൊല്ലിയതുപോലെ, ഭവാന്മാർ
രണ്ടുപേരിലൊരുവൻ മുനിവേഷം
പൂണ്ട രാമനനുജൻ ദൃഢമന്യൻ. 28

കഷ്ടമിങ്ങു കൊടുതായൊരു കാട്ടിൽ -
പട്ടിണിക്കുമിടയായി വലഞ്ഞേൻ;
വിഷ്ടപേശ്വര! ഭവൽകൃപയാലേ
നഷ്ടമായി നരകം നരകാരേ! 29

എന്നുരച്ചുയിർ വെടിഞ്ഞു കബന്ധൻ
പിന്നെ രാമ, നവനുള്ളൊരു ഗാത്രം
അന്നിലത്തു ചിത കൂട്ടിയെരിച്ചാ -
നന്നവന്നു ഗതികിട്ടുവതിന്നായ്. 30

നന്മ നൽകുവതിനായ് മൃതദേഹം
ചിന്മയൻ ചുട്ടുകയായുതുനേരം
കന്മഷങ്ങളെയൊഴിഞ്ഞൊരു യക്ഷൻ
സമ്മദത്തൊടിതുപോലറിയിച്ചാൻ31

മങ്ങലൊന്നുമണയാതെ ലഭിക്കും
മങ്ഗലാങ്ഗിയെ നിനക്ക് മഹാത്മജൻ!
ഇങ്ങടുത്തൊരു തപോവനമുണ്ടി -
ന്നങ്ങു ടെല്ലിലറിയാം പരമാർത്ഥം.32

പുണ്യനാനവനുണർത്തിയിവണ്ണം
വിണ്ണിലേക്കു കൊണ്ടൊരുശേഷം

ദണ്ഡമാർന്ന ഹൃദി പങ്ക്തിരഥൻതൻ
കണ്ണിലണ്ണികൾ തിരിച്ചവിടിന്നും 33

പിന്നെയങ്ങു പല കാഴ്ചകളാലേ
കണ്ണിണയ്ക്കു കുതുകത്തെ വളർത്തും
പർണശാലയുമതിങ്കലിരിക്കും
തമ്പിയാളെയുമടുത്തവർ കണ്ടാർ 34

നിഷ്ഠയേറുമവൾ രാഘവപാദം
തൊട്ടുവിണു തൊഴുതിട്ടെഴുന്നേറ്റ്
തുഷ്ടി പൂണ്ടു മൃദുവായ് പുലിത്തോ -
ലിട്ടിരിപ്പതിനവർക്കു കൊടുത്താൾ. 35

രാമചന്ദ്രനതിലൻപൊടിരുന്നാൻ;
സീമയറ്റുകവിയും കുതുകത്താൽ
വെട്ടിവേരുമുതലായവയർച്ചി -
ച്ചൊട്ടുനേരമവളാദരവോടെ 36

രാമഭദ്രനവളോടഥ ചോദി -
ച്ചാമയത്തൊട്ടു, " നിനക്കു മനോജ്ഞ!
സീതയിന്നവഴിയാണ് ഗമിച്ചെ -
ന്നോതുവാൻ തെളിവു വല്ലതുമുണ്ടോ " ? 37

ചോദ്യമശ്ശബരി കേട്ടിദമപ്പോ -
ളാദ്യനാകുമവനോടറിയിച്ചാൾ
" കാതരാക്ഷി ജനകാത്മജതന്നെ
യാതുധാനപതി കൊണ്ടു കടന്നു. 38

ലങ്കയിങ്കലവളെദ്ദശകണ്ഠൻ
ശങ്കവിട്ടു കുടിവച്ചതികണ്ഠൻ;
സങ്കടത്തൊടമരുന്നിതു പൊൽപ്പൂ -
മങ്ഗയാളവിടെ നിന്നെ നിനയ്പ്പൂ 39

തുല്പ കിട്ടി ഗുരുവിന്റെ കടാക്ഷം
സ്വൽപ്പമുള്ളതു നിമിത്തമെനിക്കും
ചില്പമാനിഹ ഭവനിനിനിയെന്നെ
ത്വൽപദത്തൊടവാനരുളേണം. 40

തെല്ലദൂരമവിടുന്നു നടന്നാൽ
ചെല്ലമങ്ങൊരു നദീനികടത്തിൽ
അല്ലൽ തീരുമതിനക്കരെ മേവും
നല്ലനായ കപിയോടിടപ്പെട്ടാൽ 41

ഭക്തി കൊണ്ടു തളരാതൊരു യോഗ -
വ്യക്തിയുള്ളവളുരച്ചൊരു വാക്കാൽ
യുക്തിയോതിയുടനെ ശബരിക്കായ്

മുക്തി നൾകി മുകിൽവർണ്ണനുദാരൻ.42

മീനനേർമിഴി മൊഴിഞ്ഞതു കേട്ട -
ജ്ജാനകീപതി സഹോദരനോടും
മാനമുള്ള കപിയെത്തിരവാനായ്
മാനസേ കനിവൊടും നടകൊണ്ടാൻ. 43

പമ്പയെന്നുഭുവനങ്ങളിലെല്ലാം
വൻപിയെന്നു പുകഴും പുഴതന്റെ
മുൻപിലെത്തിയവരായതുനേര -
ത്തിമ്പമേറയുളവായി മനസ്സിൽ. 44

ചേക്കവച്ച ചെറുപക്ഷികളെക്ക -
ണ്ടൊക്കയും ബഹുമാനോജ്ഞത കോലും
വക്കിലിങ്ങു വരിവച്ചു നിരുപ്പ
പൊക്കമേറിയ കരിമ്പന കണ്ടു. 45

തേക്കു വീട്ടി കുളമാന്തടിയേറെ -
പ്പൊക്കമുള്ളിലവു പാതിരി കുമ്പിൾ

നൽക്കടമ്പകിലറന്തലിതെല്ലാ-
മുൾക്കുതുഹലമിയന്നവർ കണ്ടാർ. 46

വാകയും വലിയ നെല്ലികൾ വേപ്പും
താന്നിയാഞ്ഞലിയിലിപ്പമരങ്ങൾ
ഇക്കണക്കു പലമാതിരിവൃക്ഷം
വക്കിലൊക്കെമുരടിച്ചിഹ നിന്നു. 47

നല്ലെരുക്കരളിയും കൊട്ടുവേലി
ചെത്തിയും തുളസിയും പലമട്ടിൽ
ചെമ്പരുത്തി പനിനീർച്ചെടിവർഗം
മറ്റുമീവകകൾ കണ്ടുവനത്തിൽ. 48

പിച്ചി മുന്തിരികൾ മുല്ലകളെല്ലാം
മെച്ചമായമൃതുവള്ളി പടോലം
മറ്റനേകവിധമായ് തരുവെല്ലാം
ചുറ്റുമാലതകളും ബഹു കണ്ടാർ.49

അത്തിയിത്തിയരയാലൊട്ടു പേരാൽ
മുത്തിൾ നല്ല കരയാമ്പു വയമ്പും
കണ്ടകാരി നറനിണ്ടി കുരണ്ടീ
കണ്ടുപോൽ പല മരുന്നുകളേവം. 50

ഈറയും മുളകൾ നായ്ക്കണയെല്ലാം
മാറിമറിയവിടങ്ങളിലുണ്ട്
കേറിനിന്നു ഹരിണങ്ങൾ ഭുജിപ്പാ-
നേറയുണ്ടിളയ നല്ല തൃണങ്ങൾ 51

കണ്ടകാട്ടുകളിലൊക്കയലഞ്ഞും-
കൊണ്ടു കൊമ്പുകളൊടിച്ചു ചവച്ചും
മണ്ണുകോരി മുതുകത്തു ചൊരിഞ്ഞും
പൊണ്ണരായ കരവീരർ നടന്നു.52

അമ്പിളിക്കലകൾ പോലെ വളഞ്ഞ -
ക്കൊമ്പുമേന്തി മഹിഷങ്ങടെ പെറ്റം
വൻപെഴുന്ന തവന്റെ പുറക്കൽ
ക്കമ്പമറ്റു കളിയാടി നടന്നു. 53

ഒന്നിനോട്ടു കലഹിപ്പതിനാരാൻ
ചെന്നുവെങ്കിലവനെക്കൊല ചെയ് വാൻ
കോട്ടമറ്റെഴുമുശിർപ്പൊട്ടു ചെന്നായ്-
ക്കൂട്ടവും പലതും ചുറ്റിനടന്നു. 54

തേറ്റകൊണ്ടു കുഴി മാന്തിയതിങ്കേ
ന്നൂറ്റയുള്ള ചില കന്ദമെടുത്ത്
മുക്കുമുട്ടെ രുചിയോട്ടു ഭുജിക്കും
കാട്ടുപന്നികൾ കളിച്ചുനടന്നു. 55

ചത്തുചീഞ്ഞ ശവമെന്നതിലിഷ്ട -
മെത്തിയങ്ങുടൽ കൊഴുത്തുമുഴുത്തു
ചീർത്തു ചീർത്തു പുലിയും കടുവായും
പാർത്തു പാർത്തു നെടുനിളെയലഞ്ഞു 56

ചാണിയിങ്കൽ മുന കൂർത്തുടലിൽക്കു -
രാണിപോലരിയ മുള്ളുകേളേന്തി
കാണമാറു വെളിയിൽത്തലനീട്ടി -
ത്താണിരുന്നു പലമാതിരി മുള്ളൻ. 57

വാലുടക്കി വലുതാം മുളമുള്ളേൽ
മാലനേകമുളവായതിനാലെ
ബാലവെഞ്ചമരിമാനുകളെല്ലാം
കാലുറച്ചവിടെ നിന്നു കരഞ്ഞു. 58

നല്ലിളം കറുക നോക്കി നടക്കും
വല്ലതും ചിലതുടക്കു ചവക്കും
തെല്ലു നാദമരികത്തണയുമ്പോൾ

കല്ലുപോലതിനെയോർത്തിഹ നിൽക്കും 59

ഒന്നു മിന്നുമവിടന്നതി വേഗാൽ
ചെന്നു വേറെയൊരു ദിക്കിലുറയ്ക്കും
മാനമോടെവയവങ്ങളിൽ നക്കും
മാനുമദ്രിശി പലേവിധമുണ്ട്. (യുഗ്മകം) 60

ഇന്നിനിയും ബഹു മൃഗങ്ങൾ വസിക്കു -
ന്നന്നിലത്തുയരമുള്ള മരത്തിൽ
ചെന്നിരുന്നു ചില കായ്കനി കൊത്തി -
ത്തിന്നിരുന്നു പല പക്ഷികുലങ്ങൾ. 61

നട്ടമങ്ങനെ വളർന്നഥ വാനം-
മുട്ടെ നിൽപ്പൊരു തരുക്കളിലെല്ലാം
കെട്ടിഞാന്നു മരണത്തിനു ചെന്നേ -
ർപ്പെട്ടപോലെ കചവാതൽ കിടന്നു. 62

അന്തരാളജനനത്തെയൊഴിപ്പാ -
നന്തരങ്ഗമതിലോർത്തിഹ വവ്വാൽ
വൻതപസ്സൊടു വനേ തലക്കീഴായ് -
ത്തൂങ്ങിയിങ്ങനെ കിടക്കുകയല്ല 63

വൻപുകുട്ടമിലവിൽച്ചെറു സൂചി -
ക്കമ്പിൽ വാണിഹ പരുത്തുകളെല്ലാം
വൻപു കാട്ടിമിഴിയിട്ടു ചുഴറ്റും
വെമ്പലുണ്ടു കഴയിൽ ക്കളിപോലെ. 64

കൂട്ടുചേർന്ന കളിയോഗമൊരിയക്കൽ
പെട്ടികെട്ടിമരവുന്നതുപോലെ
നാട്യമുള്ള മയിലും മടിയാൽ തൻ
പാട്ടിലായി മരുവുന്നിഹ ചുമ്മാ65

ഏറെ മാന്തളിർ ചവച്ചതിലോലും

ചാറു മോന്തിയമല്ലം പിടിപ്പെട്ട്
തീറുകിട്ടിയൊരു രാഗവിശേഷം
കുറിടുന്നു കുയിലിൻ കുലമെല്ലാം. 66

ചെണ്ടുകെട്ടിയതുപോൽ വിലസും പൂ -
ക്കൊണ്ടതോറുമണിയിട്ട് പറന്ന്
വണ്ടിനങ്ങൾ മകരന്ദകണം ചെ -
ന്നുണ്ടു നീളെ മരവുന്നു കൊടുത്തു. 67

മുട്ടയിട്ടു ചില പക്ഷികൾ വൃക്ഷ
പ്പോട്ടിലങ്ങടയിരുന്നു നിരപ്പേ
കുട്ടികൾക്ക്ു ചിലതന്നിരതെണ്ടി -
ക്കുടുവാതിലിലിരുന്നു കൊടുത്തു. 68

പെട്ടിപോൽ മെഴുകിനാൽ ചില കൂടും
കെട്ടി നല്ലയരമുള്ള മരത്തിൽ
കുട്ടമിട്ട മധുമക്ഷിക കാട്ടും
കൂട്ടുകെട്ടുകൾ നമുക്കപദേശം.69

ഇന്നിയും പലവക ക്കിളിവർഗം
മന്ദമെന്നിയ വിളങ്ങി വനത്തിൽ:
പിന്നെയദ്ദശരഥാത്മജരാറ്റിൽ -
ച്ചെന്നിറങ്ങിയിതു കൗതുകമോട്ടും. 70

പാറപോലെ നെടുതാം ചില നക്രം
കേറിവന്നന്നുദിനം വെയിലേൽപ്പാൻ
കുറുപാടൊടവിടങ്ങിലോരോ -
പാറയങ്ങനെ നികന്നുകിടന്നു. 71

ചീറിയുക്കൊടൊരു ദിക്കിലുറയ്ക്കാ -
താറടങ്ങിയൊഴുകുന്നൊരു വെള്ളം
പാറതോറുമടിപ്പെട്ടു ഘനം വി-
ട്ടേറെമാർദവമിയന്നിഹ കാണായ്. 72

ആക്കമേറിയൊരുഴക്കു ബലാല-
ത്തുക്കിടിച്ചു കളയാതെയിരിപ്പാൻ
വക്കിലുള്ള ലതയും മരവും നൽ -
പൂക്കളും ഫലവുമേകി നദിക്കായി. 73

ഉമ്പർപൊലെ മിഴിരണ്ടുമടയ്ക്കാ -
തമ്പരന്നരിയെ തീറ്റിതിരിഞ്ഞ്
പമ്പയാറ്റിനടിയിൽപ്പല മത്സ്യം
കമ്പമറ്റു കളിയാടി നടന്നു. 74

ഏകദ്ദേശമരികത്തിലണഞ്ഞാ
രാഘവന്റെ തിരുമേനിയെ നോക്കി
നിന്ന മിനിനടയാത്തൊരു കണ്ണി -
ന്നന്നുതന്നെ ഫലസിദ്ധിഭവിച്ചു. 75

പുതുമപലതുമേവം കണ്ടു കൗതുഹലം പൂ -
ണ്ടതിചതുരത കോതും രാമനും തമ്പിതാനും
ധൃതിയൊടു ജലപാനം ചെയ്തു വന്നാറ്റു വക്ക -
ശിലയിങ്കൽ ച്ചെന്നിളയ് പാറ്റി വാണാർ. 76

മരങ്ങളും വള്ളികളും വനത്തിൽ
പരന്നു പൂക്കുന്ന വസന്തകാലേ
തിരിഞ്ഞു നൽപ്പൂമ്പൊടി കോരിവാരി -
ച്ചൊരിഞ്ഞിളന്തെന്നലഞ്ഞിതപ്പോൾ. 77

കോളായെഴും വിരഹവേദനയെസ്സഹിപ്പാ -
നാളായിടാതെ വിഷമിച്ചൊരു രാമദേവൻ
വൻപിച്ച കാറ്റുടലിലേറ്റു വിയോഗദു:ഖം
ജൃംഭിച്ചിരുന്നവിടെ ലക്ഷണനോടുകൂടെ. 78

പതിനൊന്നാം സർഗം സമാപ്തം

പന്ത്രണ്ടാം സർഗം

ശ്രീരാമൻ തിരുവടി തമ്പിയോടുകൂടി-
പ്പേരാളും പുഴയരികേ വസിച്ചിടുമ്പോൾ
ധീരാത്മാ ദിനകരസൂനു കണ്ടു പേടി-
ച്ചാരാണെന്നറിവതിനാശയുള്ളിലാർന്നു 1

ആരായുന്നതിനിവരേവരെന്നു നേരി-
ട്ടാരായുന്നതിനിഹ? താതശിഷ്യനെന്യേ
ആലോചിച്ചവനിതു നാലു മന്ത്രിമാരോ-
ടാലോകിച്ചനിലജനെപ്പറഞ്ഞയച്ചാൻ 2

തോറ്റത്താലരിയൊരു വിദ്യകൊണ്ടുമാദ്യം
കാറ്റിന്നും കതിരവനും പിതൃത്വമേകി
ഊറ്റത്താൽ കവിളിൽ മഹേന്ദ്രവജ്രമൂക്കോ-
ടേറ്റോരക്കപിവരനാർന്നു ഭിക്ഷുവേഷം. 3

പിന്നെത്താൻ ദശവദനന്റെ കീർത്തിയാകും
ചന്ദ്രൻ തൻ കലകളെയൊക്കെയും കുറയ്പാൻ
സന്നാഹം പെരുകിന കൃഷ്ണപക്ഷമായി-
ച്ചെന്നെത്തീ രഘുപതിസന്നിധൗ ഹനുമാൻ. 4

നിരാളും മുകിലുകൾ കൈതൊഴും വപുസ്സിൻ
ധാരാളച്ഛവിയെ വനത്തിലും പരത്തി
പാരാളും നൃപസുതരോടും താഴ്മപൂണ്ട-
നാരാലക്കപിവരനോതിനാനിവണ്ണം. 5

ഉന്നിദ്രപ്രഭ കലരുന്ന മേനി കോലും
ധന്യന്മാരിരുവരിതാരഹോ! ഭനാന്മാർ
ഇന്നാരെന്നറിവതിനിച്ഛയുണ്ടു നേരെ
ചൊന്നാലും വിഷമതയൊന്നുമില്ലയെങ്കൽ 6

സന്ന്യാസിപ്രവരനുരച്ച വാക്കു കേട്ടി-
ട്ടന്നേരം രഘുകുലസത്തമൻ പറഞ്ഞാൻ
മാന്ന്യശ്രീദശരഥമന്നവൻ മഹാത്മാ-
വെല്ലാർക്കും പരിചിതനായിരുന്നിരിക്കാം. 7

അദ്ദേഹത്തിനു മകനായ രാമനീഞാ-
നുദ്ദേശിക്കണമിവന്റെ തമ്പിയത്രെ
ഇദ്ദേശം ദയിതയൊടും പിതാവിനുള്ളാ-
നിർദ്ദേശക്കുറി നിറവേറ്റുവാനണഞ്ഞൂ. 8

പ്രാപിച്ചിട്ടരിയൊരു ഗൗതമീതടാന്തെ
മൂപേരും തപമൊടു താമസിച്ചിടുമ്പോൾ
പാപത്മാ ദശമുഖരാക്ഷസൻ കവർന്നാൻ
ഹാ!പാപം! ദയതിയെ, ഞങ്ങൾ തേടിവന്നൂ. 9

ഈവണ്ണം രഘുവരനുച്ചരിച്ച നേര-
ത്താ വേഷം തരമൊടു തള്ളിക്കുരങ്ങൻ
നോവാളും കപിയുടെ കക്ഷിയായ് സ്വകാര്യം
താവും നൽക്കുതുകമൊടോതുവാനൊരുങ്ങീ. 10

കേട്ടാലും കനിവൊടു കീശജാതിയിൽസ്സ-
മ്രാട്ടായും കതിരവനുണ്ണിയായുമിപ്പോൾ
വ്യഗ്ച്ചീ വനഭുവി വാണിടുന്നൊരുത്തൻ
സുഗ്രീവാഭിധയൊടു സുന്ദരസ്വഭാവൻ. 11

ഇന്ദ്രൻതൻ മകനിഹ ബാലിയെന്നു ചൊൽവോ-
നിന്നാളീയനുജനെയാക്രമിക്കമൂലം
ഇന്നാരുള്ളൊരു തുണയെന്നതോർത്തിരിക്കു-

ന്നന്നേരത്തിവിടെഴുന്നള്ളി നിങ്ങളേവം 12

ഞാനിപ്പോളവന്റെ കിങ്കരൻ ഹനൂമാൻ
മാനിച്ചിക്കഴലിണ കൈവണങ്ങിടുന്നേൻ
ദൂനത്വം വെടിയണമിന്നി നിങ്ങളൊന്നി-
ച്ചാനന്ദിച്ചമരണമെന്നെനിക്കു മോഹം. 13

ആശിക്കുന്നവനിഹ നിങ്ങളോടു സഖ്യം
ക്ലേശിപ്പാനിനിയവകാശമില്ല നിങ്ങൾ
രാശിക്കിജ്ജനതയിലൈകമത്യമൊട്ടാ-
വേശിച്ചാലതുവഴി നന്മയേറെയുണ്ടാം. 14

മധ്യസ്ഥൻ മധുരമുരച്ച വാക്കു കേട്ടി-
ട്ടത്യന്തം കുതുകമിയന്നു രാമദേവൻ
കൃത്യജ്ഞൻ കൃപയോടു മൈത്രിയേബ്ഭരിപ്പാ-
നുദ്യോഗിച്ചനുമതിയക്കപിക്കു നൾകീ. 15

തൻതോഴൻ കപികുലവീരനായിരുന്നാൽ
വൻ തോൽവിക്കിനിയിടയില്ലയെന്നുറച്ച്
സന്തോഷിച്ചിട്ടുമൊരു രാമനേ ഹനൂമാൻ
തൻ തോളിൽസ്സഹജനൊട്ടും വഹിച്ചു പോയാൻ. 16

ഭീരുത്വം മുഴുവനൊഴിച്ചു സൂര്യപുത്രൻ
നേരെത്താത്തൊരു വിനിമയം നടിച്ചുനിൽക്കേ
ചാരത്തന്നരവരപുത്രരാഗമിക്കും
നേരത്തക്കപിയവരെസ്സമാചരിച്ചൂ. 17

സുഗ്രീവൻ ദശരഥപുത്രരോട്ടുകൂടി-
സ്സഖ്യം ചെയ്തതുലസുഖം വളർന്നു ചിത്തേ,
മുഖ്യന്മാരരികളെ നിഗ്രഹിപ്പതിനാ-
യക്കാലം പുതിയ കരാറു ചെയ്തു തമ്മിൽ. 18

ചാതുര്യത്തൊടു കവി ധാതുവിൻ പദം പാ-

ർത്താദേശം ബത നിയമിച്ചിടുന്നപോലെ
വാഴിപ്പൻ വലരിപുപുത്രനെത്തുലച്ച-
സ്ഥാത്തെന്നരുണജനോട്ടുരച്ചു രാമൻ. 19

കൊന്നിട്ടദ്ദശമുഖനെക്കുലത്തൊടും നി-
സ്സന്ദേഹം തിറമൊട്ടു തമ്പുരാട്ടിയേ ഞാൻ
മുന്നിൽക്കൊണ്ടടിയറ വൈപ്പനെന്നിവണ്ണം
ധന്യാത്മാ കപി കണിശം പറഞ്ഞുപിന്നെ. 20

രക്ഷസ്സിൻ പുരിയിൽ വിരുന്നിനായി മുന്നേ
ദാക്ഷിണ്യത്തൊടു ഹനുമാൻ ക്ഷണിച്ച പോലെ
സാക്ഷിക്കായവരുടെ സഖ്യവേലമേലും
സൂക്ഷിപ്പാൻ ശിഖിയെ നടുക്കെരിച്ചു നിർത്തീ 21

വിശ്വാസം പെരുകിയവർക്കു തമ്മിലപ്പോ-
ളാശ്വാസം രഘുവരനേകുവാൻ കപീന്ദ്രൻ
ഏണപ്പെൺമിഴിയുടെ പൊൻചരക്കശേഷം
കാണിച്ചാൻ കനിവൊടു കാഴ്ചവെച്ച മട്ടിൽ. 22

കണ്ടപ്പോൾ കിഴിയുടെ കെട്ടഴിച്ചുടൻ മേൽ-
മുണ്ടീന്നച്ചമയമെടുത്തണച്ചു മാറിൽ
ത്തൊണ്ടയ്ക്കുള്ളിടറിയനന്തരം കരഞ്ഞാൻ

തണ്ടാരിൻ മകളുടെ കാന്തനാം നരേന്ദ്രൻ. 23

കൈകാര്യം കുറയുകയാലഴുക്കടഞ്ഞി-
ട്ടൽപ്പാൽപ്പം തെളിവു തിളങ്ങിടാതെ കണ്ട്
ശ്രീരാമൻ പ്രണയിനിതന്റെ ഭൂഷണത്തെ-
ക്കണ്ണീരാൽ കഴികിയെടുത്തു നല്ലപോലെ. 24

വാവിട്ടാ രഘുപതി പൗരുഷം മറന്നേ-
ച്ചീവണ്ണം ചപലതയാർന്നു കേണിടുമ്പോൾ
ആ വിശ്വേശ്വരനുടെ സങ്കടം കുറയ്പ്പാൻ

ഭാവിച്ചക്കപിവരനാദരിച്ചുരച്ചാൻ. 25

സന്താപം സമമിഹ നമ്മൾരണ്ടുപേർക്കും
ചിന്തിച്ചാൽ കപിയൊരു പിച്ചനാണു താനും
എന്നിട്ടും വ്യസനമടക്കി ഞാനിരിപ്പൂ
ധന്യാത്മാൻ! തൊഴിലിതു മറന്നവർക്കയോഗ്യം. 26

ദുഃഖിക്കിൽ തിരുവുടൽ വാട്ടുമെന്നു തന്ന-
ല്ലോജസ്സം ഝടിതി കുറഞ്ഞുപോമശേഷം
ആലോചിച്ചകമലരിൽ ബ്ഭവാനിതെല്ലാ-
മാലംബിക്കണമിഹ കാര്യഗൗരവത്തേ. 27

എന്നല്ലാമവസരയോഗ്യമായ് കപീന്ദ്രൻ
ചൊന്നപ്പോൾ ദശരഥനന്ദനൻ വിഷാദം
തന്നെത്താൻ കരളിലടക്കി മിക്കവാറും;
ധന്ന്യന്മാർ ഹിതമൊഴി ധിക്കരിപ്പതുണ്ടോ? 28

ശൂരന്മാർ മുടിമണിയായ ബാലി തന്നോ-
ടോരോരോ കുസൃതികൾ മുൻപു ചെയ്തതെല്ലാം
നേരെ നിന്നതുപൊഴുതോതുവാൻ കപീൻന്ദ്രൻ
ശ്രീരാമൻ തിരുവടി ചൊൽകയാലൊരുങ്ങി. 29

കൈയൂറ്റം പെരിയൊരു ബാലിയെജ്ജയിപ്പാൻ
മായാവീത്യതിബലവാനാണഞ്ഞരക്കൻ
കൈയോങ്ങീട്ടലറിയടുത്ത ബാലിയെക്ക-
ണ്ടായാസത്തൊടുമവനോടിയിൾബ്ഭയത്താൽ. 30

കീടംപോലൊരു ഗുഹ പുക്കൊളിച്ചു ദൈത്യൻ
കൂടെപ്പോയരിശമൊടിന്ദ്രസൂനു താനും
ഊടൊർത്തിട്ടൊരുവനതിൽക്കടന്നിടായ് വാൻ
പോടേറെ പ്രിയമൊട്ടു കാത്തിരുന്നു ഞാനും. 31

വാത്സല്യം പെരിയൊരു സോദരൻമുഖത്തെ-

ക്കാണാഞ്ഞിട്ടവശതയോടനേകകാലം
നിന്നപ്പോൾ നിണമൊട്ടു മാംസവും കൊഴുപ്പും
വന്നല്ലോ ഗുഹവഴി ഞാനിരുന്ന ദിക്കിൽ. 32

മല്ലിൽപ്പെട്ടദയമരക്കനാലെ ബാലീ
കൊല്ലപ്പെട്ടതു പെഴുതെന്നെനിക്കു തോന്നീ
അല്ലല് പെട്ടവനിനിയാഗമിച്ചിടായ് വാൻ
കല്ലാപ്പിട്ടവടമടച്ചു പോന്നു ഞാനും. 33

ദണ്ഡം പൂണ്ടിവനഥ വാനരേന്ദ്രനായി-
പ്പിണ്ഡം വച്ചരമന പുക്കിരുന്നിടുമ്പോൾ
ഗണ്യന്മാർ ചിലരിഹ വന്നു ചൊൽകമൂലം
ദണ്ഡം പൂണ്ടിവനഥ വാനരേന്ദ്രനായീ. 34

അക്കാലം ഗുഹയുടെ മൂടി മാറ്റിയേറ്റം
മുഷ്കാളും കപിവരനിങ്ങു കേറിവന്ന്
ധിക്കാരം പരമവനോടെടുത്തു ഞാനെ-
ന്നൾക്കാമ്പിൽ കരുതിയുപദ്രവം തുടങ്ങീ. 35

സത്യംചെയ്യിവനൊരു കുറ്റവാളിയല്ലെ-
ന്നത്യന്തം ഭയമൊട്ടു കാക്കൽ വീണിരന്നേൻ
എന്നിട്ടും ഖലമതിയപ്പുരത്തിൽ നിന്നി-
ട്ടന്നേരത്തടിയനെയാട്ടിയോട്ടി കഷ്ടം! 36

ഭൂഗോളം മുഴുവനുമെന്നെയിട്ടു ചുറ്റി-
ച്ചേകാന്തപ്പകയൊട്ടു പാകവൈരിപുത്രൻ;
ഹാ കഷ്ടം! പൊറുതിവരാഞ്ഞൊടുക്കമീഞാൻ
ശോകത്തോടിവിടെയുറച്ച കാര്യമോതാം. 37

മായാവിക്കിളയവനായ ദാനവൻ പോ-
ത്തായാർത്തിട്ടൊരു കുറി ബാലിയോടെതിർത്താൻ;
നായാടി ദ്രുതമിവനെപ്പടക്കളത്തിൽ
ദായാദൻ മരുവിന ദിക്കിലോട്ടയച്ചാൻ. 38

പൊണ്ണത്തം പെരിയൊരു ദാനവന്റെ ദേഹം
തിണ്ണന്നക്കപിവരനൊന്നെടുത്തെറിഞ്ഞൂ
അന്നേരത്തതിനുടെ ചോരയിറ്റു വീണി-
പ്പുണ്യാത്മാ മുനിയുടെ പർണശാലയിങ്കൽ 39

കോപം പൂണ്ടിവിടെ മതങ്ഗനാം മുനീന്ദ്രൻ
ശാപത്തെപ്പുനരവനേകിനാനിവണ്ണം;
പ്രാപിച്ചാലിനിയിഹ ബാലിയെന്ന ദുഷ്ടൻ
പ്രാപിക്കും യമപുരി മസ്തകം പിളർന്ന്. 40

അന്നാൾതൊട്ട്, വനിവിടെക്കടക്കുകില്ലാ
നന്നായെന്നടിയെനുമിങ്ങൊളിച്ചിരിപ്പൂ;
അന്നാട്ടും നഗരവുമെന്റെ തല്പവും ക്രൂ-
ടന്ന്യായത്തൊഴിലുകൾ കൊണ്ടവൻ കവർന്നാൻ. 41

അയ്യോ! ഞാനവനുടെ ഹേമദണ്ഡമേൽപ്പാൻ
വയ്യാഞ്ഞിങ്ങവശതയോടു പാർത്തിടുന്നു;
പയ്യൻമാർ വലിയവനോടു ചെവ്വതെന്ത-
കയ്യൂറ്റം പെരിയവർ കാര്യശേഷിയുള്ളോർ. 42

ആരാനും പൊരുവതിനായവന്റെ നേരെ
നേരിട്ടാലവനുടെ പാതിയൂക്കവങ്കൽ
ചേരെട്ടെന്നൊരു വരമുണ്ടന്നു മുൻപെ
യോരുമ്പോളൊരുവനുമില്ലെതിർത്തു നിൽപാൻ 43

ദുഃഖിച്ചിങ്ങമരുമൊരുജ്ജനം ഭവാനെ-
ശങ്കിച്ചേൻ രിപുജനപക്ഷപാതിയേപ്പോൽ;
ഒന്നിൽത്തന്നൊരുവനു മാനസം പതിഞ്ഞാൽ
പിന്നെക്കണ്ടവയവനത്തരത്തിലോർക്കും 44

മേഘത്തിൻ പ്രചുരിമ കണ്ടു കാട്ടുതീതൻ

ധൂമഭ്രാന്തിളകിയ കേകിതന്റെ മോഹം
ശീതക്കാറ്റുടനടി ചെന്നു തീർത്തിടുംപോൽ
തീരെത്തീർത്തടിയനു സംശയം ഹനുമാൻ 45

എന്നെല്ലാമവനുടെ സങ്കടങ്ങൾ കേട്ടി-
ട്ടെന്നാലെന്നുടെ ശരമാകുമിഷ്ഫണീന്ദ്രൻ
ചെന്നിപ്പോളവനുടെ വായുവഞ്ചുമുണ്ണും
സന്ദേഹം കളയുകയെന്നുരച്ചു രാമൻ. 46

ആദിത്യാത്മജനൊരു സമ്മതം വരുത്താ-
നാദിവ്യത്തിരുവുടൽ പൂണ്ട ദേവനപ്പോൾ
പാദത്തിൻ പെരുവിരൽ കൊണ്ടെടുത്തെറിഞ്ഞാൻ
മോദത്തോടരിയൊരു ദുന്ദുഭിപ്പിണത്തേ. 47

ഇല്ലല്ലോ കനമിതിൽ മുൻപിലേക്കണക്കി-
ങ്ങെല്ലത്രേ രഘുപതിതാനെടുത്തു ചാണ്ടി
വില്ലങ്കം തൊഴിലിതു കണ്ടു തീരെ മാറീ-
ട്ടില്ലെന്നദ്ദിനകരനന്ദനൻ നടിച്ചു. 48

ഭിന്നിപ്പാനവനുടെ സംശയങ്ങൾ ചോടേ
പിന്നീടും കുഴൽ തൊഴുതാഗ്രഹിച്ചവാറേ
മന്നൻമാർ മുടിമണി രാമനങ്ങൊരമ്പാൽ
ഖണ്ഡിച്ചാൻ കപിയുടെ സാലമേഴുമൻപാൽ. 49

വാനം തൊട്ടുയരമൊടും നിരന്നുനിൽക്കെ-
ത്താനപ്പൂമരുതിമരങ്ങളേഴുമൊപ്പം
മൂളിച്ചിട്ടലസത വിട്ട രാമബാണം
ധൂളിച്ചമ്മലയുടെ പാർശ്വവും വിശേഷാൽ. 50

ഈവണ്ണം ദശവദനന്റെ സാലമേഴും
നീവേഗം പടകളൊടും തകർക്കുകെന്ന്
സുഗ്രീവന്നറിവു കൊടുത്തപോൽ ശരം പാ-
ഞ്ഞുഗ്രഹത്തിൽഗ്ഗിരികടകത്തിലൊച്ച പൊങ്ങി. 51

സുഗ്രീവന്നകതളിരാശ്വസിച്ച രാമൻ-
തൃക്കാൽ തൊട്ടുടനടി കൈവണങ്ങി വേഗാൽ
വക്കാണം തുടരുവതിന്നു മപ്പു കൊട്ടി-
കിഷ്കിന്ധാപുരിയിലണഞ്ഞു ഗർവമോടും. 52

ഉച്ചത്തിൽക്കുലഗിരി ഞെട്ടിടുംപ്രകാരം
ഗർജിച്ചിട്ടുടനടി ബാലിയേ വിളിച്ചാൻ
പർജ്ജന്യത്തിനു സമമാർത്തടുത്ത ബാലീ
തച്ചീടാനവരജനെച്ചെറുത്തു നിർത്തീ. 53

തമ്മിത്തല്ലിനു ശരിയിട്ടു രണ്ടുപേരും
വിമ്മിഷ്ടം കതിരവനന്ദനന്നു തോന്നി
എന്മെയ് കാത്തരുളെണമെന്ന ഭാവമോടും
തന്മധ്യേ രഘുപതിയെത്തിരിഞ്ഞുനോക്കീ. 54

യോഗത്തിൽ ക്ഖലരെയുംമേറെ നല്ലരേയും
ഭാഗിപ്പാൻ പണി പരമെന്നു തോന്നിടുമ്പോൾ
മൂകത്വം തടവിന വാഗ്മിപോലെ രാമൻ
മാഴ്കീട്ടപ്പടനടുവിൽശ്ശരം വിടാഞ്ഞൂ. 55

ഇല്ലിപ്പോൾ ജയമിഹ നേർത്തു നിൽക്കിലെന്നോ-
ർത്തല്ലൽപ്പെട്ടിരവിമകൻ മടങ്ങി മണ്ടീ;
മെല്ലെപ്പോയരമന പുക്കു ബാലിതാനും
ചെല്ലപ്പോരിനു വെരുതെ മുഷിഞ്ഞ മട്ടിൽ. 56

മേലെല്ലാമിടികൾ തിണർത്ത് വീക്കമോടും
വാലുന്നക്കുടുനിണമാകവേ തുടച്ചു
മാലോതുന്നിളയ കപീന്ദ്രനെസ്സമീപ-
ത്താലോകിച്ചലിവു വളർന്നു രാമനുള്ളിൽ. 57

ആളാരെന്നടലിലറിഞ്ഞിടാതെയൂഹ-
ക്കോളാരാൽ കരുതിയൊരമ്പയച്ചിടാമോ?

മാലാറും പടിയൊരു മാലയിട്ടയപ്പാ-
നാലോചിച്ചനുജനൊടോതി രാമചന്ദ്രൻ. 58

വാത്സ്യത്തൊടുമൊരു പുഷ്പമാല തീർത്താ-
വത്സൻ പിൻപരുണസുതൻ കഴുത്തിലിട്ടു
”ഉത്സാഹ,ത്തൊടുമിനി മത്സരിക്ക നീ” യെ-
ന്നൗത്സുക്യം പെരുകിന രാമനോതിവിട്ടാൻ. 59

വിണ്ടും പോയവനുടനിന്ദ്രസൂനുതന്നെ-
ശ്ശുണ്ഠ്യാക്കായലറി വിളിച്ചു വൈരമോടും:
പണ്ടോടിപ്പതറിയ തണ്ടുതപ്പി മേലാൽ
മിണ്ടാതാക്കിടുവതിനുദ്യമിച്ചു ബാലീ. 60

കോപിച്ചിട്ടനുജനോടേറ്റിടുന്നതിന്നായ്
ഭാവിച്ചിട്ടലറിയവൻ പുറപ്പെടുമ്പോൾ
വേപിച്ചട്ടവനുടെ കാക്കൽ വീണറക്കേ
വാവിട്ടക്കളമൊഴി താര കേണു ചൊന്നാൾ. 61

നന്നല്ലീയടിപിടിയെന്നു മോർക്കിൽ നിങ്ങൾ-
ക്കെന്നല്ലേ പലവുരു തോറ്റ തമ്പി വീണ്ടും
വന്നില്ലേ? വലിയൊരു ബന്ധു തൻപുറംകൈ
ക്കിന്നില്ലാതവനിഹ വന്നു കേറുകില്ലാ. 62

എൻപ്രാണപ്രിയനിഹ പോകൊലാ പടയ്ക്കാ-
യൻപാർന്നിട്ടനുജനുമായിണങ്ങിയാലും
കമ്പാണക്കെട്ടുതി കരിമ്പിനെന്നു കേൾപ്പൂ
വെമ്പാതെൻ കണവനിതോർത്തു കൊൾക നല്ല. 63

ചുമ്മാതീയടിപിടിയെന്തിനെന്റെ കാന്താ!
നമ്മൾക്കിക്കലശലിനില്ല കാര്യമോർത്താൽ
സാമ്രാജ്യപ്രചുരിമ നിത്യമല്ലിതാർക്കും
കർമ്മത്തിൽ കളിയിതു ചാകുവോളമത്രേ. 64

അന്ന്യന്മാരുടെ മുതലാർത്തിയാണു നമ്മൾ-
ക്കന്ന്യായത്തരവഴിയും ഗ്ഗുണത്തിനല്ല
മാന്ന്യന്മാർക്കവമതി ചെയ്യിടൊല്ല ചെറ്റും
ഖിന്നന്മാരൊടു കൃപ വേണമുള്ളിലെന്നും. 65

ഒരോരോവകതെരിവിന്നിയും പറഞ്ഞോ -
രാരോമൽപ്രിയയുടെ വാക്കിനേ മറുത്ത്
പോരാടുന്നതിനു കുതിച്ചുയർന്നു, കാലം
പോരാഞ്ഞിട്ടരിശമിയന്ന ശ്ശൂരരത്നം. 66

ചാടിചെന്നിളയവനോടെതിർത്തു മർമ്മം
തേടിക്കൊണ്ടിരുവരുമൊത്തു മല്ലിടുമ്പോൾ
വാടിക്കൊണ്ടനുജനെ, രാമനാത്മഗാത്രം
മൂടിക്കൊണ്ടരിയുടെ മാറിൽവിട്ടൊരസ്ത്രം. 67

അയ്യൊ! പാതകമൊളിയമ്പയച്ചിതാരോ?
വയ്യാഞ്ഞോ?വലിയവരെങ്കിലൊന്നെതിർപ്പാൻ
ചെയ്യാമോ? ചതിവുകളെന്നുരച്ചു പാരിൽ
കയ്യോടക്കപിതിലകൻ മറിഞ്ഞു വിണാൻ. 68

അപ്പോളിക്കഥകളറിഞ്ഞു കണ്ണുനിർ വാ-
ർത്തുൽപ്പന്നവ്യഥയൊടഴിച്ചു വേണിയെല്ലാം
ഒപ്പാരും പൊടികളുമായ് വിരണ്ടു വന്നാൾ
തൽപ്രാണപ്രണയിനിയായ താര താനും. 69

നീർക്കൊണ്ടങ്ങനവധി ശല്യമേകി രാജ്യ -
ത്തുക്കോട്ടും കടിയിടയൊക്കയും മുടിച്ച്
നിൽക്കുമ്പോൾ പെരിയൊരു കൊമ്പനാന, പാപ്പാൻ
തക്കം പാർത്തരിയൊരുടക്കുടക്കി നിർത്തി. 70

വേഗത്തോടിടയമരങ്ങളിൽ കൊളുത്തി-
പ്പാകം പോലുടനടി മെയ് തൊടുത്തു പിന്നെ
ആകുമ്മട്ടൊരു തറിയിൽ തളച്ചിടുമ്പോൾ

ഭീ ക്കുടാതരികെയടുത്ത ലോകർപോലെ. 71

രാമാസ്ത്രം രയമൊട്ടു നെഞ്ചിലേറ്റു പാരം
വ്യാമോഹിച്ചവിടെ മലർന്ന ബാലിതന്നേ
ക്കുട്ടാക്കാതനുജനടുത്തു നോക്കിനിൽക്കും
മട്ടെല്ലാം മധുമൊഴി താര കണ്ടു കേണാൾ. (വിശേഷകം) 72

ആറായിട്ടൊഴുകിന ചോരയിൽ കിടന്ന -
ങ്ങാറാടീട്ടുടനെഴുന്നേൽക്കുവാനൊരുങ്ങി
ഏറിടും വിവശതയാൽ തളർന്നുടൻ തൻ-
മോറപ്പോൾ ചെറുതു കിളിർത്തിയാത്ത കോപം. 73

വില്ലൂന്നിത്തറയിലതിൻ തലയ്ക്കു കൈ വ-
ച്ചുല്ലാസത്തൊടു മരവുന്ന രാമനോടായ്
സല്ലാപം പലവിധമങ്ങു ചെയ്തുമേവും
ഭല്ലൂകപ്രവരനെയാ മൃഗാക്ഷി കണ്ടാൾ (യുഗ്മഗം) 74

ഗർവം വിട്ടലകളൊഴിഞ്ഞിളക്കമെന്യേ
മേവീടും കടലിനു തുല്ല്യനായു, മപ്പോൾ
ആ വൻപാർന്നൊരു കപിയസ്തമിക്കുവാനായ് 75
ഭാവിക്കും കതിരവനൊപ്പമായുമേറ്റം.
ശോഭിക്കുമ്പൊഴുതഴുതിട്ടടുത്തു ചെന്ന-
ങ്ങാപാടം പ്രിയതമനെ തലോടി നന്നായ്
പ്രാപിച്ചവൾ മടിയങ്കലശ്ശിരസ്സാ-
ക്ഷേപത്താൽ കളമൊഴി രാമനോടുരച്ചാൾ (യുഗ്മകം) 76

ചുടാറും പനിമതിതൻ തണുപ്പുപോൽ നിൻ-
കുടാളും പുരുകൃപയും പ്രസിദ്ധമല്ലോ
ചൊൽക്കൊള്ളും മനുകുലപാല!നീയതെല്ലാ -
മിപ്പോളെന്തകനെ വെടിഞ്ഞതെന്റെ പാപം. 77

ഭർത്താവിൻ ദശയിതു കണ്ടു ജീവനോടും
വർത്തിക്കുന്നിവളൊരു രാക്ഷസീതി.......

നന്നായോർത്തിവളെ വധിക്ക താടകാ....
വന്നിടും തവഗതി പെൺകൊടയ്ക്കു തുല്യം. 78

നായാടാൻ നരപതികൾക്കു, സത്യസന്ധൻ
നീയോതി വലിയ സദസ്സിൽ മുൻപു ഞായം
ഹേ! ശാഖാമൃഗിയിവളേ വധിക്കെടോ നീ
വേട്ടക്കാർ മൃഗികളെ വിട്ടയപ്പതുണ്ടോ? 79

പേടിച്ചെൻ പതിയെ,യിവൻ ഭവാന്റെ തോഴൻ
ചാടിപ്പോയ് മലയിലൊളിച്ചിരിന്ന പോലേ
പേടിച്ചെൻ പ്രിയതമനും ഭവാനെ, യെന്നുൾ-
ക്കാടാളുന്നിവിടെ വരില്ല നിന്റെ ബാണം. 80

പൊന്മാനല്ലവനുടെ തള്ളയല്ലെടോ! ഞാൻ
സമ്മാന്യൻ കപിവരനല്ല സാലമല്ല
അമ്പേൾക്കാതശനിസമാനചിത്തയാകും
താരപ്പെണ്ണുയിരൊടിരിക്ക വില്ലനോ? നീ 81

ചാകാതെൻമനസി മനോരമൻ വസിക്കേ
നീ കാണുന്നിവനെ വൃഥാ ശവത്തിനെപ്പോൽ!
വിദ്വത്വം പെരിയ പുമാനുടപ്പിറപ്പോ?
മുഗ്ധത്വം ശിവ ശിവ ! ശൗര്യമെന്നപോലെ. 82

വാശിക്കങ്ങണുവുമിളച്ചിടാതെ നേരേ
കീശപ്പെൺകൊടിയുടെ കൊള്ളിവാക്കശേഷം
വേശിച്ചാ രഘുവരനാശയം നുറുങ്ങി

ക്ലേശിച്ചിട്ടൊരു മൊഴിയോതിനാനിവണ്ണം. 83
മെയ്യോ ? നിന്നുടെ പതി ജീവനോ ? സുശീലേ !
മയ്യേലും മിഴി ! മടിയാതെ ചൊല്ലിയാലും
മെയ്യെന്നാൽ മടിയിലിവൻ കിടപ്പതില്ലേ
പൊയ്യല്ലീ വരനുയിർ നിന്മനസ്സിലല്ലേ? 84

യാഥാർത്ഥ്യം പെരുകിന രാഘവന്റെ വാക്കും
ഖേദിക്കും പ്രണയിനിതന്റെ നെഞ്ചിടിപ്പും
കണ്ണീരും ബഹുനെടുവീർപ്പുമെന്നിവറ്റാ-
ലന്നേരം കപിവരനാശ്വസിച്ചുണർന്നാൻ. 85

ചേതപ്പെട്ടുടലിദമെന്നുറച്ചു ചിത്തേ
താതൻ പണ്ടവനു കൊടുത്ത തങ്കമാല്യം
ആതങ്കത്തൊടുമരികത്തു നിന്നു കേഴും
ഭ്രാതാവിൻ ഗളഭുവി മാറിയിട്ടു ബാലീ. 86

വാത്സ്യത്തൊടു മകനെപ്പിടിച്ചുടൻ തൻ
വത്സലത്തോടധികമണച്ചു മെയ് തലോടീ
എന്നുണ്ണിക്കിതിലൊരു കുണ്ഠിതം വരൊല്ലാ
ധന്ന്യൻ ഞാൻ ധരണിയിലെന്നുരയ്ക്കയെന്നാൻ. 87

ശ്രീരാമൻ തിരുവടിതന്റെ ചേവടിത്താ-
രുഢപ്രമദമൊടും ഭജിക്കണം നീ
സ്വാമിക്കങ്ങലിവുളവാം സദാപി നിന്നിൽ
ക്ഷേമത്തെത്തരുമതിനാൽ നിനക്കു നാഥൻ. 88

മൽപുത്രൻ പരമിവനെത്തുണയ്ക്ക നീയെ-
ന്നേൽപ്പിച്ചങ്ഗദനെ രഘൂത്തമന്റെ പക്കൽ
മേൽപ്പോട്ടക്കവനഥ ചൂണ്ടനക്കിയൽപ്പം
വീർപ്പിട്ടാ വടിവു വെടിഞ്ഞു വാനരേന്ദ്രൻ. 89

ചാരത്തങ്ങവനുടെ വിക്രമം പ്രശംസി-
ച്ചോരോന്നായ് കപികുലമാകവേ കരഞ്ഞു
ശ്രീരാമൻ തിരുമൊഴിയാലിവന്നു ജാത്യാ-
ചാരംപോൽ ക്രിയകൾ നടത്തിയർക്കപുത്രൻ. 90

അക്കാലം രഘുപതി വാക്കിനാലനേകം
പൊൽക്കുംഭങ്ങളിലുദകം നിറച്ചുവച്ച്
അഗ്രേപോയ് ഹിതമൊടുമൂർമിളാമണാളൻ

കിഷ്കിന്ധാ നഗരിയിലക്കപീന്ദ്രനോടും. 91

ധന്യൻ നീ കപീകുല സാർഭൗമനായി-
ട്ടന്ന്യൂന പ്രമദമിയന്നു വാഴ്കയെന്ന്
കൽപ്പിച്ചട്ടനവധി വാദ്യാഘോഷമോടും
സുഗ്രീവന്നഥ പടിയേറ്റവും കഴിച്ചാൻ. 92

ദിനകരസുതനെ ശ്രീരാമനാം നീലമേഘം
കനിവിനൊടഭിഷേകം ചെയ്തു വാഴിച്ചകാലം
പുനരവനുടെ രാജ്ഞിക്കൊപ്പമബ്ഭൂമിയേയും
ഘനനിരയഭിഷ്കത്തി ....കാപ്പിട്ടുവാനിൽ 93

”സ്വാമിൻ! ശരത്സമയമി....................വരുന്ന നേര-
ത്താമിന്ദുബിംബമുഖിയെ................തിരയേണ്ട കൃത്യം
പ്രേമം വറർന്നടിയനിൽ...............രുമേനി ഭൂരി-
ക്ഷേമത്തൊടിങ്ങതുവരെ....................രിപുക്കവാഴാം.” 94

അത്യന്തവിനയം പൂണ്ടാ-
ദിത്യനന്ദനീവിധം
അറിയിച്ചു കഴിഞ്ഞപ്പോ-
ളുരുൾചെയ്തു രഘൂത്തമൻ. 95

അനാവശ്യം രാജ്യത്തമരുക നമുക്കിന്നൊരുസുഖ-
ത്തിനായച്ഛൻ കല്പിച്ചൊരു വിധിയ.........ക്കില്ലിവനെടോ
വിനാ ഖേദം നീ പോയ് മരവുക ....ക്കോളൂ മറയും
ദിനാന്തത്തോളം തൻനഗരിയിൽ മരക്കാതിവരെയും.

പ്രാവൃൾക്കാലം കഴിഞ്ഞാലഥ കപകളെനീദേവിയെത്തോടുവാനാ-
യാവശ്യപ്പെട്ടയച്ചീടണമതുവരെ ഞാനാർത്തിയൊട്ടൊട്ടടക്കി
മേവിടാം ബാലികേറാമലയുടരികിലാമാല്യവാൻ പർവതം പു-
ക്കീവണ്ണം ചൊല്ലിവിട്ടാൻ കപിതിലകനയാരാമനാനന്ദശീലൻ.97

ശ്രീരാമസ്വാമി തൻ കൽപ്പന തലയിൽ വഹിച്ചൻപൊടാദിത്യപുത്രൻ

നേരേ നാട്ടിൽക്കടന്നക്കളമൊഴി രുമയോടൊത്തു മോദിച്ചു വാണാൻ;
ധീരോദാത്തൻ ധരിത്രീപതിയനുജനൊടും മുൻപറഞ്ഞുള്ള കുന്നിൻ
ചാരേ ചാരുസ്ഥലം പുക്കമിതതരവിശേഷങ്ങൾ വീക്ഷിച്ചു വാണാൻ. 98

പന്ത്രണ്ടാം സർഗം സമാപ്തം

പതിമൂന്നാം സർഗം

കായാമ്പൂപോൽ കായസൗഭാഗ്യമേറും
മാന്യനാം തമ്പിയോടും
ആയാസപ്പെട്ടദ്രിമേൽ മേവുമന്ന-
ളായാനംചെയ്തഭ്രജാലം നഭസ്സിൽ. 1

ഉൾക്കാമ്പന്നാളാർദ്രമായേറെ വേഗാൽ
നിഷ്ക്കാസിച്ചദ്ധാർത്തരാഷ്ട്രന്വയത്തേ
സൽക്കാരത്താലർജ്ജുനോല്ലാസമേകീ-
ട്ടക്കാലംശ്രീകൃഷ്ണസാദൃശ്യമാർന്നു. 2

സമ്പാദിച്ചജ്ജീവനത്തിൻ പെരുപ്പം
സന്മാർഗത്തിൽസ്സഞ്ചരിച്ചോരു മേഘം
സന്താപം തീർത്താശു രാജാക്കൾപോലേ
ക്ലേശിച്ചേറ്റം കർബുരാഢ്യശ്രുഗത്താൽ. 3

വാനോർനാഥൻപള്ളിവില്ലിങ്കലാളും
നാനവർണം വാനിലെല്ലാം നിറച്ച്
കൊണ്ടൽക്കൂട്ടം കൂടിയാർക്കും മുഴക്കം
കൊണ്ടെട്ടാശാന്തങ്ങൾ മൂളിച്ചിതേറ്റം. 4

ആഴിത്തണ്ണീരിന്റെ കൂട്ടത്തിലോരാ-
തുള്ളിൽക്കേറിപ്പോയൊരൗർവാഗ്നിയാലേ
ഉള്ളം മേഘങ്ങൾക്കു കാന്തിക്കഴന്നി-
ട്ടത്തീ പിന്നെക്കൊള്ളിയാനായ് വമിച്ചൂ 5

തട്ടിച്ചന്നങ്ങൾക്കു ഗർവം, കടമ്പിൽ
കാട്ടിൽക്കുടെക്കാറ്റ് ചുറ്റിച്ചരിച്ചു;
മുന്നിട്ടാകാശത്തെ മേഘം മറച്ചു;
തന്നത്താനേ ഭൂമിയിൽ കുൺ കുരുത്തു 6

കാട്ടിൽ പൂക്കും വത്സകപ്പൂങ്കുടത്തേ
കൂട്ടത്തോടങ്ങുല്ലസിപ്പിച്ചു നന്നായ്

ജാലം കാട്ടും വർഷകാലത്തെ രാമൻ
ചാലേ പാർത്തിട്ടോതിനാൻ തമ്പിയോടായ്? 7

ഇക്കാലം താൻ കാലാകാലൻ കഴുത്തോ-
ടൊക്കും പുത്തൻ കൊണ്ടലുണ്ടാക്കിയേറ്റം
കക്കുന്നല്ലോ മുഷ്ക്ക കൂടും യുവാക്കൾ-
ക്കുൾക്കൊണ്ടിടും ധൈര്യസമ്പത്തശേഷം. 8

അഞ്ചമ്പൻമാലേറ്റമേറ്റുന്ന കാറ്റും
തുള്ളിത്തുള്ളിച്ചാരു നീർത്തുള്ളിയേറ്റ്
ഊതുന്നിപ്പോൾ ശീതനായ്,ശതമാമി-
സ്സന്താപത്തിന്നന്തമെ,ന്തെന്തു മട്ടിൽ. 9

മേഘത്താന്മാരൊക്കെ മേന്മേൽ തികട്ടി-
ത്തൂകും തണ്ണിധരയോടേറ്റുവെട്ടി
ഊക്കേറും നൽക്കാറ്റിനാൽ ഗന്ധമോലും
ശക്രപ്പൂകൊണ്ടംബരാന്തം മറഞ്ഞു. 10

നീരാളും നന്മേഘമാം പച്ചിലത്തോൽ
ധാരാളം പൂണ്ടിള്ളൊരാകാശമാകും
പേരാൽവൃക്ഷത്തിന്റെ, നീർധാരയാമി
വേരാകെപ്പോന്നൂഴിയിൽ പറ്റിടുന്നോ? 11

പാർശ്വത്താളും വന്മരപ്പൂ വഹിച്ചും
തീരം ചിന്തുന്നരസമ്പൂർത്തിയാർന്നും
നൾതോറും നൽപ്രൗഢതയ്ക്കീഷലെന്യേ
ശോഭിച്ചീടും ചോലയെക്കാൺകെടോ!നീ 12

മാരിക്കാലം വല്ല മട്ടും പരുങ്ങി-
ത്താരിൽത്തന്ന്വീവല്ലഭൻ താൻ കഴിച്ചാൻ
പയ്യെപ്പയ്യെപ്പിന്നെയസ്വാമിതൻ പൂ-
മെയ്യെന്നോണം മേഘവൃന്ദം വെളുത്തു. 13

ശ്രീരാമൻ തൻ പള്ളിവില്ലിന്റെ വേല-
യ്ക്കാരംഭിക്കുന്നേരമീയെന്റെ വിൽക്കോൽ
നേരേ നിൽക്കത്തക്കതല്ലെന്നു ചിന്തി-
ച്ചാരാലിന്ദ്രൻ തന്റെ ചാപം മറച്ചാൻ. 14

ഉണ്ടാകാറായ് വിഗ്രഹേ രാമരാജൻ
കൊണ്ടാടീടും സൽഗുണത്തിന്റെഘോഷം
മിണ്ടാൻ കോപ്പില്ലേതുമപ്പോൾ നമുക്കെ-
ന്നുണ്ടായ് നാണം വാർമുകില്ക്കൊച്ച തീർന്നു. 15

താന്തോന്നിത്തം തക്കതല്ലിന്നു;രാമൻ
നൊന്തിട്ടുള്ളം,നിശ്വസിക്കുന്ന നേരം
ചിന്തിച്ചിഥം വൻകൊടുംകാറ്റടങ്ങി,
പൊന്തും താഴമ്പൂമ്പൊടിപ്പാറ്റൽ നിർത്തി. 16

താപച്ഛേദം നാടകം വ്യോമരങ്ഗ-
ത്താടിക്കാഴ്ചക്കാർക്കു സന്തോഷമേകി
വർഷനാട്യക്കാരി പോയ് മേഘശബ്ദ-
ത്തമ്പേർ വച്ചമ്മിന്നൽവെട്ടം കെടുത്തീ. 17

മേലാ രാമന്നാശ പൂരിക്കുമാറായ്
കീശന്മാരെന്നാശ പൂരിക്കുമാറായ്
നന്നല്ലന്നീ വാഹിനീശബ്ദസാമ്യം
നമ്മെൾക്കെന്നോർത്തിട്ടു പൂഞ്ചോല വറ്റി. 18

ലങ്കാരാജ്യത്തിങ്കലീ രാജഹംസ-
ക്കെങ്കേമന്മാർ പോമ്പൊഴുണ്ണം തടുപ്പാൻ
ശങ്കാഹീനം രാജഹംസങ്ങൾ പക്ഷ-
പ്പങ്കാ വീശിപ്പാരിൽ വന്നങ്ങിറങ്ങീ. 19

ഇഷ്ടപ്പെട്ടുള്ളോരെ വേർപെട്ടമൂലം
കഷ്ടപ്പാടുള്ളോർക്കെഴും ധൈര്യസാരം
മോഷ്ടിച്ചീടും വർഷകാലം സമൂലം

വിട്ടെന്നാലും,മന്മഥൻതന്റെ ബാണം. 20

മാറത്തുക്കോടേറ്റ ചിത്തം കിഴിഞ്ഞ-
ദ്വാരത്തുടെ സ്നേഹസത്തൊക്കെ വാർന്ന്
വാദാനത്തിന്നുള്ള മാറ്റൊക്കെ മങ്ങി-
ശ്ശക്തിക്കേടും സ്വന്തകൃത്യത്തിനെത്തി. 21

തന്നത്താനോർക്കാതെ വാഴുന്ന സുഗ്രീ-
വന്നക്കാമഭ്രാന്തു ഭസ്മീകരിപ്പാൻ
ചെന്നക്കിഷ്കിന്ധയ്ക്കു രാമാജ്ഞ കൈക്കൊ-
ണ്ടന്നുൾക്കൊള്ളും കോപമോടുണ്ണിമന്നൻ. [വിശേഷകം] 22

ഒന്നോ,ടഗ്രേ കണ്ടു സംഹാരരുദ്രൻ
തന്നെക്കളും രൗദ്രഭാവം നടിച്ച്
ചെന്നിടുമ്പോൾ,കീശവൃന്ദം ചിലമ്പി-
ക്രന്ദിച്ചും കൊണ്ടോടലോടോടി വാങ്ങി. 23

ദ്വേഷ്യപ്പെട്ടും കൊണ്ടെഴുന്നള്ളിടുന്ന
ദൂഷ്യത്തിനായിന്നു സൗമിത്രിയെന്ന്
പ്രേഷ്യത്വം പൂണ്ടാശു ചിറ്റപ്പനെക്കാ-
ലൂഷ്യം കൈവിട്ടങ്ഗദൻ ചെന്നുണർത്തി. 24

പാരം സ്വൈരക്രീഡയാൽ കീശരാജൻ
ഭൂരിക്ലേശം പൂണ്ടുറങ്ങുന്ന നേരം
താരേയൻ ചെന്നിച്ചരിത്രം പറഞ്ഞാ-
ലാരാണാരാഞ്ഞീടുവാൻ ബോധമുള്ളോൻ. 25

നാട്ടിൽ പൊങ്ങുന്നോരു കോലാഹലത്തെ-
ക്കേട്ടിട്ടപ്പോൾ ഞെട്ടി വല്ലാതുണർന്ന
രാട്ടിൻമുൻപിൽ പ്ലക്ഷനാദിപ്ലവങ്ഗ-
ശ്രേഷ്ഠൻമാർ ചെന്നാശ്വസിപ്പിച്ചു നിന്നാർ. 26

ഇക്കോളിൽ ശ്രീരാമചന്ദ്രൻ വെറുപ്പാൻ
തക്കോണം നാം ചെയ്ത തെറ്റെന്തീവണ്ണം
അക്കൂട്ടക്കാർ കൂടി മന്ത്രിക്കവേയ-
ദ്ദിക്കിൽ കേൾക്കാറായി വില്ലിൻ മുഴക്കം. 27

ഞെട്ടിപ്പെട്ടെന്നാസനം വിട്ടെഴുന്നേ-
റ്റെട്ടാശാന്തം പൊട്ടുമീയൊച്ചകേട്ട്
ചൂടെല്ലാർക്കും തീർക്കമഭ്രസ്വനത്താൽ
പേടിച്ചീടും പാമ്പു പോലായ് കപീന്ദ്രൻ. 28

സ്വാമിക്കിപ്പോൾ ദ്വേഷമുണ്ടാകുവാൻ നിൻ
സ്വാമിദ്രോഹം തന്നെയെന്നാ ഹനൂമാൻ
ഓതുന്നേരം ലക്ഷ്മണൻതൻ വിരോധം
ഭേദിപ്പിപ്പാൻ താരയെച്ചൊല്ലി വിട്ടാൻ. 29

പെട്ടെന്നാദ്യം വാരുണീസേവമൂലം
വർജിച്ചിട്ടാ രാജതേജോവിശേഷം,
സന്മാർഗത്തൂടാശു, പൂർവാശയിങ്കൽ
ചെമ്മേ മിത്രപ്രാപ്തിയുണ്ടായിടുമ്പോൾ. 30

മെല്ലെന്നോജസ്സാർന്നു, നിഷക്രാന്തതാരം,
തീരെത്തീർന്നാ വൻതമസ്സിൻ വികാരം,
സുഗ്രീവൻ താൻ വാണിരിക്കും നിശാന്തം
വ്യഗ്രത്വം വിട്ടർഥവത്തായ് ഭവിച്ചു. (യുഗ്മകം) 31

പ്രാപിച്ചിട്ടാ രാമ രാമാനുജൻ തൻ
ചാരത്താ ചാരത്തൊടേവം പറഞ്ഞാൾ
ആദിക്കാധിപ്രാപ്തിയബ്ബാലിയാ,ലി-
ബഭല്ലുകാധിശന്നു വല്ലാതെ വന്നൂ. 32

കാട്ടിൽ പോയിപ്പെട്ട പാടൊക്കെയങ്ങേ-
ജ്യേഷ്ഠൻതീർത്തന്നൊറ്റയമ്പിൻ കരുത്താൽ
തെറ്റെന്നിപ്പോൾ പഞ്ചബാമൻ നിമിത്തം

മുറ്റും പീഡയ്ക്കിമ്മഹാൻ കീഴടങ്ങി. 33

എന്നാലിന്നമ്മാല്വു വിഷ്ടാരമാത്രം
കൊണ്ടങ്ങെന്നും തീർത്തതും യുക്തമത്രേ
നീ തീർത്തോരിന്നോവുപേന്ദ്രാത്മജന്റെ
ജ്യേഷ്ഠൻ തീർത്തശ്ശമിന്ദ്രാത്മജന്റെ. 34

നന്മട്ടോലും വാണിയാൾ തന്റെ വാക്കാൽ
സമ്മാനിക്കപ്പെട്ട സൗമിത്രി പിന്നെ
അമ്മാറ്റം തീർന്നാശു, കീശർക്കധീശൻ
തന്മാടത്തിൽപ്പൂക്ക ഗാംഭീര്യമോടും. 35

കണ്ടനേരം വാനരേന്ദ്രൻ നടുങ്ങീ-
പ്പണ്ടേക്കാളും ഭക്തി കൈക്കൊണ്ടു നിൽക്കെ
തിണ്ടാടീടും കീശജാതി സ്വഭാവം
കണ്ടുൾക്കോപം പൂണ്ട സൗമിത്രി ചൊന്നാൻ. 36

കാരുണ്യം പൂണ്ടിന്ദ്രിയൗഘത്തെ വെന്നുൾ-
സാരം ചേരും സ്വാത്ഥികൻമാരുമായി
നേരും പാരം നന്ദിയും പൂണ്ട ഭൂപ-
ന്മാരെ പാരിൽ പൂജ്യരായിബ്ഭവിക്കു. 37

സന്ധിപ്പോർക്കും തന്മതം പാർത്തിരിക്കും
ബന്ധുക്കൾക്കും നന്മ താൻ ചെയ്തിടാതെ
പാപം നേടിപ്പോഴവാക്കോതിടുന്ന-
ബ്ഭൂപൻമാരെക്കാളുമേവൻ കഠോരൻ. 38

കാര്യം കണ്ടാൽ കൂട്ടുകാരന്നു വേണ്ടും
കാര്യം നേടാൻ വേല ചെയ്യാത്ത ദുഷ്ടൻ
ആര്യന്മാർ, “വധ്യനാണക്കൃതഘ്ന-
ക്രൂരൻ“ താനെന്നുച്ചെരിക്കപ്പെടുന്നു. 39

നീയും പാർത്താലത്തരക്കാർക്കു മുൻപൻ

ഞായക്കേടി ഞങ്ങളോടാചരിച്ചു;
ശൗര്യം കൂടും ബാലിയെക്കൊന്ന ക്രൂര-
സ്വാര്യൻ വച്ചിട്ടുണ്ടതിന്നോർമ്മ വേണം. 40

നന്നാവില്ലാ രാമചന്ദ്രൻ ഗുണത്തോ-
ടൊന്നിച്ചീ നിൻനെഞ്ചിലന്യൂന്നീടാഞ്ഞാൽ;
നിന്ദക്കാരൻ നിന്റെ നാശം ഭവിപ്പാ-
നിന്നോർക്കുമ്പോൾ മറ്റു മാർഗ്ഗങ്ങളുണ്ടോ? 41

എന്നീവണ്ണം വീര്യവാനാം കുമാരൻ
ഭിന്നാഭിപ്രായത്തെയോതുന്ന നേരം
കന്നൽക്കണ്ണാൾ താരയും പേടിയുള്ളിൽ
കുന്നിച്ചും കൊണ്ടാദരത്തോടുരച്ചാൾ. 42

തീയിൽച്ചാടാൻ സ്വാമി ചൊന്നാലതിന്നും
ഭീയില്ലേതും മർക്കടേന്ദ്രന്നു പാർക്കിൽ;
ആയുസ്സുണ്ടെന്നാകിലാ രാജകാര്യം
മായം കൂടാതൊക്കയും നിർവഹിക്കും. 43

ഭൂരിശ്രീമാൻ ലക്ഷ്മണൻ തന്റെ നേരെ
ചാരത്തപ്പോൾ കൂപ്പിനിന്നർക്കജന്മാ
പാരുഷ്യത്തെക്കൈവിടാൻ തക്കവണ്ണം
സാരസ്യത്തോടോതിനാനിപ്രകാരം. 44

നാനാദേശത്തിങ്കലും കത്തയച്ചെൻ
സേനാവൃന്ദം നേരു നിർത്താൻ വരുത്തി
ഞാനങ്ങോട്ടേക്കാഗമിപ്പാൻ നിരൂപി-
ച്ചാരംഭിക്കുന്നേരമങ്ങുന്നു വന്നു. 45

എന്നാലിന്നിത്താമസിക്കേണ്ട പാഴേ;
ചെന്നാ രാമസ്വമിയെക്കൈവണങ്ങീ
ഇന്നോ പക്ഷേ നാളെയോനാട്ടിലെല്ലാ-
മന്വേഷിപ്പാൻ നിശ്ചയിച്ചാളയയ്ക്കാം. 46

എന്നീ വാക്യം കേട്ട നേരം കുമാരൻ
വന്നീടും വൻകോപമെല്ലാമടക്കി;
പിന്നീടെല്ലാപേരുമായ് രാമനെക്ക-
ണ്ടൊന്നീ മട്ടിൽ കീശരാജാവുരച്ചാൻ. 47

അല്പന്മാരാം വാനരന്മർക്കു പണ്ടേ
കൽപ്പിക്കപ്പെട്ടുള്ള ചാപല്യമെല്ലാം
തിൽപ്പെന്നോർത്തിട്ടാശു ദൂരെ ത്യജച്ചേ;-
നപ്പേ വീണ്ടും വന്നു ബാധിച്ചീടുന്നു. 48

ചൊന്നാനന്നേരത്തു രാമൻ,മനസ്സിൽ
തോന്നാനില്ലിക്കശ്മലത്വം നിനക്കും
നിന്നോർമയ്ക്കായ് മാത്രമീയുണ്ണിയെ ഞാ-
നിന്നങ്ങേട്ടേക്കോതി വിട്ടേനിവണ്ണം. 49

നാലാശയ്ക്കും തേടുവാനളയ്ക്കു
ശീലായ്മക്കീ നീ വശപ്പെട്ടിടാതെ
മേലാൽ വേണ്ടും കാര്യമെന്തെന്നു പിന്നീ-
ടാലോചിയ്ക്കാം സാവധാനത്വമോടെ. 50

ശ്രീരാമൻ തന്നാജ്ഞ കേട്ടിപ്രകാരം
താരാനാഥൻ താഴ്മയുള്ളോർക്കു മുൻപൻ
ആരാഞ്ഞീടാൻ നാലുദിക്കും ക്രമത്താ-
ലോരോ ലക്ഷം വാനരന്മാരെ വിട്ടാൻ. 51

ചാട്ടക്കാരായ് നാലുനൂറായിരത്തേ
ശട്ടം കെട്ടിപ്പോവതിന്നായി നിർത്തി
പെട്ടന്നല്ലീവല്ലഭൻ തൻകിടാവ-
പ്പട്ടാളത്തെപ്പാർത്തു ചൊന്നാനിവണ്ണം. 52

കാട്ടും മേട്ടും കാശിമുൻപായ നാനാ
നാട്ടും തോട്ടും ചാലുമൊക്കെക്കടന്ന്

തേടിത്തേടിച്ചെന്നു പൂർവാശയിങ്കൽ
ചാടിപ്പേടിക്കാടെകണ്ടൊഴിതാണ്ടിന്! 53

സാരം ചേരും കാഴ്ചയോരോന്നു കണ്ടും
താരാർമാതിൻ വാഴ്വയാരാഞ്ഞുകൊണ്ടും
ക്ഷീരാംഭോധിക്കക്കരെച്ചാടി വീണ-
ന്നീരോദാത്തെപ്പേടിയെന്ന്യേ കടപ്പിൻ. 54

പൊന്നും കുന്നിന്മേളിൽ മോദിച്ചിരിക്കും
ധന്ന്യത്മാവാം ശേഷനെക്കണ്ടു കൂപ്പി
പിന്നെപ്പോയിപ്പൂർവശൈലം വലം വ-
ച്ചന്വേഷിപ്പിൻ തൻപ്രദേശത്തിലെല്ലാം. 55

കണ്ടില്ലെങ്കിൽ പോകൊലാ പിന്നെയങ്ങോ-
ട്ടുണ്ടർക്കെല്ലാം വാസഭ്രൂവാകയലേ
പണ്ടെങ്ങാരും പോയവാറി,ല്ലിരുട്ടാൽ
കണ്ടീടുവാൻ ദുർഘടം പാരമുണ്ടാം. 56

ഓരോന്നേവം ചൊല്ലി വിട്ടാൻ കിഴക്കോ-
ട്ടാരായേണ്ടും വാനരന്മാ നോക്കി;
നേരേ തെക്കേദ്ദിക്കിലന്വേഷണാർഥം
താരേയാദ്യന്മാരൊടേവം പറഞ്ഞാൻ. 57

പോയാൽ കൊള്ളാം നിങ്ങളെക്കൊണ്ടു വേണം
മായാമർത്ത്യൻ തന്റെ കാര്യം വഹിപ്പാൻ
ആയോണം ഞാൻ വേണ്ട ലക്ഷ്യങ്ങൾ നിങ്ങൾ-
ക്കായിച്ചൊല്ലാമായതോർമിച്ചു കൊൾവിൻ! 58

നേരെ വിന്ധ്യൻ പർവതത്തെക്കടന്ന-
ങ്ങോരോ ദിക്കും ചെന്നു വെവ്വേറെ നോക്കി
ധീരന്മാരെ! കേരളം വിട്ടു പോമ്പോൾ
ചാരെ നിങ്ങൾക്കങ്ങു കാവേരി കാണാം. 59

ചെല്ലുള്ളോരത്തീർഥവും താണ്ടിയൽപ്പം
ചെല്ലുന്നേരം ചന്ദനാദ്രിക്കടുക്കൽ
കല്യന്മാരെ! കുംഭജന്മാവിനെക്ക-
ണ്ടുല്ലംഘിപ്പിൻ താമ്രപർണീസരിത്തും 60

തേടിപ്പിന്നെപ്പാണ്ഡ്യരാജന്റെ നാട്ടിൽ-
ക്കൂടെ പ്രാപിച്ചമ്മഹേന്ദ്രജാലത്തെ
പേടിച്ചിടാതപ്പുറത്തെ സമുദ്രം
ചാടിച്ചെന്നാൽ വൻതുരുത്തൊന്നു കാണാം. 61

ജാലക്കാരൻ രാവണൻ വാണിരിക്കു-
ന്നാ ലങ്കാദ്വീപൊക്കെ നന്നായ് തിരിഞ്ഞ്
കണ്ടില്ലെന്നാൽ മുൻപുറത്തെസ്സമുദ്രം
ധൈര്യത്തോടും താണ്ടി മുന്നോട്ട് പോണം. 62

മെല്ലെത്തെക്കോട്ടേറ മാർഗം കടന്നാൽ
ചെല്ലും ചൊവ്വേ കുഞ്ചരാഖ്യാചലത്തിൽ
വെല്ലം നൽത്തേനെന്നിതെല്ലാം ഭുജിച്ച-
ങ്ങില്ലം പോയിക്കാണ്മിനാഗസ്ത്യമഗ്രേ. 63

പിന്നെക്കാണും വാസുകിക്കുള്ള സത്മാ-
വെന്നും സർപ്പം കാത്തുനിൽപ്പുണ്ടതിങ്കൽ
അന്നാടെല്ലാം പാർത്തു തെക്കോട്ടുഴന്നാൽ
മുന്നിൽ കാണും പൊൻനിറം പൂണ്ട ശൈലം. 64

അദ്ദേശത്തിന്നപ്പുറം താൻ പിതൃക്കൾ-
ക്കുദ്ദേശിക്കപ്പെട്ട വൈഷമ്യവാസം
പ്രത്യേകിച്ചും നിങ്ങളാൽ ശക്യമല്ലി-
ന്നുദ്യോഗിച്ചാൽ കൂരിരുട്ടത്രേ പോവാൻ. 65

എന്നല്ലങ്ങോട്ടൊക്കെയും ധർമ്മരാജൻ-
തന്നാവാസം ദുർഘടസ്ഥാനമല്ലോ
പിന്നുള്ളേടത്തൊക്കെ നന്നായി നോക്കി-

പ്പോന്നാൽ പോരും നിങ്ങൾ കഷ്ടപ്പെടാതേ. 66

നേരാം മാർഗ്ഗം ദക്ഷിണാദിക്കു പൂകാ-
നാരംഭിക്കുന്നോർക്കു ചൊല്ലിട്ടീവണ്ണം
ശൂരാത്മാവാം സൂര്യപുത്രൻ, സുഷേണൻ-
ചാരത്തെത്തിച്ചാരുവാക്കേവമോതീ. 67

അമ്മാവൻ താൻ പോകവേണം പടിഞ്ഞാ-
ട്ടമ്മാൻകണ്ണാളുള്ള ദേശം തിരക്കാൻ
നമ്മാലാകും നന്മ ചെയ്യുന്നതിനായ്
ബ്രഹ്മാവിമ്മെയ്യോടു നിർമ്മിച്ചു നമ്മെ. 68

സൗരാഷ്ട്രം മുൻപായ നാടൊക്കെയാരാ-
ഞ്ഞോരോ കൈതക്കാട്ടിലും പോയ് തിരഞ്ഞ്
നേരെ ചെന്നാൽ മേക്കുപക്കത്തു പാരാ-
വാരം ദൂരത്തങ്ങു നിങ്ങൾക്കു കാണാം. 69

തെങ്ങും കൂട്ടത്തിങ്കലെല്ലാമുഴന്നൊ-
ട്ടങ്ങോട്ടായാലങ്ഗലോപാഖ്യദേശം
മങ്ഗല്യത്തിന്നാസ്പദം കണ്ടു ചെന്നാൽ
പൊങ്ങിക്കാണാം ചക്രവാനെന്ന ശൈലം. 70

പാരാവാരത്തിന്റെ നാലം പദത്തിൽ
പേരാളുന്നപർവ്വതത്തിങ്കൽ വച്ച്
പോരാടിത്തൻ ശങ്കചക്രങ്ങൾ വാങ്ങീ
ക്രൂരന്മാരാം ദൈത്യരോടംബുജാക്ഷൻ. 71

പിന്നെക്കാണും കാമരൂപം പുരം പു-
ക്കന്വേഷിച്ചൊട്ടേറെ മേലോട്ട് ചെന്ന്
പൊന്നും കുന്നും മറ്റുമൊക്കെക്കടന്നാൽ
കണ്ണിൽ കാണാറാകുമസ്താചലത്തെ. 72

അക്കുന്നിന്മേലപ്പതിയ്ക്കുള്ള വാസം

നോക്കിക്കണ്ടോ മേരുസാവർണിതന്റെ
തൃക്കാൽ കുപ്പിപ്പോരണം പിന്നെയങ്ങോ-
ട്ടിക്കണ്ടോരാൽ പോവതിന്നില്ലെളുപ്പം. 73

എന്നീവണ്ണം ഭാനുപുത്രർ പടിഞ്ഞാ-
റന്വേഷിപ്പാനുള്ളതൊക്കെപ്പറഞ്ഞ്
പിന്നെചൊന്നാനുദ്ദരാദിക്കു പൂകാ-
നന്നിപ്പാർക്കും മർക്കടന്മാരെ നോക്കി. 74

വീരന്മാരേ! നിങ്ങൾ ചെല്ലിൻ വടക്കോ-
ട്ടാരും പോയാലങ്ങമാന്തിച്ചിടൊല്ലാ
ശ്രീരാമോദ്ദേശ്യങ്ങൾ സധിക്കുവോളം
ഭാരം നമ്മൾക്കുണ്ടതന്നേ ചുരുങ്ങൂ. 75

നമ്മൾക്കെല്ലാം നല്ലകാലം വരുത്താ-
നിമ്മാന്ന്യശ്രീരാമചന്ദ്രൻ ശ്രമിച്ചു;
അമ്മട്ടദ്ദേഹത്തിനും നാം തുണച്ചാൽ
ജന്മം നമ്മൾക്കിങ്ങു സാഫല്യമാർന്നു. 76

ഒന്നും ചെയ്യാതുള്ളൊർഥിക്കഭീഷ്ടം
തന്നത്താനോർത്തേകുവാൻ ധന്യനേറ്റം;
തന്നിഷ്ടത്തേ മുൻപനുഷ്ഠിച്ചവർക്കായ്
പിന്നെച്ചെയ്യോനമാത്രം വിശിഷ്ടൻ. 77

നന്നായോർത്തി,ട്ടാകയാൽ നിങ്ങളെല്ലാം
കന്നൽക്കണ്ണിക്കുള്ളൊരാവാസദേശം
കണ്ണിൽക്കാണുന്നോളമുത്സാഹപൂർവ്വം
ചെന്നന്വേഷിച്ചിങ്ങു പോന്നീടവേണം. 78

നാനാനാട്ടും കുന്നുമാരും കടന്ന-
ച്ചിനാദേശം താണ്ടിയൊട്ടങ്ങു ചെന്നാൽ
കാതം നാന്നൂറോളപ്പരപ്പായ്
കാണാം നേരത്തുള്ള മൈതാനഭൂമി. 79

വേഗം പിന്നിട്ടപ്രദേശം ഭവാന്മാർ
പോകുന്നേരം വെൺമലക്കാല്യ കാണാം
ആകെക്കൊണ്ടിന്നിത്തുഷാരാചലത്തിൻ
ശാഖാശൈലക്കൂട്ടമങ്ങെത്തിയോണം. 80

അക്കൈലാസം കണ്ടു വേഗന പോമ്പോ-
ളഗ്രേകാണ്മാനുണ്ടുറസ്വോകസാര
നോക്കിക്കണ്ടാ രാജരാജന്റെ രാജ്യം
പാർക്കാം പിന്നെക്രൗഞ്ചയസശൈലം വിദൂരേ. 81

അൽപ്പം പോയാൽ മുന്നിലാമ്മാറു കാണാം
പൊക്കം കൂടുന്നൊരു സോമാചലത്തെ
കെൽപ്പില്ലാർക്കും പിന്നെയങ്ങോട്ടുപ്പാ-
നൽപ്പേക്ഷിച്ചാൽ നിങ്ങളാലും പ്രയാസം. 82

അക്കൂട്ടത്തോടോതിയേവം കപീന്ദ്രൻ
നിഷ്കർഷിച്ചാൻ സ്വാമികാര്യത്തെ നന്നായ്
പ്രത്യേകിച്ചും നാലിനക്കാറരോടും
മൊത്തത്തിൽ പാർത്തോതിനാനിപ്രകാരം. 83

നേരം പാഴാക്കാതെകണ്ടങ്ങുമിങ്ങും
ശൂരന്മാരേ! നല്ല ശുഷ്കാന്തിയോടും
ആരാഞ്ഞുംകൊണ്ടാശു കാര്യം വഹിച്ചെൻ
ചാരത്തെത്തിൻ മുപ്പതാം പക്കമാകുമ്പോൾ. 84

പക്ഷം രണ്ടും ചേർന്ന വൈദേഹിയെയും
വീക്ഷിക്കാതെൻ മുന്നിലെത്തുന്ന ഭോഷൻ
പക്ഷം രണ്ടില്ലായവൻ വധ്യനത്രേ
ദാക്ഷിണ്യം ചെറ്റില്ല ബന്ധുക്കളോടും. 85

എന്നീ വണ്ണം യാത്ര കൽപ്പിച്ചു
സന്നാഹത്തിന്നുദ്യമിച്ചാൻ കപീന്ദ്രൻ;

സന്ദേശക്കാർ നാലു പങ്കായി നിന്നി-
ട്ടന്നേരത്താരാമപദം വണങ്ങി. 86

കൂറോടപ്പോൾ വാതജൻ തന്നെ രാമൻ
വേറെ കൽപ്പിച്ചന്തികത്തിങ്കൽ നിർത്തി
തേറും നീയെൻ കാര്യമെന്നോതിയോജ-
സ്സേറീടും തൻമോതിരം കൈയ്യിൽ നൽകി. 87

കാൽത്താർ കൈതൊഴുതാസ്ഥയോടു ഹനുമാൻ
രാമാങ്ഗുലീയത്തിനെ-
കൈത്താർ ചേർത്തുരരീകരിച്ചു ശകലം
പിന്മാറി നിന്നീടവേ
ബദ്ധപ്പെട്ടു മനോരഥം രഘുവരൻ
പാരൊക്കെയോടിച്ചപോൽ
മധ്യാഹ്നർക്കമരീചി പോൽ കപികുലം
വ്യാപിച്ചു ദിക്കൊക്കെയും. 88

മങ്ങാതെ ചീനവെടി പൊട്ടി, യതിങ്കൽ നിന്നും
പൊങ്ങിത്തിളങ്ങി വെടിയുണ്ട തകർന്നിടുമ്പോൾ
എങ്ങും പരക്കുമൊരു തീപ്പൊരിപോൽ പ്ലവങ്ഗ-
ച്ചങ്ങാതിമാർ പല വഴിക്കുഴറിത്തുടങ്ങി. 89

വടക്കും മേക്കും പിന്നമരവരദിക്കും തിരയുവാൻ
മിടുക്കോടും പോയോരവിടവിടെയാരാഞ്ഞു മുഴുവൻ
തിടുക്കം കൈക്കൊണ്ടക്കപിവരകഠോരാജ്ഞയെ നിന-
ച്ചൊടുക്കം പോന്നോരിങ്ങവധി കഴിയും മുൻപു വെറുതെ. 90

തെന്നാട്ടു നോക്കി നടകൊണ്ടവരൂഴിമങ്ക-
തന്നാശ്രയസ്ഥലി തിരഞ്ഞു മനസ്സിലാക്കി
വന്നീടുമെന്നു ഹൃദയത്തിലുറച്ചു രാമ-
ചന്ദ്രൻ തുടങ്ങിയവർ മോദമുയർന്നു വാണാർ. 91

പതിമൂന്നാം സർഗം സമാപ്തം

പതിനാലാം സർഗം

ഊഴിമാതിന്റെ യാവാസം തേടിക്കണ്ടുപിടിക്കുവാൻ
തെക്കോട്ടേക്കു പുറപ്പെട്ടാർ ഹനുമാനാദിയായവർ. 1

വരിവെച്ചു പറന്നീടും പേരക്കിളികളെന്നപോൽ
ഒരു ദേശം വിടാതെല്ലാം തിരഞ്ഞു ധരണീതലം. 2

ഒരുമിച്ചുഴറുന്നേരത്തിരുന്നു പല ദിക്കിലും
പശിയും ദാഹവും തീർത്തു കടന്നാരധികം വഴി. 3

മകൻ മരിച്ച ഖേദത്താൽ ഭഗവാൻ കണ്ഡ്ഡമാമുനി
ശപിച്ചു മരുഭൂവാക്കിത്തീർത്ത ദേശം കടന്നു തേ. 4

ഉടൻ മുന്നിലകപ്പെട്ടു കൊടും പാപിയൊരാശരൻ
പടുക്കളാം കപികളൊടടുത്താനടലിന്നവൻ. 5

വീണപ്പട്ടമൊടും നേരേ കാണപ്പെട്ട കഠോരനെ
പ്രാണപ്പെട്ടി ഞെരച്ചുമ്പർകാണെപ്പൊട്ടിച്ചു കൊന്നു തെ. 6

ജാനകീചോരനെന്നുള്ളിൽ ശങ്കിക്കപ്പെട്ട രാക്ഷസൻ
മരിച്ച ശേഷം ലങ്കേശനല്ലെന്നോർത്തിതു മർക്കടൻ. 7

പിന്നെയും കപിവീരൻമാർ ചെന്നു മുന്നോട്ടു ദേവിയേ
അന്വേഷിച്ചിതു വിന്ധ്യന്റെ കുന്നിൻമേൽ ദിക്കിലൊക്കെയും. 8

വിശപ്പും ദാഹവും കൊണ്ടു വശം കെട്ടവരേവരും
വലഞ്ഞു വലുതായുള്ള ദുർഗഘട്ടത്തിൽ കുടുങ്ങിനാർ. 9

നല്ല നീരുള്ളെടം കൊണ്ടു നിത്യവൃത്തി കഴിച്ചിടും
കാരണം കൊക്കു മുതലായ് പലമാതിരി പക്ഷികൾ. 10

അന്നേരത്തഗ്ഗിരീന്ദ്രന്റെ കന്ദരത്തിങ്കൽ നിന്നുടൻ
പറന്നകണ്ടിട്ടെങ്ങാണ്ടൊ പൊയ്കയുണ്ടെന്നുറച്ചുതെ. (യുഗ്മകം) 11

വള്ളിക്കൈയും പിടിച്ചുംകൊണ്ടെല്ലാവരുമന്തരം
ശിലോച്ചയഗുഹയ്ക്കുള്ളിൽ പ്രവേശിച്ചാരനിർഗളം. 12

തപ്പിത്തപ്പിക്കുരങ്ങൻമ്മാരിരുട്ടറയിലൂടെ പോയ്
തെല്ല ദൂരത്തണഞ്ഞപ്പോൾ നല്ല ദേശത്തിനാർ. 13

കണ്ടാലാർക്കും മനഃപ്രീതിയുണ്ടാക്കും പൊന്മായസ്ഥലം
പാർത്താരവിടെ മിന്നുന്ന മഹായോഗിനി തന്നെയും. 14

മോക്ഷത്തിനായ് തപം ചെയ്യും സാക്ഷാൽതാപസിതൻകീഴിൽ
വന്നിച്ച വർത്തമാനങ്ങൾ പറഞ്ഞു പവനാദ്മജൻ. 15

നൽകീരവാണി താന്നപ്പോൾ സൽക്കരിച്ചു കപീന്ദ്രരേ
സ്വന്തവൃത്താന്തമെപ്പേരുമവരോടരുളീടിനാൾ. 16

മയനുണ്ടാക്കിയിദ്ദേശം നാന്മുഖന്റെ വരത്തിനാൽ
ഹേമയാമപ്സരസ്ത്രീയേ കൈകൊണ്ടിവിടെ മേടിനാൻ. 17

മയനെക്കൊന്നു ദേവേന്ദ്രനന്നേരം കമലോത്ഭവൻ
സന്തോഷിച്ചിവിടം നൾകി ഹേമയ്ക്ക്നിവസിക്കുവാൻ. 18

എൻതോഴിയവ,ളിദ്ദേശമെനിക്കായി പിന്നെയേകിനാൾ
അന്നുതൊട്ടിപ്രദേശത്തെസൂക്ഷിച്ചു മരുവുന്നു ഞാൻ. 19

എൻപിതാ മേരുസാവർണി നാമധേയം സ്വയംപ്രഭ
വലുതായുണ്ടു വൈഷമ്യം പ്രണികൾക്കിങ്ങു പോരുവാൻ. 20

അഥവാ വന്നകപ്പെട്ടാൽ തിരിയെപ്പോയ് പിഴയ്ക്കുവാൻ
എളുപ്പമാർക്കുമല്ലാത്ത ഗുഹയാണിതു ദുർഘടം 21

ഈവണ്ണമുരചെയ്തിട്ടാ വാനരപ്പടയെ ക്ഷണാൽ
നേർവഴിക്കാക്കി മുന്നെപ്പോൽ കൗശലത്താൽ സ്വയംപ്രഭ. 22

അപ്പോൾ സാലാവൃകേന്ദ്രന്മാർ വസന്തത്തിന്റെ വാതിലാം
മാഘമാസത്തിൽ മാമ്പൂ കണ്ടാകപ്പാടേ വിഷണ്ണരായ്. 23

ഗുഹയിൽ പാർത്തു പാഴാക്കിക്കളഞ്ഞു ദിവസങ്ങളെ
അവധിക്കുറിയും തെറ്റി ദേവിയെക്കണ്ടുമില്ല നാം. 24

ശിക്ഷിപ്പാൻ തമ്പുരാനിന്നിപക്ഷം രണ്ടില്ല ചെല്ലുകിൽ
ലക്ഷ്യമില്ലാതെ പോന്നോരീ ലക്ഷം പേർക്കുമധോഗതി. 25

പശ്ചാത്താപത്തോടീവണ്ണം ദീനനായ് ബാലിനന്ദനൻ
വാവിട്ടു കരയുന്നേരത്താശ്വസിപ്പിച്ചു മാരുതി. 26

ത്രാണിയില്ലായ്കയാൽ ശൗര്യം കാണിപ്പാൻ സ്വന്തജോലിയിൽ
നാണം കെടുന്നതിൽ ഭേദം പ്രാണത്യാഗം മഹാസുഖം. 27

ഈവണ്ണമവരെല്ലാരും കൂടി മന്ത്രിച്ചു തങ്ങളിൽ
പ്രയോപവേശനം കൊണ്ടു മരിപ്പാനയൊരുങ്ങിനാർ. 28

വിന്ധ്യമാമലയോരത്തു ദർഭ കൊയ്തങ്ങ്ഗദാദികൾ
അഗ്രം തെക്കോട്ടു വച്ചോരോ പാചമ,ച്ചതിനാലവർ. 29

കൈകാൽ ശുദ്ധി വരുത്തീട്ടു ചാകാനേകാഗ്രബുദ്ധിയാൽ
ദർഭയിന്മേൽ കിഴക്കോട്ടു നോക്കി വാണാരനാകുലം. (യുഗ്മകം) 30

കടുത്ത വെയിലേറ്റിട്ടും പട്ടിണിച്ചീട്ടു വാങ്ങിയും
കൂസലില്ലാതെ ധൈര്യത്തെ ഭേസിനാരവരൊക്കയും. 31

സങ്കടത്തിൽലകപ്പെട്ട വാനരന്മാർ പരസ്പരം
രാമവൃത്തന്തമോരോന്നു സംസാരിച്ചു തുടങ്ങിനാർ. 32

പോരിൽ പൗലസ്ത്യനാൽ മുന്നം വെട്ടപ്പെട്ട ജഡായുവെ
വർണിപ്പാൻ ബന്ധമുണ്ടാ,യപ്പട്ടാളക്കാർക്കു തങ്ങളിൽ. 33

സഹോദരന്റെ നിര്യാണവാർത്ത കേട്ടൊരു മാത്രയിൽ
പക്ഷീന്ദ്രനായ സമ്പാദിക്കുളവായ് രോമഹർണം. 34

വാരത്തിൽനിന്നെഴുന്നേറ്റു തത്തിത്തത്തിപ്പതുക്കവേ
വെളിപ്പെട്ടു കപീന്ദ്രന്മാർ മരുവും ദിക്കിലായവൻ. 35

അവർക്കു നന്മ നൽകീടാൻ നേർന്നു ദൈവത്തിനോടിവൻ
വിളിച്ചു പയ്യെച്ചോദിച്ചാൻ വാനരന്മാരൊടിങ്ങനെ. 36

അപായമെന്റെ തമ്പിക്കു നേരിട്ടു,തുരചെയ്യുവോർ
ആരെടോ! നിങ്ങളെന്നോടു നേരിട്ടു,തുരചെയ്യുവിൻ. 37

ഭുവലെല്ലാം കരിച്ചോരു പകലോന്റെ ചൂടിനെ
പണ്ടൊരിക്കലറിഞ്ഞേൻ ഞാനുണ്ടാതെന്നുള്ളിലിപ്പൊഴും. 38

ചൂടേറുംമിച്ചരിത്രത്തെച്ചെവിക്കൊണ്ടൊരു മാത്രയിൽ
രവി തൻ കഠിനച്ചൂടു മുഴുവൻ മാഞ്ഞിതത്ഭുതം. 39

സമ്പാതിവാക്യമൂവണ്ണമൻപോടും കേട്ടൊരങ്ഗദൻ
തമ്പാംവണ്ണം ജടായുസ്സുതൻ പ്രാണാവസ്ഥയോതിനാൻ. 40

വിസ്തരിച്ചതു കേട്ടപ്പോൾ ഗൃദ്ധ്രരാജൻ വിഷണ്ണനായ്
കരഞ്ഞു തന്റെ തമ്പിക്കു തരസാ പിണ്ഡമേകിനാൻ. 41

ആർത്താരം വാനരന്മാരെപ്പാർത്തു പിന്നെയുമിങ്ങനെ
നന്മ നേടുവതിന്നായി സ്സമ്മനിച്ചവനോതിനാൽ. 42

മഹേന്ദ്രഗിരിയിൽക്കൂടെ രാവണൻ രാമപത്നിയെ
ഇണ്ടലില്ലാതെ തേരേറ്റിക്കൊണ്ടു തെക്കോട്ടുപോയെടോ! 43

കൊറ്റിനു മാംസമാരാഞ്ഞേൻ മകനായ സുപാർശ്വനും
ചുറ്റുന്ന നേരമിതു കണ്ടോടി വന്നെന്നോടോതിനാൽ. 44

രാക്ഷസസ്ത്രീകളാൽ ചൂഴപ്പെട്ടു ജാനകി ലങ്കയിൽ
ശിംശപാവൃക്ഷമൂലത്തിലിരിപ്പൊണ്ടങ്ങു ചൊല്ലുവിൻ. 45

ആണത്തമുള്ള നിങ്ങൾക്കീയാഴിക്കക്കരെയെത്തുവാൻ
കുഴപ്പമൊന്നുമില്ലെങ്കിൽ കാണാം ദേവിയെ നിശ്ചയം. 46

ദിവാകരകരം കൊണ്ടു ചിറകറ്റു കിടന്ന ഞാൻ
നിശാകരകരം കൊണ്ടു രക്ഷപ്പെട്ടു യദൃച്ഛയാൽ. 47

നിങ്ങൾക്കെല്ലാം തക്കയോഗ്യസൗജന്യം ഞാനരയ്ക്കവേ
ത്തുവലുണ്ടാകുമെന്നുള്ള മുനിവാക്യം യഥാർഥമായ്. 48

ഓരോ ത്തുവൽ മുളച്ചീടാനാരംഭിച്ചിന്നു മെല്ലവെ
സാരവേദികൾ ചൊല്ലുന്ന ഗീരു നിഷ്ഫലമാകുമോ? 49

സമുദ്രം താണ്ടുകിൽ കാണാം സ്വീരദ്ധ്വജതനൂജയേ
നിങ്ങൾ കൈയേറ്റ കാര്യത്തെ നിറവേറ്റാൻ ശ്രമിക്കണം. 50

പറഞ്ഞിതവരോട്ടുള്ളിൽ കണ്ണുള്ളോരദ്വിജാധിപൻ
ആശീർവചനവും ചൊല്ലി യാത്രയാക്കി മഹാമതി. 51

ആകസ്മികമതായ് കണ്ട ശകുനത്താൽ പ്രഹൃഷ്ടരാം
ശാഖാമൃഗപ്രവീരന്മാർക്കാകുലം തീർന്നു മാനസേ. 52

കവിരാജാജ്ഞയാകുന്ന പാഥേയുംപൂണ്ടു മൗലിയിൽ
ചെന്നുകണ്ടവർ സന്ദേഹകടലായലയാഴിയേ. 53

ബലവാനായ രാമന്റെ ബാണങ്ങളുടെ കൂർമയും
കരകാണാത്ത വാരാശി കടപ്പാനുള്ള ദുഃഖവും. 54

നിനച്ചു നെഞ്ചടചേറ്റമന്ധാളിച്ചവരെയൊക്കെയും;
അന്നേരം പുഞ്ചിക്കൊണ്ടു പറഞ്ഞാനേവമങ്ഗദൻ 55(യുഗ്മകം)

ശൗര്യമേറും വകക്കാരെന്നുള്ള പേരാണ്ട കൂട്ടരേ!
നിങ്ങൾ മാനം കെടുത്താനായ് പോകുന്നോ? കീശജാതിയേ. 56

പണ്ടാരാണ്ടോരു ഭൂപാലൻ തോണ്ടിച്ചോരിതു താണ്ടുവാൻ
മണ്ടന്മാരെന്നു ഭാവിച്ചും കൊണ്ടിരുന്നാൽ കുറച്ചിലാം. 57

ഔർവാഗ്നിക്കുമഗസ്ത്യന്നും നീർ വറ്റിപ്പാൻ വിഷത്തിനും
ശേഷിയില്ലാത്തതാം;പങ്കമേറും ദുഷ്കീർത്തിസാഗരം. 58

അതു ലംങ്ഘിപ്പതി,ന്നപ്പുനിരാഴിയിതു കാൺകവേ
ഭയപ്പെടുന്ന നമ്മൾക്കു ശക്യമാകുന്നതെങ്ങനെ? 59

അന്നേരത്തപ്ലവങ്ഗന്മാരാർണ്ണവത്തെക്കടുക്കുവാൻ
ഇന്നാർക്കിന്നാർക്കിത്രമാത്രം കുതിക്കാമെന്നു ചൊല്ലിനാർ. 60

അക്കരെച്ചെന്നു പറ്റീടാൻ ശക്തിയുണ്ടെന്നിരിക്കിലും
അംഗദൻ ഭരമേറ്റില്ല തിരിച്ചിങ്ങോട്ടു പോരുവാൻ. 61

കാറ്റിന്റെ മകനായുള്ള ഹനുമാനഞ്ജനാത്മജൻ
നാക്കെടുക്കാതിരുന്നപ്പോൾ ജാംബവാനേവമോതിനാൻ. 62

ആഴമേറുന്ന വാരാശിക്കക്കരെച്ചാടി വീഴുവാൻ
ആരുമില്ലെന്നു സന്ദേഹിച്ചരു,താതങ്കമാർക്കുമേ. 63

പടത്തലവനാകുന്ന ഹനുമാനാശവയ്ക്കിൽ
സംശയിക്കേണ്ട തെല്ലും പയ്യുളമ്പും കടലും ശരി. 64

പ്രാണികൾക്കുയിരാകുന്ന വായുവിൻമകനാണിവൻ
കൊച്ചുന്നാളിൽ പിച്ച നിന്ന കാലത്തെക്കളിയത്ഭുതം. 65

പകലോൻതന്റെ ബിംബത്തെ പഴമെന്നു നിനച്ചുടൻ
പിടിപ്പാൻ ചെന്നവാറിന്ദ്രവജ്രമേറ്റു പതിച്ചിവൻ. 66

മേലാലിവനെ മറ്റാരും ദ്രോഹിക്കാതെയിരിക്കുവാൻ
മോഹിച്ചു വീണ കുഞ്ഞിന്റെ പേരിൽ സ്നേഹിച്ചു മാരുതൻ. 67

കൈക്കോട്ടിൽ താങ്ങിയും കൊണ്ടു നാന്മുഖന്നരികത്തുപോയ്
ആവലാതി പറഞ്ഞപ്പോൾ കല്പിച്ചു കമലാസനൻ. 68

തോൽപ്പിക്കില്ലാരുമിവനെയേൽപ്പിക്കില്ലായുധങ്ങളും
കൽപ്പാന്തത്തോളമായുസ്സും കെല്പ്പും ലോപിച്ചിടാ ദൃഢം 69

ഇത്തരം വരമാഹാത്മ്യം സിദ്ധിച്ച ഹനുമാനിഹ
ഊമയെപ്പോലിരുന്നീടിൽ നാമെന്തോന്നിനി വേണ്ടതും? 70

എറിയാനാശയുള്ളോർക്കും കല്ലും കൈയൂക്കുമില്ലഹോ!
കല്ലും കരുത്തുമുണ്ടായോർക്കേറിനും മടിയേറിടും. 71

സന്തതബ്രഹ്മചര്യത്തോടിരിക്കും വായുപുത്രനെ
ശ്ലാഘിച്ചു ജാംബവാനേവമവനോടാതിയാദരാൽ. 72

വേഗേന ലങ്കയിൽ പോയികാര്യം സാധിച്ചു പോരുവാൻ
പോരായ്കയില്ല നീയൊന്നു തെളിഞ്ഞാലെന്നു നിശ്ചയം. 73

നിനക്കു ചാടുവാനിപ്പോളാകാശമൊരു വൃക്ഷമാം
ഇലമ്പലാമിദ്ദിക്കെല്ലാം തളിരാം മേഘപങ്ക്തികൾ 74

നക്ഷത്രസൂര്യചന്ദ്രന്മാർ പ്രസൂനഫലവർഗമാം
തടമാം കടൽ നാരായാവേരാമിന്നാദികൂർമവും. 75

ഉത്സാഹമുള്ളിലുണ്ടെങ്കിലിക്കാര്യം നിർവഹിക്കുവാൻ
വിഘ്നമെന്തൊക്കെ വന്നാലും കൈവരും പല മാർഗവും. 76

നിൻ കൈയിലല്ലയോ തന്നു രാഘവൻ തിരുവാഴിയേ?
അതെന്തിനെന്നു ചിന്തിച്ചു കടക്കു വേഗമാഴിയേ. 77

വകതെരിവൊട്ടു മുന്നം പിന്നമോർത്തിട്ടിതെല്ലാ-
മകപടമതിയാകും വൃദ്ധനോതുന്ന നേരം
വികലതകളശേഷം വിട്ടു കൈയൂക്ക വർധി-
ച്ചകമലർ വികസിച്ചാ വാതജൻ മൂരിനീർന്നാൻ. 78

വിദ്യുചചരക്തി കടന്നു കമ്പിവഴിയായഞ്ചാറു കാവൽസ്ഥലം
പാർത്തും കൊണ്ടു മുറയ്ക്കണഞ്ഞു തലയാംശാലയ്ക്കകത്തിച്ചപോൽ
ഉദ്ദേശം നിറവേറ്റിടുന്ന വിധമക്കാറ്റിന്മകൻ ബദ്ധിമാൻ
പ്രത്യേകിച്ചു നൃപന്റെ കല്പന വഹിക്കാമെന്നുറച്ചോതിനാൽ. 79

ക്ലേശിച്ചീടരുതാരുമിന്നു ഹനുമാനുണ്ടിങ്ങു;ലങ്കാപുരേ
നാശത്തിന്നൊരു കാലു നാട്ടി വഴിപോൽ വന്ദിച്ചു വൈദേഹിയെ
കീശന്മാരുടെ കീർത്തിയെന്നു മുലകിൽ സ്ഥാപിച്ചു നിസ്സംശയം
ലേശം മോശമണഞ്ഞിടാതുദധിയും പിന്നിട്ടു ഞാൻ പോരുവാൻ. 80

ആലസ്യംവിട്ടനിലതനയൻ വാമനൻ പോൽ വളർന്ന-
ക്കോലം നോക്കുന്നൊരു കപികളെസ്സാദരം സൽക്കരിച്ച്
പാലാഴിപ്പെണ്മണിയുടെ മണാളങ്കലുൾക്കാമ്പുറപ്പി-
ച്ചാലംബിച്ചാനടനടി മഹേന്ദ്രാചലത്തിന്റെ കൂടം. 81

സീതാന്വേഷണം പതിന്നാലാം സർഗം സമാപ്തം

പതിനഞ്ചാം സർഗം

തിരയുന്നതിന്നു പുനരുഴിമങ്കയെ-
ക്കരളിങ്കലോർത്ത പവമാനനന്ദനൻ
പുരു വേഗശാലി പുകയന്ത്രമെന്ന പോൽ
സുരവീഥി നോക്കിയെഴുന്നേററു സത്വരം. 1

ഹരികുഞ്ജരൻ കടൽ കടപ്പതിന്നു തൻ -
ഗുരുവന്ദനങ്ങൾ വഴിപോലെ ചെയ്തുടൻ
നരനായകന്നു ഹിതമാചരിക്കുവാൻ
പരിമാണമററ വടിവാണ്ടു തല്ക്ഷണം. 2

ധരണീധരൻറ മുകളൽ കരങ്ങളും
ചരണങ്ങളും കപിവരൻ പതിക്കവെ
ഒരുപാടു മണ്ടയിടികൊണ്ടു പർവതം
കരയുന്ന പോലെ കരയൂറ്റൊലിച്ചു പോൽ. 3

മുകിലങ്ങുമിങ്ങുമുരുവേ നിരന്നു തൻ
ചികുരം മലയ്ക്കുടനഴിഞ്ഞടിഞ്ഞപോൽ;
അകതാർനുറുങ്ങിയകടിച്ചു കുഞ്ജര-
പ്രകരം മഹീധരനു നീരു കൊണ്ട പോൽ. 4

പതറിക്കുതിച്ചു വിളയാടുമേണസ-
ന്തതിതൻ കുളമ്പുകൾ പതിഞ്ഞുയർന്നതാം
മനയോലായാദി ധാതു ധൂളിയാൽ
പലടം ചുവന്നു മലതൻറ ചോര പോൽ 5

തിറമോട്ടുറങ്ങിയുണരും മൃഗാധിപൻ
വിറയോട്ടു കൂടിയലറുന്നൊരൊച്ചയാൽ
പറയാൻ നമുക്ക് മുറയുണ്ടു പർവതം
മുറയിട്ടു മാറ്റൊലി മുഴങ്ങിടുന്നതായ്. 6

ചരവിൽ പുനങ്ങൾ പെരികേത്തുരന്നു കോ-
ണ്ടൊരുമിച്ചു മേവുമരങ്ങളൊക്കയും

ഗിരിനായകൻറ കുടലും ഞരമ്പുമായ്
പിരിയുന്ന പോലേ ശരിയായ് പുളഞ്ഞുപോൽ. 7

ഉലയും മരങ്ങൾ തലകൊണ്ടടിക്കയാൽ
പല ഭിന്നമായ ജലദത്തിൽ നിന്നുടൻ
മല താൻ വിയർത്തു വലയും പ്രകാരമായ്
പലടത്തുമന്നു ജലവിന്ദുവാർന്നു പോൽ. 8

ഇടവിട്ടയങ്ങളിലുറച്ച കല്ലിൽ വീ-
ണടിപെട്ടു പൊള്ളമുള പൊട്ടിയപ്പോഴേ
വിടവിൽ കടന്നു പവനമാനന്ദതിനാൻ
പിടയും മഹാദ്രി നെടുവീർപ്പിടുന്നപോൽ. 9

പടവെട്ടുവാൻ ധൃതി മുഴുത്തു മുൻപില-
ക്കൊടി തൂക്കുവാൻ കഴ നിറുത്തിടുന്നപോൽ
നെടുതായ വാലധിയെ നാട്ടി നട്ടമായ്
ചൊടിയോടു മാരതസുതൻ കുതിച്ചിതേ. 10

ചുവടോടു കൂടെയിളകിത്തരുക്കള-
ങ്ങവനോടുകൂടെ നടകൊണ്ടു വാരിധൗ
മുറപോലെ ചെന്നു വരിവച്ചു നിന്നു മേൽ-
ചിറ കെട്ടുവാനൊരരണിട്ട കുറ്റി പോൽ. 11

ചിറകിട്ടടിച്ചലയകറ്റി വിണ്ണിൽ നൽ-
ക്കുറിയിട്ടു പൊൻമുടി കിളിർത്തി,യപ്പോഴേ
ജലധീന്നുയർന്നു ഹിമവാൻറ പുത്രനാം
മല;യക്കപീന്ദ്രനു തളർച്ച തീർക്കുവാൻ. 12

മല മുട്ടിയെന്നു പിശകിദ്ധരിച്ചു തൻ-
മുലമൊട്ടുകൊണ്ടുടനമർത്തിയാഴിയിൽ
സ്ഥലമിട്ടു പോന്ന കപിവീരലനോടുതാൻ
പലമട്ടു പർവതമുരച്ചു താഴ്മയായ്. 13

സുരനായകൻ ചിറകർത്തു കൊണ്ടിരു-
ന്നൊരു നാളെനിക്കുതവി ചെയ്തു നിൻ പിതാ
പറയുന്ന സത്യമിതു ഞാൻ വിപക്ഷന-
ല്ലറികെന്നെ നീയിവിടയും സപക്ഷനായ്. 14

പെരുതായ നന്ദിയൊടു സാഗരം കനി-
ഞ്ഞുരചെയ്തു, നിന്നുടെ തളർച്ച തീർക്കുവാൻ
അരികത്തണഞ്ഞതുമൂലമാണു ഞാൻ
മരുവിക്കുറിച്ചു നടകൊൾക പിന്നെ നീ. 15

ഹിമവാൻറ പുത്രനീതുപോൽ കഥിക്കവേ
സമയോചിതങ്ങളവനോടുരച്ചുടൻ
പിഴയാതെ സങ്ഗതിയെ നിരവഹിക്കുവാ-
നുഴറിത്തിരിച്ചു രഘുനാഥദൂതനും. 16

കടലിൽ നടുക്കു കിളരുന്ന കുന്നിനേ
വടിവോടു കണ്ടു പലവൈരിയെങ്കിലും
അലിവോടു മാരുതിയനുഗ്രഹിക്കയാൽ
കലഹം വെടി,ഞ്ഞതുമുതൽക്കതിൻറ മേൽ. 17

ദരശൂള്ള രാക്ഷസപുരത്തെ നോക്കിയ-
സ്സരസൻ കപിന്ദ്രനുഴറുന്ന സൽപ്പഥേ
നരകോപമം വലിയ വായുമേന്തിനി-
ന്നരഗാംബയാം സുരസ തീറ്റിയാകുവാൻ. 18

അവളെജ്ജയിപ്പതിനുയർന്നിടുമ്പൊഴ-
പ്പവനാദ്മജൻറ കഴലെത്തിയാഴിയിൽ
അവനുള്ള മസ്തകമനന്തവീഥിയെ
ക്കവിയുന്നവണ്ണമളവറ്റു പൊങ്ങിപോൽ. 19

ഉടനേ ചുര്ക്കിയുടലക്കപീശ്വരൻ
കടുകോളമാക്കി വദനത്തിലേറിനാൻ
പുനരിങ്ങു പോന്നു ജവമോടു വാമനൻ

വളരുന്ന പോലെ വളരാൻ തുടങ്ങിനാൻ. 20

തൊഴുതിട്ടു യാത്രയവളോട്ടുരച്ചു പോം
വഴിമേൽ കുരങ്ങിനെ വധിച്ചു തിന്നുവാൻ
നിഴലിൽ പിടിച്ച രജനീചരാത്തിയെ
ത്തൊഴികൊണ്ടു കൊന്നവനൊഴിച്ചു ദുർഘടം. 21

അലയാഴിയക്കരെ പിടിച്ചു ലംബമാ-
മലമേലിരുന്നുടൽ ചെറുക്കി നല്ലപോൽ
വിലകിക്കുറച്ചഥ വടക്കു ഗോപുര-
സ്ഥലിയിങ്കലെത്തിയവനങ്ങു മേവിനാൻ. 22

പഴുതോർത്തുകൊണ്ടു പകലൽപ്പമുള്ളതും
കഴിയാഞ്ഞിരുന്ന കപിതല്ലജന്നുടൻ
തലയോട്ടിയിങ്കലൊരുപാടു സംശയം
പലമട്ടിലേവ മുളവായിരുന്നു പോൽ. 23

വരിവച്ചു വാനരകുലം വരുമ്പൊഴി-
ക്കര കണ്ടിടാക്കടൽ കടപ്പതെങ്ങനെ?
ഒരുവേള ചാടി വരുമെന്നിരിക്കിലും
പരിപന്ഥിയോടു പടയേൽപ്പതെങ്ങനേ? 24

രഘുപുങ്ഗവൻറ നിനവൊക്കെ നിഷ്ഫലം
ലഘുവായ് സമുദ്രമിഹ ഞാൻ കടന്നതും
ജനകൻറ പുത്രിയുയിരോടിരിക്കയോ
വിനയൊക്കെയോർത്തു തനിയേ മരിച്ചിതോ? 25

അറിയാഞ്ഞു വൈകിയതെനിക്കു മറ്റൊരാ-
ളറിയാതെ പോവതിനെളുപ്പമല്ലിലാം
ഇതുപോൽ നിനച്ചു പലതും മനസ്സില-
മ്മതിമാൻ നിശമുഖമടുക്കുവോളവും. 26

കലശോത്ഭവന്നരികിലിന്ദ്രനേകിയോ-

രൊലിയാർന്ന വില്ലിനിഹ വേല വന്നതായ്
കമലേശനോടു പറവാൻ തിരിച്ചപോൽ
കമലേശനങ്ങപരദിക്കിലെത്തിനാൻ. 27

ചരമാദ്രിതന്റെരികത്തു കാട്ടിൽ നി-
ന്ന്ളവായ വഹ്നിയുടെ വെക്കയൊക്കയും
ഗഗനസ്ഥലത്തു നിഴലിച്ചിരുന്ന പോ-
ലഖിലം ചുകന്നിതതുപോതിലംബരം. 28

അരികത്തണഞ്ഞൊരരുണന്റെ ദീപ്തിയാൽ
പെരികെ ജ്വലിച്ച രവികാന്തസഞ്ചയം
തിരിയെക്കവിട്ടുമൊരു കാന്തിയേങ്കകൊ-
ണ്ടരുണീഭവിച്ചിതഥാ നഭഃസ്ഥലം. 29

അമരസ്രവന്തിയതിലുള്ള നീരുമ-
ങ്ങമൃതേത്തു ചെയ് വതിനു നിശ്ചയിച്ചുടൻ
കടലിന്നു മെല്ലെയതിലേക്കുയർന്നിട്ടു
ബഡവാമുഖാഗ്നിയുടെ ഹേമവർണമോ? 30

പതിവാംപ്രദോഷസമയത്തിലെച്ചുവ-
പ്പുളവാക്കിയേവമളവറ്റ ശങ്കയേ
മുതിരുന്ന നേരമരവിന്ദപാളി ന-
ല്ലിതളായ പോർക്കതടച്ചു മെല്ലവേ. 31

മകരന്ദഭിക്ഷയതി നമ്മധുവ്രത-
ദ്വിജപംക്തി കൈരവഗൃഹങ്ങൾതോറുമയ്
പെരുമാറി;യാമ്പൽ വിരിയുന്ന കണ്ടുപോയ
മണമേറ്റു മാരുതനുഴന്നു മന്ദമായ്. 32

പുരുഹൂതവഹ്നിമുഖദിക്പതിവ്രജം
മരവും പുരങ്ങളധികം മണക്കുവാൻ
അകിലിട്ടു ചുട്ട പുകയെട്ടു ദിക്കിലും
പകരുന്ന പോലിരുളടഞ്ഞു തൽക്ഷണം. 33

വിരഹവ്യഥയ്ക്കു മുതലിച്ച നാന്ദി പോൽ
മുറയിട്ടു ചക്രമിഥുനങ്ങൾ പൊയ്കയിൽ;
അതു പോതണിഞ്ഞു വിലസീടിനാൻ നഭോ-
മദവാരണേന്ദ്രനൊരു താരമാലയേ 34

ഇരുളെന്ന പച്ചിലമരം മുറിച്ചിടും
മഴുവായി മുഖ്യരസജീവരൂപനായ്
ഉദയാചലക്കൊടുമുടിപ്പരപ്പിൽ നി-
ന്നുദയം തുടങ്ങി ഹരിണാങ്കനപ്പൊഴേ. 35

അണിതിങ്കൾതന്റെ കതിരന്ധകാരമാം
തുണിയാൽ മറഞ്ഞു ഗഗനസ്ഥലങ്ങളിൽ
വിലസിത്തുടങ്ങിയിഹ പായലിന്നിട-
യ്ക്കരവിന്ദനാളമുളപോയ്കയിൽ 36

ധനദാനുജന്റെ മദമൊട്ടടക്കിയ-
ന്നരണ്യകീർത്തി വിലാസൻ തുനിഞ്ഞപ്പോൾ
അകതാർ വിരിഞ്ഞു ഹനുമാനുമപ്പുരി-
ക്കകമേ നുഴഞ്ഞു കയറാനൊരുങ്ങിനാൻ. 37

ഉടനങ്ങു ലങ്കയുടെ ലക്ഷ്മി നാരിതൻ
വടിവായ് കപീന്ദ്രനൊടു മല്ലുവയ്ക്കുവാൻ
നട കാത്തുനിന്നു മതിലിന്നകത്തു ഞാൻ
വിടുകില്ലയെന്നു പുരുഷം പറഞ്ഞുതേ. 38

ബലമോടുകോട്ടയിൽ വലിഞ്ഞു കേറുവാൻ
കലിയൻ മഹാകപി കടുത്തു നിൽക്കവേ
നിലകെട്ടവന്റെ തലയിൽ കൊടുപ്പിനെ-
ന്നലസാത്ത മട്ടിലവളൊന്നടിച്ചു പോൽ. 39

അടിയേറ്റു മർക്കടനലക്ഷ്യഭാവമോ-
ടുടനേ തിരിഞ്ഞു പകരം കൊടുക്കവേ

തടിപോലതേറ്റവൾ നിലത്തു വീണുടൻ
മടിയാതെ താരുതിയൊടേവമോതിനാൾ. 40

മടലല്ല മർക്കട മടങ്ങിയോടുവാ-
നടലിന്നെനിക്കു തെരിയായ്കയെല്ലെടോ
പിടലിക്കു വാനരനടിക്കുമപ്പോഴേ
വിട വാങ്ങുകെന്നു വിധിയുണ്ടു മുന്നമേ. 41

ചൊടിയേറെയുള്ളൊരു പെരുംകുരങ്ങിനാ-
ലിടിവെപ്പൊഴെങ്കിലുമെനിക്കു പറ്റിയാൽ
മുടിവുണ്ടു ലങ്കയിലിതെന്നു നാൻമുഖൻ
വെടിയല്ല മുന്നമിവളോടുരച്ചതും 42

അതിനാലെ ഞാനിഹ ഗമിച്ചിടുന്നിതാ
ഹിതമൊക്കെയും സഭലമാം നിനക്കെടോ
ഇപോലുരച്ചവൾ മറഞ്ഞ ശേഷമാ-
മതിമാനണഞ്ഞു ദശകണ്ഠമേടയിൽ. 43

"ഇതുരാവണന്റെ നഗരം നിശാചര-
പ്പട കാത്തു നിന്നു പരിരക്ഷ ചെയ്വതാം
മുകിലോടിടഞ്ഞു കനകക്കുടങ്ങൾ പൂ-
ണ്ടുരസുന്ന മാളികയവന്നിരിപ്പിടം. 44

ഇതു രാജരാജനൊടു കൊള്ളയിട്ടെടു-
ത്തൊരു കീർത്തി കേട്ട ഗുണമുള്ള പുഷ്പകം"
ഇതുപോലെ ചന്ദ്രക നിരന്ന രാത്രിയ-
ന്നഗരം മുഴുക്കെ ഹനുമാനു കാട്ടി പോൽ. 45

രഘുനാഥനർക്കതനയൻ തുണക്കയാൽ
പകലോൻ നിനയ്ക്കിലിതി ഭഗ്യശാലി താൻ
കരുതീട്ടു ചന്ദ്രനിതുപോലെ മാരുതി-
ക്കൊരു റാന്തലായി വഴികാട്ടി ലങ്കയിൽ. 46

ഇതുപോലുഴന്നമരസുന്ദരാംഗിമാ-
ർക്കതിരറ്റെഴുന്നഴകുറങ്ങിടുമ്പൊഴും
വിജയിച്ച ദാസികളൊടൊത്തുറങ്ങുമാ-
രജനീചരേന്ദ്രമഹിഷീജനത്തെയും. 47

അവനങ്ങു കണ്ടു വെറുതെ മുഷിഞ്ഞതാ-
യകതാരിലാധിയൊടശോകവാടിയിൽ
തിരയുന്നതിന്നു പുനരിഷ്ടദേവതാ-
നതിയോടു കൂടെയവിടുന്ന ചാടിനാൻ. 48

മറുമാർഗമൊന്നിലുമകപ്പെടാതാവൻ
കുറിയോടശോകവനിയിങ്കലെത്താൻ
ദുരിതം തകർക്കുമൊരു വേദശാഖയിൽ
പരായം ഗതിക്കു തുലിയും മുമുക്ഷു പോൽ. 49

നിരയായ് ഞെരുങ്ങിയതിൻ വൻമരം പലേ
തരമുണ്ടവയ്ക്കിടയിൽ നല്ല പൊൻനിറം
പെരുകിക്കിളർന്നു പടരുന്ന ശാഖ പൂ-
ണ്ടരു ദേവതാരമുകളേറി മാരുതി. 50

ഉടനായതിൻ നിബിഡമാമിലമ്പലി-
ന്നടയിൽപ്പതുങ്ങി മരുവിട്ടു മർക്കടൻ
വടമാമരത്തിനിലയിൽ കിടന്നൊരാ-
വടുവായ ശൗരിയുടെ മട്ടിയന്നുപോൽ. 51

ഉടജത്തിൽ വച്ചു ചതിയാലെ കൈവശ-
പ്പെട്ടുവാനൊരിക്കലിട വന്ന ഹേതുവാൽ
വിടുവങ്കനാം ദശമുഖന്റെ കോട്ടയിൽ,
പെട്ടുമാർത്തിയോടു ചമയങ്ങളെന്നിയ. 52

വടിവും ചടച്ചു വിരഹഗ്നി തന്റെ ചൂ-
ടിടപെട്ടു ചുട്ട മിഴിനീരു തീകിയും
നെടുവീർപ്പുംമിട്ടു മരവന്ന സീതത-

ന്നുടൽ കണ്ടനേരമവനേവമെണ്ണിനാൻ. 53

മണമുള്ള മാതലി വരിക്കമാവൃതൻ-
തണലിങ്കൽ നിന്നു പിഴുതിട്ടു മൂടൊടേ
കണികാണവാനമരുതാത്ത കണ്ണള്ളിയെ
ഗ്ഗുണമറ്റ ബൗദ്ധനാണിയിക്കൽ നല്ലതോ? 54

പുതുപുഷ്പമാലയെരു പട്ടി കണ്ടടു-
ത്തിതു മാംസമെന്നു പിശകിദ്ധരിക്കയാൽ
അതുകോവിലീന്നപഹരിച്ചു പട്ടട-
ക്ഷിയിങ്കലപ്പടി കളഞ്ഞു കശ്മലൻ 55

ശശി തന്റെ ചന്ദ്രികയെ വിട്ടിരിപ്പതും
രവി തന്റെ കാന്തിയെ വെടിഞ്ഞിരിപ്പതും
ഇവളെപ്പിരിഞ്ഞു ധൃതിയാർന്നു രാമനി-
ന്നയിരോടിരിക്കുവതുമൊന്നുമോലെ താൻ 56

പുരുചിന്തയോടു പവനന്റെ പുത്രന-
ന്നിരവേകദേശമൊരുമട്ടു പോക്കിനാൻ
ചരമാദ്രി തന്റെ മുകളിൽ കരേറുവാൻ
കരുതിശ്ശശാങ്കനമൊരുങ്ങി മെല്ലവേ 57

ഗതികെട്ട കീടമതിയായിടുന്ന പെൺ-
കൊതിയൻ ദശാസ്യനതി,സാഹസപ്രിയൻ
മതിയിൽ പെരുത്ത മദനാർത്തിയോടു താ-
നതു പോതുണർന്നിതരുണാവിലേക്ഷണൻ 58

സതിയായ സീതയിലുയർന്നൊരാശയും
പുതുതായണിഞ്ഞ ഹരിചന്ദനങ്ങളും
ഇതുരണ്ടുകൊണ്ടുമവനുള്ള മാറിടം
പതിവിൽക്കവിഞ്ഞധികരാഗമേന്തിപോൽ 59

ഗണികാഗണങ്ങളിഹ കൈവിളക്കെടു-

ത്തണിയിട്ടതിന്നിടയിലൂടെ മെല്ലവേ
അവനങ്ങശോകവനിയിങ്കലെത്തിനാ-
നവിനീകുമാരിയുടെ മേനി പുൽകുവാൻ 60

വനിതാജനങ്ങൾ കരതാരിലേന്തു മ-
മ്മണിദീപമാർജ്ജനികളാൽ നിരന്തരം
ഇളകിപ്പരന്നൊരു തമഃപരംപര
നിജവാസമാക്കി രജനീചരാശയം. 61

മദമുള്ളിലാർന്നവനടുത്തു സീതയെ-
പ്പൊതുനാരിയെന്നു കരുതീട്ടു പുൽകുവാൻ;
മദയാന,കത്തിയെരിയുന്നൊരഗ്നി ക-
ണ്ടിതമാർന്ന സല്ലകിയിതെന്നടുത്ത പോൽ. 62

അഹിതം പറഞ്ഞവനടുത്ത ചേലുക-
ണ്ടകതാർ നറുങ്ങിയവളെന്നിരിക്കിലും
പ്രിയനെക്കുറിച്ചു ധൃതിപൂണ്ടരക്കനേ
വകവച്ചതില്ല കറുക്കത്തുണത്തോളം 63

”കുലധർമമൊക്കെയറിയുന്ന നാൻമുഖൻ
കുലജാതനായൊരു ഭവാനയോഗ്യമാം
നിലവിട്ട ശീലമരുതാത്തതാണെടോ
വില കെട്ടുപോകുമതിനാലെ പൗരുഷം. 64

പരദാരസംഗമമടുത്തതല്ല കേ-
ളൊരുവർക്കു,മോർക്കിൽ നരകത്തിനാസ്പദം
അതിലും,കുറച്ചിലിയലാത്ത നിൻ പിറ-
പ്പിതുമൂലമിന്നു വഷളാക്കി വയ്ക്കൊലാ. 65

സ്വപരിഗ്രഹങ്ങളിലനാസ്ഥയേറുമോ-
രവിവേകിയായ പുരുഷന്റെ ഗൗരവം
തുലനയും വിശിഷ്യ വിഭവങ്ങളൊക്കെയും
കളയും പരങ്ഗന ശരീരശക്തിയും. 66

ഇനിയെങ്കിലും ചെറുതു നല്ല ബുദ്ധിയോ-
ടിവളെപ്പഴേപടിയെടുത്തു കൊണ്ടുപോയ്
രഘുനായകന്റെ തിരുമുമ്പിലാക്കിയ-
പ്പദതാരിലാത്തവിനിയം നമിക്ക നീ. 67

ഇതിലും മഹത്വമിയലുന്ന നന്മയെ
ശ്ശരിയായ് നിനക്കു തരുമെന്റെ വല്ലഭൻ
സമവർത്തി പോലുമതുമൂലമിന്നി മേൽ
വശവർത്തിയായി വരുമീ നിനക്കെടോ! 68

ഗുണദോഷമിന്നനുസരിച്ചിടായ്കിലി-
ക്ഖരദൂഷണാദികളെ യുദ്ധഭൂമിയിൽ
കഷണിച്ച പോതു കടുവായിട്ടും നിണം
മുനയിൽപ്പുരണ്ട കണവന്റെ സായകം. 69

ഹൃദയം പിളർന്നു കിഴിയുന്ന ശങ്കിൽനന്ന-
ന്നൊഴുകുന്ന രക്തനദിയിൽ കുളിച്ചുടൻ
കരയേറുവാൻ മടയാനായ നീയൊഴി-
ഞ്ഞിടയാക്കുകില്ല ഭുവി മറ്റൊരുത്തരും.” (യുഗ്മകം)70

മലർബാണമഞ്ചുമുടലിൽത്തറയ്ക്കയാ-
ലവനേറ്റതില്ല ഗുണദോഷഭാഷിതം
തലയഞ്ചുമുള്ള ഫണി കൊത്തി വീണവ-
ർക്കുതകീടുമോ മറുമരുന്നു ചെയ്കിലും. 71

പറയുന്ന കേട്ടു പല മട്ടിലീവിധം
കുറവെന്നു തോന്നി ഹൃദയത്തിലപ്പോഴേ
മുറിവിദ്യയുള്ള ഖലനോട്ടു നന്മയായ്
പറയുന്ന വാക്കു വിപരീതമായ്വരും. 72

വിറയോടു കണ്ണിരുപതും തുറിച്ചുകൊ-
ണ്ടരിശം നടിച്ചു രജനീചരേശ്വരൻ

കരവാളിളക്കിയലറീട്ടു ഘോരമാ-
യൊരുവാക്കിവണ്ണമുരചെയ്തു ദുർഭഗൻ. 73

രഘുനാഥപത്നിയെ വളഞ്ഞു ചുറ്റിലും
മരുവുന്ന നിങ്ങളുപദേശവാക്കിനാൽ
മനതാരിളക്കിയിനി വല്ലവണ്ണവും
വശമായ് വരേണ്ടതിനു വേല ചെയ്യുവിൻ. 74

ഒരു വിദ്യകൊണ്ടു മിവളുൾപ്പൊടായ്കിലോ
ടവസാനതീർച്ചയുരചെയ്തനന്തരം
അരിവെപ്പുകാരുടെയടുക്കലേക്കു താൻ
മൊരികെപ്പൊരിച്ചു തരുവാനയയ്ക്കണം. 75

അവനേവമുള്ളിലുയരുന്ന കോപമോ-
ടവസാനതീർച്ചയുരചെയ്തനന്തരം
അവശേഷമറ്റിരവു തീർന്നകണ്ടു തൻ
ഭവനം ഗമിച്ചുപവനത്തിൽ നിന്നു താൻ. 76

രജനീചരാങ്ഗനകൾ ചുറ്റിലും നിറ-
ഞ്ഞൊരുപോലെ ദേവിയെയുപദ്രവിക്കുവാൻ;
വിഷവല്ലികൾക്കിടയിൽനിന്നു സങ്കട-
പ്പെട്ടുമോഷധിക്കു സമയമായി സീതയും. 77

ഉടനന്നിശാചരികൾ കണ്ണുരുട്ടിയും
മടി വിട്ടു നാക്കുകൾ തുറത്തിയും പരം
കുടിലങ്ങളായ രദനങ്ങൾ കാട്ടിയും
മടവാർമുടിക്കുരയ പേടി നൾകിനാർ. 78

അമറും കരുമ്പുലി വളയ്യു വച്ചുടൻ
ഞവറുന്നതിനു തുനിയുന്ന വേളയിൽ
പതറുന്ന പേടമൃഗമെന്നപോലെയ-
ങ്ങഴറുന്ന സീതയിതുപോലെ കുറിനാൾ. 79

വിരുതൻ ജടായുവവന്റെ വാർത്തയെ-
പ്പറയാതെ വേഗമൊടിറന്നു പോകിലോ
പരിതാപമോടിവിടെ ഞാനിരിപ്പതി-
ന്നറിയുന്നതേതുമവിദമെന്റെ വല്ലഭൻ? 80

മറിമായമേറുമൊരു യാമിനീചര-
പ്പട വല്ല ഗോഷ്ഠികളുമാചരിക്കയാൽ
കണവന്റെ ബുദ്ധി പതറിപ്പകയ്ക്കകൊ-
ണ്ടിവളെക്കുറിച്ചു ദയ തോന്നിടായ്കയോ. 81

ബഹുശ്രുണ്ഠിയായ വിടുവിഡ്ഢി രാവണൻ
ഗുണമേറെയുള്ള കണവന്റെ ബുദ്ധിയും
ഇവളോടുകൂടെയൊരുമിച്ചു കട്ടതാ-
ണവനല്ലയെങ്കിലിതുപോലടങ്ങുമോ? 82

നെറി കെട്ട ദുഷ്ടനിനി നാളെരാവിലേ
കറി വച്ചു കൂട്ടുവന്നതിനിജ്ജനത്തിനെ
കുറിയിട്ട വാക്കു വിലയുള്ളതാകിലാ
മറിവറ്റ മൂർഖനരുതാത്തതെന്തഹോ! 83

എന്നീവണ്ണം വിലാപത്തൊടുമകതകളിൽ-
ക്കാന്തനെത്തന്നെ ചിന്തി-
ച്ചന്നേരം മോഹമുൾക്കൊണ്ടവനിയിലലസാ-
പാങ്കി മങ്ങിപ്പതിച്ചാൾ
എന്നേ കഷ്ടം!,നിലിമ്പേശ്വരപൂരിയിൽ നട-
ന്നൊരു കോലഹലത്തെ-
ച്ചൊന്നാളെല്ലാം വെടിപ്പായ് ത്രിജടയവളുറ-
ക്കത്തിലീക്ഷിച്ച പോലെ. 84

ഓരോ ഭോഷിക്കു പറഞ്ഞട്ടുത്തു കപളിപ്പിപ്പാൻ തുടങ്ങീടുമ-
ക്രൂരസ്ത്രീകളെയാട്ടിയൊന്നുമുരിയാടാതങ്ങിരുത്തീട്ടടൻ
നേരേ ശീതള വാക്യമാമമൃതിനാലൻപോടു വാട്ടം വിനാ
ശ്രീരാമപ്രിയയാം ലതയ്ക്കു തകിടും കാർമേഘമായിടിനാൾ 85

നിശാചരികളൊക്കെയും ത്രിജടജടതന്റെ വാക്കായിട്ടും
വശീകമരുന്നിനാൾ മതിമറന്നുറങ്ങീടിനാർ;
അശാന്തപരിദേവനം പെരിയ സീത താനെ വൃഥാ
നശിപ്പതിന്ന കൗശലം പലതുമോർത്തിരുന്നീടിനാൾ 86

രഘുനായകദൂതനായിട്ടും
ഹനുമാനിച്ചരിതങ്ങൾ കണ്ടുടൻ
തരമോർത്തറിയിച്ചു മെല്ലവേ
സരസം രാമചരിത്രസംഗ്രഹം. 87

അന്നേരം ജനകാത്മജയ്ക്കു സുഖമായി ചേതസ്സിലൊന്നാകിലും
സന്ദേഹിച്ചു രാവണന്റെ കപടപ്പിട്ടെന്നു ശങ്കിക്കയാൽ
ആമട്ടൊക്കെ മനസ്സിലാക്കി മതിമാൻ വാതാത്മജൻ സാദരം
ഭൂമിത്തട്ടിറങ്ങി നിന്നവനിജാപാദം വണങ്ങീടിനാൻ. 88

ഊണും നിദ്രയുമെന്നിയെ വലയുമാ-
വൈദേഹിയാൽ മർക്കടൻ
കാണപ്പെട്ടു പരിഭ്രമിച്ച കപിയോ-
ടാരെന്നു ചോദിക്കവേ
താനാരെന്നുമിവണ്ണമിങ്ങു വരുവാൻ
സംബന്ധമെന്തെന്നുമി-
ന്നാരാൽ പ്രേഷിതനായതെന്നുമഖിലം
കേൾപ്പിച്ചു കാറ്റിന്മകൻ. 89

പിന്നീടാത്യശിഷ്യൻ ജനകസുതയൊടാ-
രാഘവന്മാർക്കുവേണ്ടി-
സ്സന്ദേഹം തീരുമാറുൾക്കമിവൊട്ടു കുശലാ-
ന്വേഷണം ചെയ്തശേഷം-
ധന്യൻ വാൽമീകിയെപ്പോലനുദിനമകമേ
രാമനാമം ധരിച്ചി-
ട്ടന്യൂനം ശോഭ കോലുന്നൊരു തിരുവടയോ-
ളാങ്ഗുലീയത്തെ നൽകീ. 90

ത്രുക്കൈകൊണ്ടതു വാങ്ങിയൂഴിമകൾ ത-
ന്മാറത്തണച്ചാർത്തിയോ-
ട്ടുൾക്കാമ്പങ്ങു തുടിച്ചു കേണവശയായ്-
കണ്ണീർ ചൊരിഞ്ഞേറ്റവും
ദുഃഖിക്കുന്നതു കണ്ടു വായുതനയൻ
സാരോപദേശങ്ങളാം
വക്കൊരോന്നറിയിച്ചുകൊണ്ടഥ സമാ-
ധാനപ്പെടുത്തീടിനാൻ. 91

ദൂരത്തിങ്കലിരിക്കിലും രഘുവരാ-
സ്ത്രങ്ങൾക്കടുപ്പം തുലോം
ലങ്കപട്ടണ,മിജ്ജനം വളയുകിൽ
ദുർഗങ്ങൾ ദുർഗങ്ങളോ?
ദൈവാധീനത വന്നു ചേർന്നു ഭവതി-
ക്കിന്നിക്ഷണം സ്വമിവ-
ന്നീവനപിള്ളൊരു ദുഷ്ടരാക്ഷസകുലം
വേരോടറുക്കും ദൃഢം 92

ദുരാത്മാവാം പൗലസ്ത്യനെ യുധി വധിച്ചട്ടപകടം
വരാതാര്യേ! മീളും ഭവതിയെ രഘുശ്രേഷ്ഠനടനെ
വരാനിങ്ങോട്ടീ ഞാനവിടെ വിടകൊള്ളാത്ത കുറവാ-
ണരം സന്തോഷിച്ചിന്നടിയനരുളപ്പാട തരണേ 93

കൽപ്പിച്ചാൽ സീതയപ്പോൾ ദശമുഖനിവനെ-
ച്ചാമ്പലാക്കിച്ചമയ് വാൻ
കെൽപ്പലാതില്ലെനിക്കെന്നറിയുക, പുനര
ന്നേരമാ രാമബാണം
ഇപ്പാപിഷ്ഠന്റെ നെഞ്ചത്തൊരുപൊഴുതു പതി-
ച്ചിട്ടു ചാകേണ്ട യോഗം
പില്പാടില്ലാതെയാമെന്നതു കരുതി വിഷാ-
ദിച്ചിടുന്നീവിധം ഞാൻ. 94

അന്നേരത്താ ഹനുമാൻ നിജവടിവു വള-
ർത്തീട്ടു ചൊന്നാനിവണ്ണം
ധന്യേ!കൊണ്ടങ്ങു പോവാൻ ഭവതിയെ,യടിയൻ
പോരുമെന്നാലുമിപ്പോൾ
വന്നീടും കീർക്കിദോഷം രഘുവരശരവും
സത്യവും വ്യർഥമാകും
നന്നോ?മോഷ്ടിച്ച പണ്ടത്തിനെയുടയവനും
മോഷണം. ചെയ്യെട്ടുത്താൽ 95

എല്ലാം കൊണ്ടുമിനി ക്ഷണേനവരുമ-
ശ്ശ്രീരാമനും തമ്പിയും
കല്യേ! ഖേദമൊഴിച്ചൊരൽപ്പദിവസം
കൂടെ കഴിച്ചീടണം
വില്ലങ്കം തവ വല്ലഭന്നൊഴിയുവാ,-
നങ്ങോട്ടു ചൊല്ലും വിധൗ
ചൊല്ലേണ്ടുന്നൊരു വാർത്തയോർത്തു മറുസ-
ന്ദേശത്തിനേകീടണം. 96

അന്നേരംനിജമൗലിരത്നമെതിരേ
വൈദേഹി വാതാത്മജ-
ന്നന്യൂനപ്രിയമാർന്നു നൽകിയിതുപോൽ
സന്ദേശവും ചൊല്ലിനാൾ
മുന്നം വിണ്ണവർനാഥപുത്രനു ചിരി-
ഞ്ജീവിത്വ മേകീട്ടവൻ
കണ്ണൊന്നാശു കളഞ്ഞു കാത്ത കനവിന്നെൻ-
കാന്തനെങ്ങോട്ടുപോയ്? 97

ഇജ്ജനമീവിധമിനിയും
ദുഃഖിച്ചുയിരോടിരിക്കുമൊരുമാസം
അതിനകമിദ്ദശമുഖനെ-
ക്കൊല ചെയ് വാൻ വേല ചെയ്ക വീരമണേ! 98

കുശലമൊഴികളേവം ചൊല്ലി വേഗാൽ ഗമിക്കെ-
ന്നനിലജനനുവാദം നൾകിനാൾ രാമപത്നി;
രഘുവരനുടെ കാര്യം മിക്കവാറും വഹിച്ചി-
ട്ടവനുമഥ വടക്കോട്ടാശകൊണ്ടാഗമിച്ചാൻ. 99

സീതാദർശനം എന്ന പതിനഞ്ചാം സർഗം സമാപ്തം

പതിനാറാം സർഗം

ബലവാൻ രഘുനാഥദൂതനൊ-
ട്ടവിടം വിട്ടു നിനച്ചിതിങ്ങനെ
നിറവേറി മനോരഥം നമു-
ക്കധുനാ മിക്കതുമെന്നിരിക്കിലും. 1

ചെറുതായൊരു കാര്യമിന്നമു-
ണ്ടിഹ മേ ചെയ്വതിനിദ്ദശാന്തരേ
അതിലേക്കൊരുപായമന്ത്യമാ-
ണിവിടിപ്പോളുതകുന്നലകിൽ. 2

കഠിനാശയരോടു സാമവും
പണമുള്ളോർക്കമിതാർത്ഥദാനവും
ബലവാനൊടു ഭേദവാക്യവും
ഫലമില്ലെന്നലകിൽ പ്രസിദ്ധമാം. 3

അതിനാലിഹ കൈക്കരുത്തു ഞാ-
നുപയോഗിപ്പതു യോഗ്യമായ് വരും
അതുകൊണ്ടൊരുവേള രാക്ഷസ-
ർക്കപമര്യാദകളൊട്ടടങ്ങിടും. 4

ഭരമേറെറാരു കാര്യപദ്ധതി
ക്കുപയോഗിച്ചു ബഹുപ്രവൃത്തികൾ
തരമൊക്കെയറിഞ്ഞു ചെയ്യുവോ-
നലകിലൽകാര്യസമർത്ഥനാം ദൃഢം. 5

വരവൊന്നറിയിച്ചു വച്ചുകൊ-
ണ്ടരിതൻ പ്രാഭവവും ധരിച്ചുടൻ
തിരിയെസ്സുഖമോടു പോകിലോ
ശരിയായുള്ളൊരു ദൂതനാണവൻ. 6

നിരുപിച്ചിതുപോലെ വാതജൻ
തരുവാടങ്ങൾ തകർത്തു നിർഭയം

ത്വരയോടതു കണ്ടരക്കരും
കരളിൽ പേടി മുഴുത്തു മണ്ടിനാർ. 7

ശകലിച്ചിഹ ശാഖയൊക്കെയും
സുമനഃസങ്ഘമപാകരിച്ചുടൻ
ദ്വിജസന്തതിയെത്തുരത്തിനാ-
നവനപ്പോൾ ദശകണ്ഠനെന്നപോൽ. 8

"വരണം ശരപാണി രാമനും
ബലവാൻ ലക്ഷ്മണനും ജയം സദാ
രഘുനായകനാൽ സുരക്ഷിതൻ
വിജയിപ്പൂകപിസാർവഭൗമനും 9

ചുണയുള്ളൊരു സൂര്യസന്തതി-
ക്കണിയാംരാമനു ദാസനേഷ ഞാൻ
ഹനുമാൻ പവമാനനന്ദനൻ
പ്രതിപക്ഷപ്രകരത്തിനന്തകൻ 10

ദശകണ്ഠരൊരായിരംനമു-
ക്കെതിരാമോ പടവെട്ടിനിൽക്കുവാൻ
മലയുംമരമെന്നറിവറ്റകൊ-
ണ്ടഖിലം ഞാൻ പൊടി ഭസ്മമാക്കിടും. 11

നഗരം മുഴുവൻ തകർത്തു ഞാ-
നഭിവന്ദിച്ചിഹ രാമപത്നിയേ
നിറവേറ്റി മനോരഥങ്ങളെ-
സുഖമായ് പോവതു കാണ്മിനേവരും." 12

ഇതുതാനുരുവിട്ടു നീളവെ
പൊടിപാറുന്നൊരു വാർത്തയൊക്കെയും
രജനീചരചക്രവർത്തികേ-
ട്ടരിശം മൂത്തു മനസ്സിലേറ്റവും. 13

ബലമുള്ളൊരു കിന്കരൗഘയും
തലയാളാകിയ ജംബുമാലിയും
പൊരുതീട്ടുക മർക്കടത്തൊടെ-
ന്നരുളിച്ചെയ്തഥ യാത്രയാക്കിനാൻ. 14

ഹനുമാനവരെ ക്ഷണേന കൊ-
ന്നനുമോദിച്ചു കരേറി തോരണം
അതിനുള്ളൊരിരുമ്പുലുണ്ടെട്ടു-
ത്തതിഗംഭീരതരയോട്ടു മേവിനാൻ. 15

അവർ ചത്തതു കേട്ടു രാവണൻ
പവമാനാത്മജനെപ്പിടിക്കുവാൻ
പടനായകരൈവരെപ്പെരു-
മ്പടയും കൂട്ടിയയച്ചു പിന്നെയും 16

ക്ഷമങ്ങവരെക്കപീശ്വരൻ
കനമേറുന്നൊരിരുമ്പലക്കയാൽ
കൊലചെയ്തൊരു ചെയ്തികേൾക്കവേ
ഖലനാം രാവനനാത്തകോപനായ് 17

ഇളയോൻ ദശകണ്ഠപുത്രരിൽ
തെളിവാർന്നക്ഷകുമാരനക്ഷണം
അളവറ്റൊരു സേനയോട്ടു കൂ-
ടിളകിച്ചെന്നിതു യുദ്ധഭൂമിയിൽ 18

അനുഗാമികൾനോക്കിനിൽക്കവേ
ഹനുമാനങ്ങനെപ്പിടിച്ചുടൻ
ഒരുകൈക്കുഴിയിന്കലോട്ടു ചേ-
ർത്തൊരു ഞെക്കാൽ കഥ തീർത്തു സത്വരം. 19

അതുകണ്ടവനോടടുത്തവൻ-
പടയുംകൂടെയകന്പടിക്കുപോയ്;
ഇടരോടിതു കേട്ടമാത്രയിൽ

കുടിലൻ രാവനാർത്തനായ് തുലോം. 20

ശകുനപ്പിഴയെന്നു സംശയി-
ച്ചകതാരിൽ ഭയമാർന്ന രാവണൻ
മകനാകിയ മേഘനാദനോ
ടികലിന്നാജ്ഞ കൊടുത്തു ചൊല്ലിനാൻ. 21

അവികൽപ്പമടർക്ക്നിന്നൊടി-
ബ്ഭുവനം മൂന്നിലുമാരെതിർത്തിടും
തവ പാടവമദ്ഭുതം തുലോ-
മിവിടെക്കാണണമൊന്നെനിക്കത്. 22

അനിലാത്മജനോടു ശണ്ഠചെയ-
യ്തനുജൻ ചത്തതു കേട്ടതില്ലയോ?
അവനെപ്പിടികൂടി വേഗമോ-
ടിവിടെക്കൊണ്ടു വരേണമിന്നു നീ 23

ഇതുപോലുരചെയ്തയച്ചതേ-
കൃതിയാം രാവണനിന്ദ്രജിത്തിനേ
പൃതനാന്നിതനായവൻ ജവാ-
ലെതിരിട്ടാനഥ രാമദൂതനേ. 24

കൊടുതായൊരു പീഡ രാവണ-
ന്നുളനാകാനമരക്കൊരൊക്കയും
മുടിയേണ്ടതിനു നിശചരീ-
നിവഹത്തിൻ പരിദേവനത്തിനും. 25

രവിശീതകരപ്രഭയ്ക്കു ന-
ല്ലവകാശം ലഭിക്കാത്ത ലന്കയെ
ശുചിയാൽ ശുചിയാക്കുവാനുമ
ന്നുളവായ് തോരണയുദ്ധമദ്ഭുതം (യുഗ്മകം) 26

ശരമാരിചൊരിഞ്ഞിടും മഹാ-

രണമാം ദുർദ്ദിവസത്തിൽ മാരുതി
പടുവായൊരു മേഘനാദമോ-
ർത്തനമോദിച്ച മയൂരമെന്നപോൽ. 27

പടനായകനെക്കപീശ്വരൻ
പൊടിയാക്കുന്പൊഴുതാത്തകോപനായ്
പലബാണമയച്ചതൊക്കെ നി-
ഷ്ഫലമായ് കണ്ടു മഹേന്ദ്രവൈരിയും 28

ഇകലിൽ ജ്ജയമാർന്ന വായുവിൽ
മകനെപ്പത്മജസായകത്തിനാൽ
കെട്ടുടനിട്ടു നല്ലണ-
ച്ചരടാൽ പിന്നെ മുറുക്കി വിക്രമി. 29

പിശിതാശികൾ രാമദതനേ-
നിയമിച്ചീടിന പാശബന്ധനം
സുരസുന്ദരികൾക്കു മോചനം
വരുവാനന്നു നിദാനമായി പോൽ. 30

കയറിട്ടു വരിഞ്ഞമൂലമി
ന്നൊഴിവാകും ദ്രുഹിണാസ്ത്രബന്ധനം
അകതാരിലിതോർത്തു ശക്രജി-
ത്തവനെത്തൽക്ഷണമങ്ങുപോയ്. 31

ജനകൻ മരുവുന്നെടുത്തുതാൻ
തിരുമുൽകാഴ്ചയതാക്കി വെയ്ക്കവേ
ശരമേറ്റ തളർച്ച കൈവെടി-
ഞ്ഞുടനമ്മാരുതിയും പ്രസന്നനായ്. 32

നയനങ്ങൾ മിഴിച്ചു നോക്കിനാൻ
ഭയമുൾത്താരിലുദിച്ചിടാതവനൻ
സ്മയമാർന്ന ദശാസ്യനക്ഷണം
ജയഭാവത്തെ നടിച്ചു നല്ലപോൽ. 33

യമരാജവിരോധിയെപ്പൊഴും
വിളയാടുന്നൊരു വെള്ളിമാമല
കരതാരിലെടുത്തു തൻ ബലം
പരിശോധിച്ചൊരു ശൂരനാമവൻ. 34

സുരനാരികൾ ചാമരം ധരി-
ച്ചരികത്തങ്ങനെ നിന്നു വീശവേ
ഇളകിച്ചുരുളുന്ന സോമനാൽ
പരിശോഭിച്ചു നിശാചരേശ്വരൻ (യുഗ്മകം) 35

ശശിതൻകല സന്ധ്യയിങ്കലെ-
ച്ചെമലക്കൊണ്ടൽ ചുഴന്നെടുക്കവേ
വലുതായൊരു നീലപർവത-
ച്ചുമലിൽ ചേർന്നു വിളങ്ങിടുന്നപോൽ. 36

വളവേറിയ തേററ രണ്ടു ചെ-
ഞ്ചൊടിയിൽക്കൂടെ വളർന്നു നിലയ്ക്കയിൽ
പ്രഭനീലവപുസ്സിലേൾക്കയാൽ
പലവർണങ്ങൾ വഹിച്ചിരുന്നവൻ. (യുഗ്മകം) 37

കലഹക്കളികൊണ്ടു ദിഗ്ഗജ-
ത്തലവന്മാരുടെ കൊമ്പു തൈക്കയാൽ
അലയാഴിയിലിന്ദുവെന്നപോൽ
പലചിഹ്നങ്ങളുരസ്സിലുള്ളവൻ. 38

ഉലകങ്ങളിലൊക്കെയുള്ളൊര-
ദ്ദുരിതത്തിൻ ഫലമേകമൂർത്തിയായ്
അപവർഗമഹാപഥത്തിനെ-
ത്തടയാൻ വന്നതുപോലിരുന്നതേ. 39

കതിരോനണി തിങ്കളഗ്നിയെ-
ന്നിവരേ വെന്നു തപോബലത്തിനാൽ

ഉടലാണ്ടുലകത്തിലക്രമം
തുടരും കൂരിരുളെന്നപോലെയും. 40

വിരുതേറിയ രാവണൻ കപീ-
ശ്വരനെപ്പാർത്തതി സംശയത്തോ
ഹരശൈലമിളക്കിയന്നു ക-
ണ്ടൊരു നന്ദീശ്വരനെന്നു കൂറിനാൻ. 41

അഥവാ ധനദൻടെ ദൂതനെ-
ക്കൊലചെയ്തുന്നു ജനിച്ച പാതകം
തരമോർത്തൊരു ദൂതവേഷമായ്-
കുറതീർച്ചയ്ക്കിഹ വന്നതല്ലയോ. 42

പലമട്ടിതുപോലെ സംശയി-
ച്ചലസാദ്മാ രജനീപരേശ്വരൻ
അരികത്തമരും പ്രഹസ്തനോ-
ടനുയോഗിപ്പതിനാജ്ഞ നൾകിനാൻ. 43

പ്ലവഗേശ്വരനപ്രഹസ്തനാ-
ലനുയുക്തൻ പരമാർഥമാകവേ
രജനീചരധൂമകേതുവോ
ടറിയാംവണ്ണമുരച്ചു നിർഭയം. 44

ദിനനായകവംശരത്നമാ-
യയാർഥിക്കൊരുരത്ന വൈരിയായ്
പിതൃകൽപ്പനയാലെ കാട്ടു പു-
ക്കവനാം രാമനു ദൂതനേഷ ഞാൻ. 45

മലർബാണവികാരമേറി വ-
ന്നൊരു നിൻ സോദരിതന്നെയിന്നി മേൽ
അനുനാസികമുച്ചരിക്കുവാൻ
കഴിയാതാക്കിയതോർമയില്ലയോ? 46

ചിനമോടെതിരിട്ടൊരക്ഖരൻ
മുതലായുള്ള ഖലർക്കു കാലനായ്
പുകൾ പെറ്റൊരു രാമനേ നിന-
ക്കറിയാൻ സംഗതിയോണ്ടു മുന്നമേ. 47

പിതൃഭക്തിയുമേകവല്ലഭാ-
വ്രതവും നീ മുതലായ ദുഷ്ടരിൽ
മുതിരും വിപരീതഭാവവും
മതിമാൻ രാമനിലുള്ള സൽഗുണം 48

കളവുള്ള മൃഗത്തിനെ വധി-
ച്ചളവേ വിന്ദമുഹൂർത്തവേളയിൽ
ചതിയാൽ ശം! നീ കവർന്നൊരാ-
സ്സതിയെത്തേടി നടന്നു രാഘവൻ. 49

കതിരോൻ മകനാം കപീന്ദ്രനോ-
ടെതിരേ സഖ്യവുമാചരിച്ചുടൻ
തവ ഗർവമൊഴിച്ച ബാലിയേ
നിഹനിച്ചെന്നതു കേട്ടതില്ലയോ? 50

കൃതവീര്യതനൂജനെ നിന-
ക്കറിവില്ലേ? പുനരായവൻ കുലം
മുഴുവൻ മുടിചെയ്ത താപസൻ
ജമദഗ്നിക്കുളവായ നന്ദനൻ. 51

അവനുള്ള മദം കുറച്ചൊരാ-
ന്നുവരൻ പ്രേയസിയെത്തിരക്കുവാൻ
പലടത്തുമയച്ച വാനര-
പ്പടയെക്കീശവരൻ മുഖാന്തരം. 52

അതിലേകനഹം സമുദ്രവും
വ്യതിലംഘിച്ചു കടന്നു ലങ്കയിൽ
പ്രണമിച്ചിഹ രാമപത്നിയെ-

ത്തിരിയെപ്പോവതിനായ് തുടങ്ങിനേൻ. 53

ശരിയല്ലിഹ വന്ന വാർത്തയൊ-
ന്നറിയിക്കാതെയൊളിച്ചു പോവതും
കരുതീട്ടിതു മാനസത്തിൽ ഞാൻ
ബഹളം കൂട്ടിയവണ്ണമൊക്കെയും 54

അതിയോഗ്യതയുള്ള നിന്നേയൊ-
ന്നവലോകിപ്പതിനാഗ്രഹിക്കയാൽ
അടിപെട്ടു ചിലന്തിനൂലുകൊ-
ണ്ടിവർ കെട്ടീടിന കെട്ടിലിങ്ങനേ. 55

ഭുവനങ്ങളിലൊക്കെ നല്ലപേർ
നിലനിർത്തീ നിജ സൽപ്രവൃത്തിയാൽ
വിലസുന്നൊരു ദേവിയെച്ചതി-
ച്ചിവിടെക്കൊണ്ടു തടുത്തുവച്ചു നീ. 56

യജനസ്ഥലയിൽ ജനിച്ച ന-
ല്ലെരിതി മുണ്ടുകൾകൊണ്ടു മൂടുവാൻ
തുനിയുന്നതുപോലെ നീതി വി-
ട്ടൊരു നീയിത്തൊഴിൽ ചെയ്യതെങ്ങിനെ? 57

തവ മെയ്യിതു ലക്ഷ്മണാസ്ത്രമേ-
റ്റവനിത്തട്ടിൽ മറിഞ്ഞുവീഴ്കയിൽ
കഴുകൻ മുതലാം വയോഗണം
ചുഴലാൻ നീയിടയാക്കിവയ്ക്കൊലാ. 58

സ്വകുലം മുഴുവൻ മുടിഞ്ഞിടും
സമയം നിന്നുടെ ധർമപത്നിമാർ
ചൊരിയുന്നൊരു നേത്രവാരി നീ-
യൊടുവിൽ തർപ്പണതീർത്ഥമാക്കൊലാ. 59

പരനാരികളെപ്പിടിക്ക നിൻ-

പതിവെന്നാലുമയോഗ്യമാണിടം
ഉരഗം പവനാശിയെങ്കിലും
ഗരുഡശ്വാസമതി,ന്നജീർണമാം. 60

പകതീർന്നരികത്തിരിക്കിലും
നകുലപ്പെണ്ണിനെ നമ്പുമോ ഫണീ
മകരധ്വജഖിന്നയാകിലും
നകുലസ്ത്രീയഹിയോടുചേരുമോ. 61

ഗുണമില്ലിനിമേൽ നിനക്കു വ-
ന്നണയുന്നോരു വിപത്തു നീങ്ങുവാൻ
ജനകാത്മജ തന്നെ രാമനായ്
കനിവോടേകി നമസ്കരിക്ക നീ. 62

അരിശം പെരുകുന്ന രാക്ഷസ-
പ്പെരുമാൾ മാരുതിഗീതു കേൾക്കവേ
അഭയമം തെറിവാക്കുരയ്ക്കുമി-
ക്കപിയെക്കൊല്ലുവിനെന്നു ചൊല്ലിനാൻ. 63

ഉരചെയ്തുടനേകപീശ്വരൻ
വെറുതെ ദേഹമിളക്കിടൊല്ല നീ
ഇതുപോലൊരു ലക്ഷമിങ്ങു വ-
ന്നെതിരിട്ടാലുമിവൻ കുലുങ്ങിടാ. 64

ഉടനെ സഹിയാത്തകോപമാ-
ർന്നുടവാൾ കൈയിലെടുത്തു രാവണൻ,
അരുതഗ്രജ ദൂതഹിംസയി-
ന്നൊരുനീതിക്കുമടുത്തതല്ലഹോ 65

വിധിയുണ്ടു വിരൂപരാക്കുവാൻ
ക്ഷിതിപന്മാർക്കു നികൃഷ്ടദൂതരേ
ഹിതകാരി വിഭീഷണൻ കനി-
ഞ്ഞിതുപോലോതിയതോർത്തു രാവണൻ. 66

ഉരചെയ്തിതു ശൗര്യമെന്നതി-
പ്പരിഷയ്ക്കുള്ളതു വാലിലാണപോൽ,
ഇവനുള്ളൊരു വാലു ചുട്ടെരി-
ച്ചവമാനിച്ചു തിരിച്ചയയ്ക്കുവിൻ. 67

വളരെത്തുണിചുറ്റി നല്ലപോൽ
തെളിവാനെണ്ണയിൽ മുക്കി വാലിനെ
തിരിയൊന്നു കൊളുത്തിനാർ തല-
യ്ക്കുരമാ രാക്ഷസരാജകിങ്കരർ. 68

കഴകൊണ്ടു ചമച്ച തണ്ടില-
ന്നെഴുന്നെള്ളിച്ചിഹ രാമദൂതനേ
കുഴലും തകിലും മുഴക്കിനാർ,
ചുഴലും രാക്ഷസരാർത്തു കൂവിനാർ. 69

ദശകണ്ഠനെന്ന മുൻപിറപ്പിലേ-
വശിയാം രാമനരാതിയെങ്കിലും
കപിയെച്ചുമലിൽച്ചുമക്കുവാൻ
വിധികൽപിച്ചതു വിഷ്ണുഭക്തി താൻ. 70

വഴിപോൽ രഘുനാഥദൂതനേ-
യെഴുന്നള്ളിച്ച ജനത്തിനേഷണം
ഒഴിവാൻ കഴിവന്നു, രാമനെ
ത്തൊഴുകിൽ പുണ്യമതെത്രമാത്രമാം? 71

ഒരു കള്ളനിതെന്നുരച്ചുകൊ-
ണ്ടൊരുമിച്ചങ്ങനെയാതുസഞ്ചയം
തെരുവൂടെ നടന്ന കാഴ്ചക-
ണ്ടരികെച്ചെന്നു ജനങ്ങൾ കൂടിനാർ. 72

ഹനുമാനുടെ നീണ്ട വാലില-
ന്നൊരു കൊന്നക്കുടമുല്ലസിച്ചപ്പോൾ

മരുവീടിന തീ പടർന്നെരി
ഞ്ഞമരന്മാരുടെ പുണ്യപൂർത്തതിയാൽ. 73

കഥയൊക്കയുമങ്ങറിഞ്ഞുടൻ
മിഥിലാധീശ്വരപുത്രിയേറ്റവും
വ്യഥയുള്ളിലുദിച്ചു വഹ്നിയേ
വിധിപോലിങ്ങനെ നേർന്നു കൂപ്പിനാൾ. 74

പരമാർഥികളിൽ പ്രമുഖ്യനായ്
മരുവും മാരുതി തന്റെ മേനിയിൽ
അതിശീതളനായിരിക്കയെൻ
പതിയാം രാഘവനാണ പാവക. 75

മലർമങ്ക പതിവ്രതാഗ്നിയിൽ
ശലഭിപ്പിച്ചീടുമെന്ന ശങ്കയാൽ
ഹനുമാനുടെ വാലിലഗ്നിയ-
ന്നൊരുമാണിക്യവിളക്കുപോലെയായ്. 76

പുരിയൊക്കെ നടന്നു കാണുവാൻ
തരമായില്ല നമുക്കു രാത്രിയിൽ
ഇനനും ശുചിയും സഹായമു-
ണ്ടിനി നല്ലോണമിതെന്നു നോക്കിടാം. 77

മടിയായിതുപോലുറച്ചുകൊ-
ണ്ടുടനബന്ധമയച്ചു മാരുതി
കനമുള്ളൊരിരുമ്പുളുണിനാൽ
തനിയേ തച്ചുതകർത്തക്കരേ. 78

എരിയുന്ന കയറ്റുബാണെ-
ന്നതുപോൽമാരുതി പാഞ്ഞുപാഞ്ഞുപോയ്
ദശകന്ധരരാജധാനിയാ-
ലനലപ്രീതിവരുത്തി വിക്രമീ. 79

ശുഭശീലമെഴും വിഭീഷണൻ
മരുവും മേടവുമൂഴിമാനിനി
അമരുന്നിടവും ധനഞ്ജയ-
ന്നിരയാക്കാതെ കഴിച്ചു ബുദ്ധിമാൻ. 80

പ്രിയപുത്രനുമഗ്നിദേവനും
പ്രിയമേകുന്നതിനുള്ള കൗതുകാൽ
തനിയേ കപിവീരനെത്തുട-
ർന്നനലോദ്ദീപനകാരി മാരുതൻ. 81

അരവിന്ദശരാരി മുൻപു മു-
പ്പുരമെല്ലാം മിഴികൊണ്ടെരിച്ചപോൽ
ബരവീരമെഴും കപീന്ദ്രന-
പ്പുരി തൻ ബാലധികൊണ്ടെരിച്ചബോ. 82

മകളേ മകനേ സഹോദരാ
ജനനീ താത കുമാര വല്ലഭ
തുണചെയ്യണമീ വിപത്തിൽനി-
ന്നെരിതീയിൽ കരിയാതെ തേറുവാൻ. 83

പുരവാസികളൊക്കെയീവിധം
പരിദേവിപ്പൊരു ദീനശബ്ദവും
പവനാത്മജനങ്ങിടയ്ക്കിട-
യ്ക്കലറും നാടവുമേറി ലങ്കയിൽ. 84

പ്രസരിച്ചുയരുന്നൊരഗ്നിതാൻ
പ്രതിബിംബിച്ചിതു വാരിരാശിയിൽ
പെരുകുന്നൊരുതൃഷ്ണമൂലമ-
ജ്ജലപാനത്തിനിറങ്ങി വന്നപോൽ. 85

ധനദാനുജബാഹുവീര്യമ-
ക്കനലിൽ പെട്ടു കരിഞ്ഞുയർന്നപോൽ
മഷിവർണമിയന്ന ധൂമ്യ പോ-

യ്യൃഷിലോകത്തു മണഞ്ഞു സത്വരം. 86

ജനകാത്മജയായ ലക്ഷമിയേ
രഘുവീരക്ഷിതികാന്തനേകുവാൻ
അലറീട്ടിലളകുന്ന സേനയാ-
മലയേറുന്നൊരു ലഗ്കയാം കടൽ.87

കയറാകിയ സർപ്പപുങ്ഗവൻ
ചുഴലും മാരുതിയെന്ന മത്തിനാൽ
വഴിപോൽ മഥനം കഴിച്ചിത-
ന്നരവിന്ദോത്ഭവനായ നാന്മുഖൻ.88

പുരമാസകലം കരിച്ചുടൻ
തരസാ മാരുതി വാരിരാശിയിൽ
വിരവോടെ കുളിച്ചു സീതതൻ
ചരണം കൂപ്പി വിനീതാവേഷനായ് 89

വിടവാങ്ങിയരിഷ്ടമേദിനീ-
ധരകുടം കരയേറി വീര്യവാൻ
കടൽ താണ്ടിയെളുപ്പമെങ്ങുമേ
തടവില്ലാതെ മഹേന്ദ്രമേറിനാൻ. 90

ക്ലേശം കൂടാതെ പോയ് വന്നവളൊരു കര കാണാത്ത വാരാശിലങ്ഘി
ച്ചെന്നാലും വായുപുത്രൻ മുഴുകി കപികുലം കാൺകെ മോദാബ്ധിതന്നിൽ
ചൂഡാരത്നം വിലോകിച്ചുതുലിതഹൃദയാനന്ദമുൾക്കൊണ്ടു രാമൻ
ചോദിച്ചപ്പോൾ വിശേഷം മുഴുവനുമറിയിച്ചീടിനാൻ ഭക്തിപൂർവം.96

ലഗ്കാരാജ്യത്തശോകക്ഷിതിജതതനി ചുഴന്നുള്ളൊരുദ്യാനമധ്യ-
ത്തിങ്കൽ ക്രവ്യാദസീമന്തിനികളുടെ മഹാശല്ല്യമെല്ലാംസഹച്ച്,
നിങ്കൽ ചേതസ്സു റപ്പിച്ചുരഗതരുണതാൻതാർക്ഷ്യോകത്തലെന്തോ
പങ്കത്താൽപെട്ടുകേഴുമ്പടിയമരുമൊരുദ്ദേവിയെച്ചെന്നു കണ്ടേൻ.97

തീർത്തേനത്യാർത്തിയെല്ലാ മടിയനുരപെറുന്നങ്ഗുലീയത്തിനാലും

പേർത്തും നിൻ വാൻത്തകോണ്ടും,പുനരിവനനുയോഗിച്ച സന്ദേശവാക്യം
ഓർത്തിട്ടപ്പോൾ,ജയന്തൻ കരടവടിവൊട്ടുത്തോരു വൃത്താന്തമെല്ലാം
വീർത്തോതിക്കൊണ്ടു ചൂഡാമണിയുമിഹസമർപ്പിക്കവാൻ തന്നയച്ചാൾ.98

പ്രാണപ്രിയൻടെ തിരുമേനിയിലാശയാല-
പ്രാണങ്ങൾ പോവതിനുറച്ചു വസിച്ചിടുമ്പോൾ
മാണിക്യമുദ്രയടിയൻ വിടകൊണ്ടു കാട്ടി-
പ്രാണപ്രതിഷ്ഠയവിടെസ്സ ഖമായ് കഴിച്ചേൻ.99

നിയമനെറികൾകൊണ്ടുമധ്യഭാഗം
വളരെമെലിഞ്ഞലർബാണവില്ലുപോലെ
മധുരിമ കലരുന്ന മേനി കോലും
ഭഗവതി നിന്തിരുമേനിയോർത്തിരിപ്പൂ.100

ലഹള വളരെച്ചാപല്യത്താൽ നടത്തി ദശാനന-
ന്നിളയ മകനാമക്ഷൻതന്നെ ക്ഷണേന വദിച്ചു ഞാൻ
ദശമുഖനെയും കണ്ടിക്കാര്യം പറഞ്ഞുപദേശമായ്
ഖലമതിയവൻ തീ കത്തിച്ചാൻ കരിപ്പതിനെന്റെ വാൽ.101

അവിടതു ഭവൽക്കാരുണ്യത്താലിവന്നുപകരമാ-
യവനുടെ പുരം മുച്ചൂടും ചുട്ടെരിച്ചു പൊടിക്കുവാൻ,
തവ കനിവു ചെറ്റുണ്ടെന്നാലിജ്ജഗത്തിലസാധ്യമാ-
യൊരുവകയുമില്ലാർക്കും പോറ്റീ! ഭവാൻ ശുഭമേകണം.102

ലങ്കാമർദ്ദനമെന്ന പതിനാറാം സർഗം സമാപ്തം

പതിനേഴാം സർഗം

വാതാത്മജൻ ചൊല്ലിയ വർത്തമാനം
ജാതാനുകമ്പം നിശമിച്ച നേരം
ഓതാവതല്ലാത്ത കുതൂഹലംകൊ-
ണ്ടേതാണ്ടൊരാശ്വാസമിയന്നു രാമൻ. 1

നക്തഞ്ചരശ്രേഷ്ഠനെയോർത്തു പിന്നീ-
ട്ടുൾക്കാമ്പിലുണ്ടായ വിരോധമോടും
തൃക്കൈയിൽ മേവുന്ന ശരാസനത്തിൽ
തൃക്കൺമുനക്കേളി നടത്തി മന്ദം. 2

നരാധിരാജന്റെമതം പ്ലവംഗോ-
ൽക്കരാധിപൻ തന്നെ മനസ്സിലാക്കി;
അരാതിവർഗത്തെ വധിക്കുവാൻ താൻ
കരാറു ചെയ്തുള്ളതുമുള്ളിലോർത്തു 3

സന്ദർഭവും വന്നിടപെട്ടിതെന്നോ-
ർത്തുന്നിദ്രമോദത്തോടു മർക്കടേന്ദ്രൻ
ചെന്നദ്ദശാസ്യന്റെകണക്കു തീർപ്പാൻ
സന്നദ്ധനായ് വൻപടശേഖരിച്ചവാൻ.4

ശ്രീരാമനെന്നുള്ളൊരു നീലമേഘം
പാരം ചൊരിഞ്ഞിട്ടു കടാക്ഷവർഷം
സാരസ്യമാർവാഹിനികൾക്കു നൽകീ
പൂരിച്ചു പാരിങ്കലതക്ഷണത്തിൽ.5

മടക്കമില്ലാത്തൊരു ശക്തിയൊട്ടൊ-
ട്ടടുക്കുവാൻ വാഹിനിയാഗ്രഹത്താൽ
തുടങ്ങി പോൽ ദക്ഷിണനായകൻ ത-
ന്നടുക്കലേക്കുള്ളൊരു യാത്ര മെല്ലേ.6

രാത്രിഞ്ചരക്കൂരിരുൾ നീക്കുവാന-
മ്മിത്രാഭ കോലുന്നൊരു രാമചന്ദ്രൻ

തെറ്റാതെ യാത്രയ്ക്കു മുഹൂർത്തമോർത്ത-
ക്കാറ്റിൻമകൻ തന്റെ കഴുത്തിലേറി.7

ആമോദമാർന്നക്കുമുദാശയം പിൻ-
പാമാത്രകൊണ്ടൃക്ഷഗണം തെളിഞ്ഞൂ
വിപക്ഷചക്രം വിക്ഷമിച്ചിരുന്നൂ
വിഭാവരിക്കുർജ്ജിതവും വളർന്നൂ.8

കരേറിനാൻ ബാലിസുതന്റെ തോള-
ത്തരാതികൾക്കന്തകനാം കുമാരൻ
ശരാസനം പൂണ്ടരിസഞ്ചയത്തെ-
പ്പുരാസനം ചെയ്യുവതിനാത്തരോഷൻ9

അനന്തരം വാനവർ കോനുമപ്പോ-
ലനന്തനും സന്ധ്യകൾ പാർത്തുചൊന്നാൽ
ശരിപ്പെടാൻ ദുർഘടമുള്ള മട്ടിൽ
പരന്നുപോയ് വാനരവീരസൈന്യം.10

സപ്താശ്വവംശത്തിലുദിച്ച ഭൂപ-
ർക്കുത്തം സമാം ദാശരഥിക്കു പാർത്താൽ
പുത്തൻമണിത്തേർ തുരഗങ്ങളെന്നീ-
വസ്തുക്കളില്ലായ്കിലുമെന്തു ദോഷം?11

പെരുമ്പടക്കോളുകൾ കണ്ടു കാട്ടിൽ
കരിമ്പുലിക്കൂട്ടമൊളിച്ചു മണ്ടീ;
കരുത്തെഴും കേസരിവീരരെല്ലാം
പരം പ്രലാപിച്ചഴറിത്തുടങ്ങീ.12

ചാഞ്ചാടിയും തങ്ങളിൽ മൽപിടിച്ചും
വാഞ്ഛാനുകൂലം ഫലമാഹരിച്ചും
അഞ്ചാതെ പോം വാനരപാളി, കാട്ടിൽ
പൂഞ്ചോലയെല്ലാം പൊടിയാൽ കുറുക്കീ.13

കാന്താരശൈലങ്ങൾ കടന്നു പിന്നെ-
ച്ചെന്താമരാക്ഷൻ കപിസേനയോടും
സഹ്യാദ്രിയിൽക്കൂടെയണഞ്ഞു പശ്ചേ
വിഖ്യാതമാം ചന്ദനപർവതത്തിൽ.14

ശ്രീമെത്തുമച്ചന്ദനവാടിയിങ്കേ-
ന്നാമോദമേകുന്നോരു മന്ദവാതം
രാമന്റെ പൂമേനി തലോടിയപ്പോൾ
സൗമിത്രിയെപ്പാർത്തു ചെയ്തു ദേവൻ 15

മലയ്ക്കിടത്താഴ്വരയിങ്കലോലു-
ന്നൊലിപ്പിനെക്കാൺക സഹോദരാ!
അതിന്റെ നീർത്തുള്ളികളേറ്റു പാരം
മുതിർന്നു നിൽക്കുന്നിഹ ചന്ദനങ്ങൾ. 16

അച്ചന്ദത്തിൽ ചില കൂട്ടുകെട്ടി-
സ്വാച്ഛന്ദ്യമോടിങ്ങമരും പികങ്ങൾ
ഉച്ചസ്വരം നീട്ടി മുഴക്കിനിയിപ്പോൾ
മെച്ചം നമുക്കാർത്തി വളർത്തിടുന്നു. 17

ഏഴാമെടത്തോട്ടു പിരിഞ്ഞിവണ്ണം
കേഴുന്ന ഭൂലോകനിലിമ്പനാഥൻ
നേരേ മഹേന്ദ്രാദ്രിയിലേറിയപ്പോൾ
വാരാശി തന്മുന്നിലടുത്തു കണ്ടാൻ. 18

സ്വർല്ലോകനേതാവിഹ ചേർത്ത പങ്ക-
മെല്ലാമടിച്ചങ്ങു പറത്തിടുംപോൽ
കല്ലോലജാലങ്ങളുരുണ്ടു പൊങ്ങി-
ത്തല്ലിത്തകർക്കുന്നിതു ഫേനകൂടം. 19

കടൽപ്പുറത്തുള്ള മണൽത്തിടുമ്പ-
ങ്ങിടിഞ്ഞു വെള്ളത്തിലിറങ്ങിടുമ്പോൾ
അടിച്ചുകേറ്റിട്ടൊരിടത്തതെല്ലാം

തടുത്തു കൂട്ടിക്കരയാക്കിടുന്നു. 20

ഭങ്ഗങ്ങൾ തല്ലിത്തകരുന്ന നേരം
പൊങ്ങുന്ന വെള്ളച്ചുഴയിൽക്കിടന്ന്
മുങ്ങിക്കളിക്കും ജലജന്തുജാതം
തങ്ങുന്ന കാണാം കരയിൽ ചിലപ്പോൾ. 21

തെല്ലും ജലംകൊണ്ടുപകാരമാർക്കു-
മില്ലെങ്കിലും വാരിധി വല്യഭാവം
ചില്വാനമല്ലെന്നു നടിച്ചിടുന്നു
വല്ലോരുമങ്ങോട്ടണയാതിരിപ്പാൻ. 22

ധനേശനെപ്പോലെ തനിക്കുമേറെ-
ദ്ധനങ്ങളുണ്ടെന്നു സമുദ്രരാജൻ
നിനച്ചഹങ്കാരമിയന്ന മൂലം
ചിനത്തു ഗർജ്ജിപ്പതുപോലെ തോന്നും. 23

വേലാതടത്തിങ്കലെഴും മഹേന്ദ്ര-
ശൈലത്തിലുള്ളോരു തമാലവർണ്ണം
മധ്യേസമുദ്രം നിഴലിച്ചപോല-
ങ്ങത്യന്തനീലച്ഛവിയാർന്നു കണ്ടു. 24

കയത്തിലാളുന്നൊരു കർദ്ദമത്തിൽ
കറുപ്പശേഷം കമലത്തിലൂടെ
പുറത്തു നന്നായ് പ്രസരിച്ചിടും പോൽ
പരന്നു കാണാമസിതാഭ്രവർണം. 25

അതോ? മഹാവിഷ്ണുവിതിന്റെ മധ്യേ
സദാ ഭുജംഗേശ്വരശയ്യയിങ്കൽ,
ശയിക്കയാലതിരുമേനിമേൽ നി-
ന്നുയർന്നു വീശുന്ന കറുപ്പുതാനോ? 26

തമോഗുണക്കാറരെ മിക്കവാറും

ധരിപ്പതമ്മാതിരി കണ്ടു വേണം
സരിൽപ്പതിയ്ക്കുള്ള തമോഗുണത്തെ-
ദ്ധരിക്കുവാൻ നീലിമ തന്നെ പോരും. 27

ഗംഭീരസത്വങ്ങൾ നിറഞ്ഞിരിക്കു-
മംഭോധിയെക്കണ്ടഥ രാമചന്ദ്രൻ
അംഭോജപത്രാക്ഷിയെ നെഞ്ചിലുന്നി-
സ്സംഭ്രാന്തനായ് നിന്നു കുറച്ചുനേരം. 28

വ്യഗ്രത്വമെന്ന്യേ നിജസേനയോടും
സുഗ്രീവനും പാളയമെന്നടിച്ചൂ
ഘോരം മഹാവാരിധിയെക്കടപ്പാ-
നേരോന്നവൻ കൗശലമോർത്തിരുന്നു. 29

ചക്കപ്പഴം പിന്നെ വരിക്കമാവിൻ
പക്വങ്ങളും നല്ല പനമ്പഴങ്ങൾ
ഇക്കണ്ട വസ്തുക്കൾ സമുദ്രതീര-
ത്തൊക്കെബ്ഭുജിച്ചക്കപിവീരർ വാണു. 30

ശ്രീരാമചന്ദ്രൻ കപിസേനയോടും
വാരാശിതന്നുത്തരതീരദേശേ
പോരാടുവാൻ വന്നൊരു വർത്തമാന-
മാ രാവണൻ ചാരമുഖാൽ ഗ്രഹിച്ചാൽ 31

കാമപിശാചിന്റെയുപദ്രവത്താ-
ലാ മാൻമിഴിത്തയ്യലെ വിട്ടയപ്പാൻ
സാമർത്ഥ്യമില്ലാഞ്ഞിനി വേണ്ടതെന്തെ-
ന്നാ മൂഢനാലോചനയുള്ളിലാർന്നു. 32

ദുർമാർഗി വങ്കപ്രഭുവാം ദശാസ്യൻ
ദുർമന്ത്രിവർഗത്തെ വിളിച്ചു കൂട്ടി
തന്മന്ത്രശാലയ്ക്കെഴുന്നെള്ളിയോരോ
മർമം നിരൂപിച്ചു നൃശംസകൃത്യ. 33

അപ്പോൾ സമിപത്തതിഭക്തി ഭാവി-
ച്ചൊപ്പിക്കുവാൻ തങ്ങടെ മുക്കു പൊത്തി
നിൽക്കും പ്രഹസ്താദി നിയോജ്യരോരോ
ഡീക്കോതിനാർ ദുർഗ്ഗുണദോഷബുദ്ധ്യാ. 34

സ്വകൽപ്പനയ്ക്കൊത്തു പറഞ്ഞൊട്ടുക്ക-
ത്തകപ്പെടുത്തുന്നൊരു മന്ത്രിമാരേ
അകറ്റിയൻപോട്ടു വിഭീഷണൻ താൻ
പകച്ചു ചൊന്നണ്ണനൊടിപ്രകാരം. 35

സേവയ്ക്കു വേണ്ടിച്ചില ഭേഷജക്കാർ
ഭാവൽക്കപാർശ്വത്തിലടുത്തുകൂടി
ഭാവിച്ചു നന്നെന്നിവർ കണ്ടമാനം
പേവാക്കു ജൽപ്പിച്ചതു സത്യമാമോ? 36

കഷ്ടം! കുലദ്രോഹികളീ വകക്കാ-
രൊട്ടുക്കകന്നേ സുഖമാകയുള്ളൂ
ഭവാനു ദുഷ്പ്പേരു വരുത്തവാനി-
ദ്ദുരാശയന്മാർക്കൊരു കൂസലില്ലാ. 37

ഇന്നിന്നതങ്ങേക്കിഹാ നന്മയെന്നു-
മിന്നിന്നതെല്ലാം ബഹു തിന്മയെന്നും
തോന്നാത്ത ദുർബുദ്ധിയോരേഭ്യനന്ത്രേ
നന്നല്ലവൻ സേവകനായിരുന്നാൽ. 38

തനിക്കു താൻ പോന്ന ഗുണങ്ങളുള്ളിൽ
ജനിക്കുവോൻ വേണമമാത്യനാവാൻ
മനസ്വിയാമപ്പുരുഷൻ ഭവാനും
ന്ധനത്തിനും നന്മ വരുത്തിവയ്ക്കും 39

പ്രിയം വചിക്കില്ല മഹാജനൗഘം
പ്രിയംവദന്മാർ സുജനങ്ങളല്ലാ

ഹിതോക്തിയിഷ്ടം വരുമാറുരയ്പ്പോർ
ചുരുക്കമത്രേ ഭുവനത്രയത്തിൽ 40

'വിവേക'മെന്നിങ്ങനെ മൂന്നെഴുത്തും
നീതിക്കു ബീജാക്ഷരമെന്നു കേൾപ്പൂ
അതഭ്യസിക്കാതെ പഠിച്ച മന്ത്രം
ഫലിക്കയില്ലെന്നു ധരിക്കവേണം. 41

സന്മാർഗിയെന്നുള്ളൊരു നാട്യമോടും
ചുമ്മാതെ തിണ്ടാടി നടക്കുവോരേ
നിന്മന്ത്രിമാരാക്കിയമൂലമിപ്പോ-
ളിമ്മാതിരിക്ലേശമണഞ്ഞു നാട്ടിൽ. 42

കേട്ടാണിവർക്കുള്ളുപദേശവാക്യം
കാട്ടാളവൃത്തിക്കു തുനിഞ്ഞതും നീ
നാട്ടാർക്കു നീയിന്നൊരു ധൂമകേതു-
പ്പട്ടം ധരിച്ചാകിലനർഥമത്രേ. 43

കുറഞ്ഞുപോയീശ്വരഭക്തിയിപ്പോൾ
മറഞ്ഞഹോ നാട്ടിലശേഷധർമം
അറിഞ്ഞുപോൽ വൈരികളിച്ചരിത്രം
നിറഞ്ഞിതാ ദുശ്ശകുനങ്ങളെങ്ങും. 44

ഒന്നല്ല രണ്ടല്ല ഭവാൻ നിമിത്തം
വന്നിങ്ങകപ്പെട്ടൊരു ദൈവദോഷം
ഒന്നോടതിൻ കൂലി നിനക്കു നൽകാൻ
തന്നാണു രാമാദികൾ വന്നതിപ്പോൾ. 45

തരം പിഴച്ചാലതു കണ്ടു മിണ്ടാ-
തിരിക്കുവാനിങ്ങൊരു ധൈര്യമില്ലാ
ഗുരുത്വമോർത്തൊന്നുര ചെയ്യുവാനും
വരുത്തമുണ്ടെങ്കിലുമൽപ്പമോതാം. 46

കന്നത്തമേറുന്ന കുരങ്ങുമൂലം
വന്നിടുമീ നിന്നുടെ വംശനാശം
എന്നീവിധം പൂർവജനോടു മുന്നം
നന്ദീശ്വരൻ ചൊന്നതു വിട്ടുപോയോ? 47

മനുഷ്യരല്ലാതൊരുനാളുമങ്ങേ-
യൊരുത്തരും കൊല്ലുകയില്ലയെന്ന്
മനഃപ്രസാദത്തൊടു നാന്മുഖൻ പ-
ണ്ടുരച്ച വാക്കിന്നു മറന്നു പോയോ? 48

ആപത്തുമൂലം നളകൂബരൻ തൻ-
ശാപത്തെയും പിന്നെ മറന്നുവോ നീ?
കോപിക്കൊലാ ഞാനൊരു വാക്കു ചൊല്ലാം
നീ പത്മജൻ തന്റെ കുലാഢ്യനല്ലോ. 49

വിശുദ്ധിയേറും നിജവംശമിപ്പോ-
ളശുദ്ധമായെന്നു വിരിഞ്ചി കേട്ടാൽ
വശം കെടും പൊത്തുവതിന്നു കർണ-
മശേഷവും തന്നുടെ കൈകളാലെ. 50

ഭവാന്റെ ശല്യം സഹിയായ്കകൊണ്ട-
ത്തപോധനന്മാരൊരുമിച്ചു കൂടി
കുടത്തിൽ വാർത്തുള്ള വിയർപ്പു മണ്ണിൽ-
കുഴിച്ചുവച്ചിട്ടു പറഞ്ഞുപോലും. 51

ഇതാണു പൗലസ്ത്യകുലം നശിപ്പാൻ
പ്രധാനമായുള്ളൊരു യോഗബീജം"
അതിൽ കലർന്നുള്ളൊരു വിഷ്ണുമായ-
ചൈതന്യമിജ്ജാനകിയെന്നു കേൾപ്പൂ. 52

കത്തുന്ന തീ കണ്ടതിലാശയൂന്നി-
ചിത്തഭ്രമത്താൽ ശലഭങ്ങളെല്ലാം
എത്തുന്നപോൽ സീതയിലാശയൂന്നി-

ചത്തീടുവാൻ ജ്യേഷ്ഠനൊരുങ്ങിടൊല്ലാ. 53

ഇന്ദ്രാണി മുൻപായ നിലിമ്പനാരി-
വൃന്ദം സദാ വന്നടി കൂപ്പി നിൽക്കും
മന്ദോദരിക്കുള്ളൊരു ഭർത്തൃഭാഗ്യ-
മിന്നെന്തിനായിട്ടു കളഞ്ഞിടുന്നു. 54

തന്നോടിണങ്ങാത്തവളോട്ടുകൂടി-
ച്ചേർന്നല്ലസിപ്പാനൊ സൗഖ്യമില്ലാ
തന്നിൽ പരം പ്രേമരസം പൊഴിക്കും
തന്വംഗി സംപൂർണസുഖത്തെ നൾകും 55

ഇരിമ്പുമക്കാന്തവുമെന്നവണ്ണം
പരസ്പരാകർഷണശക്തിയോടും
ഇരിക്കുമസ്ത്രീപുരുഷന്മാർക്കു മാത്രം
വിരക്തിയില്ലാത്ത സുഖം ഭവിക്കും 56

മാരാസ്ത്രമേറ്റുള്ള വികാരമോരോ-
ന്നോരോ മുഖത്തിങ്കൽ വഹിക്കിലും നീ
അന്തത്തിലുണ്ടാകുമവസ്ഥ മാത്ര-
മേന്തിടൊല മുഖ്യമുഖത്തിലണ്ണൻ 57

ക്ഷമാവരൻ രാമനു മുഖ്യമാകും
ക്ഷമാഗുണം സർവ്വജഗൽപ്രസിദ്ധം
അമന്യുവായ് സീതയെ വീണ്ടുമേകി
സ്സമാശ്രയിക്കിൽ കുലരക്ഷയുണ്ടാം 58

അല്ലെങ്കിലീ രാക്ഷസവംശവും കു-
ടില്ലാതെയാം രാമശരം വരുമ്പോൾ
പുല്ലോളവും നിന്റെ പരാക്രമത്തെ-
ബ്ഭല്ലൂകവൃന്ദം വകവയ്ക്കയില്ലാ 59

ആരാകിലും ഞായമുരച്ചിടുമ്പോ-

ളരികരിക്കേണ്ടതു യോഗ്യധർമ്മം
നേരമറിച്ചാകിലാ യോഗ്യനെന്ന
പേരിന്നു നീ ഭാജനമായ് ഭവിക്കും 60

ശുഭാശുഭം പാർത്തുരചെയ്യുവേ ദു-
സ്സ്വാഭാവിയാം രാവണനേറെ രോഷാൽ
സഹോദരൻ തന്റെ മുഖത്തു നോക്കി
ശ്ശകാരമായിട്ടു പറഞ്ഞിവണ്ണം. 61

എനിക്കു ബോധിച്ചതുപോൽ നടത്തും
നിനക്കതിന്മേലൊരു ചേതമെന്ത്?
മനീഷിയെന്നുള്ളൊരു ഭാവമൊന്നും
മനസ്സിലീ രാവണനിഷ്ടമില്ലാ 62

ഭീരുത്തമോടെന്നുടെ മുന്നിൽ നിന്നി-
സ്സാരോപദേശങ്ങളിനിപ്പറഞ്ഞാൽ
തീരും നിനക്കുള്ളൊരു ഭള്ളശേഷം
ചാരത്തു നിന്നാശു ഗമിക്ക ദൂരെ 63

വിരോധിയെത്താങ്ങിയുരച്ചിടും നീ-
യരാതിവർഗ്ഗത്തിനു മുൻപനല്ലോ
മരിക്കുവാൻ സംഗതി വേണ്ടയെങ്കിൽ
തെരിക്കനെ ചെല്ലുക രാമപാർശ്വേ 64

ആക്ഷേപവാക്യേവമുരച്ചെടുക്കും
രക്ഷോവരൻ തന്നുടെ മട്ടുകണ്ട്
രക്ഷയ്ക്കു താൻ നാലു നിയോജ്യരോടും
പക്ഷീന്ദ്രനപ്പോലവനും ഗമിച്ചാൽ 65

ദുരാശയേറുന്നൊരു നീ നിമിത്തം
വരാനിരിക്കുന്നൊരു വംശനാശം
ഉരച്ചു ഞാനായതശേഷവും ധി-
ക്കരിച്ചതീ നിന്നുടെ കുറ്റമല്ല 66

നീരിങ്കലെച്ചേറുകൾ വേർതിരിപ്പാൻ
പോരുന്ന തേറ്റാമ്പരലിന്റെ ചൂർണം
പാരം കൊഴുത്തങ്ങു കനത്ത കട്ടി-
ച്ചോറൊക്കെ നീക്കാൻ മതിയാകയില്ല 67

ഈവണ്ണമോതിക്കടലും കടന്ന്
സേവിച്ചു നിൽക്കുന്നവരോടു കൂടെ
കാർവർണർക്കാത്മജസേനയോടും
മേവുന്നടത്തേക്കവനാഗമിച്ചാൻ. 68

വാനത്തിലൂടായവനേകദേശം
നേരിട്ട നേരത്തു കഴുത്തുയർത്തി
ദൂരത്തു നോക്കും കപിവീരരെപ്പോ-
ർത്താരൂഢമോദത്തൊടുരച്ചിവണ്ണം 69

ദുർബുദ്ധിയാം രാവമനഗ്രജന്മാ-
ഭത്സിക്കയാലേറെ മുഷിഞ്ഞു തമ്മിൽ
ഉറ്റോരെയെല്ലാം ബതാ കൈവെടിഞ്ഞേ
ച്ചൽക്കണ്ടയാൽ വന്ന വിഭീഷണൻ ഞാൻ 70

ബദ്ധാദരം കാലിണ കൈതൊഴുന്നോ-
ർക്കദ്ധാ വിപത്തൊക്കെയൊഴിപ്പതിങ്കൽ
സിദ്ധാന്തിയാം രാമനെയാശ്രയിപ്പാ-
നത്യാഗ്രഹത്തോടിവിടേയ്ക്കു വന്നേൻ 71

ഉൾപ്പേടിയാൽ ദീനദയാലുവാമി-
ച്ചിൽപുരുഷൻ തന്നെ വണങ്ങുവാനായ്
ഉൾപ്പൂവിലിച്ഛിക്കുമെനിക്കു വേണ്ടീ-
ട്ടെപ്പേരുമൊന്നങ്ങറിയിക്കവേണം 72

നാലാനനൻ തന്ന വരം ഫലിച്ചി-
ക്കാലത്തതെൻ ഭാഗ്യവിശേഷമല്ലോ

മേലാലുമീവണ്ണമിരിപ്പതിന്നി-
ങ്ങാലംബനം രാഘവപാദപത്മം 73

നക്തഞ്ചരന്മാരുടെ വംശലക്ഷ്മി-
ക്കൾക്കാമ്പിലന്നേറെ വിവേകമാർന്ന്
പ്രത്യേകമായ് ചൊല്ലിയയച്ച പോലാ-
വർത്തിച്ചുരയ്ക്കുന്നവനെക്കുറിച്ച്. 74

സുഗ്രീവനുൾക്കാമ്പിലവിശ്വസിച്ച്
വ്യഗ്രിച്ചിരിക്കുന്നൊരു വേളയിങ്കൽ
വാതാത്മജൻ രാമനൊടും വിശേഷാ-
ലോതീടിനാൻ വാസ്തവമേവരോടും (യുഗ്മകം) 75

എന്നിട്ടുമർക്കാത്മജനുള്ളിലേതോ
സ്നേഹമുണ്ടെന്നതു കണ്ടറിഞ്ഞു
മന്ദസ്മിതം ചെയ്തു മഹാനുഭാവൻ
ചൊന്നാൻ രഘുശ്രേഷ്ഠനുദാരശീലൻ. 76

വിരോധിയോ വൈരികുലത്തിലുള്ളോ-
നൊരുത്തനോ മറ്റൊരു മര്യത്തനോ താൻ
ദരത്തോടെന്നെ ശ്ശരണം ഗമിച്ചാൽ
തിരിച്ചു പേക്ഷിപ്പവനല്ലെടോ ഞാൻ. 77

ഭ്രുവിൽ ദയാശ്ശൂന്യനതാം നരേന്ദ്രൻ
ജീവിച്ചിരുന്നാൽ കഥയില്ല തെല്ലും
പാവം ദശാസ്യന്റെ കനിഷ്ഠനോർത്താ-
ലാവശ്യമുണ്ടിന്നഭയം കൊടുപ്പാൻ. 78

അരക്കർ വംശത്തിലുദിപ്പതെല്ലാ-
മരക്കാരായി തന്നെ ഭവിക്കയില്ലാ
ധരിക്കെടോ ദുഷ്ടരിലും ചിലപ്പോ-
ളൊരുത്തനുണ്ടായിവരും വിശിഷ്ടൻ. 79

ചേറും കരിംകുവളമാമ്പലും തേൻ
പേറും സരോജം പല മീനീതെല്ലാം
നീരിങ്കലുണ്ടായവയെങ്കിലും വെ-
വ്വേറാണിതിൻ വാസനയോർത്തു കണ്ടാൽ. 80

മനോജ്ഞനായുള്ളൊരു രാഘവൻ തൻ
മനോഹിതംപോലെ മരുത്തനൂജൻ
മനസ്വിയാം രാക്ഷസരാജനെച്ചെ-
ന്നനൽപ്പമോദത്തൊടു കൊണ്ടുപോന്നാൻ. 81

മേധാവിയായുള്ള വിഭീഷണൻ താൻ
ബാധാവിനാശത്തിനു ഭക്തിപൂർവ്വം
ബോധാമ്തകൻതന്റെ കഴൽക്കു കൂപ്പി-
സ്സാധാരണപ്രേക്ഷിത പൂണ്ടുനിന്നാൻ 82

കനിഞ്ഞു കൽപ്പിച്ചവനോടു രാമൻ
നിനക്കു ലങ്കാപുരരാജ്യഭാരം
തരുന്നു ഞാൻഇന്നിനി മേലിലെന്നും
വരില്ല നൂനം ദുരദ്രഷ്ടമൊന്നും 83

നിന്നെക്കണക്കഗ്രജനോടു നേരേ-
ഭിന്നിച്ചു ദുഃഖിച്ചു വനാന്തരത്തിൽ
വലഞ്ഞ ചങ്ങാതിയെ നോക്കെടോ നീ
വലീമുഖർക്കൊക്കെയിവൻ മഹേന്ദ്രൻ 84

കാരുണ്യരത്നാകരമായ രാമൻ
പാരം പ്രസാദിച്ചരുൾചെയ്തിവണ്ണം
രാത്രിഞ്ചരശ്രേഷ്ഠനു പിന്നെ ലങ്കാ-
രാജാധിപത്യത്തെയുമാശു നൽകീ 85

കഴുത്തു വെട്ടി ക്രിയചെയ്തു ഹോമം
കഴിക്കയാൽ പണ്ടുദശാനനന്ന്
മുഴുത്ത സാമ്രാജ്യമുരത്ത കാള-

ക്കഴത്തിലേറും ഭഗവാൻ കൊടുത്തു 86

പദം ഭജിക്കുന്നവരെപ്പുലർത്താ
നുദാരനായുള്ളൊരു രാമദേവൻ
സ്വദർശനം കൊണ്ടു വിഭീഷണനന്നാ-
യതിൽപ്പരം ഭൂതി കൊടുത്തു ധന്യൻ. 87

സുശീലനാനം ദാശരതിക്കു ശാഖാ-
മൃഗങ്ങൾ പോലും തുണയായി വന്നു
നൃശംസനാം പങ്ക്തിമുഖന്നു നേരേ-
സഹോദരൻ കൂടെ വിരോധിയായി. 88

ദശരഥസുതനാപ്തനായ്ഗ്ഗ് നിതാന്തം
വശഗതനായ വിഭീഷണൻ വിശിഷ്ടൻ
ദശമുഖബലവിക്രമങ്ങളെല്ലാം
വിശദമൊടൊന്നൊഴിയാതെ കണ്ടുണർത്തീ 89

ലാവണ്യവാരിഥി കടപ്പതിനുള്ള മാർഗം
കൈവന്നിടൻ വരുണസേവ കഴിപ്പതിന്നായ്
ലാണ്യവാരിധി രഘൂത്തമനോട് ചിന്തി-
ച്ചാവീരമൗലവിയറിയിച്ചു വീഭീഷണൻ താൻ. 90

അതിന്മണ്ണം ചെയ്താൽ കടൽവഴി നമുക്കിന്നു തരുമെ-
ന്നതിപ്രേമം കൈക്കൊണ്ടഖിലരുമുണർത്തിച്ച സമയം
അവിച്ഛിന്നാമോദം പെരുകിയുടനെ ദർഭശയനം
പ്രവേശിച്ചാൽ ദേവൻ നിജമനസിചിന്തിച്ചുദധിയേ. 91

ക്ഷേമാലോചന എന്ന പതിനേഴാം സർഗം സമാപ്തം

പതിനെട്ടാം സർഗം

ഇന്ദിരാരമണൻ രാമൻ മൂന്നു നാൾ വാരിരാശിയെ
വന്ദിച്ചുപവസിച്ചിട്ടും നന്ദിച്ചില്ല നദീശ്വരൻ. 1

അപ്പോൾ തിരുവളക്കേടാ യപ്പതിക്കുള്ള ഹമ്മത്തി
എപ്പേരുമെതിരേ നീക്കാനൽപ്രേക്ഷിച്ചുജ്ജിതാശയൻ. 2

അമാന്തക്കാറരോടുണ്ടോ സമാധാനം ഫലപ്പെട്ടു
പ്രമാദശീലമംഭോധിക്കമാന്തത്തിൽ പ്രസിദ്ധമാം. 3

ഇപ്രകാരം നിരൂപിച്ചിട്ടപ്രമേയപ്രതാപവാൻ
ദുഷപ്രധർഷണമാമസ്ത്രം ക്ഷിപ്രമേന്തീരഘൂത്തമൻ. 4

ഭ്രാതാവിനോടു കോദണ്ഡം /ജാതാമർഷംഗ്രഹിക്കവേ
ധാതാവിന്നാദിമദ്രവ്യ മേതാണ്ടുൾപ്പെടിയാർന്നു പോൽ. 5

വില്ലാളിവീരനാം രാമൻ നല്ലാഗ്നേയശരത്തിനേ
വില്ലോടു ചേർത്ത നേരത്ത് വല്ലാതായി മൂന്നു ലോകവും. 6

ചക്രവാതങ്ങളുണ്ടായ് ഭൂചക്രവാളം കുലുങ്ങിപോൽ
ശക്രാദിലോകപാലകന്മാരൊക്കെപ്പാടെ വിഷണ്ണരായ്. 7

കലങ്ങീ കടലൊട്ടുക്ക് കുലുങ്ങീ കുലപർവതം
ജലം കാഞ്ഞു വലഞ്ഞേറ്റം ജലജന്തുക്കളൊക്കെയും. 8

ജലപാത്രത്തിലെതീർഥജലം വറ്റിത്തുടങ്ങവേ
ജലംജാസനം പേടിച്ചുലഞ്ഞു പരതന്ത്രനായ്. 9

ഗരാഗ്നിജ്വാലയാൽ തന്റെ ശരീരം കഴലന്നപോൽ
എരിഞ്ഞുവാടി വരുണന്നിരിപ്പാൻ വഹിയാതെയായ് 10

ആശ്രിയിക്കപ്പെടേണ്ടുന്നോനാശ്രയിക്കും കടൽക്കരെ
വിനീതവേഷനായ് വന്നാൻ വിനാശത്തെബ്ഭയന്നവൻ. 11

ആയത്തമായ കുറ്റത്തിൽ പ്രായശ്ചിത്തം കഴിച്ചപോൽ
കാണിക്ക വച്ചു രാമന്നായ് മാണിക്യമണിമാലയേ. 12

കുറ്റത്തിൽ നിന്നൊഴിയുവാനേറ്റമുൽക്കണ്ഠയോടവൻ
പോറ്റിതൻ ചരണംക്ലപ്പിപ്പറ്റെത്താണേവമോതിനാൽ. 13

അറിവില്ലാത്ത ഞാനിപ്പോളറ്റംപിഴകൾ ചെയ്തതിൽ
വെറുത്തീടരുതേ കുറ്റം പൊറുക്കണം ദയാനിധേ! 14

ജലസമ്പർക്കമേറുമ്പോൾ വലിയോരും വലിഞ്ഞുപോം
ബലമായ് ച്ചൂട്ടു തട്ടുമ്പോൾ തലച്ചോറൊന്നുണർന്നീടും. 15

ലങ്കയക്കു പോകുവാൻ മാർഗം നിങ്കലുണ്ടു കൃപാനിധേ!
ശങ്കതീർന്നണ കേട്ടട്ടേ കിങ്കരൻ നളനിപ്പോഴേ. 16

വിശ്വകർമാത്മജനവന്നച്ഛന്റെ വരമുണ്ടു പോൽ
വെള്ളത്തിലിട്ട വസ്തുക്കൾ താണുപോകാതിരിക്കുവാൻ! 17

തിര തല്ലിത്തകർക്കാ തെല്ലൊരുപ്പടികളൊന്നുമേ
മരവും മലയും മറ്റും കുരങ്ങന്മ കുമിച്ചീടും. 18

അപ്പോളംഗീകരിച്ചേവ മപ്പതിക്കുള്ളപേക്ഷയേ
പിൽപ്പാട്ടുരാമചന്ദ്രൻപാർത്തു പറഞ്ഞീടൊരു ലാക്കിനേ 19

വെറുതേ പോകയില്ലെന്റെ തിറമേറുന്നൊരമ്പിത്
ചുറുക്കേ നല്ലപോലോർത്തു പറഞ്ഞീടൊരു ലാക്കിനേ. 20

വരുണൻ ഭഗവാനോട് നിരൂപിച്ചുടനോതിനാൻ
ദുരിതം തീങ്ങുമാഭീരപുരമെല്ലാമെരിക്കുവാൻ. 21

രാമനദ്രുമകുല്യത്തേക്കാ മഹാസ്ത്രമയയ്ക്കയാൽ
ദുരിതം തിങ്ങുമാഭീരപുരമെല്ലാമെരിക്കുവാൻ. 22

മന്ദനായ് ധനുവിൻ മുൻപേ നിന്നിരുന്ന ജലാധിപൻ
പിന്നെയും ധനുവിൻ മുൻപേ ചെന്നിരിപ്പാൻ തുടങ്ങിനാൻ. 23

അതിലേക്കസുരാരാതിയനുവാദം കോട്ടക്കയാൽ
മതിമാൻവരുണൻ പോയാനനുമോദപുരസ്സരം. 24

രാക്ഷസപ്പെരുമാൾതന്റെ വാക്കിനാൽ ശുകനെന്നവൻ
വിശേഷമെല്ലാമറിവാൻ വന്നിരിക്കുന്നവാസ്തവം. 25

വിഭീഷണന്റെ ഭാവംകൊണ്ടറിഞ്ഞു കപിസഞ്ചയം
പിടിച്ചുമർദ്ദനം ചെയ്താർ തിട്ടുക്കെന്നു വധിക്കുവാൻ. [യുഗ്മകം] 26

മർക്കടന്മാർ പ്രവർത്തിപ്പോരക്രമം സഹിയാഞ്ഞവൻ
ഭക്തനായ് രാമനെച്ചൊല്ലി വിക്കിവിക്കിക്കരഞ്ഞുപോൽ. 27

അവന്നു രാൻ കനിവാർന്നഭയത്തെക്കൊടുത്തുടൻ
ബന്ധനത്തിക്കൽ വച്ചീടാൻ കപികൾക്കാജ്ഞ നൾകിനാൽ. 28

അതുപോൽ കപിവീരന്മാർ ബന്ധനം ചെയ്തരക്കനേ;
ഭഗവാൻ നളനോടപ്പോരുളീ ചിറ കെട്ടുവാൻ. 29

മനുഗജേശ്വരനെക്കുപ്പി മനതാരു തെളിഞ്ഞുടൻ
തനിയേ നളനും സേതു മനയാൻ കോപ്പു കൂട്ടിനാൽ. 30

വരമ്പു കുത്തുവാനന്നു തരം പോലുള്ള കോപ്പുകൾ
പെരുമ്പടകൾ കൊണ്ടെന്നു തരിമ്പും മടിയെന്നിയേ . 31

ചിറയ്ക്കു വാനരത്താന്മാർ സാമാനം ശേഖരിക്കവേ
മുറയ്ക്കു നളനും മേടിച്ചടുക്കീ ലവണാബ്ധിയിൽ. 32

ഈരഞ്ചു യോജനപ്പാടു വീതിൽ തോതെടുത്ത പോൽ
ഏതാനും ദിവസം കൊണ്ടു സേതുവിൻ പണി തീർത്തുതേ . 33

അയ്യയ്യാ! വിസ്മയം വിഷ്ണുശയ്യയോ കപിസേനയേ
ചുമപ്പാൻ വന്ന കടലിൻ നട്ടെല്ലോ? സേതുവായതും . 34

ശ്രീരാമൻ തന്റെ ഭക്തർക്കു ഘോരസംസാരസാഗരം
കടപ്പാൻ പണിചെയ്യിച്ച വെടിപ്പാക്കിയ പാലമോ . 35

ആർക്കും സംശയമീവണ്ണം ചേർക്കും ചിറയിലൂടെ താൻ
ചുഴലും പടയോടും ചേർന്നെഴുന്നള്ളി രഘൂത്തമൻ 36

മറുതീരത്തരക്കന്മാർക്കുറുതിക്കു വിളങ്ങിടും.
സുബേലപർവതാഗ്രത്തിൽ പ്രവേശിച്ചാൽ പ്രസന്നനായ്. (യുഗ്മകം) 37

രാഘവൻ ശുകനെപ്പിന്നെ വിട്ടയച്ചു യഥേഷ്ടമായ
അവൻ ദശാസ്യനെക്കണ്ടു നല്ലഭിപ്രായമോതിനാൻ 38

അവൻ ശുകോപദേശത്താൽ സമാധിയിൽ നിമഗ്നനായ്
പരമജ്ഞാനിയായ്ത്തീർന്നു പരീക്ഷിത്തിനു തുല്യനായ് 39

സംഹാരരുദ്രസാരൂപ്യം പ്രാപിച്ച ദശകന്ധരൻ
ശുകനെത്തൽകിഷണം തന്നെ വെളിക്കാക്കി മഹാശഠൻ. 40

ഏഴാം മാളികമേലേറിപ്പാഴകിയ രാവണൻ
കപിസൈന്യത്തിനെപ്പാർത്തു കവലിച്ചേറെ മാനസം.41

ആളയച്ചു വരുത്തീട്ടു വിദ്യുജ്ജിഹ്വനെയന്തികേ
കാര്യമച്ചതിയൻ തന്നെ കേൾപ്പിച്ചാൻ കൈകസീസുതൻ.42

വിചാരിച്ചിട്ടുളിയനാം നിശാചരനവൻ ജവാൽ
ശ്രീരാഘവന്റെ തലയും വില്ലും നിർമിച്ചു മായയാൽ .43

പോരിൽ കരസ്ഥമായ് വന്ന ശിരസ്സും വില്ലുമെന്നവൻ
ഉരച്ചുംകൊണ്ടു വൈദേഹിക്കരികേ വച്ചു കാഴ്ചയായ്. 44

ക്രൂരപ്രവർത്തി കണ്ടപ്പോൾ നേരാണെന്നു ധരിക്കാൻ
ഹാ! രാമേതി വിലാപിച്ചു പാരം മോഹിച്ചു ജാനകീ 45

രമാംശജാതയ്ക്കരമസ്സരമാവാക്യമേറ്റവും
തോഷമേകിയ, തോഷത്തിൽ വല്ലിക്കു മഴപോലെയായ് 46

ദശാനനന്റെ മുത്തച്ഛൻ മാല്യവാൻ വന്നു ചേർന്നുടൻ
നിശാചരപതിക്കപ്പോൾ ഗുണദോഷങ്ങളോതിനാൻ 47

ഒഴിഞ്ഞീടുകനാവശ്യത്തൊഴിലീന്നെന്റെ പൈതലേ!
കുളമ്പു കെട്ടാൽ കുലവും മുടിഞ്ഞീടുകയില്ലയോ? 48

ശിവഭക്തി നിമിത്തം നീ ശവക്കല്ലറ പൂകിലും
വംശനാശം വരുത്തുന്ന വഴി വേഗമടയ്ക്കണം 49

അകത്തുറച്ച രാഗം നീ യകലെക്കളയായ്കിലോ
മികച്ച ബാണമതിനെത്തകർക്കുമ്പോൾ വ്രണപ്പെടും.50

മാനപൂർവം രണത്തിനു നീ നിനച്ചു തുടങ്ങിയാൽ
മാനപൂർവം രണം തന്നെ നിനക്കു ഫലമായ് വരും. 51

ജനകാത്മജയേ രാമദേവനായ് കാഴ്ചവച്ചു നീ
പ്രസാദപൂർവമിങ്ങോട്ട് വാങ്ങണം വംശലക്ഷ്മിയേ. 52

എന്നീവിധമവൻ ചൊന്ന നന്നീതികളെ നിർഭയം
നിന്ദിച്ചു നിർജ്ജരാരാതി സന്നാഹം ചെയ്തു പോരിനായ്. 53

മുട്ടുളനാമവൻ പോർക്കു വട്ടംകൂട്ടിയ വാർത്തകൾ
ചട്ടെന്നു ചാരമൊഴിയാൽ കേട്ടറിഞ്ഞു രഘൂത്തമൻ. 54

പടയ്ക്കുരക്കരോടൊട്ടും മടങ്ങാത്ത കപീന്ദ്രരേ
അടുത്തു നഗരം ചുറ്റിക്കിടപ്പാനാജ്ഞ നൾകിനാൻ. 55

ഘനവീര്യങ്ങൾ കാട്ടുന്ന വനൗകസ്സുകളൊക്കെയും
ഉനിഞ്ഞു പുരിയേച്ചൂഴ്ന്നാർ കനകക്കോട്ട തീർത്തപോൽ. 56

കിഴക്കേ കോട്ടയിൽ കണ്ണും മുഴപ്പിച്ച വസിച്ചിട്ടും
പ്രഹസ്തനോട്ടു ശണ്ഠയ്ക്ക നീലനാളായി നിൽക്കണം . 57

മഹോദരമഹാപാർശ്വന്മാരെ പ്പോരിൽപ്പിളർക്കുവാൻ
തെക്കേഗ്ഗോപുരവാതിൽക്കൽ നിൽക്കണം ബാലിനന്ദനൻ.58

പശ്ചമദ്വാരദേശത്തങ്ങിന്ദ്രിജത്തോടെതിർക്കുവാൻ
നിശ്ചയിച്ചങ്ങു നിൽക്കേണംതജ്ജഘന്ന്യനെ വെന്നവൻ.59

സേനാനായകനായുള്ള വിരൂപാക്ഷനൊടേൽക്കുവാൻ
സുഗ്രീവജാംബവാന്മാരും വിഭീഷണനുമെത്തണം. 60

എന്നു കൽച്ച രാമൻ താൻ തന്നെ ലക്ഷ്മണയുക്തനായ്
വടക്കേ കോട്ടവാതിൽക്കൽ ഖലനായ ദശാസ്യനേ. 61

വെല്ലുവാൻ പഴുതും പാർത്തു വില്ലുമമ്പുമെടുത്തുടൻ
സന്നദ്ധനായ് മരുവിനാൻ സൈന്ന്യാധിപസമേതനായ്. [യുഗ്മകം]. 62

ലങ്കാരാജ്യം കുരങ്ങന്മാർ ശങ്കാഹീനം വളഞ്ഞതും
കോട്ടവാതിലടച്ചിട്ട് ദുഷ്ടരാക്ഷസർ നിൽപ്പതും. 63

നിരീക്ഷിച്ചുടനേ തന്റെ പുദ്വാരങ്ങളൊക്കെയും
തിരക്കില്ലാതിരിപ്പാനായ് ഉറപ്പിച്ചു കൃതാന്തനും [യുഗ്മകം].64

സുബേലപർവതത്തിന്റെ മുകളിൽ കേറി നല്ലപോൽ
കപിരാജാവിനോട്ടും ചേർന്നവലോകിച്ചു രാഘവൻ. 65

ലങ്കാപുരത്തെയും പിന്നെ ലങ്കാനാഥന്റെ മേടയും
ശങ്കയെന്ന്യേ വിലോകിച്ചാൻ പങ് ക്തികണ്ഠന്റെ വേഷവും.66

അപ്പോൾ കോപം പൊറുക്കാഞ്ഞെ ന്നൽപ്പതിച്ചക്കപീശ്വരൻ
അപ്പൗലസ്ത്യനിരിക്കുന്ന ശിൽപ്പമാളിക പുക്കുതേ. 67

കിരീടങ്ങൾ പൊടിച്ചിട്ടു പരിഹാസം നടിച്ചുതാൻ
വിരോധിയോചു പോരാടിപ്പരീക്ഷിച്ചു പരാക്രമം. 68

തിരിച്ചു വീണ്ടും രാമന്റെ ചരണം വന്നു കുപ്പിനാൻ;
ധരിച്ചിതെല്ലാം ശ്രീരാമനര,ച്ചാനവനോടിദം. 69

തന്നെത്താനേ നിനച്ചൊന്നും തന്നെ ചെയ്യരുതെൻ സഖേ!
അന്ന്യാശയമറിഞ്ഞിട്ടു പിന്നെ വേണം തുടങ്ങുവാൻ. 70

വിവേകമെന്ന്യേ പെട്ടെന്ന് പ്രവേശിക്കരുതൊന്നിലും
അപായമതിനാലുണ്ടാ,മുപായം പിന്നെയൊക്കുമോ? 71

ആഹവത്തിന്നു പോകുമ്പോൾ സാഹസങ്ങൾ തുടങ്ങിയാൽ

സ്നേഹമില്ലാതെ വല്ലോരും ദ്രോഹിപ്പാനിടയായ് വരും 72

എന്നോടെന്തുപറഞ്ഞീല? മുന്ന,മിച്ചെയ്ത ചേഷ്ടിതം
നന്നായി ദൈവയോഗത്താലൊന്നും പറ്റാതെ പോന്നത്. 73

ശാസിച്ചവനെയീവണ്ണം ചാപപാണി രഘൂത്തമൻ!
ഗണദോഷങ്ങൾ ചിന്തിച്ചു മന്ത്രിമാരോടു വേണ്ടപോൽ. 74

സാദരം ബാലിസുതനെ ദൂതിനായിട്ടയയ്ക്കവേ
ഒതി രാവണനോടേതും ഭതികൂടാതെ ചെന്നവൻ. 75

ദീർഘകാലം ഭവാനുള്ള ദീർഘശ്വാസങ്ങളേൽക്കയാൽ
വാലടിക്കു തഴമ്പിച്ച ബാലിക്കു മകനേഷ ഞാൻ. 76

മര്യാദയുള്ള രാന്റെ കാര്യസ്ഥ ഞാൻ ധരിക്കടോ!

ധരനങ്ഗദനെന്നെന്റെ പേര് ദൗത്യത്തിനെത്തീ ഞാൻ. 77

നല്ലവാക്കുകൾ നിന്നോടു ചൊല്ലുവാൻതന്നെ വന്നതും
അല്ലെങ്കിലപവാദങ്ങൾ വല്ലോരുമുരചെയ്യിലാം. 78

പരമേശന്റെ തീക്കണ്ണ് പത്മമെന്നു നിനയ്ക്കിലും
വാനോരാറ്റിലെ വണ്ടത്താൻ മത്തനായ് ചെന്നടുക്കുമോ? 79

രാമദേവന്റെ കണ്ണായ കോമളാംഗിയെയീവിധം
ബലാലനുഭവിക്കാമെന്നുറയ്ക്കുന്നന്ധനായ നീ. 80

കാർത്തവീര്യന്റെ തടവിൽപ്പാർത്ത കാലത്തു മെൻപിതാ
വാലുകൊണ്ടു കുരുക്കിട്ട കാലത്തും, ജളനായനീ. 81

ദുഷ് പ്രവൃത്തികളോരോന്നു ചെയ്യുന്നും വിധി തൻ
മൂന്നെണ്ണം വാടിയിനിയൊന്നുള്ളതിന്നു കരിക്കൊലാ. (യുഗ്മകം) 82

പുഷ്പകത്തെ ഹരിച്ചിട്ടും കൈലാസത്തെയിളക്കിയും
സമ്പാദിച്ചോരുസാമർഥ്യം മോഷണത്താൽ മുഷിഞ്ഞെടോ!83

ശങ്കരാർച്ചന ചെയ്യുന്ന ശേഷിച്ചുള്ളൊരു നിൻതല
യുദ്ധഭ്രദേവതയ്ക്കിന്നു ബലിയാക്കും രഘൂത്തമൻ 84

അംഗദോക്തികൾ കേട്ടപ്പോളംഗമേറ്റം വിറച്ചുടൻ
വിരോധഭാവമാർന്നേവ മുരചെയ്തു ദശാനൻ 85

പോടാ നീ രാമനെപ്പേടിച്ചീടാ രാവണനൊട്ടുമേ
കൊടാ മനോരഥം സാധിച്ചിടാതീ രാമപത്നിയേ. 86

ശൗര്യമേറുന്നൊരെൻ മുൻപിൽ കാര്യഗൗരവമെന്നിയെ
ഓതും നീ വധ്യനെന്നാലും ദൂതനെന്നോർത്തടങ്ങുവൻ. 87

ഇത്രയും രാവണൻ ചൊന്ന മാത്രയിൽ കപിസത്തമൻ

പൊട്ടിച്ചിരിച്ചു കൈ കൊട്ടിപ്പെട്ടെന്നുത്തരമോതിനാൽ. 88

പരദാരങ്ങളെക്കട്ട നേരം തോന്നാത്ത നീതികൾ
ദൂതരക്ഷയിലിക്കാലമെങ്ങുനിന്നു പഠിച്ചെടോ.! 89

അയ്യയ്യാ വങ്കനായുള്ള നീയെന്നോടെന്തു ചെയ്തിടും
അനേകരാവണന്മാരേയറിയും മുൻപിനാലെ ഞാൻ. 90

ഒരുത്തൻ കാർത്തവീര്യന്റെ തടവിൽ പണ്ടിരുന്നുപോൽ
ഒരുത്തൻ ദാനവേന്ദ്രന്റെ മന്ദിരത്തിൽ കുടുങ്ങി പോൽ. 91

പിന്നെയുണ്ടൊരു വിഖ്യാതനെന്നാൽ വക്തവ്യനല്ലവനൻ
ഇന്നു ലജ്ജിച്ചിടുന്നീ ഞാൻ നിന്നോടതു കഥിക്കുവാൻ. 92

ഒന്നുകിൽദ്ദേവിയെക്കൊണ്ടു നൾകി വന്ദിക്ക രാമനേ
അല്ലെങ്കിൽ നിൻ തലച്ചോറു രാമബാണത്തിനേകണം. 93

പിണങ്ങീട്ടുമിണങ്ങീട്ടും മരിച്ചോ മരിയാതെയോ
ഭൂമിയിൽ ക്ഷയമീ നിന്റെ ദേഹത്തിനു വരും ദൃഢം. 94

സൂതവംശങ്ങളൊട്ടുക്ക് മുടിച്ച രാമനെന്നപോൽ
ചോരപ്പുഴയിലാറാടിയാലും നീ ഗതികെട്ടവൻ. 95

ഉഴക്കാഴക്ക് വെള്ളത്താൽ കൊഴുക്കത്തക്ക വാർധിയിൽ
പടക്കളപ്പൊടികളായ് കുഴയും നിന്റെ പത്തനം. 96

കരളിലൊരണുവോളം പേടികൂടാതിവണ്ണം
പരിഭവമൊഴി നേരിട്ടംഗദൻ ചൊന്ന നേരം
"പിടി പിടി ദുരഹങ്കാരങ്ങളേറുന്ന കള്ള-
ക്കപിയെ വിടരുതെ"ന്നാ രാവണൻചീർത്തുരച്ചാൻ .97

മർമ്മം തുളയ്ക്കുമൊരു വാക്കു സഹിക്കവയ്യാ-
ഞ്ഞിമ്മട്ടു പംക്തിമുഖനാജ്ഞ കൊടുത്തനേരം

അമ്മർക്കടേന്ദ്രനുടെ കൈക്കു കടന്നു ചാവാൻ
വർമം ധരിച്ച നിശിചാരികൾ പോയ് പിടിച്ചാർ .98

അരക്കന്മാർക്കെല്ലാമധിപതിയുരച്ചോരു വചനം
തിരിച്ചോപ്പിപ്പാനപ്ലവഗതിലകൻ രാത്രിചരരേ
വലിച്ചീട്ടും കൊണ്ടഗ്ഗഗനപഥമാപിച്ചു,ധരണീ-
തലത്തിൽ തല്ലിക്കൊന്നുഴറി രഘുവീരന്റെ നികടേ. 99

പതിനെട്ടാം സർഗം സമാപ്തം

പത്തൊൻപതാം സർഗം

ദശമുഖനുടെ ദുർവ്യാപാരവൃത്താന്തമെല്ലാം
ദശരഥതനയനന്മാരങ്ഗദോക്ത്യാ ധരിച്ച്
ഭൃശമരിശമിയന്നാർ,പിന്നെ ലങ്കാപുരത്തെ-
ക്കശയൊടു കപിസൈന്ന്യം നാലുപാടും വളഞ്ഞു. 1

പ്രളയസമയമാമ്പൊളൂഴിയൊട്ടുക്ക മുക്കി-
ക്കിളരുമുരുതരംഗത്തള്ളലോടാഴി നാലും
വളരെ ലഹളക്കൂട്ടം പോലെ വാലും കിളർത്തി-
ക്കിളിവിളികൾ മുഴക്കിക്കീശരങ്ങാക്രമിച്ചാർ. 2

അടലിനു പടവീടും കെട്ടി മുന്നിട്ട വൈരി-
പ്പടകളുടയ ഗാംഭീരാരവത്തെശ്രുവിച്ച്
കടുരവെമാടു വാദ്യം കൊട്ടി രക്ഷോബലം പോർ-
ക്കൊടികൾ നിവിരെ നാട്ടിസ്സംഗരത്തിന്നിറങ്ങി. 3

വലിയ പരിഘമെല്ലാം വന്മരത്താൽ മുറിഞ്ഞും
കുലഗിരിനികരത്താൽ കുഞ്ജരൗഘം മറിഞ്ഞും
ശിലയുടെ പതനത്താൽ ശീഘ്രമസ്ത്രം വളഞ്ഞും
കഠിനനഖരമേറ്റക്കര്ബ്ബുരന്മാർ കരഞ്ഞും. 4

പടനടവുലടിച്ചും പല്ലു ദൂരെത്തെറിച്ചും
വിടപികളെയൊടിച്ചും വില്ലുവേഗം മുറിച്ചും
നടനഗതി പഠിച്ചും നല്ല രക്തം തുടച്ചും
പൊടിയുടലിൽ നിറച്ചും പോർക്കളം വിട്ടൊളിച്ചും. 5

നിവിരെ നിലവിളിച്ചും നീണ്ട കൈകാൽ ഞെരിച്ചും
ശവമധികമിഴച്ചും ശർവനോമംജപിച്ചും
നവരസവുമുദിച്ചും നാകിവൃന്ദം രസിച്ചും
ഭുവനതലാമുലച്ചും ഭൂരിയുദ്ധം ഭവിച്ചു. 6

ദശമുഖനുടെ തേജസ്സെന്നപോലെസ്തമിച്ച-
ദ്ദശയിലഥ ഭാസ്വാൻ പശ്ചിമാശാമുഖത്തിൽ

സമരഭുവി നിറഞ്ഞുള്ളൊരു രക്തം കണക്ക-
ന്നമരസരണിയെല്ലാം ശോണവർണം നിരന്നു. 7

മദകരികൾ മരിച്ച മസ്തകത്തീന്നു ചിന്നി-
ച്ചിതറുമമിതമുക്താരത്നസമ്പത്തു പോലെ
ചെറിയ ചെറിയ നക്ഷത്രങ്ങൾ വാനിൽത്തെളിഞ്ഞു;
പെരികെയിരുളടഞ്ഞു സൈന്യപാംസുക്കൾ പോലെ. 8

പടയിലരുണബിംബം പാടനം ചെയ്തു പോയോ-
രുടയ തുടകൾ ചീന്തിപ്പച്ചമാംസം ഭുജിച്ച്
കുഴിനരികളുമപ്പോൾ കൂട്ടമിട്ടാർത്തു നന്നാ-
യഴുതു കവളമുണ്ണിക്കൂട്ടവും കൂട്ടിലെത്തീ. 9

അശരണരണിതത്താൽ ചക്രവാകങ്ങളെല്ലാം
നിശിചരനിവഹംപോലാധി ബാധിച്ചുഴന്നു
ദശവദനഭടന്മാർക്കുള്ള ഹസ്തങ്ങൾ പോല-
ദ്ദശയിൽ നളിനിയെല്ലാം കോശജാലത്തെയാർന്നു. 10

സമരഭുവി സമർത്ഥന്മാർക്കു തോതിട്ടു പാർത്താ-
ലമരരിപുകുലത്തിൽ കുടിയോനേതൊരുത്തൻ
ശരനിരകൾ ചൊരിഞ്ഞ ശ്ശക്രജിത്താക്രമിച്ചാൻ
ശരിവരെ ഹരിവീരന്മാരെയൊക്കെത്തുരത്തീ. 11

അതുപൊഴുതതി ധൈര്യത്തോടെതിർത്തംഗദൻ തൽ-
ക്കുതിരകളെ വധിച്ചും തേരിനെത്തച്ചുടച്ചും
മുതിരുമൊരുമദത്താൽ തേർ തെളിപ്പോനെ വെന്നും
വിധുരത യെതിരാളാമിന്ദ്രജിത്തിന്നു നൾകീ. 12

കലഹമിതു കണക്കല്ലെന്നു കണ്ടക്കറോരൻ
ജലധരനികരത്തിൽ ചന്ദ്രനെപ്പോൽ മറഞ്ഞു
വിഷധരശരവർഷം ചെയ്തു ബന്ധിച്ചു പാരം
വിഷമത രഘുവീരന്മാർക്കു ചേർത്തേച്ചു പോയാൻ. 13

തിരുവടി തൊഴുവോർക്കക്കെട്ടറുക്കുന്ന രാമൻ
തിരുവടിയെയുമുണ്ണിത്തമ്പുരാനേയുമപ്പോൾ
തെരുതെരെ വിഷമിപ്പിച്ചോരു നാഗാസ്ത്രബന്ധം
ഗരുഡനരികെയെത്തിത്തൽക്ഷണം വേർപെടുത്തി. 14

ഉടനവരിരുകക്ഷിക്കാരും വീണ്ടുമെത്തി-
പ്പടപൊരുവതിനായി തമ്മിൽ നേരിട്ടിറങ്ങീ
പടകളുടയനേതാവായധൂമ്രാക്ഷനദ്രി-
ക്കൊടുമുടി പിടലിക്കേറ്റാനമിച്ചന്തരിച്ചാൻ. 15

അതുപൊഴുതതു കണ്ടക്കമ്പനൻ കൂട്ടുകാരൻ
പ്രതിവിധി ഹനുമാനിൽ ചെയ്വതിനായടുത്തു
മുതിരുമൊരു മരം കൊണ്ടേറ്റിയെറ്റിക്കപീന്ദ്രൻ
മുതിരയലകെടുക്കും പോലെ രണ്ടായ് പിളർന്നു. 16

ജലനിധി മഥനം ചെയ്യുന്ന താൻതന്നെ നേരി-
ട്ടലമുദധി കലക്കിത്താരയെക്കൊണ്ടു പോന്നോൻ
വലരിപുസുതനാകും ബാലിതന്നാത്മജന്മാ-
ബലമൊടു ശകലിച്ചാൻ വജ്രദംഷ്ട്രന്റെ ദേഹം. 17

നരപതിയുടെ സേനനായകത്വം വഹിപ്പോ-
നെരികനലിനു പുത്രൻ നീലനാം വാനരത്താൻ
വിരസതയൊടു വീളാപ്പോരിൽവച്ചു പ്രഹസ്ത-
ണരസികസഹവാസം മാറ്റിനാൽ ശൈലഹസ്തൻ. 18

പിതൃപതിയുടെ നാട്ടിൽ സൈനികത്വം ഭരിപ്പാൻ
കൊതിയൊടുമവൻ നാലാൾ പോയൊരാവർത്തമാനം
ശ്രുതിയിലഥ പതിച്ചിട്ടാശരധീശനേറ്റം
മതിയിലരിശമേറിപ്പോരിനായിട്ടൊരുങ്ങീ. 19

വെടിപടഹനിനാദം കൊണ്ടു വിശ്വം മുഴക്കി
കെടുതികപികുലത്തിന്നേകുവാൻ തക്കവണ്ണം
പടകളുടയ ഘോരാരവമേറ്റം വളർത്തി-

ജ്ഝടിതിയടൽനിലത്തിൽപ്പുക്കു നക്തഞ്ചരേന്ദ്രൻ. 20

ദശവദനനെ നേരിട്ടപ്പൊഴാന്നാമതായി-
ക്കുശികതനയശിഷ്യൻ കൗതുകത്തോടു കണ്ടു
സ്വപുരുഷർ പുകഴ്ത്തിക്കേട്ട ദൃഷ്ടഭാവത്തിൽ
പ്പിശകു ശകലമില്ലെന്നോർത്തു കൊണ്ടാടി രാമൻ. 21

കപികളുടെ പെരുപ്പം കണ്ടു കാമാരിഭക്തൻ
കപിലനയനനായിപ്പാഞ്ഞു സൈന്യത്തിനുള്ളിൽ
അപരിമിതബലത്തെധ്വംസനം ചെയ്തിടുമ്പോ-
ളുപഭയമരികെച്ചെന്നക്ഷഹന്താവെതിർത്തു. 22

അവനുടെയടിയേറ്റിട്ടൊന്നു മൂർഛിച്ചെഴുന്നേ-
റ്റവനെയകലെയോടിച്ചേച്ചു, തന്മൗലിയിങ്കൽ
അവസരമതി ലേറിക്കുത്തു കാട്ടുന്ന നീല-
ന്നവശതയെ വളർത്തിശ്ശൈന്ന്യമുടിച്ചാൽ. 23

അരിശമൊടതു കണ്ടും കൊണ്ടു സൗമിത്രിവേഗം
കരിമലയുടെ മോളിൽ കാളമേഘം കണക്കേ
ശരമഴകൾ പൊഴിച്ചീടുംവിധൗ ഘോരമായ്ത്ത-
ന്നരസി നിശിചരാധീശന്റെ വേലേറ്റുവീണു. 24

രഘുസുതനതുകണ്ടിട്ടാധിയും,രാവണങ്കൽ
പകയുമധികമായിട്ടപ്പൊഴാപ്പോർക്കളത്തിൽ
തുടരെ നയനനീരും ബാണവും തൂകി വൈരി-
ക്കുടലിലഴകുമേകീ തൻ പടയ്ക്കുൾത്തണുപ്പും. 25

അനുജനുമതുനേരത്താശ്വസിച്ചങ്ങുണർന്നാൻ
മനുജകുലപതിയ്ക്കും മാനസേ ഖേദമാറി
പുനരപി രുപിവോടൊന്നേറ്റു യുദ്ധം നടത്താൻ
മനസി കരുതി വേഗം ലക്ഷ്മണൻ വില്ലെടുത്താൻ. 26

അനുഭവമതു വാങ്ങാനെപ്പൊഴും കാത്തു നിൽക്കു

ന്നനുജനുടെ വലങ്കൈ നന്ദികെട്ടോൻ കണക്കേ
പടയിലെതിരിടാറായെന്നു കണ്ടപ്പൊഴന്വും
ഗുണവുമപഹകരിച്ചും കൊണ്ടു പിന്നൊകൊഴിഞ്ഞു. 27

ഉരുളയുമതിരാത്രം സേവയും സ്വീകരിക്കാ-
തതിപരിചയമില്ലാതുള്ളരാ വാമഹസ്തം
സമരധരണിയിങ്കൽ സാരമാം വില്ലുമേന്തി-
ദശമുഖനോടെതിർപ്പാൻ നിന്നു സദ്വയത്തനെപ്പോൽ. 28

ഖലമതിയിവനെന്നോടേറ്റു തോറ്റിന്നു പാരം
വലയുമവസരത്തിൽ സംഗരത്തിനു വീണ്ടും
തുനിയരുതനുജാ!നീ സാധു പോയിപ്പിഴയ്ക്കു-
ട്ടിനിയൊരു ദിനമാട്ടെന്നോതിനാൻ രാമഭദ്രൻ. 29

അവരജനതിനെക്കേട്ടചരിച്ചങ്ങടങ്ങീ
വിവശതയൊരടക്കൻ വീട്ടിലേക്കും മടങ്ങീ
അവധിവരെയിരിപ്പാനാവതല്ലാഞ്ഞെഴിപ്പീ
ച്ചവനിളയവനോടിക്കാര്യമൊക്കപ്പറഞ്ഞാൻ. 30

മൊഴിയുമളവുറക്കപ്പിച്ചനാം കുംഭകർണ്ണൻ
മിഴിയിണ തിരുമിക്കൊണ്ടണ്ണനോടായുരച്ചാൻ;
വഴി പിശകി, നിനക്കീ വംശനാശം വരായ്വാ-
നൊഴികഴിവു വിശേഷിച്ചൊന്നൊഴിഞ്ഞൊന്നുമില്ലാ. 31

അവനിമകളെ വേഗം രാമദേവന്നു നൾകീ-
ട്ടവനുടെ കഴൽ കുമ്പിട്ടാദരാലാശ്രയിക്കിൽ
ഭുവനമഖിലവും നിന്നാജ്ഞയിൻകീഴടക്കീ-
ബ്ഭുവി സുഖമൊട്ടു വാഴാമെന്നെനിക്കുണ്ടു പക്ഷം 32

അറിവുടയ പുമാന്മാർക്കർഥനാശം വരുമ്പോൾ
നെറിയൊട്ടുമവർ പാതിപ്പൗരുഷം കൈയയ്ക്കും
മറുതലകൾ മരിപ്പിച്ചീടുമെന്നുള്ള ദിക്കിൽ
പൊറുതി മുഴുവനും താൻതാൻ പെറുക്കിക്കൊടുക്കും. 33

ദൂര പെരുകിന ദുഷ്ട സ്ത്രീജിതൻ,തമ്പി ചൊല്ലു-
ന്നൊരു വരമൊഴിയെക്കേട്ടിപ്രകാരം പറഞ്ഞാൻ
പെരിയൊരു ഗുരുവോ?നീയിത്തരം നന്മ ചൊല്ലി-
ത്തരുവതിനു തിക്കം കൊണ്ടു ഞാനാളയച്ചോ? 34

ധൃതിയിലരികുലത്തോടേറ്റു യുദ്ധം നടത്തി
പ്രതിഭടരെയശേഷം കൊന്നു നീ വന്നിടേണം
അതിനുകഴികയില്ലെന്നാണു നിൻ പക്ഷമെന്നാൽ
മതിസുഖമൊടു വേഗം പോയ്ക്കിടന്നുറങ്ങൂ. 35

ച്ചുറുതിലെഴുന്നേറ്റിട്ടഗ്രജന്മാവിനോടായ്
മറുപടിയുരചെയ്താനപ്പൊഴക്കുംഭകർണ്ണൻ,
ഗുരുവിനുടെ വലിപ്പം ഞാൻ വഹിച്ചെങ്കിലോരോ
തരവഴിയിതു ലങ്കാനാട്ടിൽ നീ കാട്ടുകില്ലാ. 36

പരിഭവമിതുമൂലം നിൻമനസിങ്കലുണ്ടാ-
കരുതരികളെ വെൽവാൻ ഞാനിതാ യാത്രയായി
തിരിയെ വരികിലപ്പോൾ കണ്ടുകൊള്ളാം നമുക്കെ-
ന്നരുളിയടൽനിലത്തിൽപ്പുക്കു നക്തഞ്ചരേന്ദ്രൻ. 37

അലറിയവനടുക്കും ചേലുകണ്ടങ്ങുമിങ്ങും
പതറിയധികമാടൽപ്പെട്ടു ശാഖമൃഗങ്ങൾ
ചിതറിയതവലോകിച്ചങ്ഗദൻ ധൂളിജാലം
വിതറിയവനു നേരേ നിന്നു പോരാടുവാനായ്. 38

കപികുലമതു കണ്ടും കൊണ്ടു ശണ്ഠക്കു വീണ്ടു-
ങ്ങപമൃതിയിലശേഷം പേടികൂടാതടുത്തു
ശപഥമൊഴികളോതിശ്ശത്രുവീരന്റെ മെയ്മേ-
ലുപലനിരകളെക്കൊണ്ടേറ്റുമേറും തുടങ്ങീ. 39

പെരുമ പെരിയ രക്ഷസ്സായതേറ്റാജിമധ്യേ
മരുവിനസമയത്തച്ചോരയൂറിത്തുടങ്ങീ

പെരുമഴ പൊഴിയുമ്പോളേറ്റു നിൽക്കുന്ന കുന്നിൻ-
ചരിവിലരുവി നീളെപ്പൊട്ടി വാലുന്നപോലെ. 40

ചില വലിയ കരിങ്കൽച്ചില്ലിയൂക്കോടു ചെന്ന-
ക്ഖലമതിയുടെ മാറത്താഞ്ഞടിച്ചിട്ടു, വീണ്ടും
ബലമൊടതുപയോഗിച്ചോന്റു നെഞ്ചത്തു തച്ചി-
ട്ടലറിയവരണച്ചുംകൊണ്ടു പാരിൽപ്പതിച്ചു. 41

നിശിതമുനകൾ കോലും ശൂലവുംകൊണ്ടു പാഞ്ഞ-
ന്നിശിചരപതിയപ്പോൾ പോർക്കളത്തിങ്കലെല്ലാം
കപിതിലകരെയൊക്കെ സ്സംഹരിക്കുന്ന നേരം
ചപലതയൊടു പേടിച്ചോടിയക്കീശവൃന്ദം. 42

അതുപൊഴുതതിധൈര്യത്തോടു സുഗ്രീവനും ചെന്ന-
ന്നെതിരിടുമളവിൽത്താൻ ഹന്ത!മോഹിച്ചുവീണാൻ;
നിജവിഭുവിനു മുന്നം ബാലിയാൽ വന്ന ദൈന്യം
വിജയമിതിലൊഴിഞ്ഞെന്നാർത്തു രാത്രിഞ്ചരന്മാർ. 43

പരവശതയൊഴിഞ്ഞോരക്കപിശ്രേഷ്ഠനാൽ പി-
മ്പരിയ വികൃതരൂപം തന്മുഖത്തിങ്കലേറ്റ്
പൊരുവതിനു മദിക്കും കുംഭകർണന്റെ മുൽപ്പു-
ക്കരുമയൊടു സുമിത്രാസൂനു താനങ്ങെതിർത്തു. 44

ഭുജബലമിതിനാളാകില്ല നീയെന്നുരച്ചാ
രജനിചരനടുത്താൻ രാമചന്ദ്രന്റെ നേരേ
അരിയൊരു മണിദീപം വിട്ടു പോയ് ദീപയഷ്ടി-
ക്കരികിലണയുമീയൽപ്പാറ്റ പോൽ പേടിയെന്യേ. 45

അവിടെ വലിയ യുദ്ധം ചെയ്തു രാമാശുഗത്താ-
ലവനുടെ കരമൊന്നറ്റാഴിയിങ്കൽപ്പതിച്ചു
നരവരനതു വീണ്ടും സേതു ബന്ധിച്ച പോലായ്
സുരരിപുവധ മറ്റെക്കൈയുമോങ്ങീട്ടടുത്താൻ. 46

ഝടിതിയൊരു ശരത്താലറ്റതും വീണു സൈന്ന്യ-
ക്കടൽനടുവിലടിഞ്ഞൂ മന്ദരാദ്രിക്കുതുല്യം
ഉടനവനുടെ ലങ്കാസ്ഥാനശൈലത്തിൽ നാലാം
കൊടുമുടിയതുപോറ്റുത്തമാങ്ഗം കിളർന്നൂ. 47

അവനുടയൊരുറക്കം തൃപ്തിയാകാതുണർത്തീ-
ട്ടവസരമറിയാതിങ്ങഗ്രജൻ വിട്ടമൂലം
അവനിദുഹിതൃഭർത്താവാശുഗത്തെ പ്രയോഗി-
ച്ചവികലതയൊടിന്നും ദീർഘനിദ്രയ്ക്കയച്ചാൻ. 48

കുടിലമതി ദശാസ്യൻ, കുറ്റനാം കുംഭകർണ-
ന്നടലിലപജയം വന്നെന്നു കേട്ടാർത്തനായി
ഉടനിളയമകന്മാർ നാൽവരെപ്പോരിനായി-
പ്പടകളൊടുമയച്ചാൻ രണ്ടു നേതാക്കളോടും. 49

പരിഭവമകതാരിൽ കൊണ്ടുവർധിച്ച ദുഷ്ട
പ്പരിഷ കൊലനിലത്തിൽപ്പുക്കു മുഷ്കോടുമേറ്റം,
സുരതരുണികൾ സന്തോഷിച്ചു പൂമാല കൈക്കൊ
ണ്ടൊരുമയൊടെതിരേൽപ്പാനംബരത്തും നിരന്നു. 50

കലഹമിരുവശത്തും ബുദ്ധിപൂർവം നടത്തീ-
ബ്ബലമുടയ ദശാസ്യൻതന്റെ പാർശ്വത്തിലുള്ളോർ
പലപലവിധയമായിച്ചത്തൊടുങ്ങീട്ടശേഷം
വലിയമലകൾ പോലാ വാർധിയിങ്കൽപ്പതിച്ചൂ. 51

സമരസമയമാകാശത്തു കാണ്മാൻ നിരന്നോ-
രമരരിതു ബലേഭേഷെന്നു നന്ദിച്ചു നന്നായ്,
അമരമുനികുലേന്ദ്രൻ ശണ്ഠ വർധിപ്പതിന്നായ്
നഖരതതിയുരുമ്മിക്കൊണ്ടൊരറ്റത്തു നിന്നാൻ. 52

തനയരിലതികായൻ തത്ര സൗമിത്രിയാലും
പുനരിതരസുതന്മാർ വാനരശ്രേഷ്ഠരാലും
പടയിലനുചരന്മാരോടുമൊന്നിച്ചു ചത്തെ-

ന്നിടരൊടു ദശകണ്ഠൻ കേട്ടു ഞെട്ടിക്കരഞ്ഞാൻ. 53

മധുരമൊഴികളെക്കൊണ്ടിന്ദ്രജിത്തപ്പിതാവിൻ
വിധുരതയെ വിടുർത്തീട്ടാശ്വസിപ്പിച്ചു നന്നായ്
മുധരസികനണഞ്ഞിട്ടാഭിചാരം കഴിച്ചാ-
നഥ ഉരഗനിഷങ്ഗാദ്യങ്ങളും കൈക്കലാക്കീ. 54

പ്രതിഭടവിജയത്തെത്തന്നെ, സങ്കൽപ്പമാക്കി-
പ്പതിവുകളെ നടത്തിക്ഷുദ്രഹോമം കഴിച്ച്
ചതിവിയലുമരക്കൻ വന്ദനം ചെയ്തു വഹ്നി-
ക്കതിരയമൊടുഴന്നാൻ പോരിനായ് സേനയോടും. 55

സപദി നിശിചരന്മാരേകയോഗം തികഞ്ഞും
കപികളൊരു വശത്തും നിന്നു തമ്മിൽപ്പൊരുമ്പോൾ
അപജയമരിവർഗത്തിങ്കലുണ്ടാക്കി വയ് വാ-
നപരി പരി ഭവിച്ചാമേഘനാദൻ മറഞ്ഞാൻ. 56

അവനവിടെ വിധാതാവിന്റെ ബാണം പ്രയോഗി-
ച്ചവശത കപികൾക്കും രാമസൗമിത്രികൾക്കും
വളരെ വളരെയേകി പ്രജ്ഞയെന്ന്യേ പതിപ്പി-
ച്ചളവു നഗരിയിൽപ്പുക്കാത്തമോദം വസിച്ചാൻ. 57

കമലഭവതനൂജനൻ ജാംബവാൻ ചൊൽകയാലാ-
വിമലമതി ഹനൂമാനൗഷധാദ്രിക്കു പോകുമ്പോൾ
ഗമനസമയമേറെത്താമസിപ്പിക്കുവാനായ്
വിമതവരനൊരുത്തൻ മാർഗമധ്യത്തിൽ വാണു. 58

അതുവഴി കപിരാജൻ നല്ല കമ്പിത്തപാലിൻ
ഗതിയിലധികവേഗത്തോടു പായുന്ന നേരം
യതിവടിവൊടു വഞ്ചിക്കുന്നൊരക്കലനേമി-
ച്ചതിയനെയഥ കൊന്നിട്ടക്ഷണം പോയ് സമർഥൻ. 59

ചൊടിയൊടഥ കപീന്ദ്രൻ മൂലികക്കുന്നുമേന്തി-

ജ്ഝടിതി രഘുവരൻ തന്നതികത്തിങ്കലെത്തീ
കെട്ടുതി നിജസഹായക്കാർക്കു തീർത്തേച്ചു മുന്നേ-

പ്പട്ടുതി ഗിരിയുറപ്പിച്ചാജി യാചിച്ചു നിന്നാൻ. 60

ചതിവിനു പരിഹാരം ചെയ്തിടാഞ്ഞാൽ ശഠന്മാ-
രിതിലുമധികമോരോ വഞ്ചനത്തിന്നൊരുങ്ങും;
മതിയിലിതു വിചാരിച്ചൂർജിതം പൂണ്ടു കീശ
പ്രതിനിധികൾ കടന്നാ ലങ്കയിൽത്തീയടിച്ചാർ. 61

ദുരിശമൊടു പുറപ്പെട്ട ശരേശാജ്ഞയാല-
ന്നൊരുവനൊരുവനൊറ്റയ്ക്കൊറ്റ നിൽക്കാത്തവണ്ണം
ഉരുതരബലമോടും നാലു നക്തഞ്ചന്മാർ
ദരികളുടെ മുഖത്തീന്നുഗ്രസിംഹങ്ങൾ പോലെ. 62

അവരിലൊരുവനെക്കൊന്നങ്ഗദൻ,മറ്റൊരാളേ-
വിവിദനടപെടുത്തീ,പിന്നൊരുത്തന്റെ ദേഹം
മദകരി പന കീറുംപോലെ മൈന്ദൻ പിളർന്നാ-
നിതരകപിബലത്താൽ ചത്തുമറ്റുള്ളരക്കർ. 63

നടപടികളിതെല്ലാം കണ്ടു നിൽപ്പാൻ പ്രയാസ-
പ്പെട്ടുമളവെതിരിട്ടക്കുംഭകർണാത്മജന്മാർ
ഇരുവ,രവരിൽ മൂത്തോൻ ചെന്നു സുഗ്രീവനോടേ
റ്റിതരനനിലപുത്രൻ തന്നെ മുൻപിൽച്ചെറുത്താൻ. 64

വലിയ കലഹമധ്യത്തിങ്കലവർക്കാത്മജന്മാ-
ജ്വലിതനയനനായക്കുംഭനെക്കൊന്നുവീഴ്ത്തി
പക പലവിധമുന്നിത്തങ്ങളിൽത്തച്ചു കാറ്റിൻ-
മകനവിടെ നികുംഭൻ തന്റെ കണ്ഠം പറിച്ചാൻ. 65

അനുജസുതവിനാശം കേൾക്കവെ വിശ്രുവസ്സിൻ
തനജനുടയ ദീർഘശ്വാസവായുക്കളാലേ
നിശിചരികൾ കുലത്തിൻ പൂങ്കുഴൽക്കൊണ്ടൽ ഭിന്നി-

ച്ചനവധി നയനാംഭൗവർഷമുണ്ടായി മേന്മേൽ. 66

കുമതി ഖരനു ബാലൻ കൂടലന്മാർക്കു കാലൻ
ബലമൊട്ടു മകരാക്ഷൻവന്നു പിന്നീടെതിർത്തു
രിപുശലഭകുലങ്ങൾക്കഗ്നിയാം രാമചന്ദ്രൻ
ജനകനുടെ സമീപത്താക്കിനാനൊറ്റയമ്പാൽ. 67

വികൃതി പലതു ചെയ്തുന്നന്നു തപ്പിപ്പിഴച്ചി-
ട്ടകമലരിൽ മദം പെട്ടിന്ദ്രജിത്തേറ്റു വീണ്ടും
രഘുതിലകനൊടപ്പോൾ തോറ്റു പേടിച്ചൊളിച്ചാൻ
പകടയൊരുവനെന്നും വീഴ്കയില്ലൊന്നുപോലെ". 68

നിരവധി മറിമായം പൗരുഷം കൊണ്ടു കാട്ടാൻ
പരിചമിയലുന്നപ്പങ്ക്തികണ്ഠന്റെ പുത്രൻ
ഒരു കപടധരിത്രീപുത്രിയെത്തേരിൽ വച്ച-
പ്പുരിയുടയ പരിഞ്ഞാട്ടുള്ള വാതിൽക്കൽ നിന്നാൻ. 69

അനിലസുതനു കാണാൻ തക്കപോൽനിന്നു കള്ള-
പ്പനിമതിമുഖിയാളെക്ഖണ്ഡനം ചെയ്തു ദുഷ്ടൻ
ജനകതനുജയാണെന്നങ്ങു തെറ്റിദ്ധരിച്ച-
മ്മനമുരുകി ഹനുമാൻ രാമനെച്ചെന്നുണർത്തി. 70

പവനജനറിയിക്കും വാക്കു നേരെന്നു ശങ്കി
ച്ചവനിമക മണാളന്നായുധം താഴെ വീണു
അവയവമിളകീടാതങ്ങു കുമ്പിട്ടിരുന്നാ-
നവശതയൊടു ദേവൻ വന്മരപ്പാവ പോലെ. 71

പലജനമൊരു ദിക്കിൽ കൂടി നിൽക്കുന്നകണ്ട-
സ്ഥലിയിലൂടനെയെന്തോ കാര്യമുണ്ടെന്നു തോന്നി
തളരുമുടലൊടോടിച്ചെന്നിതാ രാവണൻ ത-
ന്നിളയ സഹജനപ്പോൾ വാസ്തവം താനറിഞ്ഞു 72

കപിവരരെയധിക്ഷേപിച്ചു ചൊന്നാനിവണ്ണം

ചപലതയിതു പണ്ടെ തീറു വാങ്ങിച്ച നിങ്ങ
രിപുനികരമിദാനീം മൗനമോടിങ്ങിരിപ്പാ-
നപകടമവർ പറ്റിച്ചുള്ള പറ്റാണിതെല്ലാം. 73

അരിനിറയെ വധിപ്പാൻ കൂടഭദ്രക്റിയയ്ക്കാ-
യ്ക്കരുതിയതിനു വിഘ്നം നിങ്ങൾ മൂലം വരായ്വാൻ
കരളിലവനുറച്ചിക്കൗശലം ചെയ്തതത്രേ
കരുമന പലതുണ്ടക്കൃത്രിമക്കാർക്കു പണ്ടും. 74

ദൃഢമൊരു തടവില്ലാതാഭിചാരം നടന്നാ
പടയിലവനു നമ്മെക്കൊല്ലുവാനുണ്ടെളുപ്പം
മടിയരുതതു തെറ്റിച്ചീടുവാൻ പോകണം നാ-
മുടനവനെ വധിപ്പാൻ നല്ല സൗകര്യമുണ്ടാം. 75

രഘുപതിയെഴുന്നള്ളിടേണമെന്നില്ലിതിന്നായ്
ലഘുതരമനുജൻ പോയ് തദ്വധം ചെയ്തുപോരും
അമിതതരപസ്സാർന്നേറെനാൾ നിദ്ര കൂടാ-
തമരുമൊരുവനാലേ ദുർമതിക്കുള്ളു നാശം. 76

പഴയ പരിചയത്താൽ രാവണിയ്ക്കുള്ള സൂത്രം
മുഴുവനുമറിയിച്ചക്കൈകസീസൂനു, വപ്പോൾ;
പഴുതരിയെ വധിപ്പാൻ പാർത്തു രാമന്റെ പാദം
തൊഴുതിളയ കുമാരൻ സേനയൊട്ടും തിച്ചാൻ. 77

ബലമുടയ കപീന്ദ്രർക്കുള്ളൊരാരാർപ്പും തിമിർപ്പും
നിലവിളിയുമശേഷം കേട്ടുടൻ മേഘനാദൻ
കലശലിതൊഴിയാഞ്ഞലിങ്ങു കർമത്തിനുണ്ടാ-
മൂലശിലിതി നിനച്ചാ മന്ത്രവാദം നിറുത്തീ. 78

ക്രിയകൾ മുഴുവനാക്കാതസ്ത്രവും വില്ലുമേന്തി-
സ്വയമരിപടലത്തെപ്പാടനം ചെയ് വതിനായ്
ഭയമകലെ വെടിഞ്ഞക്കീശസൈന്യത്തിനുള്ളി
സ്സ്മയമൊടൊരു മൃഗേന്ദ്രശ്രേഷ്ഠനെപ്പോൽ കടന്നാൻ. 79

വലമഥനവിരോധക്കാരനെക്കണ്ട നേരം
വിലകിയകലെ നിന്നാർ മർക്കടന്മാരശേഷം
നലമൊടഥ ഹനുമാൻ തന്റെ തോളി ക്കരേറി-
ക്കലഹമവിടെയാരംഭിച്ചു രാമാനുജന്മാ. 80

മദമധികമുദിച്ചും മത്സരം വന്നുറച്ചും
വിധുരതകൾ മറച്ചും വീരവാദം വദിച്ചും
ശരനിരകളയച്ചും ശക്തിമാന്മാർ ശപിച്ചും
സമരമവിടെവച്ചും സാരമായി ബ്ഭവിച്ചു. 81

പെരിയൊരു കലഹത്തിൽ ശ്ശത്രുവില്ലിങ്കലേ ഞാൺ-
ചരടു ശരനിപാതംകൊണ്ടു നൂറായിനുറുക്കീ
അരിശമൊടുമടുത്താ ലക്ഷ്മണൻ, മേഘനാദൻ
മരുവുമൊരുരഥത്തെസ്സൂതനോടും തകർത്തു. 82

രണധരണിയിലപ്പോൾ പംക്തികണ്ഠന്റെ പുത്രൻ
പണി പലതുമെടുത്താ മത്സരം മൂത്തു പാരം
ച്ചുണയൊടുമിവർ മൂന്നാളൊന്നുപോൽ നിന്നു തമ്മിൽ
പിണയുമളവു സൗമിത്രിക്കു കോപം മുഴുത്തു. 83

സുരവരനുടെ ദിവ്യാസ്ത്രത്തെയേന്തിക്കുമാരൻ
സരഭസമിഹ വില്ലും പൂട്ടിയസ്ത്രം തൊടുത്തു
ഗുരുജനപദമുള്ളിൽ ബ്ഭക്തിപൂർവം വിചാരി-
ച്ചരിയുടെ ഗളനാളം നോക്കി വിട്ടാൻ വിദഗ്ധൻ. 84

അന്നേരത്തിന്ദ്രജിത്തിൻ ഗളഭുവി വിശികം സത്വരം പോയിതറച്ചൂ
പിന്നീടദ്ദുഷ്ടരക്ഷോവരനുടെ തലയറ്റൂഴിയിങ്കൽ പതിച്ചൂ
മന്ദാനത്തിൻ മലർച്ചെണ്ടുകൾ മഴചൊരിയുംപോലെ പിന്നെപ്പൊഴിഞ്ഞൂ
ക്രന്ദിച്ചീടുന്ന നക്തഞ്ചരികടെ നയനാശ്രുക്കൾ പിന്നീടിഴഞ്ഞൂ. 85

പോരിങ്കൽ പണ്ടു മണ്ഡോദരിയുടെ മകനാൽ ബദ്ധനായ് തീർന്നു കാരാ-
ഗാരത്തിൽ താപമോടാണ്ടനവധി മിഴിനീർവാർത്തതിൽ പിന്നെയിന്ദ്രൻ

ആ രക്ഷസ്സിന്റെ മൂർധാവവനിയിൽ നിപതിച്ചന്നു മാത്രം തണ്ടപ്പോ-
ടോരോ കണ്ണിങ്കൽ നിന്നും ജവമൊടു പുനരാവൃത്തി കണ്ണീരിനേകി. 86

ഭൂതാനുകമ്പ കലരുന്നൊരു ലക്ഷ്മണൻ താൻ
സ്ഫീതാദരത്തൊടു നികുംഭിലയിങ്കൽ നിന്ന്
ജാതാനുമോദമതിരറ്റൊരു സേനയോടും
ഭ്രാതാവുതന്നരികിലെത്തി നമിച്ചു വാണാൻ. 87

സങ്കീർണ്ണയുദ്ധം പത്തൊൻപതാം സർഗം സമാപ്തം

ഇരുപതാം സർഗം

മകന്റെ മരണംമൂലം സ്വകണ്ഠം ചായ്ച്ച രാവണൻ
നകത്തിൻകീഴിൽ വല്ലാതങ്ങകപ്പെട്ടൊരു മുരിപോൽ.1

വിഷപ്പല്ലു പറിച്ചുള്ളോ രരവം പത്തി താഴ്ത്തിപോൽ
വിഷാദിച്ചവനാളുമ്പോളരവം പത്തി താഴ്ത്തിപോൽ.2

കുലമാകുലമാക്കുന്നപ്പാത കണ്ടുടൻ
തകരാതകരാഗത്തോടിവനോടി വനോർവിയിൽ. 3

ജനകാത്മജയേ വേഗം ജയേ വേഗം മുഴുക്കയാൽ
കൊല ചെയ്‌വാനാശമെത്തി നാശമെത്തിയ മൂർഖൻ. 4

ജീവനോടിനി വച്ചേക്കാൻ പാടില്ലെന്നു തടുത്തവൻ
അടുത്തവാറേ മന്ത്രീന്ദ്രൻ പാടില്ലെന്നു തടുത്തവൻ. 5

രാക്ഷസേന്ദ്രനു ദുമോഹം കേമമായതിനാലഥ
എതിരാളിക്കകപ്പാട് ചേർപ്പാൻ രാവണനോർത്തഹോ.(രഥബന്ധം) 6

സൂത്രമെല്ലാം പിഴച്ചിട്ടങ്ങാദേശം ഫലിയായ്കിലും
സ്വരച്ചേർച്ചയ്ക്കു പാടില്ലന്നന്വയദ്വേഷിയോർത്തവൻ. 7

”സന്ധിയില്ലെങ്കിലും നല്ല പദം കിട്ടും നമുക്കിനി
പ്രയത്നമതിനാലിപ്പോളൊട്ടും ലോപിക്കയില്ല ഞാൻ . 8

സ്വാന്തത്തിലിത്തരം പാർത്തു സിംഹളദ്വീപനായകൻ
സ്വാന്തത്തിലി,ത്തരം പാർത്തുസംഹരിപ്പാൻ വിരോധിയേ. 9

അണഞ്ഞിവിടനിന്നും താൻ കുലകക്ഷോഭമൊഴിക്കുവാൻ
അണ,ഞ്ഞവിടെനിന്നു തൻഗുരുനാഥന്റെ മന്ദിരം. 10

ഐക്യസിദ്ധിക്കുയിരിലങ്ങിരട്ടിച്ചുള്ള മെയ്യോടെ
കൽപ്പിച്ച വിഗ്രഹം മൂലം ബലം ശേഷിക്കവേ കവി. 11

ശുക്രാചാര്യനെ വന്ദിച്ചു ധിക്കാരി ദശകന്ധരൻ
തക്കമെല്ലാം നിരൂപിച്ചു വക്കാണത്തിന്നൊരുങ്ങിനാൻ. 12

തിടുക്കം പൂണ്ടതിക്രുദ്ധൻ പദാതികടെ സംഹതി
തികച്ചു തേരതിൽക്കേറിനിയതിക്കൊത്തു സങ്ഗതി (പദ്മബന്ധം)13

കളിച്ചു പശിതീർത്തപത്തടുത്തോരസുരർക്കരു
രുജയുള്ളിലുദിക്കാതെ രണത്തിനുളവായ് രുചി. *14

കുടിലാദ്മഭടർക്കാദ്മപാടവോചിതമായ് ശുചി
ചിതറും മിഴി കണ്ടർക്കൻ പതറുന്നതിനീഷലോ? *15

കുലത്തിൽ നാൾക്കുനാൾ നാനാവിധിമാതംകമോർക്കിലോ
ലോകനാഥന്റെ ശപഥം പാലിക്കേണ്ടതിനീവക. *16

കുതിച്ചു, ഭള്ളൊട്ടുൾക്ഷോഭമൊഴിഞ്ഞാ രാക്ഷസപ്പക
കടൽവർണ്ണനോടേറ്റിട്ടു കെട്ടപ്പാൻ മൂലമിത്തിരി. *17

കുഠാരം കമ്പമുണ്ടാക്കുങ്കുന്തം തോമരവും കരി
രിങ്ഖണം വിട്ടിതെപ്പേരും സങ്ഘലക്കാരേന്തി മുൻപിലേ. *18

കുറ്റം കൂടാതരിക്കേറുമുച്ചാവചബലത്തിലേ
ലേഖാംശവിക്രമം തീർപ്പാൻ ദശാസ്യൻ പാർത്തു പാതകി. *19

കുറവക്ഷത്രിയർക്കൊപ്പിപ്പതിന്നരിയ കൗതുകി
കിതവൻ ദുശ്ചരിത്രത്താൽ താനേയപകടത്തിലാം. *20

കുനയത്താൽ കുടിലനാൽ ദൈത്യജാതം കുരുക്കിലാം
ലാംഗുലമുള്ളകൂട്ടർക്കേ സംഗരത്തിൽ ജയംവരു. (ചക്രബന്ധം) 21

കനക്കെച്ചൊടി വർധിച്ചു
പട കണ്ടിട്ടു പിന്നെയും

വാദസൗഹിത്യമനിശം
നടിച്ചു കപിവാഹിനി (ശുദ്ധചതുർത്ഥം) 22

കളിമാളികതോറും തോറ്റിതമേ തറ്റിരുന്നൊരു
ഭടരോടഭപ്രായം മർക്കടർക്കമർ മാനമായ്. 23

സുമിത്രാതനയൻ നേർത്തു മാനമേറുമരക്കനേ
ഭ്രമിച്ച തടിയൻ വാർത്തു താനവ്വാറുതിരത്തിനേ.(ഗോമൂത്രികാ ബന്ധം)24

എടുത്തു രാക്ഷസേന്ദ്രൻ മുൻപടവെട്ടും പഠിച്ചപോൽ
തടു, ത്തതെല്ലാം സൗമിത്രി പടവെട്ടു പഠിച്ചപോൽ. 25

കുരങ്ങന്മാരെയൊട്ടുക്ക നിരങ്ങിച്ചു നിശാചരൻ
മരങ്ങളെന്നപോൽ വെട്ടിയരങ്ങത്താശു വീഴ്ത്തിനാൽ. 26

സൗമിത്രിക്കതു കണ്ടുള്ളം കത്തിയൻപാലെരിഞ്ഞ പോൽ
ശത്രുവിൻ കൊടിയും തേരും കത്തിയമ്പാലെരിഞ്ഞു പോൽ. 27

കരത്തിൽ തന്റെ വേലൊന്നു വിളക്കിയതികണ്ടകം
ഉരച്ചേവം സമരഭ്രവിളക്കി യതികണ്ടകൻ. 28

തേരിതോരാതരം തീരെത്തുരത്തോതരുതുത്തരം
തരാം തീരാത്താതുരത തരത്തേ താന്തിരുത്തത്. 29

മയശക്തി കുറച്ചീടുമശസ്സെന്നുറച്ചവൻ
മയമേതും വരുത്താതാമയമേകി കുമാരന്. 30

രാമദേവനുമന്നേരമന്നേരറ്റൊരു ശണ്ഠയിൽ
വിഷാദമോട്ടു വീണന്നാവീണന്നാഹ്ളാദമേറ്റമായ്. 31

മനോവേദനയാലോരോ മനോരഥമൊടാജിയിൽ
കേണു പാരം വിവശനാം മനുവംശകുലാധിപൻ.(അസംയോഗം) 32

വിലാപിച്ചൻപു ക്കുടിബ്ഭുവിലാപിച്ചനൃകൂടൊട്ടം
കലാശിച്ചാഹവം രാമങ്കലാശിച്ചെത്തി വാതജൻ. 33

ഹനുമാ ത്തു കാലം താ-
നപായം പാർത്തിതങ്ങലം
മായം വരാതിന്നുത കാ
നപാരാശമുതിർത്തിതു.(അർധഭ്രമകം) 34

ലോകേശതനയം തന്റെ വയസ്സിലറിവുള്ളവൻ
ലോകേശതനയൻതന്റെ കാര്യകൗശലബുദ്ധിയാൽ. 35

മരുന്നുമല കൊണ്ടന്ന മരുത്തൻ മകനായവൻ
മണത്തി മനുജാധീശമകന്നാമയമാറ്റിനാൻ (യുഗ്മകം) 36

എഴുന്നേ, റ്റരമാജാനുബാഹുവാം രാമനാർന്നുടൻ;
എഴുന്നേറ്റു രമാജാനി തന്നോടു രണമാശരൻ. 37

രാഘവൻ ലഘുവായ് തന്റെ വില്ല വട്ടത്തിലാക്കിനാൻ
ദശഗ്രീവനെയപ്പോരിൽ വച്ചു വട്ടത്തിലാക്കുവാൻ. 38

പുരംദരന്റെ മൊഴിയാൽ തയാറാക്കിയ തേരിഹ
ഹർഷം പൂണ്ടാനയി, ച്ചപ്പോളിന്ദ്രത്തക്ഷാവു സത്വരം.(ധനുർബന്ധം) 39

രാമൻ വന്ദിച്ചു തേരേറി രമാനയനനന്ദിതൻ
ശത്രുവേ വേഗമടലിൽ കൊല്ലമാമാർഗ്ഗണാന്വിതൻ(ശരബന്ധം) 40

തേരേറിയരവൻ നേർത്തന്നാരാലാശരനായകൻ
ന്നരാചനരിരയാലെയ്യാനരാതിയെ നിരാദരൻ.(നിരൗഷ്ഠ്യം) 41

മന്നവൻ മറുബാണത്താൽ മുറിച്ചാ ശരമന്നവൻ
മന്നവാസ്ത്രം തടുക്കെന്നു മറുത്താശരമന്നവൻ. 42

സംവർത്തകാലമേഘത്താൻ മഴ ളുകുന്നപോൽ ഭുവി

വിശിഖൗഘം ചൊരിഞ്ഞാശ്ശുശുക്ഷണിജ്വാലയാർന്നവ.43

ശുഭശീലമെഴും രാമമന്നൻ സരസസത്തമൻ (ശരസന്ധാനം)
നിന്നാശ്ശു ശുഷ്കബാണങ്ങൾ മുറിച്ചച്ചട്ടലേക്ഷണൻ. (യുഗ്മഗം) 44

മോശമോശയ്ക്കു പങ്കാളി കാളി കാളിമയേറ്റമായ്
മാറി മാറിലൊരമ്പേശിപ്പേശിപ്പേ ശിക്ഷയോടവൻ. 45

വടിവോടമരാതൽപ്പങ്കലിപോലന്നിടഞ്ഞുതേ
വെക്കയോടപ്പരനവാഗ്രത പോന്നവരയ്ക്കുമെ. 46

മെയ്ക്കുരം വന്ന പോതഗ്രവാനരപ്പടയൊക്കവെ
തേഞ്ഞുടന്നില പോരിങ്കൽപ്പതരാമടവോടിവ. 47

അവനാലോചിച്ചിവണ്ണമിർഷ്യയയുൾക്കാമ്പിലൂന്നിനാൻ
എയ്തു പിന്നീടാസുരാസ്ത്ര മേനമെന്നോർത്തനൗചിതി. 48

ശതാധ്വരശരംകൊണ്ടു രാമനാലായതാഹവേ
വേറെയായാറെ വേപിച്ച ച്ചാപി വേരറ്റ വേറ്റൂര(ശ്ശൂലബന്ധം) 49

രാവണൻ രാവണങ്ങുന്നോർ രാമനോടേറ്റു നിൽക്കവേ
കുടിലൻ കുടിലങ്ഘലിച്ച പട കണ്ടു വിഷണ്ണനായ്. 50

ദാനവപ്രഭുവം നേരേതകർത്ത കപിസേനയിൽ
ദാനവപ്രഭുവന്നേരത്തയച്ചാൻ ദഹനാശ്ശുഗം. 51

പാരണയ്ക്കാക്കിയതിനേ വാരുണാസ്ത്രത്തുനായ് വിട്ട
ഭുജംഗാസ്ത്രം തകരുവാനേകി ഗരുഡസായകം(മുസലബന്ധം) 52

രാവണന്നിന്നിണ വരാ മക്ഷയന്നിന്നിയക്ഷമ
കാലംതെറ്റാത ലംകാ തിന്മയാലലയാന്മതി. 53

വീണാധരമഹായോഗി യേവം മോദിച്ചു നിൽക്കവേ

വീണാധരമഹാസ്ത്രങ്ങൾ രാമചന്ദ്രന്റെ സന്നിധൗ 54

ശതധാരായുധം കൊണ്ടുശകലി,ച്ചതശേഷവും
ശതധാ രാഘവൻ കൈയിൽ ശരം പൂണ്ടിന്ദ്രദൈവതം. 55

ഒന്നനൊന്നൊത്ത ദിവ്യാസ്ത്രം പ്രയോഗിച്ചു പരസ്പരം
രണം കലശലാ,യപ്പോൾ ദ്യോവിലും യുദ്ധഭൂവിലും. 56

നന്ദ നാനാനനനന്നേനം നൂനം നിന്നെന്ന നന്നിന
ന്നൂന്നിനൻ നന്ദ നന്നൊന്നൊ ന്നന്നിനാന,ന്നനൂനനേ. 57

യാമിനീചരവിദ്വേഷി രാമൻ രാജർഷിമുഖ്യരിൽ
യാമനീചരവിദ്വേഷിയോട്ടുരച്ചിതനന്തരം. 58

ലീലാലോലാല്ലലാലെല്ലാന്നിന്നെന്നിന്നിനി നീ നിന
പാപപ്പേപ്പാമ്പു പിമ്പിപ്പോതൊത്തുതേ തത താന്തത. 59

രാവണൻ തന്നുടെ ഗളം വിളംമ്പം വിട്ടറുത്തവ
വരാതുലശലന്നേരന്നിന്നിമ്പമൊട്ടുദിച്ചിതു. (ശക്തിബന്ധം) 60

മുറിച്ചു രാമൻ പിന്നിട്ടും മുളച്ചത്തല വന്നഹോ!
മുറി,ച്ചതുമുടൻതന്നെ മുള,ച്ചത്ത,ലവന്നഹോ! 61

വേധിക്കാതമൃതസ്ഥാനം നൂനം മൂർഛിച്ചൊരീയുധി
ധിക്കാരിയാം ദശാസ്യന്നവരാ നാശമസംശയം.(ഫലബന്ധം) 62

രഹസ്യം രാമനോടേവമുണർത്തിച്ചു വിഭീഷണൻ;
സ്വകാര്യമായതുഹംകൊണ്ടറിഞ്ഞു ദശകണ്ഠനും. 63

നീതിയോ കപടം? വിട്ടിട്ടിവിടം പകയോതി നീ
രിപുരാമന്നവനമായ് മാനവന്നമരാപുരി.(അനുലോമപ്രതിലോമം)64

എന്നീവണ്ണം പുലമ്പിക്കൊണ്ടുന്നിക്കവിപദങ്ങളെ

നന്നായ് പ്രാസംപ്രയോഗിച്ചു വെന്നീടാനിവനെശ്ശാൻ. 65

ശീലീമുഖപ്രചാരത്താൽ ശരീഷമലരെന്നപോൽ
പ്രാസം പ്രയാസം കൂടാതെ ഖണ്ഡിച്ചു നൃപണ്ഡിതൻ. 66

ധനഞ്ജയാശുഗം മേലീന്നാകർഷിപ്പതിനെന്നപോൽ
ധനാജ്ഞയാശുഗം മേലിലേൽപ്പിച്ചമ്മതൊഴിച്ചുടൻ. 67

വലശാസനസൂതന്റെ ഖലശാസനസൂക്തിയാൽ
ജലജാസനഗോവേത്തി ബലശാലി രഘൂത്തമൻ.(യുഗ്മകം) 68

കുലച്ചു കാർമുകം നന്നായ് ജ്വലിച്ച വിശിഖത്തിനെ
വലിച്ചു വിട്ട നേരത്തു ചലിച്ചങ്ങുചലാതലം. 69

ലങ്കേശ്വരന്റെ മാരാത്തബ്ജോത്ഭവാശുഗം
ആശു ഗർജിച്ചു തയ്ച്ചപ്പോളുതയ്ച്ചപ്പോരിൽ വീണരം. 70

ഹാകാരത്തോട്ടു കൂടാതെ മഹാരണമണഞ്ഞവൻ
ഹാകാരത്തോട്ടുകൂടാതെ മഹാരണമണ,ഞ്ഞവൻ. 71

ആമോദമാർന്ന സുമനഃസ്തോമം രാമന്റെ മേനിയിൽ
ആമോദമാർന്ന സുമനഃസ്തോമം വർഷിച്ചു മേൽക്കുമേൽ. 72

മണമേരുന്ന മന്ദാരമലർമാരി മനോരമൻ
മസ്തകംകൊണ്ടു മാനിച്ചു മകിഴ്ന്ന മധുമർദനൻ. 73

വരമ്പേറിക്കവിഞ്ഞഗ്രേ മരിച്ചളവു ഭീഷമൻ
വരമ്പേറിക്കവിഞ്ഞഗ്രേ ജ്വരമാർന്നു വിഭീഷണൻ. 74

രാമാനുജോപദേശത്താലവന്നാമയമഞ്ജസാ
സാമാന്യം വിരമിച്ചപ്പോൾ സമരാങ്കണമന്തരാ. 75

രാവണന്റെ വധം കേട്ടു ഞെട്ടിയുച്ചലിതസ്വരാ

രാക്ഷസസ്ത്രീകളോടൊത്തോഗമിച്ച മയകന്യക.(ഖഡ്ഗബന്ധം) (യുഗ്മകം) 76

അണികുന്തലഴിച്ചിട്ടു കെട്ടുമിന്നു പറിച്ചുടൻ
പോർക്കളത്തിൽക്കണവനെക്കണ്ടു കണ്ണീർ പൊഴിച്ചവൾ. 77

ഊഴിപ്പെണ്ണണവാളന്റെ ചാരേ വീണു കരഞ്ഞിതേ;
പൂഴിയുണ്ടവളാമെന്റെ വരൻ കേണു കരിഞ്ഞിതോ? 78

ഊഴിയഞ്ചിതമായന്നോ? വശത്താകുന്ന ദേവരാ!
ഊഴിയം ചിതമായെന്നോ? നിനയ്ക്കുന്നു വിഭിഷണാ! 79

മായം കൂട്ടുമൊരാത്മാവിലസാമാന്യതയോടിഹ
ഭവാനിരിക്കെബ്ഭ്രരതൻ ഭ്രപനായതുകുറ്റമോ?(ക്രിയാഗുപ്തം) 80

കാലാരിക്കാദിയിൻപോടിതമുതവിയമ്പോരു വല്ലാതെയാകാ;
കായാതെല്ലാവരുമ്പോയരിയൊരപകടപ്പാതയിൽപ്പാതിലംകാ;
കാലം തിൽപ്പായിതപ്പാ പുനരതിനെ നിനച്ചാരിഹ ധ്യാനമാകാ;
കാമാനധ്യാഹരിച്ചാലയി കണവ!ഭവാൻപോയ ദിക്കാരിലാക.(പത്മബന്ധം) 81

മന്ദിച്ചേറ്റം മനമുരുകിയാരാക്ഷസസ്ത്രീകളേവം
മന്ദാക്ഷം വിട്ടധിരണതലംവീണു കേഴുന്ന നേരം
അന്നക്രായുഃക്ഷപണനവരെസ്സാന്ത്വവാക്കാലടക്കി
പ്പിന്നത്യന്തപ്രിയമൊടു നടത്തിച്ചു തൽപ്രേതകാര്യം. 82

ശട്ടംകെട്ടി മഹേന്ദ്രനോടപമൃതിപ്പെട്ടുള്ള ശാഖാമൃഗ-
ക്കൂട്ടത്തെദ്രുതമുദ്ധരിച്ചു, ഗഗനേവിട്ടിന്ദ്രയന്താവിനെ,
പട്ടം കെട്ടി വിഭീഷണ, ന്നരിവരൻകട്ടോരു വൈദേഹിയേ-
പ്പെട്ടന്നങ്ങു വരുത്തി വഹ്നിയിൽ വിളക്കീട്ടന്നെടുത്തീടിനാൻ. 83

നരപരിവൃഢൻതന്നെക്കുപ്പിസ്തുതിച്ചഥ സാദരം
സരസിജഭവൻ മുൻപാം വാനോർകദംബകമംബരേ
പുരുഷമണിയാം രാമൻ കണ്ടപ്പിതാവിനെയാസ്ഥയാ
ചരണയുഗളം വന്ദിച്ചാശിസ്സു വാങ്ങി മനോഹരൻ. 84

“നിൽക്കാമൂഴിയൽ വാഴുവോർക്കു നിതരാമൗൽസുക്യമുൽഭ്രതമാ-
യിക്കാലത്തു മുഴുത്ത പീഡ നിഖിലംമോചിച്ച ഭൂപർഷഭ!
വിണ്ണോർ കമ്പമകന്നു മേദിനിയിലെങ്ങാരംഭമേതിത്തരം
രംഗേമാനിതനായിതദ്ദ്വിവിജരാൽമാവല്ലഭന്നിർഭരം. (ചക്രബന്ധം) 85

സദാരനഖിലേശ്വരൻ സഹജനോടുമുത്തുംഗസം-
മദാകുലിതമാനസൻ സകലസൈന്യസംഘത്തോടും
വിഭീഷണസമേതനായ് നിജപു രപ്രവേശത്തിനായ്
പ്രഭിന്നഗജയാനനദ്ധനദവാഹനം കേറിനാൻ. 86

രാമരാവണകലഹം എന്ന ഇരുപതാം സർഗം സമാപ്തം

ഇരുപത്തിഒന്നാം സർഗം

ശ്രീരാമ ചന്ദ്രാദികളെബ്ഭരിച്ചി-
ട്ടാരാജരാജന്റെ വിമാന രത്നം
ആരാൽ ത്രികൂടാദ്രിനിരപ്പിൽ നിന്ന -
ത്താരാപഥം പാർത്തു കിളർന്നു വേഗം1

പ്രഭഞ്ജനാപത്യവിലങ്ഘനത്തിൽ
പ്രഭുത്വമാർന്നുള്ള മഹാസമുദ്രം
നഭസ്ഥമാമൃക്ഷകുലത്തിനപ്പോ-
ളഭംഗമാം പല്ലമെന്നു തോന്നീ.2

അദാന്തനാം രാവണനോടു കൂടെ
കൃതാന്തദിക്കിന്നു തിരിച്ച നേരം
നിതാന്തമധ്വാവിലുതച്ചു പാരാ
പ്രശാന്തവേഗത്തോടിരുന്ന യാനം3

സമഷ്ടിയായ് പണ്ടു ഹിരണ്യഗർഭൻ
ചമച്ച കാലത്തു വിധിച്ച പോലെ
സമർത്ഥരാം പുണ്യജനേഡ്യരത്താൻ
സ്വമസ്തകത്തിങ്കൽ വഹിച്ചതെന്നും (യുഗ്മകം) 4

നരേന്ദ്രനാം രാഘവനെബ്ഭരിപ്പാ -
നൊരന്തരം വന്നു ഭവിക്ക മൂലം
ധരിച്ചു തൽപ്പുഷ്പമകന്നുതൊട്ടേ
സ്വരാജ്യയോഗ്യം ”നരവാഹനത്വം”5

തെരുക്കനെ ദ്യോവിലുയർന്നു തെക്കു-
ന്നരിക്കാനെപ്പോലെ വടക്കു മാറി
പരിഭ്രമിക്കാതതു യക്ഷരാട്ടിൻ
പുരിക്കുപോകുന്നതു പോലെ പാഞ്ഞു.6

ദൂരത്തു കാണുന്ന വിശേഷമെല്ലാം
ദാരങ്ങളെച്ചൊല്ലി മനസ്സിലാക്കാൻ

ദൂരത്തു പിന്നിട്ടതു പോകയാലെ
പാരം പണിപ്പെട്ടു പയോജനേത്രൻ7

മനോജ്ഞമെല്ലാം പുഷ്പകമിപ്രകാരം
മനോജവത്തോടുഴറുന്ന നേരം
മനോജസൗന്ദര്യമിയന്ന രാമൻ
വിനോദമോരോന്നു പറഞ്ഞു മന്ദം.8

പ്രാണപ്രിയേ നമ്മുടെ സ്നേഹബന്ധം
കാണന്തികേ കല്ലുപടുത്ത ചന്തം
ഏണാങ്കചൂഡന്റെ വിശിഷ്ടബിംബം
താണൊന്നു കുപ്പിടഖിലാവലംബം9

രാമേശ്വരം സംഭൃതപുണ്യതീർത്ഥം
വാമേക്ഷണേ! കാൺക ജഗൽപ്രസിദ്ധം
ആമജ്ജനം ചെയ്തീടുവോർക്കു സർവ-
ക്ഷേമാസ്പദം ലോകപവിത്രമല്ലോ.10

കണ്ടാലുമിപ്പവർതമൃശ്യമൂകം
കൊണ്ടാടുകെൻ കോകില വാണിയാളെ
പണ്ടാശു നീയാഭരണം കഴറ്റി
മുണ്ടാൽ പൊതിഞ്ഞിട്ടതിതിങ്കലത്രേ.11

ഉദ്ദിഷ്ട കാര്യത്തെ വഹിപ്പതിങ്ക-
ലുദ്യുക്തനാം മർക്കടരാട്ടുമായി
വിദ്വേഷിനാശത്തിലെനിക്കു സഖ്യം
നിർദിഷ്ടമായ് വന്നതുമിസ്ഥലത്തിൽ.12

കാഴ്ചയ്ക്കിണങ്ങുന്നൊരു പമ്പയാറി-
ത്താഴ്ചസ്ഥലത്തൻപൊടു കാൺ കാന്തേ!
വേഴ്ചയ്ക്കു വാതാത്മജനോടകൂടി
ക്കാഴ്ചയ്ക്കു ഞങ്ങൾക്കിഹ ബന്ധമുണ്ടായ്.13

ദശാനൻ തന്നുടെ വാളിനാൽ ദ്ദു-
ർദ്ദശാന്തരം പുക്കൊരു കങ്കരാജൻ
സുശാന്തനായ് സിദ്ധിയടഞ്ഞ ദേശ-
ത്തശാന്തവേഗത്തോടണഞ്ഞു നമ്മൾ.14

പഞ്ചദ്വയാസ്യന്റെ പകിട്ടിലുൾപ്പെ-
ട്ടെൻ ചഞ്ചലാപാങ്ഗി! മൃഗം പിടിപ്പാൻ
അഞ്ചാതെ ഞാൻ പോയളവക്കഠോരൻ
വഞ്ചിച്ച ദിക്കാണിതു വക്രകേശി!15

തപോവനം കാണിദമസ്മദീയം
വിപഞ്ചികാലാപിനി!തത്സമീപേ
സുപാവനി ഗൗതമിയിപ്രദേശ-
ത്തുപദ്രവക്കാററുത്തു മുന്നം16

അനർഥമോരോന്നു നമുക്കിവണ്ണം
ജനിക്കുവാനുള്ളൊരു ബീജവാപം
നിനയ്ക്കിലശ്ശൂർപ്പണഖാപ്രസംഗേ
ന്നിക്കുളവായ്വന്നൊരു മന്ദഹാസം.17

പൂത്തൻ പ്രവളാധാരി! താപസന്മാ-
ർക്കുത്തംസമാം കുംഭജമാമുനീന്ദ്രൻ
കൃത്യം പിഴയ്ക്കാത്തൊരു വൻതപസ്സം -
പത്തോടിരിക്കുന്നൊരു ദിക്കിതല്ലോ.18

വിരാധനന്നുള്ള നിശാചരേന്ദ്രൻ
നിരാദരന്നിന്നെയുപദ്രവിപ്പാൻ
പരാക്രമത്തോടടുത്ത നേരം
പരേതനായിദ്ദിശി പത്മനേത്രി!19

അഹാര്യ ശൃംഗസ്തനി! യാത്മകാന്താ-
സഹായവാനത്രി മഹർഷി വര്യൻ
മഹാ തപസ്സോടു വസിച്ചിട്ടും നൽ-

ഗൃഹാന്തികസ്ഥാനമിതോർക്കെടോ! നീ.20

മുക്കണ്ണനും നാന്മുഖദേവനും പ-
ണ്ടക്കണ്ണനും തൽസുതരാകയാലേ
ചൊൽക്കൊണ്ട സപ്തർഷിഗണത്തിൽ വച്ചി-
ട്ടിക്കണ്ടൊരിദ്ദേഹമതീവ മാന്യൻ.21

നാളിക പുഷ്പച്ഛദചാരുനേത്രേ!
കേളീനഗം നല്ലൊരു ചിത്രകൂടം
കേളീവിലാസങ്ങൾ കലർന്നൊരൽപ്പം
നാളീവനത്തിങ്കൽ വസിച്ചു നമ്മൾ.22

രാകാശശാങ്ക പ്രതിമാനനേ! നാ-
മേകാന്തമുത്തോടിഹ വാണിരിക്കേ
നീ കാരണം ഞാനൊരു കീർത്തിമുദ്ര
പാകാരി പുത്രന്നു കൊടുത്തതില്ലേ ?23

ധന്യൻ ഭരദ്വാഗമഹാമുനീന്ദ്രൻ
തന്നാശരമം കാണുക കംബുകണ്ഠി!
അന്യോന്യവൈരത്തെ വെടിഞ്ഞിതിങ്കൽ
സൈന്നിധ്യമാളുന്നിതു സത്വ ജാതം.24

അങ്ങേതു ഗംഗാ നദി തത്സമീപ -
ത്തങ്ങേക്കരക്കാണ്മതു ശൃങ്ഗിവേരം
മങ്ങാതയോധ്യാപുരിയൊട്ടു ദൂരെ-
പ്പൊങ്ങിപ്രശോഭിപ്പതു കാണുകാര്യേ!25

അറിഞ്ഞൂ ദേവന്റെ മനോഗതത്തെ-
പ്പറഞ്ഞിടാതങ്ങു കുബേര യാനം
കുറഞ്ഞു മുന്നോട്ടു ഗതിക്കു വേഗം
നിറഞ്ഞ മോദത്തോടു താണു ഭൂവിൽ.26

മന്ദിച്ചിടാതാശു തപോധനന്മാ-

ർക്കിന്ദ്രൻ ഭരദ്വാജനതിപ്രഗത്ഭൻ
കന്നിച്ച മാനത്തൊരു സൽക്കരിച്ചാൻ
വന്ദിച്ച രാമാദികളേവരെയും27

വിശേഷമപ്പോൾ ഭരതന്റെ ചീര-
ത്തശേഷമെത്തിപ്പറയുന്നതിന്നായ്
കുശേശയാക്ഷപ്രഹിതൻ ഹനൂമാൻ
സ്വശേഷികൊണ്ടെത്തിയയോധ്യയിങ്കൽ28

കാരുണ്യമേറും നിജപൂർവജൻത-
ന്നാരണ്യവാസാവധിയെണ്ണിയെണ്ണി
താരുണ്യഭോഗത്തെ വെടിഞ്ഞു നിത്യം
ഹൈരണ്യപാദക്കുരടാശ്രയിച്ചു.29

ക്ഷാമം മഹാവ്യാധികശളെന്നിവറ്റിൻ
നാമത്തിനും നാട്ടിലിടം കൊടാതെ
രാമാനുജൻ വാണരുളുന്ന നന്ദി-
ഗ്രാമത്തിലുൾപ്പുക്കു ദിനേശശിഷ്യൻ (യുഗ്മകം)30

നന്ദിച്ചു കൈകേയി മകന്റെ പാദം
വന്ദിച്ചു രാമന്റെ ചരിത്രമെല്ലാം
മന്ദിച്ചിടതോതിയകേട്ടുകൊണ്ടാ-
നന്ദിച്ചു ഭൂപാല കുമാരകന്മാർ.31

വെടിപ്പൊടിച്ചെയ്യ്തികളെ പ്രസിദ്ധ-
പ്പെട്ടുത്തി നാടൊക്കെയരക്ഷണത്തിൽ
അടിച്ചു തുപ്പിച്ചു തെരുക്കളെല്ലാം
കുടഞ്ഞു നിൽക്കുമപങ്കമെങ്ങും32

ജലം തളിച്ചൻപൊട്ടു വൃത്തിയാക്കി
നിലം വരച്ചിട്ടു പടിക്കലെല്ലാം
ഫലങ്ങളും പൂക്കുലവാഴയും ന-

ല്ലലട്ടിയും കെട്ടിയലങ്കരിച്ചു.33

പൂത്തൻ കൊടിക്കുറകൾ തൂക്കി മേളി-
ച്ചത്തവ്വിലെല്ലാവരുമപ്പുരത്തിൽ
മത്തേഭകുംഭസ്തനിമാർ ചമഞ്ഞു
മെത്തുന്ന താലപ്പൊലിയേന്തി നിന്നു.34

ചെമ്മേ ഭരദ്വാജമുനീന്ദ്രനാലെ
സമ്മാനിതൻ രാമനയിഷ്ടരോടും
അമ്മാനവൗഘം നിജഭാഗധേയ-
ദ്യുമ്നങ്ങൾ പോൽ വാനിൽ വരുന്ന കണ്ടു.35

ഉൽക്കണ്ഠ മുന്തീടിന ലോകരപ്പോൾ
തിക്കിത്തിരക്കീട്ടു നഴഞ്ഞു കേറീ
ദുഃഖാബ്ധി താണ്ടുന്നതുപോൽ കരങ്ങൾ
പൊക്കിസ്തുതിച്ചാർത്തു വിളിച്ചു നീളെ.36

അപ്പുഷ്പകം മെല്ലെയടുത്തിടുമ്പോ-
ളിബ്ഭൂമിതൻ പുത്രിയെയേറ്റു വാങ്ങാൻ
ഉൾപ്രേമമാർന്നേറെ, നഭസ്സിലേക്കായ്
മേൽപ്പെട്ടു പൊങ്ങുന്നതു പോലിരുന്നു.37

ഇളക്കമില്ലാത്തതിചെന്ന മൂല-
മിളയ്ക്കു സിദ്ധിച്ചചലാഭിധാനം
വെളിപ്പെടുന്നാഖ്യയിതന്നു തൊട്ടേ
നിളക്കമില്ലാത്ത വിധത്തിലിന്നും.38

വലിപ്പമേറുന്ന വിമാനരത്നം
നിലം തൊടാറായതു കണ്ടു പാരം
വിലക്ഷനാകും ഭരതൻ സമോദം
വിലക്കിനാൻ പൗരജനാവരത്തേ39

മുന്നിട്ടു കാറ്റിൻമകനെ ദ്രുതം പോ-

യിന്ദീവരാക്ഷന്റെ പദാരവിന്ദം
വന്ദിച്ചിതാ രാജകുമാരകന്മാർ;
നന്ദിച്ചുടൻ രാമനനുഗ്രഹിച്ചാൻ.40

വൈദേഹിയെച്ചെന്നഭിവാദനം ചെ-
യ്താ ദേവരദ്വന്ദ്വമതിന്റെ ശേഷം
മോദിച്ചു വേഗാൽ ഭരതന്റെ പാദം
നേദിഷ്ഠനായ് ലക്ഷ്മണനും പണിഞ്ഞു.41

ആത്താദരം കൈതൊഴുതഗ്രഗന്റേ
കാൽത്താരിനെപ്പറ്റലർ കാലനാമാ
ചിത്താനമോദത്തൊടണച്ചു തമ്മിൽ
തീർത്താവിയോഗാർത്തി വിശാരദന്മാർ42

എല്ലാരും പുഷ്പകയാനമൂടെ-
സ്സല്ലാപമോരോന്നു പറഞ്ഞു പാടെ
കല്യാണശീലൻ ഭരതൻ വസിപ്പോ-
രില്ലത്തിലേക്കൻപൊടു ചെന്നു ചേർന്നു.43

ക്ഷേമാസ്പദം പാദുകയുഗ്മമപ്പോൾ
രാമന്റെ തൃക്കാലണച്ച വേഗം
സാമാന്യമല്ലാത്തൊരു രാജ്യഭാരം
രാമാനുജന്മാവഥ വച്ചൊഴിഞ്ഞാൻ 44

മാനിച്ച തൻ സോദരനെത്തലോടി
യാനത്തിൽനി നൻപൊടിറങ്ങി രാമൻ;
മാനസ്ഥനാം മർക്കടരാജനപ്പോൾ
മാനുഷ്യകശ്രേഷ്ഠനു കൈ കൊടുത്തു.45

രക്ഷാധിപൻ പിന്നെയടുത്തു നിന്നാ-
ലക്ഷ്മീശനേ നേർവഴി കാട്ടി മുൻപേ
അക്ഷീണപുണ്യൗഘമണഞ്ഞു ചാരേ

മോക്ഷേച്ശ്രുവാം ദേഹിയെന്ന പോലെ46

മനഃപ്രസാദത്തൊടുമമ്മമാരേത
വിനീതരായ് കൈതൊഴുതേവരും പോയ്;
അനന്തരം ദേശികവര്യനാം മാ-
മുനീന്ദ്രനെക്കണ്ടു നമസ്കരിച്ചാർ.47

മോദം നിറഞ്ഞുള്ളിൽ വസിഷ്ഠനാശി-
ർവാദത്തെയെല്ലാർക്കുമുടൻ കൊടുത്തു;
പാദങ്ങൾ വന്ദിച്ചൊരമാത്യരോടും
ചോദിച്ചു സീതാപതി വർത്തമാനം.48

മനസ്സമാധാനമിയന്നു ചേർന്ന-
ജ്ജനങ്ങളെല്ലാരുമയോധ്യയിങ്കൽ
മനുഷ്യനാഥന്റെ മഹാഭിഷേക-
ദിനത്തിനെക്കാത്തു സുഖിച്ചിരുന്നു.49

രക്ഷോവരനും കപിനായകനും
ലക്ഷോപലക്ഷം സഹഗാമികൾക്കും
അക്ഷീകൗതുഹലമാലയങ്ങ-
ളക്ഷോണിപാലാനുജനേകി നീളെ.50

സരോജിനീകാന്തകുലാനുകൂലം
സരോരുഹാക്ഷന്നഭിഷേകകാലം
പുരോഹിതൻ തന്നുടെ വാക്കുമൂലം
നരോല്ഡക്കരം കേട്ടു തെളിഞ്ഞുശീലം51

ക്ഷണപ്രകാരം ക്ഷിതിപാലരും ന-
ല്ലിണങ്ങരും മറ്റുമനേകവർഗ്ഗം
അണഞ്ഞയോധ്യാപുരിയിങ്കലേറ്റം
ഗുണജ്ഞരാം വിപ്രമഹർഷിമാരും.52

വേദാന്ത വിജ്ഞാനികള് തർക്കശാസ്ത്ര-

വാദത്തിലഗ്രേസരർ ശാബ്ദികന്മാർ
വേദജ്ഞരാം ദീക്ഷിതരും വിശേഷി-
ച്ചോതിക്കവന്മാരുമടുത്തുകൂടി53

ശീവേലിയും നൂതനമട്ടിലോരോ
നൈവേദ്യവും നേർച്ചകളും വിളക്കും
ദേവാലയം തോറുമുടൻ നടത്തിഃ
ച്ചാ വൻപെഴും കൈകയിതന്റെ പുത്രൻ54

ശിലീമുഖം പോലെ കുതിച്ചു പോയാ-
വലീമുഖന്മാർ പല തീർത്ഥതോയം
സലീലമാംസത്തിൽ വഹിച്ചപയം
കുലീനരേശാതിഹ വന്ന മായം.55

പുത്തൻ പണിത്തോരു തുടച്ചു നാനാ-
ചിത്രങ്ങൾ വെവ്വേറെ മിനുക്കി നന്നായ്
പത്തൻപതശ്വങ്ങളെയിട്ടിണക്കി
നിർത്തിപ്പുരദ്വാരനിരത്തിലപ്പോൾ56

വൻപിച്ച താപ്പാനകൾ കൂർത്തമൂർത്ത
കൊമ്പുന്തലയ്ക്കൽ ചില പൂണമേന്തി
ജൃംഭിച്ചു പാപ്പാന്റെ കരാഞ്ചലത്തിൽ
തുമ്പിക്കരം ചേർത്തു നിരന്നു നിന്നു.57

ആയോധനച്ചട്ടയഴിച്ചു പുത്തൻ
ചായംപിടിപ്പിച്ചൊരുടുപ്പുമിട്ട്
ആയാസമില്ലാതെ തുറുപ്പുകാരു-
മായാതരായങ്ങണിയിട്ടു നിന്നു.58

കുപ്പായവും തൊപ്പിയുമിട്ട രാട്ടിൻ
തൃപ്പാദസേവയ്ക്കു പദാതിയെല്ലാം
മുൽപ്പാട്ടു തമ്പേറുമുഴക്കി വന്നി-
ട്ടഭ്യാസമോരോന്നു നടിച്ചു നിന്നു.59

കൈക്കെട്ടുമക്കിന്നരിവച്ചുടുപ്പും
മെയ്ക്കുറായിട്ടുള്ളൊരു തോലുവാറും
ഖഡ്ഗങ്ങളും തങ്ങളെ തോളിലേന്തി-
ക്കൈക്കൊറരസ്സൈലന്യവകുപ്പിൽ വാണു.60

അടുത്തു നല്ലൊരു മുഹൂർലഗ്നം
തൊടുത്തു കോലാഹലമങ്ങുമിഹ്ങും,
അടുക്കിനദ്ദിക്കിൽ മഹാഭിഷേക-
ച്ചടങ്ങു സർവത്ര സമീകരിച്ചു.61

തപോധനൻ തന്നുടെ വേഷമെല്ലാ-
മപാകരിച്ചാശരവൈരി പിന്നേ
നൃപോത്തമന്മാർക്കു വിധിച്ച വണ്ണം
വപുസ്സിൽ നല്ലാഭരണങ്ങൾ ചാർത്തീ.62

ആ രാജവംശത്തിലം മന്ത്രിവൃദ്ധ-
ന്മാരും വസിഷ്ടാദി മഹർഷിമാരും
ശ്രീരാമനെജ്ജാനകിയോടുമൊന്നി-
ച്ചാരാജപീഠത്തിലിരുത്തി മോദാൽ.63

ഇഷ്ടാർത്ഥദാനങ്ങൾ മുറയ്ക്കു നൾകി-
പ്പുഷാടാനമോദത്തൊടു പുഷ്കരാക്ഷൻ
മുട്ടാതെ ശാസ്ത്രോക്തവിധിപ്രകാരം
പട്ടാഭിഷേകക്രിയയാചരിച്ചു.64

ഞായത്തിനധ്യക്ഷത വന്നമൂലം
ഭീയെത്യജിച്ചംബരചാരിവർഗം
ആയത്തമാം പൂമഴകൊണ്ടു രാമ-
ന്നാ,യക്ഷണം ചെയ്തു മഹാഭിഷേകം.65

നരപ്രവീരന്നു വിധിപ്രകാരം
പുര പ്രവേശനത്തിനു വേണ്ട പോലെ

കരപ്രധാനത്വമിയന്ന ലോകം
ക്ഷുരപ്രവും പൂണ്ടു നടന്നു മുൻപേ.66

ധർമ്മിഷ്ഠനായുള്ള ധരാമണാളൻ
സമ്മാന്യമാം സ്വർണ്ണരഥത്തിലേറി
ഘർമാംശുദേവൻ ഘനശോഭ കൈക്കൗ-
ണ്ടമ്മേരുശൃംഗത്തിലുയർന്നപോലെ.67

സമ്മോദമുൾക്കൊണ്ടു സുമന്ത്രനപ്പോൾ
ചമ്മട്ടിയും പൂണ്ടു രഥം തെളിച്ചു
ബ്രഹ്മാവുതാൻ പണ്ടു പുരത്രയാരി-
ക്കിമ്മേദിനീവാനമെന്നപോലെ.68

പടുത്വമേറും ഭരതൻ പ്രമോദി-
ച്ചെടുത്തു മുത്തുക്കുട ഭക്തിപൂർവ്വം;
അടുത്തു മറ്റുള്ള സഹോദരന്മാർ
വിടുർത്തു വെഞ്ചാമരമപ്രകാരം.69

എഴുന്ന കോലാഹലമോടു ചുറ്റും
ചൂഴന്നു മറ്റുള്ള പരിച്ഛദങ്ങൾ;
മുഴക്കി വാദ്യങ്ങളെ നല്ല മേള-
ക്കൊഴുപ്പുമുണ്ടാക്കി മഹോത്സവത്തിൽ.70

നീലാരവിന്ദാക്ഷികളങ്ങു മാറിടത്തെ-
ച്ചേലാഞ്ചലംകൊണ്ടു മറച്ചു നന്നായ്
ആലോകശബ്ദത്തൊടു മേടതോറും
ജാലങ്ങളിൽദ്ദേവനെ ദേവനെ നോക്കിനിന്നു.71

മംഗലസൂത്രങ്ങൾ കഴുത്തിലഷ്ട-
മംഗലമക്കൈയിലുമേന്തി നീളെ
തിങ്ങിച്ചകോരാക്ഷികൾ രാജമാർഗ-
ത്തങ്ങൊട്ടു പേർ വായ്ക്കുരലിട്ടുനിന്നു.72

സമസ്തഭാഗ്യവു മൊത്തുചേർന്നി-
ട്ടമർത്ത്യരാലാശ്രിതനായ രാമൻ
സുമഗ്രസന്നാഹസമേതനായി-
ഗ്ഗമിച്ചു സാകേതപുരാന്തരാളം73

മനുഷ്യലോകേന്ദ്രനതിന്റെ ശേഷം
തനിക്കു വേണ്ടുന്ന ജനത്തിനെല്ലാം
നിനച്ചതിൽക്കുട്ടുതലർഥഭാരം
മനഃപ്രസാദത്തൊടു നൾകി വിട്ടു.74

പ്രിയത്തൊടും വാശ്രവണന്റെ ചാര-
ത്തയച്ചിതർപ്പുഷ്പകയാനമഗ്രേ
നയത്തലുൽക്കർഷമെഴും കനിഷ്ഠ-
ത്രയത്തൊടും ഭൂമിയടക്കി വാണു.75

രാമൻ മഹീമണ്ഡലരാജ്യഭാരം
സാമർഥ്യമോടേറ്റു നടത്തിടുമ്പോൾ
ആമന്നവാജ്ഞാവശവർത്തിമാരാം
ഭൂമീശ്വരന്മാർക്കു മനം കുളുർത്തു.76

ദുർഭിക്ഷമെന്നുള്ളൊരു നാമധേയ-
മുൾപ്പന്നമായില്ലൊരിടത്തു പോലും;
അബ്ജാനപുത്രന്റെ പുരത്തിലുള്ള
സിൽബന്തികൾക്കന്നു സുഖം ലഭിച്ചു.77

കള്ളത്തരം കൊണ്ടു കഴുത്തറുപ്പോർ
കൊള്ളയ്ക്കുപോയ് മുന്തിയറുക്കുവോരും
കള്ളിന്നടിപ്പെട്ടു കറങ്ങുവോരും
കൊള്ളാത്ത കൂട്ടങ്ങളിതൊന്നുമില്ല.78

നന്നായൊരാൾ തേറി വരുന്ന നേരം
സന്നാഹമുൾക്കൊണ്ടു കൊനഷ്ടെടുത്ത്
തന്നാലെ കൂടുന്ന തടങ്ങഅകൽ ചെയ്വാ-

നന്നാട്ടിലക്കാലമൊരുത്തരില്ല.79

ഒരുത്തനുണ്ടാക്കിയ വസ്തു തട്ടി-
പ്പറിക്കുവാനന്യന മോഹമില്ലാ
കരുത്തനും കാര്യവിവേകിതാനും
ദരിദ്രനും ഭൂപന ഭേദമില്ലാ.80

സത്യം പറഞ്ഞാലതസത്യമെന്നും
മിഥ്യയാവിവദത്തെ യഥാർഥമെന്നും
തെറ്റിദ്ധരിച്ചിട്ടു വിധിച്ചു തള്ളും
മാറ്റിത്തമേറുന്നവരാരുമില്ലാ.81

കാലത്തെഴുന്നേറ്റു കുളിച്ചിടാത-
ക്കാലത്തൊരാൾ കാണുകയില്ല നാട്ടിൽ
നീലത്തഴക്കേശികൾ നെഞ്ചിലേന്തും
താലിക്കുമില്ലന്നു വിയോഗദുഃഖം82

വേണ്ടുമ്പോഴെല്ലാം മഴയുണ്ടു പാരിൽ
പണ്ടേതിലേറ്റം പയിരും വിളഞ്ഞു
ഉണ്ടായതില്ലാമയപീഡയാർക്കും
കൊണ്ടാടി മോദിച്ചു വസിച്ചു ലോകം 83

ശ്രീമാനാകിയരാമദേവനിതുപോൽ പാരിങ്കലെല്ലാടവും
സീമാതീതഗുണാന്വിതൻ ജനതിക്കോകീട്ടു നിത്യോത്സവം
ശ്രീമാർത്താണ്ഡപരംപരാ സമുദിതൻ സർവജ്ഞസംമാന്യനാം
ധീമാനാത്മപരിഗ്രഹാനുഗതനായ് പ്രീണ്ച്ചു വാണാൻ ചിരം 84

ഇത്ഥം ശ്രീരാമചന്ദ്രൻ തിരുവടിയവനീ ഭാരമെല്ലാമടക്കീ-
ട്ടത്യന്തം പ്രീതിയോടും ജനതതിയെ രമിപ്പിച്ചു സീതാസമേതൻ
കീർത്തിശ്രീവെണ്ണിലാവാലുലകിട മഖിലം ചാരുശുദ്ധീകരിച്ചീ-
ട്ടിത്രൈലോക്യം ഭരിച്ചാൻ കനിവോടനുദിനം "സന്മനോഹാരി ദിവൻ"85

ഇരുപത്തൊന്നാം സർഗം സമാപ്തം

പ്രാർത്ഥനാനവകം

വില്ലങ്കം തീർത്തു വാനോർക്കുലകിതു നിലനിർത്തീടുവാൻ മന്നവൻതൻ
ചെല്ലക്കുഞ്ഞായ്, വധിച്ചന്നിശിടരിയെ, മഖം കാത്തു കാരുണ്യമോടേ,
കല്യാണം കല്ലിനേകി,ക്കമലകളെയും വേട്ടടൻ, വെണ്മഴക്കെ
മല്ലൻ തന്നെജ്ജയിച്ചോരരിയ വിരുതെഴും രാമനെക്കൈതൊഴുന്നേൻ 1

പട്ടം കെട്ടാൻ തുടങ്ങുമ്പൊഴുതതിനെ മുടക്കിച്ചു താൻ തേരിലേറി
പ്പെട്ടെന്നെത്തി ഗുഹൻതന്നിടവകവഴിയായാ ചിത്രകൂടാചലത്തിൽ
തട്ടെന്യേ തത്ര വാഴുന്നളവിലരിയ ബന്ധുക്കളെക്കണ്ടു കാര്യം
ശട്ടം കെട്ടിസ്ഥലം വിട്ടൊരുഗുണനിധിയാം രാമനെക്കൈതൊഴുന്നേൻ 2

മല്ലിൽത്തീർത്തു വിരാധൻമദ, മിഹ ശരഭങ്ഗന്നു മോക്ഷം കൊടുത്തു,
വന്ദിച്ചു ചെന്നഗസ്ത്യൻ കഴ,ലഥഖരനെക്കൊന്നു മാരീചനേയും
സാരൂപ്യത്തെജ്ജടായുസ്സിനുമരിയ കബന്ധന്നുമത്താപസിക്കും
നൾകിസ്സീതാവിയോഗവ്യഥയൊടു മരുവും രാമനെക്കൈതൊഴുന്നേൻ. 3

സഖ്യം സുഗ്രീവനോടാർന്നതുപൊഴുതവിടെ ദുന്ദുഭിക്കുള്ള ഗാത്രം
തൃക്കാലാലൊന്നെറിഞ്ഞിട്ടുടനൊരു കണയാൽ സാലമേഴും തകർത്ത്
ഊക്കേറും ബാലിയെക്കൊന്നിരവിമകനെ വാഴിച്ചു വർഷം കഴിച്ച -
ദ്ദിക്കെല്ലാമാളയച്ചാൻ പ്രിയയിലലിവൊടാ രാമനെക്കൈതൊഴുന്നേൻ 4

ഊക്കോടംഭോധിപിന്നിട്ടവനിമകളെയും കണ്ടു സന്ദേശമേകി-
ക്കൈക്കൊണ്ടാ മൗലിരത്നം പുനരുപവനമൊട്ടുക്ക തല്ലിത്തകർത്ത്
വക്കാണത്തിന്നടുത്തുള്ളവരെ യമപുരത്താക്കി ലങ്കാപുരം ചു-
ട്ടഗ്രേ വന്നാ ഞനുമാനടിയിണ പണിയും രാമനെക്കൈതൊഴുന്നേൻ 5

വൻപോടംഭോധിങ്കൽപ്പെരിയൊരു ചിറയിട്ടങ്ങു പോയ് കുംഭകർണ്ണൻ-
മുൻപാം രക്ഷോഗണത്തെപ്പടനടുവിൽ മുടിച്ചാശു ലങ്കേശനേയും
അൻപോടംഗീകരിച്ചജ്ജനകജയെ, വിമാനത്തിലേറിട്ടു രാജ്യം
സമ്പ്രാപിച്ചൂഴിയെക്കാത്തരുളിയ രഘുവീരന്നു ഞാൻ കൈതൊഴുന്നേൻ 6

സ്വാമിൻ! ശ്രീരാമന രാജേശ്വര തവ ചരിതം ഞാനുരച്ചേനിതിങ്കൽ
സാമർത്ഥ്യക്കേടു മൂലം ചപലതകൾ പിണഞ്ഞുള്ളതെല്ലാം പൊറുത്ത്

ഓമൽക്കൈക്കൊണ്ടരിഷ്ടസ്ഥിതികളഖിലവും നീങ്ങുവാനും മുദാ നിൻ-
നാമം നിത്യം സ്മരിക്കുന്നതിനുമൊരു വരം നൽകണം ദീനബന്ധോ! 7

ത്വൽക്കാരുണ്യം ലഭിക്കുന്നതമിതധനംകൊണ്ടു സംതൃപ്തനാക്കാൻ
ശക്തിപ്പെട്ടില്ല വാരോചനിയു,മൊരുമുറിക്കീര നൽകീട്ടൊരിക്കൽ
നീൽക്കാൻമേലാത്തൊരാപത്തിലുമപടമില്ലാതെ പാഞ്ചാലി നിന്നാൾ;
ഭക്തിക്കങ്ങുന്നു വശ്യൻ പരമതിവനു നൽകീടണം ഭവ്യരാശേ! 8

ലങ്കാനാഥന്റെ പൊന്നും മുടിനടുവിലിരുന്നോരു മാണിക്യരത്ന-
ത്തിങ്കൽത്താനപുരം ചുട്ടോരു കരി നിജവാൽകൊണ്ടു തട്ടിപ്പുരട്ടി
ശങ്കാഹീനം ധരിത്രീമകളൊടു വിടവാങ്ങിച്ചു ചെന്നങ്ങു രാമൻ
തൻകാൽ കുമ്പിട്ടുനിന്നീടിന പവനസുതന്നായിരം കൈതൊഴുന്നേൻ. 9

രാമചന്ദ്രവിലാസം മലയാളകാവ്യം സമാപ്തം

ശുഭമസ്തു

പ്രസാധകർ
താളിളക്കം